## പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## നാൽപ്പത്തി രണ്ടാമത് റിപ്പോർട്ട്

(2015 ഡിസംബർ മാസം 2-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2014-2016)

## നാൽപ്പത്തി രണ്ടാമത് റിപ്പോർട്ട്

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 മുതൽ 2004-05 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള എറണാകുളം ജില്ലയിലെ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്**

127/2016.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം I : | പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 117 |
| അനുബന്ധം II : | സർക്കാർ മറുപടി | .. | 154 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2014-2016)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2014-2016) നാൽപ്പത്തി രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 മുതൽ 2004-05 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള എറണാകുളം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2015 നവംബർ മാസം 11-ാം തീയതി ചേർന്ന സമിതിയോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ഡിസംബർ 2.

# റിപ്പോർട്ട്

എറണാകുളം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചത്

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 മുതൽ 2004-05 വരെയുള്ള സമാഹൃത റിപ്പോർട്ടുകളിലെ ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

## ലേബർ ചാർജ്ജ് നൽകാനെന്ന പേരിൽ തുക പിൻവലിച്ച

## ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

ഉപാധിരഹിത ഫണ്ടിനത്തിൽ പഞ്ചായത്തുകളുടെ വിവിധ പണികൾക്ക് ലേബർ ചാർജ്ജ് നൽകുന്നതിനുവേണ്ടി സെക്രട്ടറി ശ്രീ. വി. എ. രാമചന്ദ്രൻ ചെക്ക് നമ്പർ 42405 പ്രകാരം 11-6-1997-ൽ ബാങ്ക് അക്കൗണ്ടിൽ നിന്നും 10,000 രൂപ പിൻവലിക്കുകയും ടി തുക വിവിധ പദ്ധതികൾക്കായി ലേബർ ചാർജ്ജിനത്തിൽ ചെലവാക്കിയതായും കാണിച്ചിരിക്കുന്നു. എന്നാൽ ഒറ്റപ്പണിക്കുപോലും ലേബർ ചാർജ്ജ് നൽകിയിട്ടുള്ള മസ്റ്റർ റോൾ ആഡിറ്റിൽ ഹാജരാക്കിയിട്ടില്ല. 11-6-1997-ൽ തുക പിൻവലിച്ച സെക്രട്ടറി 12-6-1997-ൽ സ്ഥലംമാറി പോയിട്ടുള്ളതാണ്. ഏത് പണിക്കുവേണ്ടി ലേബർ ചാർജ്ജ് നൽകിയെന്നുള്ളതിന്റെ യാതൊരുവിധ രേഖയുമില്ലാതെ സ്ഥലം മാറിപ്പോകുന്നതിന്റെ തലേദിവസം പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച തുക ടിയാൻ ദുർവിനിയോഗം ചെയ്തിട്ടുള്ളതായി ആഡിറ്റിൽ സംശയിക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 3.7.1.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നല്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

1. മസ്റ്റർ റോളിൽ കാണിക്കാതെ ലേബർ ചാർജായി 10,000 രൂപ പിൻവലിച്ചതിനെക്കുറിച്ച് എന്തു വിശദീകരണമാണ് സെക്രട്ടറിക്ക് നൽകാനുള്ളത് എന്ന് സമിതി ആരാഞ്ഞതിന് വിവിധ പ്രവൃത്തികൾക്ക് വേണ്ടിയാണ് മുൻകൂർ പിൻവലിച്ചതെന്നും ആയത് 13-8-1997-ലെ 23-ാം നമ്പർ വൗച്ചർ പ്രകാരം കൊടുത്തിട്ടുണ്ടെന്നും അത് ഏതു പ്രവൃത്തിക്കാണെന്നത് മസ്റ്റർ റോളിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. മാത്രമല്ല "Construction of Retaining wall of L.F. Church Pallyppady Pallypadam Road" എന്ന പണിക്കായി 10,000 രൂപ പിൻവലിച്ചതിന് 31-8-1997-ലെ മസ്റ്റർ റോളിൽ 33-ാം നമ്പർ വൗച്ചർ പ്രകാരം തുക പിൻവലിച്ചതായി രേഖയുണ്ടെന്നും എന്നാൽ 5,500 രൂപ പിൻവലിച്ചതിന് വിശദീകരണം ബന്ധപ്പെട്ട സെക്രട്ടറിയിൽനിന്ന് ലഭിച്ചില്ല എന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

2. റീട്ടെയിനിംഗ് വാളിന്റെ പണി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും 10,000 രൂപ അഡ്ജസ്റ്റ് ചെയ്തതായി ഓഡിറ്റിന്റെ മറുപടിയിലുണ്ടെന്നും എന്നാൽ

5,500 രൂപയ്ക്ക് ഓഫീസിലെ വൗച്ചർ നോക്കിയിട്ടും വിശദീകരണം നൽകാൻ കഴിഞ്ഞില്ലെന്നും ഈ കാലയളവിലുണ്ടായിരുന്ന സെക്രട്ടറി വിരമിച്ചുവെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

3. വിരമിച്ച ഉദ്യോഗസ്ഥനിൽ നിന്നും 5,500 രൂപ ഈടാക്കാനുള്ള നടപടി ഒരു മാസത്തിനകം സ്വീകരിക്കുകയും അതിന്റെ പുരോഗതി മോണിറ്റർ ചെയ്യുകയും വേണമെന്ന് സമിതി ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ (എ.ബി.) വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

4. ബാദ്ധ്യതതുകയായ 5,500 രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും 16-10-2009 തീയതിയിലെ 74/65366 നമ്പർ രസീത് പ്രകാരം ഈടാക്കിയിട്ടുണ്ട്.

**നിഗമനങ്ങൾ/ശിപാർശകൾ**

5. **31-8-1997-ലെ മസ്റ്റർ റോളിൽ 33-ാം നമ്പർ വൗച്ചർ പ്രകാരം പിൻവലിച്ച 5,500 രൂപ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അർഹതയില്ലാത്തവർക്ക് ധനസഹായം നൽകി**

**(1997-98 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 46)**

പ്രോജക്ട് നമ്പർ 63 പ്രകാരം നടപ്പിലാക്കിയ പട്ടികജാതിക്കാർക്ക് തൊഴുത്ത് നിർമ്മിച്ച് നൽകിയ പദ്ധതിക്കായി ഗ്രാമസഭ അംഗീകരിച്ച് ഗുണഭോക്തൃ ലിസ്റ്റിൽ പെടാത്ത 6 പേർക്ക് 3,000 രൂപ വീതം നൽകിയിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് ഗുണഭോക്തൃ ലിസ്റ്റിൽ വെട്ടിത്തിരുത്തലുകൾ നടത്തിയാണ് 6 പേരെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവർക്ക് നൽകിയ 18,000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മുൻകൂർ കൈപ്പറ്റിയശേഷം പണികൾ പൂർത്തിയാക്കിയിട്ടില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.1.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

6. പട്ടികജാതിക്കാർക്ക് തൊഴുത്ത് നിർമ്മിക്കൽ പദ്ധതിയിൻകീഴിൽ പഞ്ചായത്ത് പ്രസിഡന്റ് ഗുണഭോക്തൃ ലിസ്റ്റിൽ വെട്ടിത്തിരുത്തലുകൾ നടത്തി അർഹതയില്ലാത്ത ആളുകൾക്ക് ആനുകൂല്യം നൽകിയെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് ആരാഞ്ഞതിന് 3,000 രൂപയാണ് തൊഴുത്ത് നിർമ്മാണത്തിന് അനുവദിച്ചതെന്നും എന്നാൽ ഈ തുക തൊഴുത്ത് നിർമ്മാണത്തിന് അപര്യാപ്തമായതിനാൽ ഈ ആനുകൂല്യം ആവശ്യമില്ലെന്ന്

ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം സെലക്ട് ചെയ്ത ഗുണഭോക്താക്കൾക്ക് നൽകിയതെന്ന് സെക്രട്ടറി സമിതിയിൽ അറിയിച്ചു. ശ്രീ. അബ്ദുൾ നാസർ എന്നയാളായിരുന്നു അന്നത്തെ സെക്രട്ടറിയെന്നും നിർവ്വഹണോദ്യോഗസ്ഥൻ വെറ്ററിനറി സർജനായ ശ്രീ. പി. എ. ജോർജ്ജുകുട്ടി ആയിരുന്നുവെന്നും അദ്ദേഹം ഇപ്പോൾ കാനഡയിലാണെന്നും സെക്രട്ടറി തുടർന്നറിയിച്ചു.

7. ഗ്രാമപഞ്ചായത്ത് അംഗീകരിക്കാത്ത ലിസ്റ്റിലുള്ളവർക്ക് ആനുകൂല്യം നൽകുന്നതിനെതിരെ അന്നത്തെ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് അപ്രകാരം ചെയ്തിട്ടില്ലെന്ന് സെക്രട്ടറി അറിയിച്ചു. പഞ്ചായത്ത് കമ്മിറ്റി സെലക്ട് ചെയ്ത 7 പേരിൽ 6 പേരും പട്ടികജാതിക്കാരാണെന്നും നിർമ്മാണം പൂർത്തിയാക്കിയതുമായി ബന്ധപ്പെട്ട് ഇപ്പോഴത്തെ വെറ്ററിനറി സർജൻ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടെന്നും ആനുകൂല്യം കൊടുത്തതിനെല്ലാം വൗച്ചറും രസീതുമുണ്ടെന്നും സെക്രട്ടറി അറിയിച്ചു. ആനുകൂല്യം നൽകിയതിന് പിന്നീട് ഗ്രാമസഭയുടെ അംഗീകാരവും പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരവും നേടിയിട്ടുണ്ടെന്നും സെക്രട്ടറി തുടർന്നറിയിച്ചു.

8. പേയ്മെന്റ് നടത്തിയതിന്റെ രസീത് ഓഡിറ്റിന് നൽകണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു. പേയ്മെന്റ് നടത്തിയതിന്റെ കൃത്യമായ രസീതുണ്ടോയെന്ന് മിനിട്സ് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ ആഡിറ്റ് വകുപ്പിനും സമിതി നിർദ്ദേശം നൽകി. വെറ്ററിനറി സർജന്റെ കയ്യിൽ നിന്നും തുക ഈടാക്കാൻ പാടില്ലായെന്നും അഭിപ്രായപ്പെട്ടു. വെറ്ററിനറി സർജന്റെ പേരിൽ ലയബിലിറ്റി ഫിക്സ് ചെയ്തിട്ടില്ലെന്ന് ബന്ധപ്പെട്ടവരെ അറിയിക്കാൻ നിയമസഭാ സെക്രട്ടേറിയറ്റിനെ സമിതി ചുമതലപ്പെടുത്തി.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ (എ.ബി.) വകുപ്പിൽ നിന്നും ലഭ്യമായ അധികവിവരം ചുവടെ ചേർക്കുന്നു:

9. പേയ്മെന്റ് നടത്തിയതിന്റെ രേഖകൾ, മിനിട്സ് എന്നിവ 20-11-2009-ലെ എ 211/2008 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റിന്റെ പരിശോധന റിപ്പോർട്ട് ലഭിച്ചിട്ടില്ല.

പ്രസ്തുത റിപ്പോർട്ടിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

10. തടസ്സപ്പെടുത്തിയ 18,000 രൂപ ഉത്തരവാദിയായ വെറ്ററിനറി സർജൻ 17-4-2012 രസീത് ബുക്ക് നമ്പർ 6399 രസീത് നമ്പർ 85 പ്രകാരം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതായി പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

11. എന്നാൽ 1997-98-ലെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, ഗ്രാമസഭ മിനിട്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**നിഗമനങ്ങൾ/ശിപാർശകൾ**

12. **ആനുകൂല്യം നല്കിയത് ഗ്രാമസഭയും ഡി.പി.സി.യും അംഗീകരിച്ചതിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക നിർവ്വഹണോദ്യോഗസ്ഥനായ വെറ്ററിനറി സർജനിൽ നിന്നും ഈടാക്കുവാനുള്ള നടപടി തുടരേണ്ടതില്ലെന്നും അക്കാര്യം ബന്ധപ്പെട്ടവരെ അറിയിക്കണമെന്നും തെളിവെടുപ്പ് വേളയിൽ സമിതി നേരിട്ടും പിന്നീട് രേഖാമൂലവും ആവശ്യപ്പെട്ടുവെങ്കിലും ടി തുക 17-4-2012-ൽ തിരികെ ഈടാക്കിയതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.**

13. **ഓഡിറ്റ് തടസ്സപ്പെടുത്തിയ 18,000 രൂപ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയത് ഓഡിറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്ഥലം വാങ്ങി വീട് വയ്ക്കൽ (ജനറൽ) ചെലവ് അംഗീകരിക്കുന്നില്ല**

**(1998-99,2001-02 ഓഡിറ്റ് റിപ്പോർട്ട്)**

1999-2000-ലെ പദ്ധതിപ്രകാരം പൊതുവിഭാഗത്തിലെ 4 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 15,000 രൂപ വീതം മൊത്തം 60,000 രൂപ പ്ലാൻ ഫണ്ടിൽ നിന്നും നല്കി. എന്നാൽ 1999-2000-ലെ സബ്സിഡി മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം [ജി. ഒ. (എംഎസ്.) 20/99 ആസൂത്രണം 5-4-1999] പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് മാത്രമാണ് വീട് വയ്ക്കാൻ സ്ഥലം വാങ്ങുന്നതിന് ധനസഹായത്തിന് അർഹത. അതിനാൽ ഈ ഇനത്തിൽ 60,000 രൂപ നൽകിയത് ക്രമപ്രകാരമല്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.1.3.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

14. ഡി. പി. സി. അംഗീകരിച്ച പ്രോജക്ട് ആയതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

15. **പരിസര മലിനീകരണവും പകർച്ചവ്യാധികളും തടയാൻ നടപ്പാക്കിയ പദ്ധതി എന്നനിലയിൽ ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് ആനുകൂല്യം നൽകി എന്നതിനാലും ഡി.പി.സി. അംഗീകരിച്ച പ്രോജക്ട് ആയതിനാലും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ച മരാമത്ത് വേലകൾ പൂർത്തീകരിക്കാത്തത് സംബന്ധിച്ച്**

**(2001-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 41)**

താഴെ പറയുന്ന മരാമത്ത് വേലകൾക്കുവേണ്ടി ഗുണഭോക്തൃ സമിതി കൺവീനർമാർക്കു മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും വേല ആരംഭിയ്ക്കുകയോ കൈപ്പറ്റിയ തുകകൾ തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. വേല നടത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ മുൻകൂർ തുകകൾ പലിശ സഹിതം ഈടാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| വേലയുടെ പേര് | കൈപ്പറ്റിയ തുക |
|---|---|
| 1. നീലീശ്വരം പാടം റോഡ് എർത്ത് വർക്ക് | 42,000 |
| 2. ചിറ്റേൽകെട്ട് ഡ്രെയിനേജ് | 15,000 |
| 3. നീലീശ്വരം നമ്പർ 1 ലിഫ്റ്റ് ഇറിഗേഷൻ സ്കീം അറ്റകുറ്റപ്പണികൾ | 22,000 |
| 4. കാവുങ്ങൽ കുളം റോഡ് ടാറിംഗ് | 20,000 |
| 5. മംഗലി കടവ് കെട്ടൽ | 22,000 |
| 6. വെസ്റ്റ് കോളനി ശ്മശാനം ചുറ്റുമതിൽ | 9,000 |
| ആകെ | 1,30,000 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 3.7.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

16. ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് മുൻകൂർ തുക നൽകുകയും പണി പൂർത്തിയാക്കാതിരിക്കുകയും അഡ്വാൻസ് മടക്കിവാങ്ങാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷത്തെക്കുറിച്ച് സമിതി, സെക്രട്ടറിയോട് ആരാഞ്ഞു. ആറ് വർക്കുകൾക്കായി ഗുണഭോക്തൃ സമിതിക്ക് നൽകിയ അഡ്വാൻസ് തിരിച്ചുപിടിക്കേണ്ടതായുണ്ടെന്നും

ഫയലുകൾ പരിശോധിച്ചതിൽ നിന്നും അതിൽ മൂന്നുപേരുടേത് ചില രേഖകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കാവുന്നതാണെന്ന് സെക്രട്ടറി ശ്രീ കെ. ബി. ഷാഹുൽ ഹമീദ് അറിയിച്ചു. നീലീശ്വരം പാടം എർത്ത് വർക്കുമായി ബന്ധപ്പെട്ട് 42,000 രൂപ കൺവീനർ കൈപ്പറ്റിയതിനുശേഷം 53,931 രൂപയുടെ ഒരു പാർട്ട് ബിൽ കൺവീനർ നൽകിയിട്ടുണ്ടെന്നും പിന്നീട് 14-8-2007-ലെ പഞ്ചായത്ത് യോഗതീരുമാനപ്രകാരം പണി തുടർന്ന് നടത്തേണ്ടെന്ന് തീരുമാനിക്കുകയുണ്ടായെന്നും പണി ചെയ്തവകയിൽ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ലായെന്നും സെക്രട്ടറി അറിയിച്ചു.

17. പണി പൂർത്തിയാക്കിയിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് നീലീശ്വരം പാടം എർത്ത് വർക്കിന്റെ പാർശ്വഭാഗം കുറച്ച് കെട്ടിയിട്ടുണ്ടെന്നും എന്നാൽ ആ പ്രോജക്ട് പൂർത്തിയായിട്ടില്ലായെന്നും വിവരങ്ങൾ എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും പക്ഷേ എം. ബുക്ക് അന്വേഷിച്ചിട്ട് കിട്ടിയില്ലായെന്നും ബിൽ ഉണ്ടെന്നും സെക്രട്ടറി അറിയിച്ചു. എം. ബുക്ക് ആഡിറ്റ് ഡിപ്പാർട്ട്മെന്റ് പരിശോധിച്ചിട്ടുണ്ടെന്നും ചെയ്ത വർക്ക് സംബന്ധിച്ച വിവരങ്ങൾ എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ പരാമർശം ഒഴിവാക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു.

### (2) ചിറ്റേൽകെട്ട് ഡ്രെയിനേജ്

18. കൺവീനർക്കെതിരെ ആർ.ആർ. നടപടി സ്വീകരിക്കുന്നതിനായി 10-12-2008-ൽ കളക്ടർക്ക് നോട്ടീസ് നൽകിയിരുന്നെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത കത്ത് മടങ്ങിയതായാണ് അറിയാൻ കഴിഞ്ഞതെന്ന് സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു. പഞ്ചായത്തിൽ കത്ത് തിരികെ ലഭിച്ചിട്ടില്ലെന്നും 20-8-2009-ൽ മുഴുവൻ തുകയും കാണിച്ച് പുതിയ നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും സെക്രട്ടറി തുടർന്നറിയിച്ചു.

19. ആർ.ആർ. നടപടിയുമായി ജാഗ്രതയോടെ മുന്നോട്ടുപോകാനും ആയത് സംബന്ധിച്ച പുരോഗതി സമിതിക്ക് റിപ്പോർട്ട് ചെയ്യാനും സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി.

### (3) നീലീശ്വരം നമ്പർ 1 ലിഫ്റ്റ് ഇറിഗേഷൻ സ്കീം—അറ്റകുറ്റപ്പണികൾ

20. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും അന്തിമ ബില്ലും എം. ബുക്കും ഉണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. രേഖകൾ ആഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്താൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും ആയത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകാൻ ആഡിറ്റ് വകുപ്പിനോടും സമിതി നിർദ്ദേശിച്ചു.

### (4) കാവുങ്ങൽ കുളം റോഡ് ടാറിംഗ്

21. കൺവീനർക്കെതിരെ ആർ.ആർ. നടപടിക്ക് 20-8-2009-ൽ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. ആർ.ആർ. നടപടിയുടെ പുരോഗതി സമിതിയിൽ റിപ്പോർട്ട് ചെയ്യണമെന്ന് സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി.

### (5) മംഗലി കടവ് കെട്ടൽ

22. തുക പലിശസഹിതം തിരിച്ചടച്ചതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

### (6) വെസ്റ്റ് കോളനി ശ്മശാനം ചുറ്റുമതിൽ

23. ഗുണഭോക്തൃ സമിതിയുടെ കൺവീനർക്ക് ആർ.ആർ. നോട്ടീസും മെമ്പർമാർക്ക് നോട്ടീസും ബന്ധപ്പെട്ട കളക്ടർക്ക് റവന്യൂ റിക്കവറിക്കുവേണ്ട അറിയിപ്പും നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി സമിതിയിൽ അറിയിച്ചു. ആർ.ആർ. നടപടി ത്വരിതപ്പെടുത്തണമെന്നും നടപടികളുടെ പ്രോഗ്രസ് റിപ്പോർട്ട് ചെയ്യാനും സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി.

**തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരങ്ങൾ ചുവടെ ചേർക്കുന്നു:**

### ചിറ്റേൽകെട്ട് ഡ്രെയിനേജ്

24. A1-17/97/09 തീയതി 20-8-2009 നമ്പർ കത്തു പ്രകാരം ഫോറം നമ്പർ 24-ൽ ജില്ലാ കളക്ടർക്ക് ആർ.ആർ.-ന് നൽകുകയും ജില്ലാ കളക്ടർ 8-9-2009-ലെ 2009/48172/7/K.dis. കത്തു പ്രകാരം ആലുവ തഹസിൽദാരെ ചുമതലപ്പെടുത്തിയതായി അറിയിക്കുകയും ചെയ്തിട്ടുണ്ട്.

### നീലീശ്വരം നമ്പർ1 ലിഫ്റ്റ് ഇറിഗേഷൻ സ്കീം—അറ്റകുറ്റപ്പണികൾ

25. എം. ബുക്ക് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

### കാവുങ്ങൽ കുളം റോഡ് ടാറിംഗ്

26. A1-17/97/09 തീയതി 20-8-2009 നമ്പർ കത്തു പ്രകാരം ഫോറം നമ്പർ 24-ൽ ജില്ലാ കളക്ടർക്ക് ആർ.ആർ.-ന് നൽകുകയും ജില്ലാ കളക്ടർ 8-9-2009-ലെ 2009/48172/7/K.dis. കത്തു പ്രകാരം ആലുവ തഹസിൽദാരെ ചുമതലപ്പെടുത്തിയതായി അറിയിക്കുകയും ചെയ്തിട്ടുണ്ട്.

### വെസ്റ്റ് കോളനി ശ്മശാനം ചുറ്റുമതിൽ

27. A1-17/97/09 dated 20-8-2009 നമ്പർ കത്തു പ്രകാരം ഫോറം നമ്പർ 24-ൽ ജില്ലാ കളക്ടർക്ക് ആർ.ആർ.-ന് നൽകുകയും ജില്ലാ കളക്ടർ 8-9-2009-ലെ 2009/48172/7/K.dis. കത്തു പ്രകാരം ആലുവ തഹസിൽദാരെ ചുമതലപ്പെടുത്തിയതായി അറിയിക്കുകയും ചെയ്തിട്ടുണ്ട്.

### നിഗമനങ്ങൾ/ശിപാർശകൾ

28. **നീലീശ്വരം പാടം എർത്ത് വർക്കുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് 53,931 രൂപയുടെ പാർട്ട് ബിൽ കൺവീനർ നൽകിയിട്ടുണ്ടെന്നും പഞ്ചായത്താണ് പണി തുടരേണ്ടതില്ല എന്ന് തീരുമാനിച്ചതെന്നും**

പ്രവൃത്തിയിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലെന്നും എം. ബുക്ക് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടെന്നുമുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

29. ചിറ്റേൽകെട്ട് ഡ്രെയിനേജുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് കൺവീനർക്ക് മുൻകൂർ നൽകിയ തുക റവന്യൂ റിക്കവറി മുഖേന തിരികെ ഈടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ട് അടിയന്തരമായി നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

30. നീലീശ്വരം നമ്പർ 1 ലിഫ്റ്റ് ഇറിഗേഷൻ സ്കീം അറ്റകുറ്റപ്പണി പൂർത്തിയായിട്ടുണ്ടെന്ന സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ആയത് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ എം. ബുക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് റിപ്പോർട്ട് നല്കിയിരിക്കുന്നത് തെളിവെടുപ്പ് വേളയിൽ സമിതി മുമ്പാകെ നല്കിയ മൊഴികൾക്ക് കടകവിരുദ്ധമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ഈ വിഷയം ഓഡിറ്റ് പരിശോധിച്ച് റിപ്പോർട്ട് നല്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ഓഡിറ്റ് വകുപ്പിന് പ്രസ്തുത റിപ്പോർട്ട് നാളിതുവരെ നൽകിയിട്ടില്ല. ആയതിനാൽ പ്രവൃത്തി പൂർത്തിയാക്കിയതു സംബന്ധിച്ച ഫൈനൽ ബിൽ, എം. ബുക്ക് ഇവ നിലവിലുണ്ടോയെന്ന വിവരം ഓഡിറ്റ് വകുപ്പ് അടിയന്തരമായി പരിശോധിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. കാവുങ്ങൽ കുളം റോഡ് ടാറിംഗ് പണിയുമായി ബന്ധപ്പെട്ട് ആർ.ആർ. അപേക്ഷയിന്മേലുള്ള നടപടി സംബന്ധിച്ച അന്തിമ റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് സമർപ്പിക്കണമെന്ന് ശിപാർശ ചെയ്യുന്നു. മംഗലി കടവ് കെട്ടൽ പ്രവൃത്തിക്ക് നല്കിയ മുൻകൂർ തുക പലിശസഹിതം തിരിച്ചടച്ചിട്ടുണ്ടെന്ന വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

32. വെസ്റ്റ് കോളനി ശ്മശാനം ചുറ്റുമതിൽ നിർമ്മാണപ്രവൃത്തിക്ക് നല്കിയ മുൻകൂർ തുക തിരികെ ഈടാക്കിയത് സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## കമ്പളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഭവനനിർമ്മാണം-അർഹതയില്ലാത്തവർക്ക് ധനസഹായം നൽകി (1998-99 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 37)**

3-2-1999-ലെ 3-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഭവനനിർമ്മാണത്തിന് പട്ടികവിഭാഗത്തിൽപ്പെട്ട 50 പേർക്കും മൈത്രി ഭവന നിർമ്മാണത്തിന് 76 പേർക്കും ധനസഹായം നൽകുന്ന പദ്ധതിയിൽ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെടാതെ 13 വ്യക്തികൾക്ക് വീട് നിർമ്മിക്കുന്നതിന് 1,22,000 രൂപ അനധികൃതമായി നൽകിയിരിക്കുന്നതായി ഓഡിറ്റിൽ കണ്ടെത്തി. 3 സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരും വാസയോഗ്യമായ വീടില്ലാത്തവരും ബി.പി.എൽ. ലിസ്റ്റിൽപ്പെട്ടവർക്കുമാണ് ധനസഹായം നൽകുന്നത്. യോഗ്യത ഇല്ലാത്തവരെ തെരഞ്ഞെടുത്ത് ആനുകൂല്യങ്ങൾ നൽകിയത് പഞ്ചായത്തിന് കിട്ടിയ പദ്ധതി വിഹിതത്തിന്റെ ദുരുപയോഗം മാത്രമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.3.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

33. ബി.പി.എൽ. ലിസ്റ്റിലുള്ളവർക്ക് മാത്രമെ ആനുകൂല്യം ലഭിച്ചുള്ളു എന്ന് സമിതിക്ക് ബോധ്യമായതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

34. **പട്ടികജാതി വിഭാഗക്കാരുടെ അടിസ്ഥാന സൗകര്യം കണക്കിലെടുത്തു തുടങ്ങിയ പദ്ധതിയുടെ ഗുണഭോക്താക്കളെ ബോധപൂർവ്വമായോ ക്രമരഹിതമായോ തെരഞ്ഞെടുത്തിട്ടില്ല എന്നതുകൊണ്ടും ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരമുണ്ടായിരുന്നതുകൊണ്ടും സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് ഭവനനിർമ്മാണത്തിനുള്ള ധനസഹായം നൽകിയിട്ടില്ലാത്തതിനാലും ഗുണഭോക്താക്കൾ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടവരാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## കാലടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങിയത് 85,506 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ഖണ്ഡിക 6)**

സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെ, മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കാതെ 85,506 രൂപയ്ക്ക് ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങിയിരിക്കുന്നതായി കാണുന്നു. ബന്ധപ്പെട്ട വൗച്ചറിനോടൊപ്പം ഹാജരാക്കിയ ബില്ലുകൾ സിഡ്കോ എന്ന സ്ഥാപനത്തിന്റേതാണെങ്കിലും സാധനങ്ങൾ സപ്ലൈ ചെയ്തിരിക്കുന്നത് എറണാകുളത്തെ ആൽഫാ സിസ്റ്റംസ് എന്ന സ്വകാര്യ സ്ഥാപനമാണ്. സാധനങ്ങളുടെ വിലയായ 85,506 രൂപ കൈപ്പറ്റിയിരിക്കുന്നത് മേൽപ്പറഞ്ഞ സ്വകാര്യ സ്ഥാപനം തന്നെയാണ്. സിഡ്കോ എന്ന സ്ഥാപനത്തിന്റെ മറവിൽ ടെണ്ടർ വ്യവസ്ഥകൾ ഒഴിവാക്കിക്കൊണ്ട് ഗുണനിലവാരംപോലും ഉറപ്പുവരുത്താതെ ഇലക്ട്രിക് സാധനങ്ങൾ വാങ്ങിയ നടപടി സ്റ്റോർ പർച്ചേസ് ചട്ടങ്ങളുടെ ലംഘനമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.5.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

35. സാധനങ്ങൾ വാങ്ങിയത് സിഡ്കോ എന്ന അംഗീകൃത സ്ഥാപനത്തിൽ നിന്നാണെന്ന് സമിതിയുടെ ചോദ്യത്തിന് മറുപടിയായി കാലടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. രസീത് നല്കിയിരിക്കുന്നത് സിഡ്കോ തന്നെയാണോ എന്നത് ആഡിറ്റ് പരിശോധിച്ച് റിപ്പോർട്ട് ചെയ്യണമെന്നും ശരിയാണെങ്കിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

36. എറണാകുളം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഈ വിഷയം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുള്ളതാണ്. റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതാണ്.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

37. ഗ്രാമപഞ്ചായത്ത് വാങ്ങിയ ഇലക്ട്രിക്കൽ സാധനങ്ങൾക്ക് ചെലവായ 85,506 രൂപ താഴെപ്പറയും പ്രകാരം സിഡ്കോയ്ക്കാണ് നൽകിയിരിക്കുന്നത്:

| | | | |
|---|---|---|---|
| ബിൽ നമ്പർ 8609/21-8-2000 | .. | തുക | : 66,825 |
| ബിൽ നമ്പർ 8611/2-9-2000 | .. | തുക | : 18,681 |
| | | | 85,506 |

(രണ്ട് ബില്ലുകൾ സിഡ്കോയുടേതാണ്. ഈ ബില്ലുകൾ പ്രകാരമുള്ള തുകകൾ യഥാക്രമം 21-8-2000-ലേയും 2-9-2000-ലെയും സിഡ്കോയുടെ അഡ്വാൻസ് സ്റ്റാംപ്ഡ് രസീതുകൾ പരിശോധിക്കുകവഴി സിഡ്കോ തന്നെയാണ് കൈപ്പറ്റിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു.)

## നിഗമനങ്ങൾ/ശിപാർശകൾ

38. **സർക്കാർ സ്ഥാപനമായ സിഡ്കോയിൽ നിന്നും ടെൻഡർ ക്ഷണിക്കാതെ ഉപകരണങ്ങൾ വാങ്ങിയത് പഞ്ചായത്തിന്റെ അംഗീകാരത്തോടെയാണെന്നും ഉപകരണങ്ങൾ വാങ്ങിയതിനുള്ള തുക നൽകിയത് സിഡ്കോ തന്നെയാണെന്നും ഇതിന്റെ ബില്ലുകൾ സിഡ്കോയുടേതാണെന്ന് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## മുടക്കുഴ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ കൈപ്പറ്റിയശേഷം പൂർത്തിയാക്കാത്ത വേലകൾ**

**(2001-02 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 10)**

താഴെ പറയുന്ന മരാമത്ത് വേലകൾ എറ്റെടുത്ത ഗുണഭോക്തൃ കമ്മിറ്റി കൺവീനർമാർ ഒന്നിലധികം അഡ്വാൻസുകളും പാർട്ട് പേയ്മെന്റുകളും കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഇതുവരെ വേലകൾ പൂർത്തിയാക്കിയതായി കാണുന്നില്ല. കൺവീനർമാർക്ക് പഞ്ചായത്തിൽ നിന്നും നോട്ടീസ് നല്കിയിട്ടുണ്ട് എങ്കിലും വേല പൂർത്തീകരിക്കുകയോ തുക തിരിച്ച് അടയ്ക്കുകയോ ചെയ്തിട്ടില്ല.

അഡ്വാൻസുകൾ കൈപ്പറ്റിയശേഷം വേല പൂർത്തീകരിക്കാത്ത കൺവീനർമാരിൽ നിന്നും അഡ്വാൻസ് തുകകൾ പലിശസഹിതം ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. പൊതുപ്പണം ദുരുപയോഗം ചെയ്തതിന് നടപടി സ്വീകരിക്കേണ്ടതാണ്.

| വേലയുടെ പേര് | കൈപ്പറ്റിയ തുക |
|---|---|
| (1) | (2) |
| 1. പുളിഞ്ചോട് വാട്ടർ സപ്ലൈ സ്കീം | 80,817 |
| 2. മില്ലുംപടി കനാൽ ബണ്ട് റോഡ് | 52,450 |
| 3. കണിച്ചപറമ്പ് കോളനി ടി.വി. ഷെഡ് | 42,000 |
| 4. ചെങ്ങശ്ശേരിക്കാവ് ചുരമുടി റോഡ് | 62,500 |

| (1) | (2) |
|---|---|
| 5. കൊക്കാമറ്റം കോളനി ടി. വി. ഷെഡ് | 46,500 |
| 6. ചുണ്ടക്കുഴി മുണ്ടപ്പിള്ളി റോഡ് | 84,550 |
| 7. തുരുത്തി ശ്മശാനം ഷെഡ് | 41,400 |
| 8. ചുരമുടി ടി.വി. ഷെഡ് നിർമ്മാണം | 16,500 |
| 9. കൽക്കുട്ടം റോഡ് നിർമ്മാണം | 43,000 |
| ആകെ | 4,69,717 |

വിവിധ വേലകൾക്കായി മുൻകൂർ കൈപ്പറ്റിയത് തിരികെ പിടിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ (2003-04)-ലെ സമാഹൃത റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.6.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

## പുളിഞ്ചോട് വാട്ടർ സപ്ലൈ സ്കീം

39. പുളിഞ്ചോട് വാട്ടർ സപ്ലൈ സ്കീമിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന സമിതിയുടെ ചോദ്യത്തിന്, വിശദവിവരങ്ങൾ തനിക്കറിയില്ലെന്നും ബന്ധപ്പെട്ട സെക്രട്ടറി വിരമിച്ചെന്നും ഇപ്പോൾ വിദേശത്താണെന്നും നിലവിലെ സെക്രട്ടറി അറിയിച്ചു. പുളിഞ്ചോട് വാട്ടർ സപ്ലൈ സ്കീമിന്റെ ഒന്നാമത്തെ പ്രോജക്ട് പൂർത്തിയാക്കിയിട്ടുണ്ടെന്നും മുൻകൂർ തട്ടിക്കിഴിച്ചിട്ടുണ്ടെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. തുക ക്രമീകരിച്ചതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ തീരുമാനിച്ചു.

## മില്ലുംപടി കനാൽ ബണ്ട് റോഡ്

40. മില്ലുംപടി കനാൽ ബണ്ട് റോഡിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് സമിതിയാരാഞ്ഞതിന് ആർ.ആർ. നടപടിക്കായി കളക്ടർക്ക് അപേക്ഷ കൊടുത്തതിന്റെ അടിസ്ഥാനത്തിൽ കളക്ടർ ആർ.ആർ. നടപടി സ്വീകരിച്ചുവെങ്കിലും അതിനെതിരെ കക്ഷി ഹൈക്കോടതിയിൽ WP(C) 23835/08K നമ്പരായി കേസ് ഫയൽ ചെയ്ത് സ്റ്റേ വാങ്ങിയതിനാൽ ആർ.ആർ. നടപടി മരവിപ്പിച്ചിരിക്കുകയാണെന്ന് കളക്ടറേറ്റിൽ നിന്ന് കത്ത് മുഖാന്തിരം അറിയിച്ചിരിക്കുകയാണെന്ന് സെക്രട്ടറി അറിയിച്ചു. കേസിന്റെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാനും കേസിന്മേൽ എന്തെങ്കിലും ഇടക്കാല ഉത്തരവ് ഉണ്ടെങ്കിൽ അതിന്റെ കോപ്പി കളക്ടറേറ്റിൽനിന്നും വാങ്ങാനും സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി.

## കണിച്ചപറമ്പ് കോളനി ടി.വി. ഷെഡ്

41. പരാമർശവിഷയത്തിന്റെ നിലവിലുള്ള സ്ഥിതിയെന്താണെന്ന സമിതിയുടെ ചോദ്യത്തിന് പഞ്ചായത്തിന്റെ സ്ഥലത്ത് ഒരു ചെറിയ ഷെഡ് മാത്രമാണ് നിർമ്മിച്ചിരിക്കുന്നതെന്നും പ്രസ്തുത പദ്ധതിക്കായി 67,350 രൂപ എസ്റ്റിമേറ്റ് തുകയായി പറഞ്ഞിരുന്നതിൽ കൺവീനർ 42,000 രൂപ കൈപ്പറ്റിയെന്നും പണി പൂർത്തീകരിച്ചിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചു. കൺവീനർക്കെതിരെ ആർ.ആർ. നടപടിക്ക് നോട്ടീസ് നൽകിയെങ്കിലും കോളനി നിവാസിയായ അദ്ദേഹത്തിന്റെ പേരിൽ സ്വത്തുക്കൾ ഇല്ല എന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത് എന്ന് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. അദ്ദേഹത്തിന്റെ പിതാവിന്റെ പേരിലേ സ്വത്തുക്കൾ ഉള്ളൂവെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്നും പിതാവിന്റെ പേരിലുള്ള റേഷൻ കാർഡിൽ കൺവീനറുടെ പേരുണ്ടോയെന്ന വസ്തുത തഹസിൽദാർ അന്വേഷിച്ച് വരികയാണെന്ന് മറുപടി ലഭിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. കൺവീനറുടെ പേരിൽ മാത്രമാണോ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചത് എന്ന സമിതിയുടെ ചോദ്യത്തിന് കൺവീനറുടെയും സെക്രട്ടറിയുടെയും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എന്നാൽ രണ്ടുപേർക്കും സ്വത്തുക്കൾ ഇല്ലെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നതെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

## ചെങ്ങശ്ശേരിക്കാവ് ചൂരമുടി റോഡ്

42. പരാമർശവിഷയവുമായി ബന്ധപ്പെട്ട് ആർ.ആർ. നടപടിക്ക് കൊടുത്തപ്പോൾ ഹൈക്കോടതിയിൽ കേസുണ്ടെന്ന റിപ്പോർട്ടാണ് ലഭിച്ചതെന്ന് സെക്രട്ടറി അറിയിച്ചു. കളക്ടർ മറുപടി കൊടുത്ത സാഹചര്യത്തിൽ കളക്ടറേറ്റിൽ ടി വിഷയത്തെ സംബന്ധിച്ച വിവരങ്ങളും കൺവീനർ കൊടുത്ത പരാതിയുടെ പകർപ്പും ഉണ്ടാകുമെന്നും അത് രേഖാമൂലം ചോദിച്ചുവാങ്ങണമെന്നും സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി.

## കൊക്കാമറ്റം കോളനി ടി.വി. ഷെഡ്

43. കൊക്കാമറ്റം കോളനി ടി.വി. ഷെഡിന്റെ പണിപൂർത്തീകരിച്ചെന്നും മുൻകൂർ തുക ക്രമീകരിച്ചിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് നിർദ്ദേശിച്ചു.

## ചുണ്ടക്കുഴി മുണ്ടപ്പിള്ളി റോഡ്

44. ചുണ്ടക്കുഴി മുണ്ടപ്പിള്ളി റോഡിന്റെ പണിപൂർത്തീകരിച്ച് ബിൽ സെറ്റിൽ ചെയ്തിട്ടുണ്ടെന്നും മുൻകൂർ തുക ക്രമീകരിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. ആയത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ ആഡിറ്റ് വകുപ്പിന് സമിതി നിർദ്ദേശം നൽകി.

## തുരുത്തി ശ്മശാനം റോഡ്

45. പ്രസ്തുത റോഡ് പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് ആയത് പരിശോധിക്കാൻ ആഡിറ്റ് വകുപ്പിനെ സമിതി ചുമതലപ്പെടുത്തി.

### ചൂരമുടി ടി.വി. ഷെഡ് നിർമ്മാണം

46. പരാമർശവിഷയത്തിന്റെ നിലവിലെ സ്ഥിതിയെന്തെന്ന് സമിതി ആരാഞ്ഞതിന് പരാമർശവുമായി ബന്ധപ്പെട്ട് ആർ.ആർ. നടപടികൾ സ്വീകരിക്കാൻ കക്ഷിയുടെ പേരിൽ സ്വത്തുക്കൾ ഇല്ലായെന്ന മറുപടിയാണ് ലഭിച്ചിരിക്കുന്നതെന്ന് മുടക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ അറിയിച്ചു. ബാക്കിയുള്ള പണികൾ പൂർത്തീകരിക്കാൻ ശ്രമിക്കാൻ സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി.

### കൽക്കുട്ടം റോഡ് നിർമ്മാണം

47. പരാമർശസംബന്ധിയായ കേസിലും കക്ഷിയുടെ പേരിൽ സ്വത്തില്ല എന്ന മറുപടിയാണ് ലഭിച്ചിരിക്കുന്നതെന്ന് സെക്രട്ടറി സമിതിയിൽ അറിയിച്ചു. റവന്യൂ റിക്കവറി നടപടി വരുന്ന ഇത്തരം കേസുകളിൽ നടപടിയെടുക്കേണ്ട ആളുടെ പേരിൽ സ്വത്തില്ലായെന്ന മറുപടിയാണ് ലഭിക്കുന്നതെന്ന വസ്തുത ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നും കൺവീനറുടെ പേരിൽ സ്വത്തുണ്ടോയെന്നതിനെ സംബന്ധിച്ച് സെക്രട്ടറി നേരിട്ടന്വേഷിച്ച് വിവരം സമിതിയെ അറിയിക്കുകയും ബോർഡ് മീറ്റിംഗിൽ ഒരു അജണ്ടയായി ഈ വിഷയം വയ്ക്കുകയും വേണമെന്ന് സമിതി സെക്രട്ടറിക്ക് നിർദ്ദേശം നൽകി. മാത്രമല്ല എല്ലാ കേസുകളുടെയും നിലവിലത്തെ സ്ഥിതിയും കേസിന്റെ പുരോഗതി സംബന്ധിച്ച റിപ്പോർട്ടും കേസ്സിൽ പഞ്ചായത്ത് കക്ഷിയാണോ എന്ന വിവരവും ഒരുമാസത്തിനകം സമിതിയെ അറിയിക്കണമെന്നും സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

### മില്ലുംപടി കനാൽ ബണ്ട് റോഡ്

48. എ 1-341/07 തീയതി 10-3-2008 കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടിക്കായി 10-3-2006-ൽ എറണാകുളം ജില്ലാ കളക്ടർക്ക് ഫോം 24-ൽ അപേക്ഷ സമർപ്പിച്ചു. ശ്രീ. എം. വി. ജോണി, കൺവീനർ ഫയൽ ചെയ്ത WP(C)23835/08(K) നമ്പർ കേസ് ഇപ്പോൾ നിലവിലുള്ളതാണ്. 7-8-2008-ൽ സ്റ്റേ നൽകിയിട്ടുള്ളതാണ്. സ്റ്റേയുടെ കാലാവധി കഴിഞ്ഞിട്ടുള്ളതാണ്. സെക്രട്ടറി, ഡെപ്യൂട്ടി തഹസിൽദാർ (R.R.), കുന്നത്തുനാട് താലൂക്ക് എന്നിവർ എതിർകക്ഷികളാണ്. കേസിന്റെ വിവരങ്ങൾ അറിയുന്നതിന് 15-12-2009-ന് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

### ചെങ്ങശ്ശേരിക്കാവ് ചൂരമുടി റോഡ്

49. എ 1-341/07 തീയതി 10-3-2008 കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടിക്കായി 10-3-2006-ൽ എറണാകുളം ജില്ലാ കളക്ടർക്ക് ഫോം 24-ൽ അപേക്ഷ സമർപ്പിച്ചു. റവന്യൂ റിക്കവറി നടപടികൾക്കെതിരെ ശ്രീ. എൽദോസ്, കെ. ഒ. ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP(C) 20885/08(j) നമ്പർ കേസ് ഫയൽ ചെയ്തു. ടി കേസിന് ആസ്പദമായ Statement of facts സമർപ്പിച്ചിട്ടുള്ളതാണ്. ജില്ലാ കളക്ടർ അഡ്വ. ജനറലിന് ടി വേല സംബന്ധിച്ച റിപ്പോർട്ട് 21-10-2009-ൽ നൽകിയിട്ടുണ്ട്. കോപ്പി ലഭ്യമായിട്ടില്ല. കേസിൽ സെക്രട്ടറിയും ഡെപ്യൂട്ടി തഹസിൽദാർ (R.R.)

കുന്നത്തുനാട് താലൂക്ക് ഓഫീസ് എന്നിവരും കക്ഷികളാണ്. പെറ്റീഷന്റെ കോപ്പിയും കേസിനെ സംബന്ധിച്ച വിശദവിവരങ്ങളും ലഭിക്കുന്നതിനുവേണ്ടി 15-12-2009-ൽ കളക്ടർക്ക് A355/09-ാം നമ്പർ കത്ത് നൽകിയിട്ടുണ്ട് എന്ന വിവരവും മേൽനടപടിക്കായി സമർപ്പിക്കുന്നു.

## ചുണ്ടക്കുഴി മുണ്ടപ്പിള്ളി റോഡ്

50. 2004-05 വർഷത്തിൽ വേല പൂർത്തീകരിച്ചു. ഫൈനൽ ബിൽ പ്രകാരം ആകെ പ്രവൃത്തിയുടെ മൂല്യം 1,63,794 രൂപയാണ്. ഫൈനൽ ബിൽ പ്രകാരം 37,693 രൂപയുടെ 27-11-2004-ലെ 870809 നമ്പർ ചെക്ക് കൺവീനർക്ക് നൽകി. അഡ്വാൻസ് തുക റിക്കവർ ചെയ്തതിനു ശേഷം ബാക്കിവരുന്ന തുക മാത്രമെ കൺവീനർക്ക് നൽകിയിട്ടുള്ളൂ. ഇതുസംബന്ധിച്ച ലോക്കൽ ഫണ്ട് ആഡിറ്റ് ടീം 19-12-2009-ൽ പരിശോധന നടത്തിയിരുന്നു. റിപ്പോർട്ട് ലഭിച്ചിട്ടില്ല എന്ന വിവരവും മേൽനടപടിക്കായി സമർപ്പിച്ചുകൊള്ളുന്നു.

## ഇരുത്തി ശ്മശാന റോഡ്

51. പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തുക 52,526 രൂപയാണ്. ഒന്നാം അഡ്വാൻസായി 14,000 രൂപയും രണ്ടാം അഡ്വാൻസായി 9,400 രൂപയും പാർട്ട് ബി പ്രകാരമുള്ള 18,000 രൂപയും അടക്കം മൊത്തം 41,400 രൂപ കൺവീനർക്ക് നൽകിയിരുന്നു. എന്നാൽ 16-5-2003-ലെ ഫൈനൽ മെഷർമെന്റ് പ്രകാരം 54,397 രൂപയുടെ വേലകൾ എസ്റ്റിമേറ്റ് പ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. ടി തുകയിൽ നിന്നും അഡ്വാൻസ് തുക റിക്കവർ ചെയ്തിട്ടുണ്ടെന്ന വിവരവും മേൽനടപടിക്കായി സമർപ്പിക്കുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിൽ നിന്നും 19-12-2009-ന് ഓഡിറ്റ് ടീം പരിശോധന നടത്തിയിരുന്നു. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

## കൽക്കുട്ടം റോഡ് നിർമ്മാണം

52. എ 1/341/07 തീയതി 29-2-2008 കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടിക്കായി 4-3-2008-ൽ എറണാകുളം ജില്ലാ കളക്ടർക്ക് ഫോം 24-ൽ അപേക്ഷ സമർപ്പിച്ചു. കൂലിപ്പണിക്കാരനായ എ. പി. സാബു ഐക്കരക്കുടി ഐമുറി എളമ്പകപ്പിള്ളിയുടെ പേരിൽ സ്വത്തുക്കളില്ല. പിതാവിന്റെ സ്ഥലത്ത് താമസിച്ചുവരുന്നു. സ്വത്തുക്കളില്ലെന്ന് കാണിച്ച് വില്ലേജോഫീസർ ഹാജരാക്കിയ പ്രൊഫോർമ റിപ്പോർട്ട് അടിസ്ഥാനത്തിൽ ചാർജ്ജ് ഓഫീസർ അന്വേഷിച്ചുവരുന്നു. കൂടാതെ തഹസിൽദാരുടെ 27-7-2009-ലെ ഉ.66747/08 കത്ത് പ്രകാരം സെക്രട്ടറി നേരിട്ടന്വേഷിച്ചതിൽ ടിയാന്റെ പേരിൽ സ്വത്തുക്കളില്ലെന്ന വിവരം മേൽനടപടിക്കായി സമർപ്പിക്കുന്നു.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

**ചുണ്ടക്കുഴി മുണ്ടപ്പിള്ളി റോഡ് നിർമ്മാണം**

53. 2004-05 വർഷത്തിൽ പൂർത്തീകരിച്ച പ്രവൃത്തിക്ക് ആകെ മൂല്യം 1,63,794 രൂപയായിരുന്നു. അതിൽ നിന്ന് മുൻകൂർ നൽകിയ തുക 1,14,550 രൂപ കുറച്ച് മറ്റ് റിക്കവറികളും നടത്തിയതാണ്. 27-11-2004-ലെ 870809 നമ്പർ ചെക്ക് പ്രകാരം കൺവീനർക്ക് 37,693 രൂപ നൽകിയത് എന്നത് പരിശോധിച്ച് ബോധ്യപ്പെട്ടു.

**തുരുത്തി ശ്മശാന റോഡ്**

54. ടി പ്രവൃത്തിയുടെ എം.ബുക്ക്, ഫയൽ എന്നിവ പരിശോധിച്ചതിൻ പ്രകാരം ഈ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നു. (വേലയുടെ ആകെ മൂല്യം 52,226 രൂപയാണ്. മുൻകൂർ ആയും പാർട്ട് ബില്ലായും 41,400 രൂപ കൺവീനർക്ക് നൽകിയിരുന്നു. 16-5-2003-ലെ ഫൈനൽ മെഷർമെന്റ് പ്രകാരം പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും എം. ബുക്കിൽ ഫൈനൽ പെയ്മെന്റ് എഴുതി ക്ലോസ് ചെയ്തിട്ടില്ല. കോ-ഓപ്പറേറ്റീവ് ബാങ്കിൽ കൺവീനറുടെ പേരിൽ ഉള്ള അക്കൗണ്ട് ക്ലോസ് ചെയ്തതിനാലാണ് ഫൈനൽ പേയ്മെന്റ് നൽകാതിരുന്നത് എന്ന് അന്വേഷണത്തിൽ വ്യക്തമായി).

**നിഗമനങ്ങൾ/ശിപാർശകൾ**

55. **പുളിഞ്ചോട് വാട്ടർ സപ്ലൈ സ്കീമിന്റെ ഒന്നാമത്തെ പ്രോജക്ട് പൂർത്തീകരിച്ചിട്ടുണ്ടെന്നും മുൻകൂർ നൽകിയ തുക ക്രമീകരിച്ചിട്ടുണ്ടെന്നുമുള്ള സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

56. **മില്ലുംപടി കനാൽ ബണ്ട് റോഡിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചുവെങ്കിലും അതിനെതിരെ കക്ഷി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത് സ്റ്റേ വാങ്ങിയതിനാൽ ആർ.ആർ. നടപടി മരവിപ്പിച്ചിരിക്കുകയാണ് എന്ന് പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചതിന്റെ വെളിച്ചത്തിൽ കേസിന്മേൽ ഇടക്കാല ഉത്തരവ് ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ സ്റ്റേയുടെ കാലാവധി കഴിഞ്ഞതായി സൂചിപ്പിച്ചിരുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത കേസ്സിന്റെ നിലവിലെ സ്ഥിതിയും കേസ്സിന്മേൽ വിധി പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിൻപ്രകാരം സ്വീകരിച്ച നടപടിയും സംബന്ധിച്ച് അടിയന്തരമായി സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ശിപാർശ ചെയ്യുന്നു.**

57. കണിച്ചപറമ്പ് കോളനി ടി.വി. ഷെഡ്ഡിന്റെ നിർമ്മാണത്തിനായി കൺവീനർ മുൻകൂർ തുക കൈപ്പറ്റിയശേഷം പണി പൂർത്തിയാക്കാതിരുന്നതിന്റെ ഫലമായി പഞ്ചായത്തിനുണ്ടായ നഷ്ടത്തുക റവന്യൂ റിക്കവറി മുഖേന തിരികെ ഈടാക്കിയത് സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

58. ചെങ്ങശ്ശേരിക്കാവ് ചുരമുടി റോഡ് : ജില്ലാ കളക്ടർ റവന്യൂ റിക്കവറി നടപടി തുടങ്ങിയെങ്കിലും അതിനെതിരെ കക്ഷി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. കേസിൽ സെക്രട്ടറിയും ഡെപ്യൂട്ടി തഹസിൽദാർ (R.R.) കന്നത്തുനാട് എന്നിവരും കക്ഷികളാണെന്നും പരാതിയുടെ പകർപ്പും കേസിന്റെ വിശദാംശങ്ങളും ലഭിക്കുന്നതിനു വേണ്ടി കളക്ടർക്ക് കത്തുനൽകിയെങ്കിലും ലഭ്യമായിട്ടില്ല എന്നും വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതിയും കോടതിവിധി പ്രകാരം സ്വീകരിച്ച നടപടി സംബന്ധിച്ചും റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

59. കൊക്കാമറ്റം കോളനി ടി.വി. ഷെഡ് നിർമ്മാണം പൂർത്തീകരിച്ചതായും മുൻകൂർ തുക ക്രമീകരിച്ചതായും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

60. ചുണ്ടക്കുഴി മുണ്ടപ്പിള്ളി റോഡ് പണി പൂർത്തീകരിച്ച് ബിൽ സെറ്റിൽ ചെയ്തിട്ടുണ്ടെന്നും അഡ്വാൻസ് തുക ക്രമീകരിച്ചിട്ടുണ്ടെന്നും സർക്കാർ രേഖാമൂലം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

61. തുരുത്തി ശ്മശാനം റോഡിന്റെ പ്രവൃത്തി പൂർത്തീകരിച്ചതായും മുൻകൂർ തുക ക്രമീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

62. ചുരമുടി ടി.വി. ഷെഡ് നിർമ്മാണത്തിന് മുൻകൂർ നല്കിയ തുക കക്ഷിയുടെ പേരിൽ സ്വത്തുക്കളില്ലാത്തതിനാൽ ആർ.ആർ. നടപടി മുഖേന ഈടാക്കാൻ നിർവ്വാഹമില്ല എന്ന് സമിതി മനസ്സിലാക്കുന്നു. സമിതി നിർദ്ദേശപ്രകാരം പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

63. കൽക്കുട്ടം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ആരോപണ വിധേയനായ വ്യക്തിയുടെ പേരിൽ സ്വത്തുക്കളില്ല എന്ന കാരണത്താൽ ആർ.ആർ. നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല എന്ന സെക്രട്ടറിയുടെ വിശദീകരണത്തിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. റവന്യൂ റിക്കവറി നടപടി മുഖേന തുക ഈടാക്കേണ്ട സംഗതികളിൽ വ്യക്തിയുടെ പേരിൽ സ്വത്തുക്കളില്ല

**എന്നത് പഞ്ചായത്ത് ഭരണ സമിതിയുടെ കാര്യപരിപാടിയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്ത് റിപ്പോർട്ട് നല്കുവാൻ തെളിവെടുപ്പുയോഗത്തിൽ സമിതി നിർദ്ദേശിക്കുകയുണ്ടായി. ആയതിന് ലഭ്യമാക്കിയ മറുപടിയിലും സ്വത്തുക്കളില്ല എന്നുമാത്രമേ പ്രസ്താവിച്ചിട്ടുള്ളൂ. സമിതി ആവശ്യപ്പെട്ടതിൻ പ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കുന്നതിൽ വകുപ്പിന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായി സമിതി വിലയിരുത്തുകയും ആയത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കുകയും ചെയ്യുന്നു. സമിതി നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കുവാനും ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ റവന്യൂ റിക്കവറി നടപടിയുള്ള എല്ലാ സംഗതികളുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് നല്കുവാനും സമിതി ശിപാർശ ചെയ്യുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട് ചാർജ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് ഇതുമായി ബന്ധപ്പെട്ട കേസിന്റെ പുരോഗതി എന്നിവ സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും ശിപാർശ ചെയ്യുന്നു.**

## വേങ്ങൂർ ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

### അനർഹരായവർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകി (2000-01 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 37)

സർക്കാർ ഉത്തരവ് നമ്പർ എംഎസ്.15/2000 ആസൂത്രണം/ആർ.ടി. 29-3-2000 പ്രകാരം ഭൂരഹിതർക്ക് വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി മാത്രം വിഭാവനം ചെയ്തിട്ടുള്ള പ്രോജക്ടാണ്. എന്നാൽ ഇതിന് വിരുദ്ധമായി വേങ്ങൂർ പഞ്ചായത്തിൽ ഈ പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നത് തികച്ചും പട്ടികവിഭാഗത്തിൽപ്പെടാത്തവർക്കാണ്. ഈ ഇനത്തിൽ പത്ത് പേർക്കായി ആകെ 1,45,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇത് സർക്കാർ ഉത്തരവുകളുടെയും ജനകീയാസൂത്രണ മാർഗരേഖകളുടേയും നഗ്നമായ ലംഘനമാണ്. മാത്രമല്ല ഈ പ്രോജക്ടിന് ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചതായും കാണുന്നില്ല. ഇത് ഗുരുതരമായ കൃത്യവിലോപമാണ്. ഈ കാരണങ്ങളാൽ പ്രസ്തുത പ്രോജക്ടിന് വേണ്ടി വിനിയോഗിച്ച മുഴുവൻ തുകയുടെയും ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 3.7.7.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

64. ഭൂരഹിതർക്ക് വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്നത് സംബന്ധിച്ച 29-3-2000-ലെ സർക്കാർ ഉത്തരവ് വരുന്നതിന് മുമ്പുള്ളതാണ് പരാമർശവിഷയം എന്ന് സമിതി നിരീക്ഷിച്ചു. ഭൂമി വാങ്ങിക്കൊടുത്തവർക്ക് വീട്ടുണ്ടാക്കാൻ പിന്നീട് പണം കൊടുത്തിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് അപ്രകാരം ചെയ്തിട്ടുണ്ടെന്ന് സെക്രട്ടറിക്ക് പകരം ഹാജരായ യു.ഡി. ക്ലാർക്ക് അറിയിച്ചു. പല സ്കീമുകളിലാണ് വീട് കൊടുത്തിരിക്കുന്നതെന്നും സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി വന്നപ്പോൾ അതിൽ പല ആളുകൾക്കും വീട് കൊടുത്തുവെന്നും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് കൊടുക്കുവാനായിരുന്ന പ്രോജക്ടെന്നും ജനറൽ ഫണ്ടാണ് ഇതിനായി ഉപയോഗിച്ചതെന്നും പ്രോജക്ടിന് ഡി.പി.സി. അംഗീകാരമുണ്ട് എന്നും വേങ്ങൂർ ഗ്രാമപഞ്ചായത്ത് വി.ഇ.ഒ. സമിതിയുടെ ചോദ്യത്തിന് മറുപടിയായി അറിയിച്ചു. ഘട്ടംഘട്ടമായി വീടുകളുടെ പണി നടത്തിയതിന്റെ മോണിട്ടറിംഗ് റിപ്പോർട്ടുണ്ടെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി അദ്ദേഹം കൂട്ടിച്ചേർത്തു.

65. ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വീടുകൾ പൂർത്തിയാക്കിയിട്ടുണ്ടോയെന്നുമുള്ള വിശദവിവരം ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ഒറിജിനൽ പ്രോജക്ട് പരിശോധിച്ച് വീട് വയ്ക്കാൻ പണം കൊടുത്തിട്ടുണ്ടെങ്കിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

66. ലോക്കൽ ഫണ്ട് ഓഡിറ്റിലെ ഉദ്യോഗസ്ഥൻ പഞ്ചായത്തിൽ വന്ന് രേഖകൾ പരിശോധിച്ച് പോയിട്ടുള്ളതാണ്. ആയതിന്റെ റിപ്പോർട്ട് നാളിതുവരെ ലഭിച്ചിട്ടില്ല.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

67. (എ) 1999-2000 വർഷത്തെ പ്രോജക്ട് ലിസ്റ്റിൽ 25-6-1999-ലെ ജില്ലാ ആസൂത്രണ സമിതിയുടെ സീൽ എല്ലാ പുറങ്ങളിലും പതിച്ചിട്ടുണ്ട്. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പ്രോജക്ടുകളിലും പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, ബ്ലോക്കുതല വിദഗ്ദ്ധ സമിതി എന്നിവരുടെ ഒപ്പും സീലും മാത്രമേ ഉള്ളൂ. ഭൂമി വാങ്ങൽ ഉൾപ്പെടെയുള്ള പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഭൂമി വാങ്ങൽ പ്രോജക്ടിന് ഡി.പി.സി. അംഗീകാരം ഉണ്ടെന്ന് വ്യക്തമാകുന്നു.

68. (ബി) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രം ഭൂമി വാങ്ങുവാനുള്ള സബ്സിഡി പരിമിതപ്പെടുത്തിക്കൊണ്ടുള്ള സ.ഉ.(എംഎസ്.)നമ്പർ 15/2000/പ്ലാനിംഗ് ഉത്തരവ് 29-3-2000-ലാണ് ഇറങ്ങിയത്. ആകെയുള്ള 10 ഗുണഭോക്താക്കളിൽ 1 മുതൽ 6 വരെ ക്രമനമ്പർ ആയിട്ടുള്ളവർക്ക് ഉത്തരവ് തീയതിക്ക് മുൻപാണ് തുക നൽകിയിട്ടുള്ളത്. ക്രമനമ്പർ 7, 8, 9 പേരിലുള്ളവർക്ക് 2000 മാർച്ച് 30, 31 തീയതികളിലാണ് തുക നൽകിയിരിക്കുന്നത്. 7 മുതൽ 10 വരെ ക്രമനമ്പരിലുള്ള ഗുണഭോക്താക്കൾക്ക്

30-3-2000-ത്തിനുള്ളിൽ ഭൂമി വാങ്ങുവാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിരുന്നു. ഫയലുകൾ പരിശോധിച്ചതിൽ നിന്നും ഈ പ്രോജക്ടിന് തന്നെയാണ് തുക ചെലവഴിച്ചിരിക്കുന്നത് എന്ന് ബോദ്ധ്യപ്പെട്ടു.

**നിഗമനങ്ങൾ/ശിപാർശകൾ**

69. **പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രം ഭൂമി വാങ്ങുവാനുള്ള സബ്സിഡി പരിമിതപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് വരുന്നതിന് മുൻപുള്ള പ്രോജക്ടായതിനാലും പ്രോജക്ടിന് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടെന്നുമുള്ള സർക്കാരിന്റെ മറുപടിയുടെയും ഓഡിറ്റിന്റെ പരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പാണംകുഴി-ബാലവാടി വികസനം**

**(2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 46)**

വേലയുടെ ഒന്നാമത്തെ ഇനം മുറ്റം നിരപ്പാക്കുന്നതിനുവേണ്ടി കട്ടുപ്പമുള്ള പാറ പൊട്ടിക്കലായിരുന്നു. അളവ് പുസ്തകപ്രകാരം 48.75 ഘ.മീ. പാറ പൊട്ടിച്ചതായി കാണുന്നു. എന്നാൽ പാറ പൊട്ടിച്ചപ്പോൾ ലഭിച്ച റബ്ബിൾ സ്റ്റോക്ക് ചെയ്തതിന്റെയും അവ വിനിയോഗിച്ചതിന്റെയും വിവരം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതേ വേലയിൽ തന്നെ ഇനം 3 പ്രകാരം 1.234 ഘ.മീറ്റർ 1:6 റാന്റം റബ്ബിൾ മേസനറിയും ഇനം 8 പ്രകാരം 15.34 ഘ.മീറ്റർ ഡ്രൈ റബ്ബിൾ പാക്കിംഗും നടത്തിയിട്ടുണ്ട്. എന്നാൽ ഈ രണ്ടിനം വേലയ്ക്കും റബ്ബിളിന്റെ വിലയും കൺവേയൻസും ഉൾപ്പെടെയുള്ള നിരക്കുകളാണ് അനുവദിച്ചിട്ടുള്ളത്. തന്നെയുമല്ല കൺവീനർക്ക് പേയ്മെന്റ് നൽകിയപ്പോൾ റബ്ബിളിന്റെ വിലയിനത്തിൽ യാതൊരു തുകയും കുറവ് ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ 48.75 ഘ.മീ. പാറ പൊട്ടിച്ചതിൽ നിന്നും ലഭിച്ച 73.125 ഘ.മീ. റബ്ബിളിന്റെ വിലയായ 11,700 രൂപ കൺവീനറിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.7.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

70. 11,700 രൂപയുടെ ഓഡിറ്റ് പരാമർശത്തെക്കുറിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് ഫോം നമ്പർ 24-ൽ കളക്ടർക്ക് റിക്കവറിക്കുള്ള നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും കൺവീനറായിരുന്ന ശ്രീമതി പി. എൻ. ശാന്തകുമാരിക്ക് ആർ.ആർ. നോട്ടീസ് രജിസ്റ്റേർഡ് പോസ്റ്റിൽ അയച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് യു.ഡി.ക്ലാർക്ക് അറിയിച്ചു.

എന്നാൽ ആർ.ആർ. നടപടിക്കായി കളക്ടർക്ക് അയച്ചതിന്റെ രേഖ ഹാജരാക്കാൻ സമിതി ആവശ്യപ്പെട്ടപ്പോൾ ആയത് സമർപ്പിക്കുവാൻ അദ്ദേഹത്തിന് സാധിച്ചില്ല കൺവീനർക്കും എഞ്ചിനീയർമാർക്കുമെതിരെ ആർ.ആർ. നടപടി സ്വീകരിക്കുന്നതിന് നിർദിഷ്ട ഫോമിൽ അപേക്ഷകൊടുക്കണമെന്നും എന്നിട്ട് അതിൽ തുടർനടപടി സ്വീകരിച്ച് ഒരുമാസത്തിനകം സമിതിയെ അറിയിക്കണമെന്നും സമിതി പഞ്ചായത്ത് അധികൃതർക്ക് നിർദ്ദേശം നൽകി.

71. ആർ.ആർ. നോട്ടീസ് കളക്ടറേറ്റിൽ നിന്നും കിട്ടിയിട്ടുണ്ടെന്നും എന്നാൽ മുമ്പ് നടന്ന കാര്യങ്ങളെക്കുറിച്ച് തനിക്കൊന്നും അറിയില്ലെന്നും മുൻ (റിട്ട.) എഞ്ചിനീയർ ശ്രീ. കെ. വി. തങ്കപ്പൻ സമിതി മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ കേസ് റീഓപ്പൺ ചെയ്യണമെങ്കിൽ വ്യക്തമായ രേഖകൾ ഉണ്ടാകണമെന്നും ആയതിനാൽ എഞ്ചിനീയറുടെയും കൺവീനറുടെയും കയ്യിൽ നിന്ന് ബാധ്യത തുക തുല്യമായി പലിശ സഹിതം ആർ.ആർ നടപടിയിലൂടെ ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും അല്ലെങ്കിൽ പഞ്ചായത്ത് സെക്രട്ടറി തുക അടയ്ക്കേണ്ടിവരുമെന്നും സമിതി വ്യക്തമാക്കി. കേസ് നിലവിലുണ്ട് എന്നതിനെ സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് എന്തെങ്കിലും കൂടുതൽ വിവരങ്ങൾ നൽകാൻ സാധിക്കുമോ എന്ന സമിതിയുടെ ചോദ്യത്തിന് മുൻസിഫ് കോടതിയിൽ ഒരു കേസ് നിലനിൽക്കുന്നുവെന്ന് മാത്രമേ അറിയുള്ളൂവെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ഉത്തരവാദപ്പെട്ട ഒരു ഉദ്യോഗസ്ഥൻ നിയമസഭാ സമിതിയിൽ തെളിവ് നല്കാൻ വരുമ്പോൾ പരാമർശത്തെ സംബന്ധിച്ച വിശദവിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ശേഖരിക്കാതെ വരുന്നത് ശരിയായ നടപടിയല്ല എന്ന് ഡെപ്യൂട്ടി ഡയറക്ടറെ സമിതി ഓർമ്മിപ്പിച്ചു.

72. ആർ.ആർ. നടപടികൾക്കായി ജില്ലാ കളക്ടർക്ക് ഫോം 24-ൽ അപേക്ഷിക്കുകയും തുടർന്ന് വേലയുടെ എഞ്ചിനീയർ, പെരുമ്പാവൂർ മുൻസിഫ് കോടതിയിൽ കേസ്സ് ഫയൽ ചെയ്യുകയും 22-2-2010-ൽ സെക്രട്ടറിയോ വക്കീൽ മുഖാന്തിരമോ ഹാജരാകുവാൻ നിർദ്ദേശിച്ച സാഹചര്യത്തിൽ അഡ്വ. അനിൽ കുമാറിനെ കേസ് വാദിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുകയാണ്.

## നിഗമനങ്ങൾ/ശിപാർശകൾ

73. **ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തുക ആർ.ആർ. നടപടിയിലൂടെ ഈടാക്കാൻ നിർദ്ദേശിച്ചിരുന്നതിൻപ്രകാരം ആർ.ആർ. നടപടികൾക്കായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ആയതിന്മേൽ പ്രവൃത്തിയുടെ എഞ്ചിനീയർ കേസ് ഫയൽ ചെയ്യുതായും തദ്ദേശസ്വയംഭരണ വകുപ്പ് റിപ്പോർട്ട് ചെയ്യിരിക്കുന്നു. പ്രസ്തുത കേസ്സിന്മേലുള്ള തുടർനടപടി ത്വരിതപ്പെടുത്തുവാനും കോടതിവിധിപ്രകാരം നടപടി സ്വീകരിച്ച് ഇക്കാര്യം സംബന്ധിച്ച് റിപ്പോർട്ട് നല്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

## ഏഴിക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഉത്പാദന ബോണസ്സ്—അധിക നിരക്ക് അനുവദിച്ചത് സംബന്ധിച്ച (1998-99 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 26)**

ഏഴിക്കര ഗ്രാമപഞ്ചായത്തിലെ കൃഷിക്കാരെ കൃഷിയിറക്കുന്നതിന് പ്രേരിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ ഒരു പദ്ധതിയാണിത്. പദ്ധതി പ്രകാരം ഒരു ഹെക്ടറിന് 1,000 രൂപ നിരക്കിൽ 275 ഹെക്ടർ നെൽകൃഷിക്ക് ഉത്പാദക ബോണസ് നൽകുക എന്നതാണ്. 20-8-1998-ലെ ജി.ഒ.(പി)175/98 എൽ.എ.ഡി. ഉത്തരവ് പ്രകാരം ഉത്പാദക ബോണസ്സ് ഡിപ്പാർട്ട്മെന്റ് അനുവദിച്ച തുക മാത്രമേ നൽകാവൂ. ഡിപ്പാർട്ട്മെന്റ് റേറ്റ് ഹെക്ടറിന് 350 രൂപയാണ്. അതായത് ഒരു സെന്റിൽ കൃഷിചെയ്താൽ കർഷകന് ഉത്പാദക ബോണസ്സ് 1.40 രൂപ മാത്രമേ ലഭിക്കുകയുള്ളൂ. എന്നാൽ ഇതിനു വിരുദ്ധമായി ഹെക്ടറിന് ഡിപ്പാർട്ട്മെന്റ് അനുവദിച്ച 350 രൂപയ്ക്ക് പുറമേ പ്ലാൻ ഫണ്ടിൽ നിന്നും വീണ്ടും 350 രൂപ ചേർത്ത് ആകെ 700 രൂപ നൽകിയിരിക്കുന്നതായി കാണുന്നു. ഇപ്രകാരം 275 ഹെക്ടർ കൃഷി ചെയ്യുന്നതിനുമൊത്തം 1,94,557 രൂപ ഉത്പാദക ബോണസ്സ് ഇനത്തിൽ നൽകിയിരിക്കുന്നു. ഈ ഇനത്തിൽ 97,278 രൂപ അധികമായി നൽകിയിരിക്കുന്നു. സർക്കാർ ഉത്തരവ് ലംഘിച്ച് അധിക സബ്സിഡി നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

74. പൊക്കാളി കൃഷിക്ക് പ്രത്യേക ആനുകൂല്യം പ്രഖ്യാപിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് 1998 ആഗസ്റ്റ് മാസം 1-ാം തീയതി പൊക്കാളി നില വികസന ഏജൻസിയുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് അന്നത്തെ കൃഷി വകുപ്പുമന്ത്രി ഒരു പ്രഖ്യാപനം നടത്തിയിരുന്നെന്നും ഹെക്ടറിന് ആയിരം രൂപവച്ച് കൊടുക്കണമെന്ന് പറഞ്ഞതിനോടനുബന്ധിച്ച് പൊക്കാളി നില വികസന ഏജൻസിയുടെ ചെയർമാൻ കൂടിയായ കളക്ടർ ഒരു സർക്കുലർ ഇറക്കിയിരുന്നുവെന്നും അങ്ങനെയാണ് ആനുകൂല്യം കൊടുക്കാൻ ഇടയായതെന്നും നിർദ്ദേശമനുസരിച്ച് പ്രോജക്ട് തയ്യാറാക്കി അത് ബന്ധപ്പെട്ട സമിതികൾ അംഗീകരിക്കുകയും ഭരണാനുമതി പഞ്ചായത്ത് നൽകുകയും ചെയ്തതിനാലാണ് പദ്ധതി നടപ്പിലാക്കിയതെന്നും അഗ്രികൾച്ചറൽ ഓഫീസർ അറിയിച്ചു. ഇപ്പോൾ 350 രൂപ പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും 350 രൂപ ഡിപ്പാർട്ട്മെന്റ് ഫണ്ടും ബാക്കി പൊക്കാളി നിലവികസന ഏജൻസിയുടെ 300 രൂപയും ചേർത്താണ് കൊടുക്കാൻ അനുമതിയെന്നും പ്രസ്തുത പദ്ധതി ഡി.പി.സി. അംഗീകരിച്ചതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കൂടാതെ കൃഷി മന്ത്രിയുടെ നിർദ്ദേശമടങ്ങിയ കത്തും സമിതി മുമ്പാകെ അദ്ദേഹം വായിച്ചു.

75. പ്രസ്തുത പദ്ധതിയുടെ ഉദ്ദേശശുദ്ധി പരിഗണിച്ചും മന്ത്രിയുടെ പ്രഖ്യാപനത്തെ അടിസ്ഥാനമാക്കി കൈക്കൊണ്ട നടപടിയുടെ പേരിൽ നിർവ്വഹണോദ്യോഗസ്ഥൻ ശിക്ഷിക്കപ്പെടരുത് എന്നതിനാലും പ്രസ്തുത പരാമർശം റാറ്റിഫൈ ചെയ്ത് കൊടുക്കാൻ സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നു എന്ന് അറിയിക്കുകയും പ്രസ്തുത പരാമർശം ഒഴിവാക്കാനും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**76. പൊക്കാളി നില വികസന ഏജൻസിയുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് അന്നത്തെ കൃഷി വകുപ്പുമന്ത്രി നടത്തിയ പ്രഖ്യാപനത്തെ തുടർന്നാണ് ആനുകൂല്യം നൽകിയതെന്ന സെക്രട്ടറിയുടെ മറുപടിയുടെയും പദ്ധതിയുടെ ഉദ്ദേശശുദ്ധി കണക്കിലെടുത്തും ഡി.പി.സി. അംഗീകരിച്ചതിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ തുക ചെലവാക്കിയതിന് സർക്കാർ സാധൂകരണം നൽകുവാനും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു.**

## കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**സോഡിയം വേപ്പർ ലാമ്പ് ട്യൂബ് സെറ്റ് തുടങ്ങിയവ വാങ്ങിയതിലെ ക്രമക്കേട് (1998-1999 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 28)**

22-3-1997-ലെ സർക്കാർ ഉത്തരവ് നമ്പർ എംഎസ്.13/97/പി/ഡി. പ്രകാരം തെരുവ് വിളക്കുകൾക്ക് ആവശ്യമായ സാധനങ്ങൾ തദ്ദേശഭരണ സ്ഥാപനം നേരിട്ട് വാങ്ങി ഇലക്ട്രിസിറ്റി ബോർഡിനെ ഏൽപ്പിക്കേണ്ടതാണ്. അവ യഥാസ്ഥാനങ്ങളിൽ സ്ഥാപിക്കേണ്ടത് ബോർഡിലെ ഉദ്യോഗസ്ഥരാണ്. ഇതിന് വിരുദ്ധമായി ഫിറ്റിംഗ് ചാർജിനത്തിൽ വൻതുക സാധനങ്ങൾ സപ്ലൈ ചെയ്ത സ്ഥാപനത്തിന് നൽകിയിരിക്കുന്നതായി കാണുന്നു. ടി പ്രവർത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി വിദ്യുച്ഛക്തി ബോർഡിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുമില്ല.

25-2-1999-ലെ 22-ാം നമ്പർ വൗച്ചർ പ്രകാരം സോഡിയം വേപ്പർ ലാമ്പ്, ട്യൂബ് സെറ്റ് തുടങ്ങിയവ വാങ്ങിയ ഇനത്തിൽ എറണാകുളം ഡിസ്ട്രിക്ട് ഹോൾസെയിൽ കൺസ്യൂമർ സ്റ്റോറിന് 2,03,000 രൂപ നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| (1) ഫിറ്റിംഗ് ചാർജുൾപ്പടെ 2,200 രൂപ പ്രകാരം | | |
| 20 ബജാജ് എച്ച്.പി.എസ്.വി. ലാമ്പുകൾ | .. | 44,000 |
| (2) ഫിറ്റിംഗ് ചാർജുൾപ്പടെ 1,150 രൂപ പ്രകാരം | | |
| 100 ബജാജ് ലൈറ്റ് ലാൻഡേൺസ് | .. | 1,15,000 |

| | | | |
|---|---|---|---|
| (3) 450 രൂപ പ്രകാരം 20 സോഡിയം വേപ്പർ ലാമ്പുകളുടെ ഫിറ്റിംഗ് ചാർജ് | | .. | 9,000 |
| (4) 350 രൂപ പ്രകാരം 100 സോഡിയം വേപ്പർ ലാമ്പുകളുടെ ഫിറ്റിംഗ് ചാർജ് | | .. | 35,000 |
| | ആകെ | .. | 2,03,000 |

സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി മേൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം ഫിറ്റിംഗ് ചാർജിനത്തിൽ ലാമ്പുകൾ സപ്ലൈ ചെയ്ത സ്ഥാപനത്തിന് തന്നെ വൻതുക നൽകിയിരിക്കുന്നതായി കാണുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനെപ്പറ്റി വിശദമായി അന്വേഷിക്കേണ്ടതാണെന്ന് ആഡിറ്റിൽ ശിപാർശ ചെയ്യുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.7.9.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

77. സോഡിയം വേപ്പർ ലാമ്പ്, ട്യൂബ് ലൈറ്റ് എന്നിവ ഫിറ്റ് ചെയ്യുന്നതിന് പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് എന്താണ് പറയാൻ ഉള്ളതെന്ന സമിതിയുടെ ചോദ്യത്തിന് പ്രത്യേക ഏജൻസിയെ നിയമിച്ച് കാശ് കൊടുത്തിട്ടില്ലാ യെന്നും കെ.എസ്.ഇ.ബി.യ്ക്ക് സ്റ്റാഫ് ഇല്ലാത്തതുകൊണ്ടും കാഞ്ഞൂർ പള്ളിയിലെ പെരുന്നാൾ, തിരുവൈരാണിക്കുളം അമ്പലത്തിലെ ഉത്സവം, ശിവരാത്രി എന്നിവയോട് അനുബന്ധിച്ച് അത്യാവശ്യമായി പണി ചെയ്യേണ്ടിവന്നതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് തന്നെ നേരിട്ട് ചെയ്യുക യാണുണ്ടായതെന്ന് കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഫിറ്റിംഗ് ചാർജിനത്തിൽ സോഡിയം വേപ്പർ ലാമ്പ് ഒരെണ്ണത്തിന് 450 രൂപ വീതം 20 എണ്ണത്തിന് 9,000 രൂപയും ട്യൂബ് സെറ്റ് ഒരെണ്ണത്തിന് 350 രൂപ വീതം 100 എണ്ണത്തിന് 35,000 രൂപയും ചെലവായതായി കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഒരു അംഗീകൃത സ്ഥാപനമായ എറണാകുളം ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയതെന്നും അവരെക്കൊണ്ട് തന്നെ ഫിറ്റ് ചെയ്യിക്കുകയും ആണുണ്ടായതെന്നും അത്തരത്തിൽ സാധനസാമഗ്രികളുടേയും ഫിറ്റിംഗ് ചാർജിന്റേയും ഇനത്തിൽ 2,03,000 രൂപ ചെലവുവന്നുവെന്നും സെക്രട്ടറി സമിതിയിൽ അറിയിച്ചു.

78. സാധനത്തിന്റെ വിലകൂടാതെ മൊത്തം ലേബർ ചാർജ് എത്രയാണെന്ന സമിതിയുടെ ചോദ്യത്തിന് ലേബർ ചാർജായി മൊത്തം 44,000 രൂപയാണ് ചെലവ് വന്നതെന്ന് സെക്രട്ടറി അറിയിച്ചു. പത്ത് വർഷത്തിന് മുമ്പ് ഫിറ്റിംഗ് ചാർജിനത്തിൽ ഇത്രയും വലിയ തുക കൊടുക്കുക എന്നത് വിശ്വസിക്കാൻ പ്രയാസമാണെന്നും

അംഗീകരിക്കാനാവാത്ത കാര്യവുമാണെന്നും സമിതി അഭിപ്രായപ്പെട്ടു. പഞ്ചായത്ത് തന്നിരിക്കുന്ന മറുപടിയിൽ ബ്ലോക്കുതല സാങ്കേതിക സമിതിയുടെ അംഗീകാരം ടി പ്രവൃത്തിക്ക് കിട്ടിയിട്ടുണ്ടെന്നും പ്രസ്തുത സമിതിയിൽ ഇലക്ട്രിസിറ്റി ബോർഡിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗവുമാണെന്നാണ് പറഞ്ഞിട്ടുള്ളതെന്നും എസ്.പി.എ.ഒ. അറിയിച്ചു.

79. ടെണ്ടർ വിളിച്ച് ലേബർ കോൺട്രാക്ട് നൽകുന്നതിന് പകരം സ്വന്തമായി നിരക്ക് നിശ്ചയിച്ച നടപടി ക്രമപ്രകാരമല്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതിന് സ്റ്റാൻഡേർഡ് റേറ്റ് നിശ്ചയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ എക്സസ്സായി ചെലവഴിച്ച തുക കണ്ടുപിടിച്ച് ലയബിലിറ്റി ഫിക്സ് ചെയ്യാനും ക്വട്ടേഷൻ സ്വീകരിക്കാതെയും പർച്ചേസ് മാനുവൽ പാലിക്കാതെയും സാധനങ്ങൾ വാങ്ങിയതും ഉയർന്ന നിരക്കിൽ ഫിറ്റിംഗ് ചാർജ് നൽകിയതും ക്രമവിരുദ്ധമായതിനാൽ വകുപ്പുതല അന്വേഷണം നടത്തി നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്തു.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

80. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം എറണാകുളം ജില്ലാ ലോക്കൽ ഫണ്ട് അധികാരികളോട് പ്രാദേശിക അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് അറിയിച്ചത് പ്രകാരം 12-11-2009-ൽ പ്രാദേശിക അന്വേഷണം പൂർത്തീകരിച്ചിട്ടുള്ളതാണ്. വകുപ്പുതല അന്വേഷണവും പൂർത്തീകരിച്ചിട്ടുള്ളതാണ്.

**നിഗമനങ്ങൾ/ശിപാർശകൾ**

81. **ബ്ലോക്കുതല സാങ്കേതിക സമിതിയുടെ അംഗീകാരം കിട്ടിയ പ്രവൃത്തിയാണെങ്കിലും സ്വന്തമായി നിരക്ക് നിശ്ചയിച്ച് അധികം തുക ചെലവഴിച്ചത് ക്രമവിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ വകുപ്പുതലത്തിലും ലോക്കൽ ഫണ്ട് ഓഡിറ്റ് തലത്തിലും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിന് വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ വകുപ്പുതല അന്വേഷണവും ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പ്രാദേശിക അന്വേഷണവും പൂർത്തീകരിച്ചിട്ടുള്ളതാണ് എന്ന് മാത്രമാണ് പ്രസ്താവിച്ചിട്ടുള്ളത്. ആയതിനാൽ ഈ വിഷയത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റും തദ്ദേശസ്വയംഭരണ വകുപ്പും നടത്തിയ അന്വേഷണ റിപ്പോർട്ടുകളും ആയതിന്റെ വെളിച്ചത്തിൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന റിപ്പോർട്ടും ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം: അഡ്വാൻസ് കൈപ്പറ്റി പണിയൊന്നും ചെയ്യാത്തത് സംബന്ധിച്ച്**

**(1998-99 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 33)**

ഇന്റഗ്രേറ്റഡ് ഹാബിറ്റാറ്റ് ഡവലപ്പ്മെന്റ് പ്രോഗ്രാം കോളനിയിൽ ഒരു മിനി കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനായി കൺവീനർ 50,000 രൂപ കൈപ്പറ്റി എങ്കിലും നാളിതുവരെ യാതൊരു പണിയും ചെയ്തതായി രേഖകളില്ല. 2001-2002 വർഷത്തിൽ ഇതേ പണി എറണാകുളം ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി അറിയുന്നു. ഈ സാഹചര്യത്തിൽ നടത്താത്ത ഒരു വേലയ്ക്ക് വേണ്ടി ഗുണഭോക്തൃ സമിതി കൺവീനർ പ്ലാൻ ഫണ്ടിൽ നിന്നും പണം കൈപ്പറ്റി ദുർവിനിയോഗം ചെയ്തതായി മനസ്സിലാക്കുന്നു. 50,000 രൂപ കൺവീനറിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ 18% പലിശയുൾപ്പെടെ തിരികെ ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.9.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

82. കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണത്തെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് 1,42,300 രൂപയുടെ നോമിനി വർക്കായിരുന്നുവെന്നും ആയതിന് മൊബിലൈസേഷൻ അഡ്വാൻസും സെക്യേർഡ് അഡ്വാൻസും ചേർത്ത് 50,000 രൂപ കൊടുത്തിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. അന്നത്തെ എ.ഇ.യിൽ നിന്ന് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാതിരുന്നതിനാൽ നിലവിലുള്ള എ.ഇ.യെക്കൊണ്ട് വാല്യുവേഷൻ എടുപ്പിച്ചിട്ടുണ്ടെന്നും 37,850 രൂപയുടെ വാല്യുവേഷനാണ് ലഭിച്ചിരിക്കുന്നതെന്നും സെക്രട്ടറി അറിയിച്ചു. ഡി.എൽ.എഫ്.എയ്ക്ക് ആയത് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അത് കഴിഞ്ഞിട്ടുള്ള തുക മതിയെന്ന് വിശദീകരണം ചോദിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

83. ഓംബുഡ്സ്മാനിൽ ടി വിഷയത്തെ സംബന്ധിച്ച കേസ് നിലനിൽക്കുന്നുണ്ടെന്നും പഞ്ചായത്ത് ഓഫീസിൽ നിന്നും സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് കൊടുത്തിട്ടുണ്ടെന്നും അറിയാൻ കഴിഞ്ഞെന്നും ആയതിന്റെ പകർപ്പ് ഓഡിറ്റ് വകുപ്പിന്റെ കൈവശമുണ്ടെന്നും സമിതി ചൂണ്ടിക്കാണിച്ചു. ഓംബുഡ്സ്മാനിൽ മറുപടി നൽകിയപ്പോൾ നിർമ്മാണം ഇല്ലായിരുന്നോ എന്ന സമിതിയുടെ ചോദ്യത്തിന് മെഷർമെന്റ് സ്റ്റേജിലാണ് മറുപടി നൽകിയതെന്നും ഇപ്പോൾ ബേയ്സ്മെന്റ് ലവലിൽ നിൽക്കുകയാണെന്നും പഞ്ചായത്ത് പ്രസ്തുത പ്രോജക്ട് ഉപേക്ഷിച്ചുവെന്നും സെക്രട്ടറി മറുപടി നൽകി. പ്രവൃത്തിയാതൊന്നും തന്നെ ചെയ്തിട്ടില്ലെന്ന് പഞ്ചായത്തിൽ നിന്ന് ഓംബുഡ്സ്മാന് നൽകിയ മറുപടി സത്യവാങ്മൂലത്തിന് തുല്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

84. കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്ത് പ്രോജക്ട് രൂപീകരിച്ച് എന്തെങ്കിലും ചെയ്തിട്ടുണ്ടോ എന്ന് സമിതി സെക്രട്ടറിയോട് ആരാഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രോജക്ടിന്റെ വിശദാംശങ്ങൾ ചോദിച്ചിരുന്നുവെന്നും ആയത് ഹാജരാക്കാൻ സാധിക്കാതിരുന്നതിനാൽ ജില്ലാ പഞ്ചായത്ത് ആ പദ്ധതി ഏറ്റെടുത്തില്ല എന്നും സെക്രട്ടറി മറുപടി നൽകി. എന്നാൽ ഓംബുഡ്സ്മാനിൽ കൊടുത്ത കുറിപ്പിൽ ജില്ലാ പഞ്ചായത്ത് ഈ പണി ഏറ്റെടുത്തെന്നും ചെയ്യാത്ത പ്രവൃത്തിക്ക് 50,000 രൂപ കൊടുത്തുവെന്നും അത് തിരികെ ഈടാക്കാൻ പഞ്ചായത്ത് സന്നദ്ധമാണെന്ന് പറഞ്ഞിട്ടുണ്ടെന്നും സമിതി നിരീക്ഷിച്ചു. പഞ്ചായത്ത് പണം തിരികെ ഈടാക്കാമെന്ന് പറഞ്ഞതുകൊണ്ട് ഓംബുഡ്സ്മാൻ കേസിൽ തീർപ്പുകല്പിച്ചിട്ടുണ്ടാകുമെന്നും സമിതി അഭിപ്രായപ്പെട്ടു. ആരാണോ കേസിന്മേൽ ഓംബുഡ്സ്മാനിൽ മറുപടി നല്കിയത് അവരാണ് ബാദ്ധ്യതയ്ക്ക് ഉത്തരവാദിയെന്ന് സമിതി അഭിപ്രായപ്പെട്ടു.

85. കൺവീനറായ ശ്രീ. അശോകനിൽ നിന്നും അന്നത്തെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. കേസിനെ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റ് വകുപ്പിനെ രണ്ടാഴ്ചയ്ക്കകം ബോധ്യപ്പെടുത്തണമെന്ന് സമിതി സെക്രട്ടറിയോട് നിർദ്ദേശിച്ചു. പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടും ഓംബുഡ്സ്മാനിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ പകർപ്പും വിശദമായി പരിശോധിച്ച് ഓംബുഡ്സ്മാന് സ്റ്റേറ്റ്മെന്റ് നൽകിയ സെക്രട്ടറിയുടെ പേരുവിവരം ഉൾപ്പെടെ റിപ്പോർട്ട് നൽകുവാൻ ഓഡിറ്റ് വകുപ്പിന് സമിതി നിർദ്ദേശം നൽകി. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാമെന്ന് സമിതി അഭിപ്രായപ്പെട്ടു.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

86. ഓഡിറ്റ് വകുപ്പിൽ നിന്നും പരിശോധന നടത്തിയിട്ടുണ്ട്. ഓംബുഡ്സ്മാന് സ്റ്റേറ്റ്മെന്റ് നൽകിയ സെക്രട്ടറി ശ്രീ. കെ. കെ. മോഹനൻ, ജൂനിയർ സൂപ്രണ്ട്, ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

87. 1998-99 വർഷത്തെ പദ്ധതിയായ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന്റെ മൊത്തം അടങ്കൽ 1,42,300 രൂപയായിരുന്നു. ഈ പ്രവൃത്തിക്ക് മൊബിലൈസേഷൻ അഡ്വാൻസായി 31,250 രൂപയും സെക്വയേർഡ് അഡ്വാൻസായി 16,500 രൂപയും പാർട്ട് ബിൽ തുകയായി 2,250 രൂപയും ഉൾപ്പെടെ 50,000 രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്. എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ റിപ്പോർട്ട് പ്രകാരം 37,859 രൂപയും ചെലവഴിച്ച് തറപ്പണി പൂർത്തീകരിച്ചിട്ടുണ്ട്.

88. ഈ തുക കിഴിച്ച് ഇതുവരെ കൈപ്പറ്റിയ 50,000 രൂപയിൽ ബാക്കി നിൽക്കുന്ന 12,141 രൂപ പലിശ സഹിതം തിരിച്ചടയ്ക്കുന്നതിന് കൺവീനർക്ക് പഞ്ചായത്ത് കത്ത് നൽകിയിട്ടും നാളിതുവരെ ഈ തുക അടച്ചിട്ടില്ല. ഈ പ്രവൃത്തി സംബന്ധിച്ച് ശ്രീ. എ. വി. മോഹനൻ, വാരിയത്ത് പറമ്പിൽ, പാറപ്പുറം എന്നയാൾ ഓംബുഡ്സ്മാന് പരാതി നൽകിയിരുന്നു. ഇതിനെ സംബന്ധിച്ച് അന്നത്തെ കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. കെ. മോഹനൻ (ഇപ്പോൾ ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട്) ഓംബുഡ്സ്മാന് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സമർപ്പിച്ചിരുന്നു. (ഇതു സംബന്ധിച്ച് 22-12-2004-ൽ ഉണ്ടായ വിധിയിൽ ഓംബുഡ്സ്മാൻ പഞ്ചായത്തിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകിയിരുന്നു:

(1) കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ആവശ്യമായ ഫണ്ട് ജനറൽ ഫണ്ടിൽ നിന്നും വകയിരുത്തി, 2005 മാർച്ച് 31 നകം നടപ്പിലാക്കണം.

(2) മുൻകൂർ തുക കൈപ്പറ്റി പണി പൂർത്തിയാക്കാത്ത കൺവീനറിൽ നിന്നും തുക ഈടാക്കുവാൻ സെക്രട്ടറി ഉടൻ നടപടി സ്വീകരിക്കണം. 6 മാസത്തിനകം ഈ നടപടി പൂർത്തീകരിച്ചിരിക്കണം.

89. പട്ടികജാതി വിഭാഗക്കാർക്ക് വേണ്ടിയുള്ള പ്രോജക്റ്റായതിനാൽ മുടങ്ങിക്കിടക്കുന്ന കമ്മ്യൂണിറ്റി ഹാൾ പ്രവൃത്തി പുനരാരംഭിക്കുന്നതിന് അടിയന്തര പ്രാധാന്യം കൊടുക്കണമെന്നും അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്കെതിരെ നടപടി ആരംഭിക്കേണ്ടി വരുമെന്നും ഓംബുഡ്സ്മാൻ വിധിയിൽ പ്രസ്താവിച്ചിട്ടുണ്ട്. വിധിയുടെ അടിസ്ഥാനത്തിൽ 11-3-2009, 17-8-2009 എന്നീ തീയതികളിൽ കൺവീനർക്ക് തുക തിരിച്ച് അടയ്ക്കുന്നതിന് കത്ത് നൽകി എങ്കിലും നാളിതുവരെ തുക അടച്ചില്ല.

90. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം പുനരാരംഭിക്കുന്നതിന് ഇതുവരെ നടപടി ഒന്നും സ്വീകരിച്ചിട്ടില്ല.

**നിഗമനങ്ങൾ/ശിപാർശകൾ**

91. **പട്ടികജാതി വിഭാഗക്കാർക്ക് വേണ്ടി 1,42,300 രൂപ അടങ്കൽ തുകയുള്ള മിനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണ പദ്ധതിക്ക് കൺവീനർക്ക് 50,000 രൂപ മുൻകൂർ നല്കിയെങ്കിലും മൂല്യനിർണ്ണയ റിപ്പോർട്ട് പ്രകാരം 37,859 രൂപയുടെ തറപണിവരെയുള്ള പ്രവൃത്തി മാത്രം പൂർത്തീകരിച്ച് കൺവീനർ പ്രവൃത്തി ഉപേക്ഷിച്ചതുമൂലം കമ്മ്യൂണിറ്റി ഹാൾ നിർമ്മാണ പദ്ധതി പൂർത്തീകരിക്കാനായില്ല എന്ന് സമിതി മനസ്സിലാക്കുന്നു. കൺവീനർ പ്രവൃത്തി ഉപേക്ഷിച്ച ഘട്ടത്തിലോ 2004-ൽ ഓംബുഡ്സ്മാന്റെ വിധി പ്രസ്താവത്തിനു ശേഷമോ പദ്ധതി പ്രാവർത്തികമാക്കാനുള്ള യാതൊരു ആത്മാർത്ഥമായ ശ്രമവും ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെയോ ഉദ്യോഗസ്ഥരുടെയോ ഭാഗത്തുനിന്നുണ്ടായില്ല**

**എന്ന് സമിതി നിരീക്ഷിക്കുന്നു. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് ജനറൽ ഫണ്ടിൽ നിന്നും വകയിരുത്തി 2005 മാർച്ച് 31 നകം നടപ്പിലാക്കുക, മുൻകൂർ തുക കൈപ്പറ്റി പണി പൂർത്തിയാക്കാത്ത കൺവീനറിൽ നിന്നും തുക ഈടാക്കുവാൻ സെക്രട്ടറി ഉടൻ നടപടി സ്വീകരിച്ച് 6 മാസത്തിനകം ടി നടപടി പൂർത്തീകരിച്ചിരിക്കണം, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം പുനരാരംഭിക്കുന്നതിന് അടിയന്തര പ്രാധാന്യം നല്കാത്തപക്ഷം ഗ്രാമപഞ്ചായത്തംഗങ്ങൾക്കെതിരെ നടപടി ആരംഭിക്കേണ്ടി വരുമെന്നും 22-12-2004-ൽ ഓംബുഡ്സ്മാൻ നൽകിയ കർശന നിർദ്ദേശങ്ങളോ തെളിവെടുപ്പ് വേളയിൽ സമിതി നല്കിയ നിർദ്ദേശങ്ങളോ നാളിതുവരെ പാലിക്കപ്പെട്ടിട്ടില്ല എന്നത് സമിതി അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നു. ഇത് ഓംബുഡ്സ്മാനോടും സമിതിയോടുമുള്ള അനാദരവാണെന്ന് സമിതി വിലയിരുത്തുകയും കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഓംബുഡ്സ്മാന്റെ വിധി നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഓംബുഡ്സ്മാന്റെ വിധി അടിയന്തരമായി നടപ്പാക്കുവാനും കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

## ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങിയത്—ഫിറ്റിംഗ് ചാർജ് നൽകിയത് അംഗീകരിക്കുന്നില്ല**
**(2001-02 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 5)**

വൗച്ചർ നമ്പർ 1-2-2002 പ്രകാരം എറണാകുളത്തെ സിമ ഷോപ്പിൽ നിന്നും 52,818 രൂപ വിലയ്ക്ക് 683 ട്യൂബ് ലൈറ്റും അനുബന്ധസാധനങ്ങളും വാങ്ങിയിട്ടുണ്ട്. എന്നാൽ വൗച്ചർ നമ്പർ 14-3-2002 പ്രകാരം 496 ട്യൂബ് ഫിറ്റ് ചെയ്തതിന് 29,760 രൂപ എ. എം. അഗസ്റ്റിൻ എന്ന വ്യക്തിക്ക് ട്യൂബ് ഒന്നിന് 60 രൂപ നിരക്കിൽ ഫിറ്റിംഗ് ചാർജായി നൽകിയതായി കാണുന്നു. ഇലക്ട്രിസിറ്റി ബോർഡിലെ ലൈൻമാനെയാണ് ഏൽപ്പിക്കേണ്ടത്. ഇതിനുവേണ്ടി പ്രത്യേകം ഫിറ്റിംഗ് ചാർജ് നൽകേണ്ട ആവശ്യമില്ല. കൂടാതെ 683 ട്യൂബ് വാങ്ങിയതിൽ ഫിറ്റ് ചെയ്ത 496 എണ്ണം കഴിച്ച് ബാക്കി 187 ട്യൂബിന്റെ വിനിയോഗം കാണിക്കാത്തതിനാൽ ആയതിന്റെ വിലയായ 7199.50 രൂപയും ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.10.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

92. ക്വട്ടേഷൻ അനുസരിച്ചാണ് ട്യൂബ് വാങ്ങിയതെന്നും 187 ട്യൂബുകളുടെ വിതരണം സംബന്ധിച്ച് പരിശോധിച്ചതിൽ നിന്നും 12 അംഗങ്ങൾ ഒപ്പിട്ടുവാങ്ങിയതിന്റെ രേഖകളുണ്ടെന്നും, അവരിൽ ഒരാൾ മരണപ്പെട്ടെന്നും ബാക്കി എല്ലാപേരെയും നേരിൽ കണ്ടെന്നും എല്ലാപേരും കാര്യങ്ങൾ കൃത്യമായി ചെയ്തതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ട്യൂബ് വാങ്ങിച്ച സെക്രട്ടറിയുടെ കൈയിൽ നിന്ന് ഫിറ്റിംഗ് ചാർജ് കൊടുത്ത വകയിൽ നാൽപ്പതിനായിരത്തിലധികം രൂപ പഞ്ചായത്ത് ഡയറക്ടർ അദ്ദേഹത്തിന്റെ ഗ്രാറ്റുവിറ്റിയിൽ നിന്ന് പിടിച്ചെടുത്തിട്ടുണ്ടെന്നും ഇനി 7,051 രൂപ മാത്രമാണ് തിരിച്ചു പിടിക്കേണ്ടതായിട്ടുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്രസ്തുത കാലയളവിലെ സെക്രട്ടറിയുമായി ബന്ധപ്പെട്ടപ്പോൾ തുക തിരിച്ചു പിടിച്ചിട്ടുണ്ടെന്നും പക്ഷേ തുക അക്കൗണ്ടിലേക്ക് വന്നിട്ടില്ല എന്നുമാണ് അറിയിച്ചതെന്ന് സെക്രട്ടറി തുടർന്നറിയിച്ചു.

93. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കേസ് ഗവൺമെന്റിന് മുമ്പാകെ വന്നിട്ടുണ്ടായിരുന്നുവെന്നും തുക അന്നത്തെ സെക്രട്ടറിയുടെ ഗ്രാറ്റുവിറ്റിയിൽ നിന്ന് പിടിക്കാൻ ഗവൺമെന്റ് നിർദ്ദേശം ഉണ്ടായിരുന്നുവെന്നും എന്നാൽ ആയതിനെതിരെ അവർ പഞ്ചായത്ത് ഡയറക്ടർക്ക് അപ്പീൽ കൊടുത്തതിനാൽ പൈസ ഈടാക്കിയിട്ടില്ല എന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. എന്നാൽ ഗവൺമെന്റിൽ നിന്ന് മുൻ സെക്രട്ടറിയുടെ ഗ്രാറ്റുവിറ്റിയിൽ നിന്ന് തുക ഈടാക്കുവാനുള്ള നിർദ്ദേശം തനിക്ക് ലഭിച്ചിട്ടില്ലെന്ന് ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലെ നിലവിലെ സെക്രട്ടറി സമിതിയുടെ ചോദ്യത്തിന് മറുപടിയായി അറിയിച്ചു. പഞ്ചായത്തിൽ നിന്ന് എൻ.എൽ. സി. കൊടുത്ത് ഡയറക്ടറേറ്റിൽ നിന്നുമാണ് തുക തിരിച്ച് പിടിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

94. ഗവൺമെന്റ് നിർദ്ദേശമുണ്ടെങ്കിൽ മുൻ സെക്രട്ടറിയുടെ ഗ്രാറ്റുവിറ്റിയിൽ നിന്ന് തുക ഈടാക്കണമെന്ന സമിതി നിർദ്ദേശം നല്കി. മെമ്പർമാരുടെ കൈവശം രസീതും വിനിയോഗ സർട്ടിഫിക്കറ്റും ഉള്ളതിനാൽ 187 ട്യൂബ് ലൈറ്റുകളുടെ വിനിയോഗം സംബന്ധിച്ച പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി അറിയിച്ചു.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

95. നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഗ്രാറ്റുവിറ്റിയിൽ നിന്നും 40,279 രൂപ ചേരാനല്ലൂർ പഞ്ചായത്തിന്റെ വി. പി. എഫ്. അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാൻ എറണാകുളം സബ് ട്രഷറി ആഫീസറോട് നിർദ്ദേശിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ 28-5-2009-ലെ

എച്ച്1-381/07 നമ്പർ കത്ത് പ്രകാരം പഞ്ചായത്തിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ ഇതുവരെയും ക്രഡിറ്റ് ചെയ്തു വന്നിട്ടില്ല. ആയത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാകുന്നതിന് 5-2-2010-ലെ സി-684/10 കത്ത് പ്രകാരം ജില്ലാ ട്രഷറി ആഫീസർക്കും 9-2-2010-ലെ സി1-684/10 കത്ത് പ്രകാരം സബ്ബ് ട്രഷറി ആഫീസർക്കും കത്ത് നൽകിയിട്ടുണ്ട്.

**നിഗമനങ്ങൾ/ശിപാർശകൾ**

96. **ഗ്രാമപഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റുകൾ പുനഃസ്ഥാപിക്കുന്നതിന് ചട്ടവിരുദ്ധമായി ഫിറ്റിംഗ് ചാർജ് നല്കിയതിലൂടെ പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഗ്രാറ്റുവിറ്റിയിൽ നിന്നും ഈടാക്കാൻ സർക്കാർ ഉത്തരവായെന്നും 40,279 രൂപ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാൻ എറണാകുളം സബ് ട്രഷറി ഓഫീസറോട് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിച്ചിരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ പ്രസ്തുത തുക പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതായി കാണുന്നില്ല. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്ന 2009 മേയ് മാസം 28-ാം തീയതിയിലെ കത്തുപ്രകാരം പഞ്ചായത്ത് ഡയറക്ടറിൽ നിന്നും ലഭിച്ച അറിയിപ്പ് സംബന്ധിച്ച വിവരം ജില്ലാ ട്രഷറി ഓഫീസറോടും സബ് ട്രഷറി ഓഫീസറോടും ഗ്രാമപഞ്ചായത്ത് ആരായുന്നത് യഥാക്രമം 5-2-2010-നും 9-2-2010-നും മാത്രമാണ്. ഗ്രാമപഞ്ചായത്തിന് നഷ്ടമായ തുക പഞ്ചായത്ത് ഡയറക്ടറുടെയും സർക്കാരിന്റെയും ഉത്തരവുകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ എത്തിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയുണ്ടായതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പ്രസ്തുത തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണമെന്തെന്നും അറിയിക്കുകയും ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അതിന് ഉത്തരവാദികളായവരിൽ നിന്നും തുക പലിശ സഹിതം ഈടാക്കി, വകുപ്പുതല നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വാലം റോഡ് മെറ്റലിംഗ് ഫൈനൽ ബിൽ നൽകിയതിനുശേഷം അനധികൃതമായി തുക നൽകി**

**(2000-01 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 14)**

വാലം റോഡ് 300 മീറ്റർ നീളം മട്ടിക്കല്ല് വിരിച്ച് മെറ്റലിംഗ് നടത്തുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. റോഡിന്റെ നിർമ്മാണം പൂർത്തിയായതിനുശേഷം മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശയുടെയും എഞ്ചിനീയറുടെ വാല്യുവേഷന്റെയും അടിസ്ഥാനത്തിൽ

ഫൈനൽ ബില്ലായി 14,534 രൂപ കൺവീനർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫൈനൽ ബിൽ നൽകിയതിനുശേഷം സബ്കമ്മിറ്റി തീരുമാനപ്രകാരം നൽകുന്ന തുക എന്നു കാണിച്ച് 16,809 രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്. എഞ്ചിനീയറുടെയും സെക്രട്ടറിയുടെയും എതിർപ്പുകളെ അവഗണിച്ചുകൊണ്ടാണ് ടി തുക നൽകിയിരിക്കുന്നത്. കൺവീനർ ചെലവ് കണക്ക് എഴുതി സൂക്ഷിക്കുകയോ ഓഡിറ്റ് ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൺവീനർക്ക് അധികമായി നൽകിയ 16,809 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 3.7.10.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം.II ആയി ചേർത്തിരിക്കുന്നു.

97. പരാമർശവുമായി ബന്ധപ്പെട്ട മെമ്പർമാരിൽ നിന്ന് മുഴുവൻ തുകയും ഈടാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി സമിതിയിൽ അറിയിച്ചു. പ്രസ്തുത വിവരം ലോക്കൽ ഫണ്ട് ഓഡിറ്റിനെ ബോധ്യപ്പെടുത്തണമെന്നും ഓഡിറ്റിന്റെ റിപ്പോർട്ടിന് വിധേയമായി ക്ലോസ് ചെയ്യാം എന്നും സമിതി അഭിപ്രായപ്പെട്ടു.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

98. അധികമായി നൽകിയതുക ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങളിൽ നിന്ന് 1,868 രൂപ വീതം 16,812 രൂപ ഈടാക്കുകയും പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുകയും ചെയ്ത വിവരം രസീതുകളുടെ അസ്സൽ കളക്ഷൻ രജിസ്റ്റർ, ക്യാഷ് ബുക്ക്, വരവ് രജിസ്റ്റർ പാസ്സ് ബുക്കുകൾഎന്നിവ പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

12/36770 തീയതി 1-7-2005

15/36770 .. തീയതി 12-7-2005

5/36774 .. തീയതി 29-8-2005

6/36774 .. തീയതി 29-8-2005

26/36774 .. തീയതി 1-9-2005

27/36774 .. തീയതി 1-9-2005

33/36774 .. തീയതി 3-9-2005

46/36774 .. തീയതി 5-9-2005

3/12713 .. തീയതി 26-4-2008

എന്നീ രസീതുകൾ പ്രകാരം തുക തിരിച്ചുപിടിച്ചിട്ടുണ്ട്. ഈ വിവരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് 3-12-2009-ലെ സി-579/07 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

99. ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളിൽ നിന്ന് തുക മുഴുവൻ ഈടാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനാൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ഖണ്ഡികയിലെ പരാമർശം ഒഴിവാക്കുന്നതാണ് എന്നുള്ള വിവരവും റിപ്പോർട്ട് ചെയ്യുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

100. **വാലം റോഡ് മെറ്റലിംഗ് ഫൈനൽ ബിൽ നൽകിയതിനുശേഷം അനധികൃതമായി നല്കിയ തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്ന് തെളിവെടുപ്പ് വേളയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നല്കിയ വിശദീകരണത്തിന്റെയും സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് രേഖാമൂലംനൽകിയ മറുപടിയുടെയും തുക മുഴുവനും ഈടാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സ്പഷ്ടീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ചെല്ലാനം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**വ്യവസായ പരിശീലന കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതി പ്രവൃത്തി പൂർത്തിയാക്കാതെ തുക കൈവശം വച്ചു**

**(2001-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 9)**

ചെല്ലാനം പഞ്ചായത്തിൽ 3-ാം വാർഡിൽ സാംസ്കാരിക നിലയത്തോട് ചേർന്നുള്ള 5 സെന്റ് വെള്ളക്കെട്ടുള്ള സ്ഥലം നികത്തി പട്ടികജാതിക്കാർക്കുവേണ്ടി ഒരു വ്യവസായ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചു. പദ്ധതി നടത്തിപ്പിനായി 9-2-2000-ൽ കൺവീനർക്ക് 50,000 രൂപയും 31-3-2000-ൽ 75,000 രൂപയും മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ അഡ്വാൻസ് നൽകി 3 വർഷം കഴിഞ്ഞിട്ടും യാതൊരു പണിയും ചെയ്തിട്ടുള്ളതായി രേഖകളിൽ കാണുന്നില്ല. പഞ്ചായത്തിന്റെ പദ്ധതി തുകയായ 1,25,000 രൂപ 3 വർഷത്തിലേറെയായി കൈവശം വച്ചിട്ടും പ്രവൃത്തി പൂർത്തീകരിക്കാതെ പഞ്ചായത്ത് അയച്ച രജിസ്റ്റേഡ് നോട്ടീസിന് മറുപടിപോലും

നൽകാത്ത ചെയർമാൻ, കൺവീനർ എന്നിവരിൽ നിന്നും 1,25,000 രൂപയും 18% പിഴപ്പലിശയും ഉൾപ്പെടെ ഈടാക്കുന്നതിന് ആവശ്യമായ നിയമനടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്. പൊതുജനസേവനത്തിനായി വിനിയോഗിക്കേണ്ട പദ്ധതി പണം കേവലം ഒരു സ്വകാര്യ വ്യക്തി കൈവശം വച്ചനുഭവിക്കുന്ന ഇത്തരം നടപടികൾ യാതൊരു കാരണവശാലും അംഗീകരിക്കുവാൻ പാടില്ലാത്തതാണ്. തുക നൽകിയ ഉദ്യോഗസ്ഥൻ എന്ന നിലയിൽ സെക്രട്ടറിയും ഇതിനുത്തരവാദിയാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.11.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

101. പഞ്ചായത്തിന്റെ പദ്ധതി തുകയായ 1,25,000 രൂപ കൺവീനർ മൂന്ന് വർഷത്തിലേറെക്കാലം കൈവശം വച്ചിരുന്നു എന്ന പരാമർശത്തിൽ കൺവീനറുടെ കയ്യിൽ നിന്ന് 30,910 രൂപ തിരികെ പിടിച്ചിട്ടുണ്ടെന്ന് ചെല്ലാനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ബാക്കി തുക ഈടാക്കുന്നതിനുള്ള നടപടി അടിയന്തരമായി പൂർത്തിയാക്കാൻ തഹസിൽദാരോട് ആവശ്യപ്പെടണമെന്ന് സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

102. വ്യവസായ കേന്ദ്രം കമ്പ്യൂട്ടർ സെന്റർ കൺവീനർ ശ്രീ. സുരേഷിൽ നിന്നും കൈപ്പറ്റിയ 1,25,000 രൂപ ആർ. ആർ. നടപടികളിലൂടെ 34,235 രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ ടി പദ്ധതിയിൽ ഗുണഭോക്തൃ സമിതി 75,855 രൂപയുടെ പണി നടത്തിയതായി എൽ. എസ്. ജി. ഡി. എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ടിയാനിൽ നിന്നും 1,25,000 രൂപയിൽ 75,855 രൂപ കഴിച്ചുള്ള തുക പലിശ മാത്രം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിൽ കൺവീനർ പഞ്ചായത്ത് കമ്മിറ്റിയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഈ അപേക്ഷ 4-12-2009-ലെ III (14)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ടിയാൻ ചെയ്ത പ്രവൃത്തിയുടെ തുക കിഴിച്ച് ബാക്കി തുക മാത്രം ഈടാക്കുന്നതിന് ബഹു. ജില്ലാ കളക്ടറോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

**നിഗമനങ്ങൾ/ശിപാർശകൾ**

103. **പദ്ധതിയുടെ ഗുണഭോക്തൃ സമിതി കൺവീനർ കൈപ്പറ്റിയ 1,25,000 രൂപയിൽ ഗുണഭോക്തൃ സമിതി 75,855 രൂപയുടെ പണി നടത്തിയതായി തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ്**

**നൽകിയിട്ടുള്ളതായും പ്രസ്തുത തുക കിഴിച്ച് ബാക്കി തുകയായ 49,245 രൂപയിൽ 34,235 രൂപ കൺവീനറിൽ നിന്ന് ഈടാക്കിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. അവശേഷിക്കുന്ന 15,010 രൂപയും 49,245 രൂപയ്ക്കുള്ള നിയമാനുസൃതമുള്ള പലിശയും ഈടാക്കി റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മത്സ്യസംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ; ആസൂത്രിതമല്ലാത്ത പദ്ധതി നടപ്പാക്കൽ**

**(2001-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 10)**

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 2,41,200 രൂപ അടങ്കലിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ച ടി പദ്ധതിക്കായി 14-9-2001-ൽ 1,00,000 രൂപയും 7-5-2002-ൽ 1,41,200 രൂപയും നിർവ്വഹണ ഉദ്യോഗസ്ഥയുടെ പേരിൽ ബാങ്കിൽ നിക്ഷേപിക്കുകയുണ്ടായി. ഇതിൽ നിന്നും 82,250 രൂപ പ്രാഥമിക ആവശ്യങ്ങൾക്കായി പിൻവലിച്ചിട്ടുണ്ടെങ്കിലും പദ്ധതി നാളിതുവരെയായിട്ടും നടപ്പാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിശദീകരണത്തിൽ പദ്ധതി നടപ്പിലാക്കുവാൻ പ്രായോഗികമായ ബുദ്ധിമുട്ടുണ്ടെന്നും പ്രസ്തുത തുക തിരിച്ചടയ്ക്കുവാൻ ഉദ്ദേശിക്കുന്നതായും അറിയിച്ചു. ടി സാഹചര്യത്തിൽ നിക്ഷേപിച്ച 2,41,200 രൂപയിൽ പിൻവലിച്ച 82,250 രൂപയ്ക്ക് തുക പിൻവലിച്ച തീയതി മുതൽ 18% നിരക്കിൽ പലിശ ഉൾപ്പെടെയും ബാക്കി തുകയായ 1,58,950 രൂപയും അതിന്മേൽ ബാങ്കിൽ നിന്ന് ലഭിച്ച പലിശയും ചേർത്ത് നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ആസൂത്രിതമല്ലാത്തതും മുൻകൂട്ടിയുള്ള കാഴ്ചപ്പാടില്ലാതെയും പദ്ധതി തയ്യാറാക്കി പദ്ധതിപ്പണം ദുർവിനിയോഗം ചെയ്യുന്നത് ശരിയായ നടപടിയല്ല. സഹകരണ സംഘം സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥയായി അംഗീകരിച്ച് കൊണ്ടുള്ള ഏതെങ്കിലും സർക്കാർ ഉത്തരവ് നിലവിലുള്ളതായി കാണുന്നില്ല. ആയതിനാൽ സഹകരണ സംഘം സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥയായി നിയമിച്ചുകൊണ്ട് പദ്ധതി വിഹിതം നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.11.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

104. പദ്ധതി നിർവ്വഹണം നടത്തിയത് പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘമാണെന്നും ആദ്യ വർഷം ഒരു ലക്ഷവും രണ്ടാം വർഷം 1,41,200 രൂപയും നൽകി പദ്ധതി നടപ്പിൽ വരുത്തിയെന്നും സെക്രട്ടറി സമിതിയിൽ മറുപടി നൽകി. സഹകരണ സംഘം

സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥയായി നിശ്ചയിച്ചത് ശരിയായില്ല എന്നതാണ് ഓഡിറ്റിന്റെ അഭിപ്രായമെന്നും സെക്രട്ടറി തുടർന്ന് അറിയിച്ചു. ഡി. പി. സി. അംഗീകരിച്ച പ്രസ്തുത പ്രോജക്ട്, ഓഡിറ്റ് ഒബ്ജക്ഷൻ വന്ന് തുക തിരിച്ചടയ്ക്കണമെന്ന് നോട്ടീസ് നൽകിയപ്പോൾ നിർത്തലാക്കിയെന്ന് സംഘം സെക്രട്ടറി അറിയിച്ചതായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ അറിയിച്ചു.

105. മത്സ്യസംസ്കരണ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്, ആയതിന് പ്രവർത്തനമൂലധനമാണോ കൊടുത്തത് തുടങ്ങിയ സമിതിയുടെ ചോദ്യങ്ങൾക്ക് മത്സ്യം ഉണക്കി വിപണനം നടത്തുക, അച്ചാർ ഉണ്ടാക്കുക തുടങ്ങിയവയാണ് പ്രവർത്തനങ്ങൾ എന്നും, ഷെഡ് പണിയാനും അനുബന്ധഉപകരണങ്ങൾ വാങ്ങാനുമാണ് തുക നൽകിയതെന്നും വാങ്ങിയ ഉപകരണങ്ങൾ ഇപ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ സൊസൈറ്റിയുടെ സ്ഥലത്ത് സ്ഥാപിച്ചിട്ടുണ്ടെന്നും ഇപ്പോൾ സൊസൈറ്റി പ്രവർത്തിക്കാതിരിക്കുന്നതുമൂലം 'ഫ്രീസർ' ഉൾപ്പെടെയുള്ള ഉപകരണങ്ങൾ നശിച്ചു കൊണ്ടിരിക്കുകയാണെന്നും സഹകരണ സംഘം സെക്രട്ടറി അറിയിച്ചു.

106. സഹകരണ സംഘം സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥയായി നിയമിച്ചു കൊണ്ട് പദ്ധതി വിഹിതം നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കണമെന്നേ ഓഡിറ്റ് ഒബ്ജക്ഷനിൽ പറഞ്ഞിട്ടുള്ളൂവെന്നും അല്ലാതെ സംഘത്തിന്റെ പ്രവർത്തനം നിർത്തലാക്കാൻ ആവശ്യപ്പെടുന്ന യാതൊരു പരാമർശവുമില്ലെന്നും സമിതി ഓർമ്മിപ്പിച്ചു. പൈസ തിരിച്ചടയ്ക്കാൻ ആരാണ് നോട്ടീസ് നൽകിയതെന്ന സമിതിയുടെ ചോദ്യത്തിന് പഞ്ചായത്തിൽ നിന്നാണ് നോട്ടീസ് ലഭിച്ചതെന്ന് സഹകരണ സംഘം സെക്രട്ടറി അറിയിച്ചു. മത്സ്യസംസ്കരണ യൂണിറ്റ് എന്നാണ് തുടങ്ങിയത്, എത്രപേർക്ക് തൊഴിൽ നൽകാൻ ഈ യൂണിറ്റിലൂടെ സാധിച്ചിട്ടുണ്ട് തുടങ്ങിയ സമിതിയുടെ ചോദ്യങ്ങൾക്ക് 2001-02 കാലയളവിൽ ആരംഭിച്ച സൊസൈറ്റിയിൽ പതിനഞ്ചോളം പേർക്ക് ജോലി നൽകാൻ സാധിച്ചിട്ടുണ്ടെന്നും ലാഭത്തിൽ പ്രവർത്തിച്ചിരുന്ന സൊസൈറ്റി കുറഞ്ഞകാലം കൊണ്ട് 12,875 രൂപ ലാഭമുണ്ടാക്കിയതായും പിന്നീട് പ്രവർത്തനം നിർത്തിവച്ചെന്നും ഫ്രീസറും മറ്റുപകരണങ്ങളും നശിച്ച് പോകാതെ സൂക്ഷിച്ചിരിക്കുകയാണെന്നും സഹകരണ സംഘം സെക്രട്ടറി അറിയിച്ചു.

107. ലാഭകരമായി പ്രവർത്തിക്കാൻ കഴിയില്ലെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തതായി ഓഡിറ്റ് റിപ്പോർട്ടിൽ കാണുന്നുവെന്നും സെക്രട്ടറി അപ്രകാരം ചെയ്തിരുന്നോ എന്ന് സമിതി ആരാഞ്ഞതിന് യൂണിറ്റിന്റെ പ്രവർത്തനത്തിന് കുറഞ്ഞ തുകയ്ക്ക് മത്സ്യം വാങ്ങുമ്പോൾ പോലും ആയതിന് ട്രഷറി ചെക്ക് കൊടുക്കണമെന്ന വ്യവസ്ഥ യൂണിറ്റിന്റെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിന് നിർബന്ധിതമാക്കി. അങ്ങനെ യൂണിറ്റിന്റെ പ്രവർത്തനം നിന്നു പോകുകയും, തുടർന്ന് ഭരണസമിതിയുടെ തീരുമാനമനുസരിച്ച് യൂണിറ്റിന്റെ പ്രവർത്തനം തുടർന്ന് പോകുകയായിരുന്നുവെന്നും ആ കാലയളവിലെ വിറ്റുവരവിനായി ഒന്നരലക്ഷം രൂപ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും ഫിഷറീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറി സമിതിയിൽ അറിയിച്ചു. പിൻവലിച്ച തുകയിൽ 42,000 രൂപ ഉപയോഗിച്ച് യൂണിറ്റിന്റെ ഷെഡ്ഡിന്റെ നിർമ്മാണം പൂർത്തിയാക്കുകയും 68,000 രൂപയുടെ

സാധന സാമഗ്രികൾ വാങ്ങുകയും ചെയ്യുവെന്നും അവയെല്ലാം സെക്രട്ടറിയുടെ കസ്റ്റഡിയിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നും സൊസൈറ്റി സെക്രട്ടറി കൂട്ടിച്ചേർത്തു.

108. 2001-02 കാലഘട്ടത്തിലാണ് യൂണിറ്റ് പ്രവർത്തനമാരംഭിച്ചതെന്നും 2 വർഷം കഴിഞ്ഞ് 2004-ൽ ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് വിശദീകരണം ആവശ്യപ്പെട്ടതുകൊണ്ട് പ്രവർത്തനം നിർത്തിവയ്ക്കുക എന്നു പറയുന്നത് ശരിയായ നടപടി അല്ല എന്ന് സമിതി വിലയിരുത്തി. തുക തിരിച്ചടയ്ക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് തുടർച്ചയായി നോട്ടീസ് വന്നതുകൊണ്ട് 2004 മാർച്ച് മാസത്തിനുശേഷം യൂണിറ്റ് പ്രവർത്തിച്ചിട്ടില്ല എന്നും പഞ്ചായത്തിൽ നിന്ന് ഫണ്ട് ലഭിച്ചാൽ കുറച്ചുപേർക്ക് തൊഴിൽ കൊടുക്കാം എന്ന ഉദ്ദേശത്തോടെ തുടങ്ങിയ പ്രോജക്ടാണിതെന്നും ഓഡിറ്റ് തടസ്സം മാറിക്കിട്ടിയാൽ ടി സൊസൈറ്റി ഭംഗിയായി നടത്തിക്കൊണ്ടുപോകുവാൻ കഴിയുമെന്നും മാത്രമല്ല സംഘത്തിന്റെ നേതൃത്വത്തിലുള്ള മീൻ വളർത്തൽ കേന്ദ്രത്തിൽ നിന്നുള്ള മത്സ്യങ്ങളെക്കൂടി ഈ പ്രോജക്ടിലേക്ക് എടുക്കാൻ സാധിക്കുമെന്നും ചെമ്മീൻ തീറ്റ ഉൽപ്പാദിപ്പിക്കാൻ സാധിച്ചാൽ അതിലൂടെ കുറച്ചുപേർക്ക് തൊഴിലും ലഭിക്കും എന്നും ഫിഷറീസ് കോ-ഓപ്പറേറ്റീവ് സെക്രട്ടറി സമിതിയിൽ അറിയിച്ചു.

109. പഞ്ചായത്ത് നിയമമനുസരിച്ച് സെക്രട്ടറിയോ കൃഷി ഓഫീസറോ ആണ് നിർവ്വഹണോദ്യോഗസ്ഥനായിരിക്കേണ്ടതെന്ന് സമിതി അഭിപ്രായപ്പെട്ടു. എന്തായാലും നിർവ്വഹണോദ്യോഗസ്ഥൻ എന്ന പേര് സഹകരണ സെക്രട്ടറിയിൽ നിന്ന് ഒഴിവാക്കാമെന്ന് സമിതി അറിയിച്ചു. മത്സ്യ സംസ്കരണ യൂണിറ്റിന്റെ പ്രവർത്തനം പുനരാരംഭിച്ച് നടത്തിക്കൊണ്ട് പോകുന്നതിന് പഞ്ചായത്തും സൊസൈറ്റിയുമായി ചേർന്ന് നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും ധനവിനിയോഗം സംബന്ധിച്ച രേഖകൾ പഞ്ചായത്ത് അധികൃതരെ കാണിക്കണമെന്നും ആയതിന് സാധിച്ചില്ലെങ്കിൽ പരാമർശ വിധേയമായ തുക പഞ്ചായത്തിൽ തിരിച്ചടയ്ക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

110. മത്സ്യസംസ്കരണ യൂണിറ്റ് പ്രവർത്തനം 1-10-2009-ൽ പുനരാരംഭിച്ചിട്ടുണ്ട്. മത്സ്യസംസ്കരണ യൂണിറ്റിന്റെ പ്രവർത്തനത്തിനുവേണ്ടി പട്ടികജാതി സഹകരണ സംഘം സെക്രട്ടറിക്ക് അനുവദിച്ച 2,41,200 രൂപയുടെ ചെലവ് 22-2-2010-ൽ II-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള വിവരവും റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

## നിഗമനങ്ങൾ/ശിപാർശകൾ

111. **ഗ്രാമപഞ്ചായത്തിന്റെ മത്സ്യസംസ്കരണ യൂണിറ്റ് പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥയായി സഹകരണ സംഘം സെക്രട്ടറിയെ തീരുമാനിച്ചത് സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമാണെന്നും പഞ്ചായത്ത് സെക്രട്ടറിയോ**

**ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരോ ആയിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥരാ കേണ്ടിയിരുന്നതെന്നും സമിതി വിലയിരുത്തുന്നു. നിർവ്വഹണ ഉദ്യോഗസ്ഥയെ നിയോഗിച്ച നടപടിയിലെ അപാകത ഓഡിറ്റ് ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ യൂണിറ്റിന്റെ പ്രവർത്തനം നിർത്തിവെച്ചത് ഉചിതമായില്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മത്സ്യസംസ്കരണ യൂണിറ്റ് പ്രവർത്തനം പുനരാരംഭിച്ചതായും പ്രസ്തുത യൂണിറ്റിനായി പട്ടികജാതി സഹകരണ സംഘം സെക്രട്ടറിക്ക് അനുവദിച്ച 2,41,200 രൂപയുടെ ചെലവിൽ ക്രമക്കേടുകൾ കാണുന്നില്ല എന്നതിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണത്തിൽ ഗുരുതരമായ അപാകതകൾ**

**(199-99, 2001-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 20)**

പൊതുമരാമത്ത് പണി കൂടുതൽ സാങ്കേതികവും യന്ത്രസാമഗ്രികൾ ഉപയോഗപ്പെടുത്തേണ്ടതും സാങ്കേതിക വിദഗ്ദ്ധരുടെ മേൽനോട്ടം ആവശ്യമുള്ളതുമാണെങ്കിൽ കരാറുകാരൻ മുഖേനയും അല്ലാത്തപക്ഷം ഗുണഭോക്തൃസമിതി മുഖേനയുമുള്ള നടത്തിപ്പിന് കൂടുതൽ പ്രാമുഖ്യം നൽകണമെന്നുള്ള 23-9-2007-ലെ 216/97/ത.ഭ.വ. സർക്കാർ ഉത്തരവിനും, മരാമത്തിനും സ്കീമിനുമുള്ള സാധനസാമഗ്രികൾ നേരിട്ട് വാങ്ങുമ്പോൾ നിലവിലുള്ള ചട്ടങ്ങൾ ബാധകമായിരിക്കും എന്ന 10/97-ലെ 221/97/ത.ഭ.വ. സർക്കാർ ഉത്തരവിനും വിരുദ്ധമായി യഥാക്രമം 5,76,000 രൂപയും 2,56,711 രൂപയും അടങ്കൽ വരുന്ന പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം പഞ്ചായത്ത് നേരിട്ട് ഏറ്റെടുത്ത് നടത്തി. ഇതിനായി മൊത്തം ചെലവ് 8,12,136 രൂപയാണ്.

112. വേലയ്ക്ക് ആവശ്യമായ സാധനസാമഗ്രികൾ ഏതൊക്കെ എത്ര അളവിൽ വേണമെന്ന് കണക്കാക്കാതെയും ഗുണനിലവാരം ഉറപ്പുവരുത്താതെയും മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കാതെയും ആവശ്യമില്ലാത്ത സാധനങ്ങൾ വാങ്ങേണ്ടിവരികയും ചില സാധനങ്ങൾ ആവശ്യത്തിലധികവും കൂടിയ നിരക്കിലും വാങ്ങിയിട്ടുണ്ട്. അധികം വാങ്ങിയ കമ്പി കൺവീനർ മറ്റൊരു വേലയ്ക്ക് നൽകിയെന്ന് പറയുന്നുണ്ടെങ്കിലും ഈ വേലയുടെ രേഖകൾ പരിശോധിച്ചതിൽ ഈ വേലയ്ക്ക് ആവശ്യമുള്ളതിൽ അധികം കമ്പി കൺവീനർ വാങ്ങിയതായി ബില്ലുകളിൽ നിന്നും വ്യക്തമാകുന്നു.

113. പൊതുമരാമത്ത് പണി കരാറുകാരനെ ഒഴിവാക്കി പഞ്ചായത്ത് നേരിട്ട് നടത്തിയപ്പോൾ വിവിധയിനങ്ങളിൽ ലഭിക്കേണ്ടിയിരുന്ന ലാഭം അധിക ചെലവ് വന്നതായി രേഖപ്പെടുത്തി സെക്രട്ടറി സെൽഫ് ചെക്ക് എഴുതി പിൻവലിച്ചതായി കാണാം. മറ്റിനങ്ങളിൽ അധികചെലവ് വരുത്തിയതിനാൽ പഞ്ചായത്തിന് നേട്ടമുണ്ടായതായി കാണുന്നില്ല.

ആവശ്യത്തിലധികം സാധനങ്ങൾ വാങ്ങിയതിന്റെയും അനാവശ്യ സാധനങ്ങൾ വാങ്ങിയതിന്റെയും നിരക്ക് അധികം നൽകിയതിന്റെയും ഇനത്തിൽ ഈ വേലയ്ക്ക് മൊത്തം 1,34,516 രൂപ അധികം നൽകിയിരിക്കുന്നത് സെക്രട്ടറിയുടെ പക്കൽ നിന്നും തിരിച്ചുപിടിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.1.9.3)

114. ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതിയാരാഞ്ഞതിന് കുറഞ്ഞ തുകയ്ക്കാണ് സാങ്കേതിക അനുമതി ലഭിച്ചതെന്നും നിർമ്മാണത്തിന് നേതൃത്വം നൽകിയതും ബില്ലും എം. ബുക്കും തയ്യാറാക്കിയതും തന്റെ മുൻഗാമികളായ സെക്രട്ടറിമാരാണ് എന്നും പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി അറിയിച്ചു. പ്രസ്തുത പഞ്ചായത്ത് പണി നേരിട്ട് ചെയ്യുന്നതിന് 29-5-1998-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനമുണ്ടായിരുന്നുവെന്നും എല്ലാ പ്രവർത്തനങ്ങളും പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് ചെയ്തിരിക്കുന്ന തെന്നും എല്ലാ ബില്ലുകളിലും പഞ്ചായത്ത് പ്രസിഡന്റ് ഒപ്പ് വച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. പഞ്ചായത്ത് കെട്ടിടം ഇടിഞ്ഞ് വീഴാറായ സാഹചര്യത്തിലാണ് സ്വന്തമായി പ്രവൃത്തി ഏറ്റെടുത്ത് ചെയ്യാൻ പഞ്ചായത്ത് തീരുമാനമെടുത്തതെന്ന് അദ്ദേഹം സമിതിയുടെ മറ്റൊരു ചോദ്യത്തിന് മറുപടിയായി അറിയിച്ചു.

115. കോതമംഗലം എ. ഇ. ആണ് പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ചതെന്നും എം. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന മൂല്യനിർണ്ണയ തുക 9,35,395 രൂപയാണെന്നും എസ്റ്റിമേറ്റ് തുക 11,84,100 രൂപയാണെന്നും അദ്ദേഹം തുടർന്ന് അറിയിച്ചു. പ്രസ്തുത പ്രവൃത്തി പഞ്ചായത്തിന് ലാഭകരമായിരുന്നിട്ടും വിശദീകരണം ആവശ്യപ്പെടാതെ റവന്യൂ റിക്കവറി നോട്ടീസ് നൽകുകയാണുണ്ടായതെന്ന് അദ്ദേഹം സമിതിയിൽ ബോധിപ്പിച്ചു.

116. മുൻ സെക്രട്ടറി രേഖാമൂലം നൽകിയ വിശദീകരണം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലോക്കൽ ഫണ്ട് വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

117. 26-8-2009-ൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ ഉത്തരവാദിയായ സെക്രട്ടറി ശ്രീ. എ. സി. ജോസഫ് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് എറണാകുളം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 4-11-2009-ലെ എൽ. എഫ്. ഇ. (പി)7/1430/09 കത്ത് പ്രകാരം ടിയാനുള്ള ബാധ്യത നിലനിർത്തി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

118. ശ്രീ. എ. സി. ജോസഫിനെതിരെ സ്വീകരിച്ച റവന്യൂ റിക്കവറി നടപടികൾ കേരള ഹൈക്കോടതിയിലെ WP(C)No.18345/08(H) പ്രകാരം സ്റ്റേ ചെയ്തിരിക്കുകയാണ്.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

119. നഷ്ടത്തിനുത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. എ. സി. ജോസഫിനെതിരെ ആരംഭിച്ച റവന്യൂ റിക്കവറി നടപടികൾക്കെതിരെ ടിയാൻ ബഹു. കേരള ഹൈക്കോടതി മുമ്പാകെ WP(C) നമ്പർ 18345/08 ആയി പെറ്റീഷൻ ഫയൽ ചെയ്തിരുന്നു. അതിന്മേൽ 19-6-2008 മുതൽ 2 മാസത്തേക്ക് ആർ. ആർ. നടപടികൾ സ്റ്റേ ചെയ്തുകൊണ്ട് കോടതി താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചു. 19-8-2008-ൽ വീണ്ടും രണ്ട് മാസത്തേക്ക് കൂടി സ്റ്റേ ഉത്തരവ് നൽകി. 16-10-2008-ൽ ഇനി ഉത്തരവ് ഉണ്ടാകുന്നതുവരെ ആർ. ആർ. നടപടികൾക്ക് മേൽ സ്റ്റേ നൽകി കോടതി ഉത്തരവായി.

120. ഈ കേസ് സംബന്ധിച്ച് ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) ലോക്കൽ ഫണ്ട് ഓഡിറ്റ് ജില്ലാ ഓഫീസ് എറണാകുളം 22-1-2009-ലും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്സ്, എറണാകുളം 9-2-2009-ലും എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്.

121. നിലവിൽ ആർ. ആർ. നടപടികൾക്ക് മേൽ സ്റ്റേ നിലനിർത്തുന്നതിനാൽ തുക ഈടാക്കാനുള്ള നടപടികൾ പൂർത്തിയായിട്ടില്ല.

## നിഗമനങ്ങൾ/ശിപാർശകൾ

122. **ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടത്തിന് ഉത്തരവാദിയാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ആരോപിച്ചിട്ടുള്ള മുൻ സെക്രട്ടറിയിൽ നിന്നും റവന്യൂ റിക്കവറി മുഖേന തുക ഈടാക്കാനുള്ള നടപടിക്കെതിരെ ടിയാൻ ബഹു. കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതായും ആയതിന്മേൽ ആർ. ആർ. നടപടി സ്റ്റേ ചെയ്തിരിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത കേസ് എത്രയും വേഗം തീർപ്പാക്കാനും കേസിന്റെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യാനും സമിതി ശിപാർശ ചെയ്യുന്നു.**

## കീഴ്മാട് ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**മരാമത്ത് പണികൾക്ക് യഥാർത്ഥത്തിൽ ചെലവായ തുകയെക്കാൾ അധികം തുക നൽകിയത് സംബന്ധിച്ച്**

**(ഓഡിറ്റ് റിപ്പോർട്ട് 2000-01; ഖണ്ഡിക 8.10)**

കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ വരുന്ന ശാന്തിമല റോഡിന്റെ അഭിവൃദ്ധിപ്പണിക്ക് ഇനം രണ്ട് പ്രകാരം കൺവീനറുടെ സ്വന്തം മണ്ണ് ഉപയോഗിച്ച് നികത്തുന്നതിനാൽ അനുവദിക്കാവുന്ന നിരക്കിനേക്കാൾ കൂടുതൽ തുക നൽകിയിട്ടുള്ളതിനാൽ 6,851 രൂപ അധികമായി നൽകിയിട്ടുള്ളതായി ഓഡിറ്റിൽ

കണ്ടെത്തി. കൂടാതെ മനയ്ക്കത്തട്ട് കാന പുനരുദ്ധാരണ വേലയിൽ എസ്റ്റിമേറ്റിൽ ഇല്ലാത്ത വേല നടത്തിയ ഇനത്തിൽ 16,477 രൂപ അധികമായി നൽകിയിട്ടുണ്ട്. ഈ രണ്ടിനത്തിലും അധികം നൽകിയ തുകയായ 23,328 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 3.7.12)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നല്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

123. ബന്ധപ്പെട്ടവരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ശാന്തിമല റോഡിനെ സംബന്ധിച്ച പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**മനക്കത്തട്ട് കാന പുനരുദ്ധാരണം**

124. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വസ്തുതകൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

**നിഗമനങ്ങൾ/ശിപാർശകൾ**

125. **ശാന്തിമല റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് അധികം നല്കിയതായി ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ച തുക തിരിച്ചടച്ചിട്ടുള്ളതായും മനക്കത്തട്ട് കാന പുനരുദ്ധാരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് മതിയായ അംഗീകാരം വാങ്ങി അധികരിക്കാതെയാണ് സാങ്കേതികാനുമതി തുകയേക്കാൾ തുക നൽകിയതെന്നും ഗ്രാമപഞ്ചായത്തിന്റെ മറുപടി ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതായും മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത രണ്ട് പ്രവൃത്തികൾ സംബന്ധിച്ച ഓഡിറ്റ് തടസ്സങ്ങളും ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ഏലൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പെരിയാർ തീരസംരക്ഷണം—27,316 രൂപ അധികമായി നൽകി**

**(2000-01 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 18)**

പെരിയാർ തീരസംരക്ഷണം ഭിത്തി കെട്ടുന്നതിനായി ഇറക്കിയ കരിങ്കല്ല് അട്ടിവച്ച സ്ഥലത്തുനിന്നും പണി നടക്കുന്ന സ്ഥലത്തേക്ക് കൊണ്ടുവന്ന ഇനത്തിൽ 11,514 രൂപ അധികമായി നൽകിയിട്ടുണ്ട്. പണിയുടെ 3-ാം ഇനപ്രകാരം ഡ്രൈസ്റ്റോൺ

വർക്ക് സംരക്ഷണഭിത്തികെട്ടൽ എന്ന പണിക്ക് ഘന മീറ്ററിന് കൂടിയ നിരക്കിൽ തുക നൽകുക വഴി 3,402 രൂപയും ബില്ലിന്റെ 7-ാം ഇനപ്രകാരം കോൺക്രീറ്റ് ചെയ്തതിന് 460 രൂപയും അധികമായി നൽകിയിരിക്കുന്നു. ഇപ്രകാരം അധികമായി നൽകിയ 27,316 രൂപ ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.13)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം.II ആയി ചേർത്തിരിക്കുന്നു.

126. എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

127. **പ്രവൃത്തിയുടെ സുരക്ഷിതത്വത്തിന് ആവശ്യമായ രീതിയിൽ പ്രവൃത്തി ചെയ്യിച്ചതുമൂലമാണ് എസ്റ്റിമേറ്റിനേക്കാൾ പ്രവൃത്തി ചെയ്യേണ്ടിവന്നതെന്നും ഇക്കാര്യം ബന്ധപ്പെട്ട സാങ്കേതിക വിദഗ്ദ്ധർക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണെന്നും ആയതിന് ബി. എൽ. ടി. സി. പരിശോധിച്ച് സാങ്കേതികാനുമതി നല്കിയിട്ടുള്ളതുമാണെന്ന രേഖാമൂലമുള്ള മറുപടി അംഗീകരിച്ചുകൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## മഞ്ഞളൂർ ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**വനിതാ വ്യവസായ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തത് അധിക ചെലവ് അനുവദിക്കുന്നതല്ല**

**(1998-99 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 13)**

25-8-1997-ലെ ജി.ഒ.(എംഎസ്.)6/97/എസ്. പി. ഡി. പ്രകാരം റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനത്തിൽ നിന്നുമാണ് തയ്യൽ മെഷീനുകൾ വാങ്ങി വിതരണം ചെയ്യേണ്ടത്. എന്നാൽ ഇതിന് വിരുദ്ധമായി 10 വനിതാ യൂണിറ്റുകൾക്ക് തയ്യൽ മെഷീനുകൾ വാങ്ങിയതിനാൽ 30,440 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തി. പദ്ധതി വിഭാവനം ചെയ്തതനുസരിച്ച് ഒരു യൂണിറ്റിന് 3 തയ്യൽ മെഷീനുകളും ഒരു കട്ടിംഗ് മേശയും വാങ്ങി നൽകുകയാണ്. ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ ഇവ രണ്ടും വെവ്വേറെ ക്ഷണിക്കേണ്ടതിന് പകരം ഒരുമിച്ചാണ് ക്ഷണിച്ചിരിക്കുന്നത്. അതിനാൽ ലഭിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ വിലയായ 1,979 രൂപയ്ക്ക് മെഷീൻ

സപ്ലൈ ചെയ്യാമെന്നേറ്റിരുന്ന ഉഷ ട്രേഡേഴ്സിന്റെ ക്വട്ടേഷൻ കട്ടിംഗ് മേശയുടെ ക്വട്ടേഷൻ ഇല്ല എന്ന കാരണത്താൽ തള്ളിക്കളയുകയാണുണ്ടായത്. 2,740 രൂപയ്ക്ക് സിംഗിൾ മെഷീൻ വാങ്ങിയതിനാൽ 76 രൂപയ്ക്ക് 40 മെഷീന് 30,440 രൂപ അധികമായി നൽകിയിട്ടുള്ളത്. കൂടാതെ ഗുണഭോക്തൃ വിഹിതമായി ഗുണഭോക്താക്കൾ വാങ്ങേണ്ടിയിരുന്ന 10 മെഷീന്റെയും മറ്റ് അനുബന്ധസാധനങ്ങൾ വാങ്ങുന്നതിനുമായി പഞ്ചായത്ത് ഫണ്ടിൽ നിന്നും 35,690 രൂപയും ചെലവാക്കിയിട്ടുണ്ട്.

മേൽ വിവരിച്ച പ്രകാരം പഞ്ചായത്തിന് സംഭവിച്ച 66,130 രൂപയുടെ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.14)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

128. തയ്യൽ മെഷീൻ വാങ്ങുന്നതിനോടൊപ്പം ടേബിൾ കൂടി വേണമെന്ന് ക്വട്ടേഷൻ കൊടുത്തത് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിനനുസരിച്ചാണെന്ന് സെക്രട്ടറി സമിതിയിൽ അറിയിച്ചു. മെഷീനോടൊപ്പം ടേബിൾകൂടി വാങ്ങിയതുകൊണ്ടാണ് 66,130 രൂപയുടെ അധിക ചെലവ് ഉണ്ടായതെന്ന് മുൻ സെക്രട്ടറി അറിയിച്ചു. ഉഷാ മെഷീൻ, കട്ടിംഗ് ടേബിൾ കൊടുക്കുന്നില്ലെന്നും കട്ടിംഗ് ടേബിൾ നൽകാമെന്ന് പറഞ്ഞ അമ്പഴച്ചാലിന്റെ ക്വട്ടേഷൻ സ്വീകരിക്കുകയായിരുന്നുവെന്നും സെക്രട്ടറി സമിതിയുടെ ചോദ്യത്തിന് മറുപടിയായി അറിയിച്ചു. എന്നാൽ അമ്പഴച്ചാൽ സപ്ലൈ ചെയ്ത മെഷീനുകളിൽ ബ്രാൻഡ് നെയിമില്ലെന്നും സെക്രട്ടറി അറിയിച്ചു. താൻ മനഃപൂർവ്വം ഒന്നും ചെയ്തിട്ടില്ലെന്നും ഭരണ സമിതിയുടെ തീരുമാനപ്രകാരമാണ് പ്രവർത്തിച്ചതെന്നും ആയതിനാൽ ബാധ്യതയിൽ നിന്ന് തന്നെ ഒഴിവാക്കണമെന്നും മുൻ സെക്രട്ടറി സമിതിയോട് അപേക്ഷിച്ചു. എന്നാൽ പ്രസക്തമായ എന്തെങ്കിലും വിശദീകരണം ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ സമിതി പരിഗണിക്കാമെന്ന് സമിതി അഭിപ്രായപ്പെട്ടു. റവന്യൂ റിക്കവറി നടപടിയ്ക്കെതിരെ WP(C)214/64 നമ്പരായി കേസ് ഫയൽ ചെയ്ത് സ്റ്റേ നിലവിലുണ്ടെന്നും സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് കൊടുത്തിട്ടുണ്ടെന്നും നിലവിലെ സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു. എന്നാൽ സ്റ്റേ ഉത്തരവിന്റെ പകർപ്പ് കിട്ടിയിട്ടില്ലെന്നും കേസ് കൊടുത്തതിന്റെ ഫയൽ മാത്രമേ ലഭിച്ചിട്ടുള്ളൂവെന്നും അതിൽ പകർപ്പിൽ സ്റ്റേ ഉണ്ടെന്ന് പറഞ്ഞിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

129. കേസിൽ മുൻ സെക്രട്ടറിക്ക് അനുകൂലമായി വിധി വരാൻ സാദ്ധ്യതയില്ലാത്തതിനാൽ ബാദ്ധ്യത തുക ഈടാക്കുവാനുള്ള തുടർനടപടികൾ സ്വീകരിച്ച് പൂർത്തിയാക്കാനും, വിധിപ്പകർപ്പ്, സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ്, റിട്ട് പെറ്റീഷന്റെ പകർപ്പ് എന്നിവ ഓഡിറ്റ് വകുപ്പിന് നൽകാനും സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു.

130. സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്, റിട്ട് അപ്പീലിന്റെ കോപ്പി എന്നിവ ഈ ഓഫീസിലെ ജി1-61/07 തീയതി 22-9-2009 നമ്പർ കത്തുപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് അയച്ചിട്ടുണ്ട്. തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് പാലക്കാട്, ചിറ്റൂർ തഹസിൽദാർക്ക് ജി1/61/07 dated 22-9-2009 നമ്പർ പ്രകാരം കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് ഹൈക്കോടതിയിലുള്ള WP(C) 31464/08 നമ്പർ കേസിന്റെ തുടർനടപടികളൊന്നും ആയിട്ടില്ല.

**നിഗമനങ്ങൾ/ശിപാർശകൾ**

131. **ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്ത വനിതാ വ്യവസായ യൂണിറ്റു കൾക്ക് ആവശ്യമായ തയ്യൽ മെഷീൻ വാങ്ങുന്നതിനുള്ള ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുകയും തയ്യൽ മെഷീൻ നിർമ്മാണ മേഖലയിലെ അംഗീകൃത ബ്രാൻഡിന് ഉടമകളുമായ ഉഷാ മെഷീൻ കമ്പനിയെ ഒഴിവാക്കി ബ്രാൻഡ് നെയിം ഇല്ലാത്ത തയ്യൽ മെഷീനുവേണ്ടി ഒരു സ്വകാര്യ ഏജൻസിക്ക് ക്വട്ടേഷൻ നൽകിയത് വ്യക്തമായ ക്രമക്കേടാണെന്ന് സമിതി വിലയിരുത്തുന്നു. ഉഷാ മെഷീനെ ഒഴിവാക്കിയത് തയ്യൽ മെഷീനോടൊപ്പം കട്ടിംഗ് ടേബിൾ നല്കാൻ കഴിയില്ല എന്ന കാരണത്താലാണ് എന്ന ഗ്രാമപഞ്ചായത്തിന്റെ വാദം ന്യായീകരിക്കത്തക്കതല്ല. തയ്യൽ മെഷീനും കട്ടിംഗ് ടേബിളിനും വെവ്വേറെ ക്വട്ടേഷൻ ക്ഷണിക്കേണ്ടതായിരുന്നു എന്ന ഓഡിറ്റിന്റെ നിരീക്ഷണത്തോട് സമിതി പൂർണ്ണമായും യോജിക്കുന്നു. അങ്ങനെ ചെയ്യുന്നതിന് പകരം കട്ടിംഗ് ടേബിളിന്റെ വിതരണം എന്ന ഒരു വ്യവസ്ഥ കൂടി ഉൾപ്പെടുത്തി ക്വട്ടേഷൻ ക്ഷണിച്ചത് ടി കമ്പനിയെ ഒഴിവാക്കി ഇഷ്ടാനുസരണം മറ്റു ക്വട്ടേഷനുകൾ പരിഗണിക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണെന്ന് സമിതി നിരീക്ഷിക്കുന്നു. പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരമാണ് ഉപകരണങ്ങൾ വാങ്ങിയതെന്നും താൻ കുറ്റക്കാരനല്ലെന്നുമുള്ള അന്നത്തെ സെക്രട്ടറിയുടെ വാദം സ്വീകാര്യമല്ല. ക്രമവിരുദ്ധമായ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനങ്ങളിന്മേൽ രേഖാമൂലം വിയോജിപ്പ് പ്രകടിപ്പിക്കേണ്ടതും അനന്തര നടപടി സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമാണ്. പ്രസ്തുത ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ടി സെക്രട്ടറി വരുത്തിയ വീഴ്ചയിലൂടെ 66,130 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായെന്ന് സമിതിക്ക് ബോധ്യമാകുന്നു. പ്രസ്തുത തുക ടിയാനിൽ നിന്ന് ഈടാക്കണമെന്നുമുള്ള ഓഡിറ്റിന്റെ**

**അഭിപ്രായത്തോട് സമിതി യോജിക്കുകയും ചെയ്യുന്നു. ആയതിനാൽ നഷ്ടമുണ്ടാകുന്നതിനെതിരെ ടിയാൻ ബഹു. കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള കേസ് ത്വരിതപ്പെടുത്തുന്നതിനും കേസിന്മേലുള്ള കോടതിവിധി പ്രകാരം നടപടി സ്വീകരിക്കുന്നതിനും ഇക്കാര്യത്തിലുള്ള നിലവിലെ സ്ഥിതി അറിയിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

## ആരക്കുഴ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പഞ്ചായത്താഫീസ് കെട്ടിടനിർമ്മാണത്തിന് അനുമതി വാങ്ങിയില്ല (2001-02 റിപ്പോർട്ട്; ഖണ്ഡിക 9)**

പഞ്ചായത്തിന് 3 നിലകളുള്ള ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് 14,10,000 രൂപയുടെ എസ്റ്റിമേറ്റിന് ബി. എൽ. ഇ. സി. അംഗീകാരം നൽകിയിരുന്നു. ഇതിൽ മാറ്റം വരുത്തി 2 നിലയുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി 13,33,894 രൂപയുടെ എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കി. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി വാങ്ങിയിട്ടില്ല. മാത്രമല്ല ആദ്യ എസ്റ്റിമേറ്റിൽ ഭിത്തി ഇഷ്ടികകൊണ്ട് നിർമ്മിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത് പുതിയ എസ്റ്റിമേറ്റ് പ്രകാരം ഹോളോ ബ്രിക്സാണ് ഉപയോഗിച്ചിരി ക്കുന്നത്. ആദ്യം അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്ന് രൂപകല്പന ഉൾപ്പെടെ കാര്യമായ വ്യതിചലനം വരുത്തിയിട്ടുള്ളതിനാൽ പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി വാങ്ങാതിരുന്നത് ക്രമപ്രകാരമല്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.1.1.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

132. സാങ്കേതിക അനുമതിയില്ലാതെ പഞ്ചായത്ത് കെട്ടിടം നിർമ്മിച്ചു എന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതിയാരാഞ്ഞതിന് ആദ്യം മൂന്നുനില കെട്ടിടത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഒരു പ്രൈവറ്റ് എഞ്ചിനീയർ ആയിരുന്നുവെന്നും പക്ഷേ നിർമ്മാണ സമയത്ത് പല വ്യതിയാനങ്ങളും വരുത്തേണ്ടിവന്നുവെന്നും പഞ്ചായത്തിന് ഫണ്ട് കുറവായതുകൊണ്ട് ഒരുനില ഒഴിവാക്കുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്താണ് പ്രവൃത്തി പൂർത്തീകരിച്ചതെന്നും ആദ്യത്തെ എസ്റ്റിമേറ്റിൽ പാകപ്പിഴ വന്നതുകൊണ്ടാണ് ഇപ്രകാരം ചെയ്യേണ്ടിവന്നതെന്നും ആരക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

133. റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോയെന്നും ആയതിന് അംഗീകാരം നൽകേണ്ട സമിതി കൺവീനർ പുതുക്കിയ എസ്റ്റിമേറ്റിൽ ഒപ്പിട്ടിട്ടുണ്ടോയെന്നും ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുക. അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ പരാമർശം ഒഴിവാക്കാമെന്ന് സമിതി അഭിപ്രായപ്പെട്ടു.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

134. എറണാകുളം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 10-12-2009-ന് പരിശോധന നടത്തിയിരുന്നു. പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

135. പഞ്ചായത്ത് കെട്ടിടനിർമ്മാണത്തിനുവേണ്ടി തയ്യാറാക്കിയ 14,10,000 രൂപയുടെ ആദ്യ എസ്റ്റിമേറ്റിന് മാത്രമാണ് സാങ്കേതിക സമിതി കൺവീനർ, ചെയർമാൻ, ഒരംഗം എന്നിവർ ഒപ്പിട്ട് സാങ്കേതികാനുമതി രേഖപ്പെടുത്തിയിട്ടുള്ളത് (ടി. എസ്. നമ്പർ 293/230/വർക്സ്/98-99 തീയതി 27-2-1999).

136. എന്നാൽ 13,33,894 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിരിക്കുന്നത് അംഗീകരിച്ചിരിക്കുന്നതും ഇപ്രകാരം തന്നെയാണ്.

137. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബി. എൽ. ഇ. സി. കൺവീനർ കൂടിയാണെങ്കിലും പുതുക്കിയ എസ്റ്റിമേറ്റ് ബി. എൽ. ഇ. സി. ചെയർമാൻ, ഒരംഗം എന്നിവർ കണ്ട് അതിൽ ഒപ്പിടാതെയാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മാത്രം ഒപ്പിട്ട് അംഗീകരിച്ചിരിക്കുന്നത്.

## നിഗമനങ്ങൾ/ശിപാർശകൾ

138. **ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണത്തിന് ബി. എൽ. ഇ. സി. സാങ്കേതികാനുമതി നല്കിയപ്പോഴുള്ള പ്ലാനിൽനിന്ന് വ്യതിചലിച്ച് നടത്തിയതും മതിയായ അംഗീകാരം നേടാത്തതും ക്രമവിരുദ്ധമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.**

139. **പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നല്കുവാൻ ചുമതലപ്പെട്ട ബി. എൽ. ഇ. സി. കൺവീനർ പുതുക്കിയ എസ്റ്റിമേറ്റിനകത്തും കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റിനകത്തും ഒപ്പിട്ടിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ആയതിൽ കൺവീനർ കൂടിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒപ്പിട്ടിട്ടുണ്ടെന്നും ബി. എൽ. ഇ. സി. ചെയർമാൻ, ഒരംഗം എന്നിവർ ഒപ്പിട്ട് കാണുന്നില്ല എന്ന് ഓഡിറ്റിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ നിന്നും സമിതിക്ക് ബോദ്ധ്യമാകുന്നു.**

140. **സാങ്കേതികാനുമതി നല്കുവാനുള്ള ചുമതല ഒരു സമിതിയിൽ നിക്ഷിപ്തമായിരിക്കെ അതിലെ ഏതെങ്കിലും തലത്തിലുള്ള ഒരു ഉദ്യോഗസ്ഥനു മാത്രമായി പ്രസ്തുത അധികാരം വിനിയോഗിക്കുവാനാകില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതുകൊണ്ട് തന്നെ ഇക്കാര്യത്തിൽ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നല്കിയതായി കണക്കാക്കാൻ നിർവ്വാഹമില്ലെന്നും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുമുണ്ടായ നടപടി ഉചിതമല്ലെന്നും സമിതി അഭിപ്രായപ്പെടുന്നു.**

141. **ഈ സാഹചര്യത്തിൽ രൂപകല്പനയിലുൾപ്പെടെ മാറ്റം വരുത്തി കെട്ടിടം നിർമ്മിച്ച നടപടിക്ക് ബി. എൽ. ഇ. സി. നല്കുന്ന സാധൂകരണത്തിന് വിധേയമായി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**വ്യവസായ യൂണിറ്റ് കെട്ടിടനിർമ്മാണത്തിൽ 1.2 ലക്ഷം നഷ്ടം**

**(2001-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 11)**

വ്യവസായ യൂണിറ്റ് കെട്ടിടങ്ങളുടെ പണിക്ക് 2001-02-ൽ 10,16,530 രൂപ വിശാലകൊച്ചി വികസന അതോറിറ്റിക്ക് നൽകി. സെന്റേജ് ചാർജ് കൂടി ഉൾപ്പെട്ട തുകയാണിത്. പഞ്ചായത്തിന് സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗമുണ്ട്. ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ കൂടാതെ പൊതുമരാമത്ത് കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സേവനവും ലഭ്യമാണ്. സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗമുണ്ടായിരിക്കെ പണി വിശാലകൊച്ചി വികസന അതോറിറ്റിയെ ഏൽപ്പിക്കുകവഴി സെന്റേജ് ചാർജ് ഇനത്തിൽ 92,043 രൂപ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. മാത്രമല്ല പഞ്ചായത്ത് യഥാസമയം നൽകിയ ചെക്കുകൾ ട്രഷറി നിയന്ത്രണംമൂലം വിശാലകൊച്ചി വികസന അതോറിറ്റിക്ക് പണമായി മാറ്റാൻ കഴിയാതിരുന്നതിനാൽ പിഴപ്പലിശയും പഞ്ചായത്ത് നൽകേണ്ടിവന്നതായി കാണുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.I.2.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

142. 24-2-2000-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 2-ാം നമ്പർ തീരുമാന പ്രകാരമാണ് പ്രവൃത്തി ജി. സി. ഡി. എ.-യെ ഏൽപ്പിച്ചതെന്നും പണി പൂർത്തിയായതിനുശേഷം സെന്റേജ് ചാർജ് ഉൾപ്പെടെയുള്ള ഫൈനൽ ബിൽപ്രകാരം 10,16,530 രൂപ കൊടുക്കണമെന്ന് ആവശ്യപ്പെട്ട് ഇന്റിമേഷൻ വന്നതിനെത്തുടർന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുക കൊടുക്കുകയാണുണ്ടായതെന്നും മുൻ സെക്രട്ടറി ബോധിപ്പിച്ചു. കെട്ടിടത്തിന്റെ പണി ജി. സി. ഡി. എ.-യെ കൊണ്ട് ചെയ്യിപ്പിക്കുവാൻ

24-4-2000-ൽ ചേർന്ന കമ്മിറ്റി യോഗത്തിൽ, മുൻ കമ്മിറ്റി തീരുമാനമുണ്ടായിരുന്ന എന്നതിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കുകയാണുണ്ടായതെന്ന് സമിതിയുടെ ബന്ധപ്പെട്ട ചോദ്യത്തിന് മറുപടിയായി മുൻ സെക്രട്ടറി അറിയിച്ചു.

143. മുൻ കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടോ എന്നുള്ള കാര്യം പരിശോധിക്കുവാൻ ഓഡിറ്റ് വകുപ്പിന് സമിതി നിർദ്ദേശം നൽകി. ആയത് ബോദ്ധ്യപ്പെടുന്നപക്ഷം ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

സമിതി നിർദ്ദേശത്തിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

144. പ്രവൃത്തികൾ ജി. സി. ഡി. എ.-യെ ഏൽപ്പിക്കുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഉണ്ടായിരുന്നോ എന്ന വസ്തുത പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് എറണാകുളം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകുകയും ആയത് സംബന്ധിച്ച് ടി ഓഫീസിൽ നിന്നും പരിശോധന നടത്തിയിട്ടുള്ളതുമാണ്.

സമിതി നിർദ്ദേശമനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

145. (1) വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ പത്താം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി 1999-2000 വർഷത്തെ വാർഷിക പ്രോജക്ട് നമ്പർ 36 ആയി വ്യവസായ എസ്റ്റേറ്റിന് ചുറ്റുമതിലും കെട്ടിടനിർമ്മാണവും എന്ന പ്രോജക്ടിന് ഭരണസമിതി തീരുമാനം തീയതി 11-6-1999 നമ്പരായി ഭരണാനുമതി നൽകി.

(2) അതേ വർഷത്തെ പതിനഞ്ചാം നമ്പർ പ്രോജക്ടായി വനിതാ വ്യവസായയൂണിറ്റ് എന്ന പ്രോജക്ടിനും തീരുമാനം നമ്പർ 1(4) തീയതി 15-9-1999 നമ്പരായി ഭരണാനുമതി നൽകി.

146. ഈ രണ്ട് പ്രോജക്ടിനും സാങ്കേതികാനുമതി ലഭിച്ചതിനെത്തുടർന്ന്, വ്യവസായ എസ്റ്റിമേറ്റ് നിർമ്മിച്ചുനൽകുന്നതിനും അതിനാവശ്യമായ വിശദമായ എസ്റ്റിമേറ്റ് നിർമ്മിച്ചു നൽകുന്നതിനും ജി.സി.ഡി.എ.-യോട് ആവശ്യപ്പെടുന്നതിന് 12-10-1999-ലെ തീരുമാനം നമ്പർ 2 പഞ്ചായത്ത് ഭരണസമിതി നമ്പർ പ്രകാരം തീരുമാനിച്ചു.

147. 27-3-2000-ലെ തീരുമാനം നമ്പർ 2 പ്രകാരം വനിതാ വ്യവസായ യൂണിറ്റ് കെട്ടിട നിർമ്മാണ പ്രവൃത്തികൂടി ജി. സി. ഡി. എ.-യെ ഏൽപ്പിക്കുവാൻ തീരുമാനിച്ചു. 27-3-2000-ലെ തീരുമാനം 2(1) പ്രകാരം ഈ 2 പ്രവൃത്തികളുടേയും നിർമ്മാണ പ്രവൃത്തികൾക്കുവേണ്ടി 3,00,000 രൂപ അഡ്വാൻസ് ജി. സി. ഡി. എ.-യ്ക്ക് നൽകുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചു.

148. 24-4-2000-ലെ തീരുമാനം 2 പ്രകാരം വ്യവസായ എസ്റ്റേറ്റ് കെട്ടിടവും അനുബന്ധ സൗകര്യങ്ങളും പണിയുന്നതിനുവേണ്ടി ജി. സി. ഡി. എ.യുമായി കരാർ വയ്ക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി. അതിൻപ്രകാരം 28-4-2000-ൽ പഞ്ചായത്തും ജി. സി. ഡി. എ.-യും തമ്മിൽ കരാർ ഒപ്പിട്ടു. തുടർന്ന് വ്യവസായ യൂണിറ്റ് കെട്ടിടം, ചുറ്റുമതിൽ, വനിതാ വ്യവസായ യൂണിറ്റ് എന്നിവ ഒറ്റക്കെട്ടിടമായി പണിത് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൂടി നടത്തി പൂർത്തീകരിച്ചു.

| | | |
|---|---|---|
| ആകെ സാങ്കേതികാനുമതി തുക | | |
| വ്യവസായ യൂണിറ്റ് കെട്ടിടം, ചുറ്റുമതിൽ | .. | 8,15,625 |
| വനിതാ വ്യവസായ യൂണിറ്റ് | .. | 2,16,339 |
| | .. | 10,31,964 |
| ആകെ ചെയ്ത പ്രവൃത്തി | .. | |
| സിവിൽ വർക്ക് | | 8,69,634 |
| ഇലക്ട്രിക്കൽ വർക്ക് | .. | 50,803 |
| ആകെ | .. | 9,20,437 |
| കരാർ പ്രകാരം ജി. സി. ഡി. എ.യ്ക്ക് നൽകുവാനുള്ള സൂപ്പർവിഷൻ ചാർജ് 10% | .. | 92,043 |
| ആകെ | .. | 10,12,480 രൂപ |
| അഡ്വർടൈസിംഗ് ചാർജ് | .. | 4,050 |
| ആകെ | .. | 10,16,530 രൂപ |

| | | |
|---|---|---|
| 29-5-2001 വരെ പഞ്ചായത്ത് ജി. സി. ഡി. എ.യ്ക്ക് നൽകിയ തുക | .. | 8,69,634 |
| ബാക്കി നൽകുവാനുള്ള തുക | .. | 1,46,896 |

149. എന്നാൽ ജി. സി. ഡി. എ. പലിശസഹിതം 1,72,187 രൂപ നൽകണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും പലിശ ഇനത്തിലുള്ള തുക ഒഴിവാക്കി ചെയ്ത പ്രവൃത്തികളുള്ള തുക മാത്രം ബിൽ പ്രകാരം (സൂപ്പർവിഷൻ, അഡ്വർടൈസിംഗ് ചാർജ് ഉൾപ്പെടെ) നൽകിയാൽ മതിയെന്ന് 29-12-2001-ലെ തീരുമാനം നമ്പർ 1(3) പ്രകാരം പഞ്ചായത്ത് സമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 13-12-2001-ൽ 1,46,896 രൂപ മാത്രമേ പഞ്ചായത്ത് ജി.സി.ഡി.എ.-യ്ക്ക് നൽകിയിട്ടുള്ളൂ. ഫയലുകളും അനുബന്ധ രേഖകളും മിനിറ്റ്സ് ബുക്കുകളും പരിശോധിച്ചതിൻ പ്രകാരം മേൽ പറഞ്ഞ പ്രകാരം പലിശ ഒഴിവാക്കി തന്നെയാണ് പഞ്ചായത്ത് ജി. സി. ഡി. എ.-യ്ക്ക് ടി പ്രോജക്ടുകൾക്ക് പണം നൽകിയ തെന്ന് ബോദ്ധ്യപ്പെട്ടു.

### നിഗമനങ്ങൾ/ശിപാർശകൾ

150. **ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തി വിശാലകൊച്ചി വികസന അതോറിറ്റിയെ ഏൽപ്പിക്കുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നുവെന്നും പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തുക മാത്രമേ നൽകിയിട്ടുള്ളൂ എന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധന റിപ്പോർട്ടിൽ നിന്നും വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

### നിലവിൽ വീടുള്ളവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി സഹായം [2001-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3(എ)]

(1) ശ്രീ. സി. കെ. ഗിരിജൻ, പുത്തൻ വീട്, വേളൂർ എന്നയാൾക്ക് 2000-01-ൽ ഭവന നിർമ്മാണത്തിനായി 34,250 രൂപ നൽകിയിട്ടുണ്ട്. (വീട്ടുനമ്പർ/VII) ഇയാൾക്ക് പഞ്ചായത്തിൽ തന്നെ സ്വന്തമായി വീടുള്ളതും 21 ആർ. 67 ച. മീ. സ്ഥലമുള്ളതുമാണ്. ഇക്കാരണങ്ങളാൽ ഇയാൾക്ക് നൽകിയ 34,250 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

(2) ശ്രീ. രെജിമോൻ, ചാരേടത്ത്, കരിമുകൾ എന്നയാൾക്കും മേൽ പ്രകാരം 35,000 രൂപ നൽകിയിട്ടുണ്ട്. ടിയാനും വാസയോഗ്യമായ വീട്ടുള്ളതായി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം വ്യക്തമാണ്. (വീട്ടുനമ്പർ 900/A VII) ഈ തുകയും നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.I.2.2(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

151. ശ്രീ. സി. കെ. ഗിരിജൻ, പുത്തൻ വീട്, വേളൂർ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനസഹായം നൽകിയെന്ന ആരോപണത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് പതിനഞ്ച് ഗഡുക്കളായി തുക തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടതിൽ രണ്ട് തവണയായി പതിനായിരം രൂപ തിരിച്ചടവുണ്ടായതായി സെക്രട്ടറി അറിയിച്ചു. വീടിന്റെ തുക കൊടുത്തപ്പോൾ അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീമതി രാജമ്മയാണ് സർട്ടിഫൈ ചെയ്തു കൊടുത്തതെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി അദ്ദേഹം അറിയിച്ചു.

152. അനർഹമായി നൽകിയ തുക പലിശ സഹിതം തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്നും ബാക്കി ഗഡുക്കൾ തിരിച്ചടപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

153. ശ്രീ. രെജിമോന്റെ പേരിലുള്ള സ്ഥലം 27-4-2000-ൽ വിറ്റശേഷം 17-3-2004-ൽ മാത്രമാണ് ബന്ധപ്പെട്ട പഞ്ചായത്തുരേഖയിൽ മാറ്റം വരുത്തിയതെന്നും ആയത് കൊണ്ടുണ്ടായ പ്രശ്നമാണ് ഓഡിറ്റ് പരാമർശത്തിനു കാരണമായതെന്നും സെക്രട്ടറി അറിയിച്ചു. ഓഡിറ്റ് വകുപ്പ് വിശദീകരണം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ രേഖകൾ ഹാജരാക്കിയിരുന്നതായും അദ്ദേഹം തുടർന്നറിയിച്ചു. രണ്ടാമത് പണം നൽകിയത് അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീമതി രാജമ്മയാണെന്ന് സമിതിയുടെ ചോദ്യത്തിന് മറുപടിയായി സെക്രട്ടറി അറിയിച്ചു.

154. മുൻ സെക്രട്ടറി ശ്രീമതി രാജമ്മയുടെ മേൽവിലാസം കണ്ടുപിടിക്കണമെന്നും രെജിമോന്റെ വീട് കണ്ടുപിടിക്കാൻ സാധിച്ചില്ലെങ്കിൽ ശ്രീമതി രാജമ്മയിൽ നിന്ന് പണം തിരിച്ചുപിടിക്കണമെന്നും രജിമോനും ശ്രീമതി രാജമ്മയ്ക്കും നോട്ടീസ് നൽകണമെന്നും വീട് വച്ചിട്ടുണ്ടോ എന്ന വസ്തുത ഇപ്പോഴത്തെ സെക്രട്ടറി അന്വേഷിച്ച് രണ്ടാഴ്ചയ്ക്കകം സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

155. എറണാകുളം പഞ്ചായത്ത് അസി. ഡയറക്ടറുടെ 28-4-2008-ലെ പിഎ 3-547/07 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിനുണ്ടായ 34,250 രൂപയുടെ നഷ്ടം ശ്രീ. സി. കെ. ഗിരിജൻ മരണപ്പെട്ടിട്ടുള്ളതിനാൽ, ടിയാന്റെ അനന്തരാവകാശിയിൽ നിന്നും ഈടാക്കുന്നതിന് ഭാര്യ ശ്രീമതി ശാന്ത ഗിരിജന്

രജിസ്റ്റേർഡ് തപാലിൽ 17-9-2008-ൽ നോട്ടീസ് നൽകിയിരുന്നു. സാമ്പത്തിക ബുദ്ധിമുട്ടും കുടുംബത്തിന്റെ ഇപ്പോഴത്തെ അവസ്ഥയും കണക്കിലെടുത്ത്, ടി തുക ഗഡുക്കളായി അടയ്ക്കുന്നതിന് അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ട് 11-11-2008-ൽ ശ്രീമതി ശാന്ത ഗിരിജൻ പഞ്ചായത്ത് കമ്മിറ്റിക്ക് അപേക്ഷ സമർപ്പിക്കുകയും 19-11-2008-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ IV(19)-ാം നമ്പർ തീരുമാനപ്രകാരം പ്രതിമാസം 1,500 രൂപ വീതം മടക്കി അടയ്ക്കുന്നതിന് അനുവാദം നൽകിയിട്ടുള്ളതുമാണ്. 20-3-2009-ലെ രസീത് നമ്പർ 100/29085 പ്രകാരം 5,000 രൂപയും 9-6-2009-ലെ രസീത് നമ്പർ 24/52389 പ്രകാരം 5,000 രൂപയും 5-1-2010-ൽ രസീത് നമ്പർ 1/7116 പ്രകാരം 2,000 രൂപയും ഉൾപ്പെടെ ആകെ 12,000 രൂപ തിരിച്ചടച്ചിട്ടുള്ളതാണ്. ബാക്കി തുക കൂടി അടയ്ക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്.

156. ബഹു. കേരള നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 26-8-2009-ലെ സിറ്റിംഗിലെ നിർദ്ദേശാനുസരണം വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ നിന്നും 2000-01 വാർഷിക പദ്ധതിയിൽ ഭവനനിർമ്മാണം (എസ്. സി.) പദ്ധതി പ്രകാരം 35,000 രൂപ കൈപ്പറ്റിയ ശ്രീ. രെജിമോൻ, ചക്കരേടത്ത്, കരിമുകൾ എന്നയാൾക്ക് പഞ്ചായത്തിൽ നിന്നും ധനസഹായം നൽകി നിർമ്മിച്ച വീട് അന്വേഷിച്ച് കണ്ടെത്തുകയുണ്ടായി. ശ്രീ. രെജിമോനും ബന്ധപ്പെട്ട സെക്രട്ടറി ശ്രീമതി പി. എൻ. രാജമ്മയ്ക്കും ആർ.ആർ. നടപടിക്കു മുമ്പുള്ള നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. ശ്രീ. രെജിമോൻ നേരിട്ട് ഓഫീസിൽ ഹാജരാകുകയും ടിയാളുടെ ഇപ്പോഴത്തെ അവസ്ഥയും സാമ്പത്തിക പരാധീനതകളും കണക്കിലെടുത്ത് തുക ഗഡുക്കളായി അടയ്ക്കുന്നതിന് 31-12-2009-ൽ പഞ്ചായത്ത് കമ്മിറ്റിക്ക് അപേക്ഷ സമർപ്പിക്കുകയും ആയത് പ്രകാരം പ്രതിമാസം 2,000 രൂപവീതം അടയ്ക്കുന്നതിന് അനുവാദം നൽകിയിട്ടുള്ളതും ആയതിന്റെ അറിയിപ്പ് 4-1-2010-ൽ ടിയാന് നൽകിയിട്ടുള്ളതുമാണ്.

**നിഗമനങ്ങൾ/ശിപാർശകൾ**

157. **ശ്രീ. സി. കെ. ഗിരിജന് അനർഹമായി നൽകിയ തുക ഗഡുക്കളായി തിരിച്ചടയ്ക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ടിയാൻ മരണപ്പെട്ടിട്ടുള്ളതായും ടിയാൻ കൈപ്പറ്റിയ തുക ടിയാന്റെ ഭാര്യ ഗഡുക്കളായി അടച്ചുവരുന്നതായും നാളിതു വരെ 12,000 രൂപ അടവാക്കിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ അവശേഷിക്കുന്ന തുക കൂടി ഈടാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

158. **ശ്രീ. രെജിമോൻ കൈപ്പറ്റിയ തുക ടിയാന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് അറിയിപ്പ് നൽകിയതായി വകുപ്പ് റിപ്പോർട്ട് നല്കിയതിന്റെ അടിസ്ഥാനത്തിൽ ആയത് കൃത്യമായും**

**തിരിച്ചടയ്ക്കുന്നുണ്ടോയെന്ന് പരിശോധിക്കണമെന്നും വീഴ്ച വരുത്തുന്നപക്ഷം മേൽ നടപടി സ്വീകരിക്കണമെന്നും അനർഹമായി സ്വീകരിച്ച തുക തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം അന്നത്തെ സെക്രട്ടറിയിൽ നിന്നും പ്രസ്തുത തുക ഈടാക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.**

## കന്നുകര ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**വോട്ടേഴ്സ് ലിസ്റ്റ് അച്ചടിച്ചതിൽ അധിക ചെലവ്**

**(2000-01 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8 )**

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ 23-5-2000-ലെ 422/2000 ഉത്തരവ് പ്രകാരം വോട്ടർപട്ടിക അച്ചടിക്ക് എ 4 വലിപ്പത്തിലുള്ള ഒരു പേജിന് 50 കോപ്പിക്ക് കടലാസിന്റെ വില ഉൾപ്പെടെ 65 രൂപ മാത്രമാണ്. എന്നാൽ 50 കോപ്പിക്ക് 90 രൂപ നിരക്കിലാണ് അനുവദിച്ചത്. 50 കോപ്പികൾ കൂടാതെ വീണ്ടും 50 കോപ്പികൾ കൂടി പ്രിന്റ് എടുക്കുകയുണ്ടായി. നിരക്ക് കൂടുതൽ അനുവദിച്ചതിനാലും ആവശ്യത്തിലേറെ കോപ്പികൾ അച്ചടിച്ചതിനാലും 1,29,816 രൂപ അധികം ചെലവായി.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ. 3.7.I.6.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

159. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ഡീലിമിറ്റേഷൻ റദ്ദ് ചെയ്തതിനാൽ ആദ്യം അച്ചടിച്ച വോട്ടർപട്ടികയുടെ 50 പകർപ്പുകൾ ഉപയോഗശൂന്യമായിയെന്നും രണ്ടാമത് ഡീലിമിറ്റേഷൻ നടത്തി അതിന്റെ കയ്യെഴുത്തുപ്രതി തയ്യാറാക്കിക്കൊണ്ടിരുന്നപ്പോൾ നവംബറിലെ ഇലക്ഷൻ പ്രഖ്യാപനത്തെത്തുടർന്ന് ഫോട്ടോകോപ്പികൾ തയ്യാറാക്കി കൊടുക്കുകയുണ്ടായെന്നും പിന്നീട് പ്രിന്റ് ചെയ്തശേഷം പോളിംഗ് പ്രദേശം മാറ്റണമെന്നാവശ്യപ്പെട്ടുകൊണ്ട് ജനങ്ങൾ ബഹളം വച്ചതിനാൽ ബി.ഡി.ഒ.യുടെ നിർദ്ദേശപ്രകാരം വോട്ടേഴ്സ് ലിസ്റ്റ് മാറ്റി അച്ചടിക്കുകയാണുണ്ടായതെന്നും സെക്രട്ടറി അറിയിച്ചു. അടിയന്തരസ്വഭാവം പരിഗണിച്ച് അപ്രകാരം ചെയ്യേണ്ടി വന്നതിനാലാണ് 1,29,816 രൂപയുടെ ഓഡിറ്റ് പരാമർശം ഉണ്ടായതെന്ന സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

160. **വോട്ടേഴ്സ് ലിസ്റ്റ് മാറ്റി അച്ചടിച്ചതു സംബന്ധിച്ച അടിയന്തരസ്വഭാവം പരിഗണിച്ചാണ് അപ്രകാരം ചെയ്യേണ്ടിവന്നതെന്ന വസ്തുത കണക്കിലെടുത്തും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## മരട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഓഡിറ്റ് റിപ്പോർട്ട് വർഷം—1998-99**

**ഓഡിറ്റ് ഖണ്ഡിക നമ്പർ 28—സാങ്കേതിക അനുമതിയില്ലാത്ത പദ്ധതി നടപ്പിലാക്കി**

ബി.എൽ.ഇ.സി. അംഗീകരിച്ച പദ്ധതി പ്രകാരം 1,26,000 രൂപ അടങ്കൽ വരുന്ന ഈ വേലയിൽ റോഡ് മെറ്റലിംഗും ടാറിംഗും നടത്തുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ബി.എൽ.ഇ.സി.യിൽ നിന്നും പുതുക്കിയ സാങ്കേതിക അനുമതി വാങ്ങാതെ വേലയുടെ സ്വഭാവത്തിൽ മാറ്റംവരുത്തി അതേ അടങ്കലിൽത്തന്നെ കാന നിർമ്മാണം മാത്രം നടത്തുകയാണുണ്ടായത്. പുതുക്കിയ എസ്റ്റിമേറ്റിന് ബി. എൽ. ഇ. സി.-യിൽ നിന്നും സാങ്കേതിക അനുമതി വാങ്ങാതെ വേല നടത്തിയത് ക്രമവിരുദ്ധമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.I.7.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

161. പ്രവൃത്തി നടന്ന സ്ഥലം വെള്ളക്കെട്ടുള്ള പ്രദേശമായതിനാൽ മലിനജലം കെട്ടിക്കിടന്നതിനെതിരെ ജനങ്ങൾ പ്രശ്നമുണ്ടാക്കിയപ്പോൾ പെട്ടെന്ന് ചെയ്യേണ്ടിവന്നതിനാലാണ് ഭരണ-സാങ്കേതിക അനുമതികൾ വാങ്ങാൻ സാധിക്കാത്തത് എന്നും സാങ്കേതിക അനുമതി തരേണ്ട ഉദ്യോഗസ്ഥൻ മെഷർമെന്റിൽ ഒപ്പിട്ടിരുന്നു എന്നും പ്രവൃത്തി നടത്തിയ എഞ്ചിനീയർ ബില്ലിലും ഒപ്പിട്ടിട്ടുണ്ടെന്നും മരട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി സമിതിയിൽ അറിയിച്ചു. പി.ഡബ്ല്യു.ഡി. അനുശാസിക്കുന്ന വിധത്തിൽ ചട്ടപ്രകാരം തന്നെയാണ് പണികൾ ചെയ്തിരിക്കുന്നതെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വർക്ക് മെഷർ ചെയ്തിട്ടുണ്ടെന്നും അന്നത്തെ അടിയന്തര സാഹചര്യത്തിൽ ഭരണ-സാങ്കേതികാനുമതി വാങ്ങാൻ സാധിച്ചില്ല എന്നും മുൻ സെക്രട്ടറി കൂട്ടിച്ചേർത്തു.

162. സാങ്കേതികാനുമതി നല്കുന്ന ഉദ്യോഗസ്ഥൻ തന്നെ അളവെടുപ്പും നടത്തിയത് ശരിയായ നടപടിയല്ലെന്നും ചട്ടപ്രകാരമല്ലാതെ പണിചെയ്താൽ പിന്നീട് സാധൂകരണമെങ്കിലും വാങ്ങണമായിരുന്നുവെന്നും ഇത്തരം കാര്യങ്ങൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രദ്ധിക്കാതെ പോകുന്നത് ഖേദകരമാണെന്നും സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

163. **ഭരണാനുമതിയും സാങ്കേതികാനുമതിയും വാങ്ങാതെ പ്രവൃത്തി തുടങ്ങിയ സാഹചര്യം സമിതിക്ക് ബോധ്യപ്പെട്ടുവെങ്കിലും ഭരണാനുമതി നല്കുന്ന എഞ്ചിനീയർതന്നെ അളവെടുത്തത് ശരിയായ നടപടിയല്ലെന്നും പിന്നീടെങ്കിലും സാധൂകരണം വാങ്ങണമായിരുന്നുവെന്നും സമിതി അഭിപ്രായപ്പെടുന്നു.**

**ഇത്തരം നടപടികൾ പഞ്ചായത്ത് മേലധികാരികൾ ശ്രദ്ധിക്കാതെ പോകുന്നത് ശരിയായ നടപടിയല്ല എന്ന അഭിപ്രായത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## തിരുവാങ്കുളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഓഡിറ്റ് റിപ്പോർട്ട് വർഷം—2000-01**

**ഓഡിറ്റ് ഖണ്ഡിക നമ്പർ 23—മുൻകൂർ കൈപ്പറ്റി രണ്ടരവർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചില്ല**

പറുപ്പറമ്പ് പട്ടികജാതി കോളനിയിലെ മണ്ണൊലിപ്പ് തടയൽ ലക്ഷ്യമിട്ട പദ്ധതി നടപ്പിലാക്കുന്നതിന് ഗുണഭോക്തൃ കമ്മിറ്റി കരാർ ഒപ്പുവയ്ക്കുകയും 20,890 രൂപ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റുകയും ചെയ്തു. എന്നാൽ ഈ തുക ഗുണഭോക്തൃ കമ്മിറ്റി കൺവീനറുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയോ നാളിതുവരെ പ്രവൃത്തി തുടങ്ങുകയോ ചെയ്തിട്ടില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.I.8.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

164. പണി പൂർത്തീകരിച്ചെന്നും പേയ്മെന്റ് നടത്തിയെന്നും മുൻകൂർ ക്രമീകരിച്ചിട്ടുണ്ടെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിക്കാൻ ലോക്കൽ ഫണ്ട് ഓഡിറ്റിനെ ചുമതലപ്പെടുത്തുകയും അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

165. 10-12-2009-ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പരിശോധന നടത്തിയിട്ടുണ്ട് എന്ന റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

166. പറുപ്പറമ്പ് പട്ടികജാതി കോളനിയിലെ മണ്ണൊലിപ്പ് തടയൽ പ്രവൃത്തി 2003-04 വർഷത്തിൽ പൂർത്തീകരിക്കുകയും 29-3-2004-ൽ ഫൈനൽ പേയ്മെന്റ് നൽകുകയും ചെയ്തിട്ടുണ്ട്. ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും അഡ്വാൻസ് നൽകിയ

20,890 രൂപ കിഴിച്ച് ബാക്കി തുകയായ 61,668 രൂപയാണ് (ചെക്ക് നമ്പർ 389651) 29-3-2004-ൽ കൺവീനർക്ക് നൽകിയതെന്ന് ടി പ്രവൃത്തിയുടെ മെഷർമെന്റ് ബുക്കും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടു.

**നിഗമനങ്ങൾ/ശിപാർശകൾ**

167. **പ്രവൃത്തി പൂർത്തീകരിച്ചതായും കൺവീനർക്ക് നല്കിയ മുൻകൂർ തുക അന്തിമ ബില്ലിൽ ക്രമീകരിച്ചതായും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഓഡിറ്റ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഓഡിറ്റ് റിപ്പോർട്ട് വർഷം—2000-01**

**ഓഡിറ്റ് ഖണ്ഡിക നമ്പർ 7—ശാസ്ത്രീയ അറവുശാല നിർമ്മാണം ലക്ഷ്യം നേടിയില്ല**

2000-01 പദ്ധതി 6 പ്രകാരം, ആധുനിക അറവുശാലയുടെ നിർമ്മാണത്തിനായി സാധനങ്ങൾ സപ്ലൈ ചെയ്ത് സ്ഥാപിച്ച മുംബൈയിലെ "സ്റ്റാഡ്‌ലർ കോർപ്പറേഷന്" 2,75,000 രൂപ നൽകി. എന്നാൽ ഇവയുടെ ട്രയൽ റൺ പരാജയപ്പെടുകയാണുണ്ടായത്. പിന്നീട് ഇവ പ്രവർത്തിച്ചിട്ടില്ല എന്നും കാണുന്നു. ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത് പദ്ധതിയിൽ പറഞ്ഞിരിക്കുന്നതിന് വിരുദ്ധമായും സർക്കാർ നിയമങ്ങൾ പാലിക്കാതെയുമാണ്. സ്ഥാപനവും പഞ്ചായത്തുമായി കേസ് നടക്കുന്നുണ്ടെങ്കിലും 3 ലക്ഷത്തോളം രൂപയുടെ ഉപകരണങ്ങൾ പ്രവർത്തന ക്ഷമമല്ലാതെ കിടക്കുകയാണ്. ഇവ സ്ഥാപിക്കുന്നതിന് വേണ്ടി 1998-99/1999-2000-ൽ പണി പൂർത്തിയായ കെട്ടിടവും ഉപയോഗശൂന്യമായി നിലകൊള്ളുന്നു. ആയതിനാൽ, ഈ ഇനത്തിൽ ചെലവാക്കിയ 2,75,000 രൂപ വ്യക്തമായ നഷ്ടമായി ഓഡിറ്റ് വിലയിരുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.I.11.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

168. പ്രസ്തുത പരാമർശ സംബന്ധമായി കേസ് നിലവിലുണ്ടെന്നും എഗ്രിമെന്റിൽ ആർബിട്രേഷന് വ്യവസ്ഥ ഉണ്ടായിരുന്നതിനാൽ ആർബിട്രേഷന് വിട്ടിരിക്കുകയാണെന്നും മുൻ സെക്രട്ടറി അറിയിച്ചു. ഇപ്പോൾ ഈ വിഷയത്തെ സംബന്ധിച്ച് ഹൈക്കോടതിയിൽ

ഒ.പി. ഫയൽ ചെയ്തിരിക്കുകയാണെന്നും സെക്രട്ടറി ബോധിപ്പിച്ചു. കേസ്സിന്റെ പുരോഗതി ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്താൻ സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

169. പരാമർശ വിഷയവുമായി ബന്ധപ്പെട്ട ഹൈക്കോടതിയിലുള്ള MFA No.142/09 കേസിന്റെ ഹിയറിംഗ് ആരംഭിച്ചിട്ടില്ലെന്ന വിവരം ഓഡിറ്റിനെയും സമിതിയെയും അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശിപാർശകൾ

**170. ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട കേസ് ഇതുവരെ പരിഗണനയ്ക്കെടുത്തിട്ടില്ല എന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ കേസ് എത്രയും വേഗം തീർപ്പാക്കാനും കോടതി വിധിപ്രകാരം നടപടി സ്വീകരിക്കാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, കേസിന്റെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

## കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഓഡിറ്റ് റിപ്പോർട്ട് വർഷം—1999-2000,2001-02**

**ഓഡിറ്റ് ഖണ്ഡിക നമ്പർ 18—മാർത്തോമ സിറ്റി അമ്മാവൻ സിറ്റി റോഡ് ഉദ്ധാരണ പ്രവൃത്തികൾ**

എസ്റ്റിമേറ്റ് നിരക്കിലും 5% ശതമാനം കുറവിൽ ടെണ്ടർ ഉറപ്പിച്ച് നൽകിയ ഈ പ്രവൃത്തിക്ക് അന്തിമബിൽ പ്രകാരം കരാറുകാരന് തുക നൽകിയപ്പോൾ ടെണ്ടർ ഇളവ് കുറച്ച് നൽകിയില്ല. ഇതിനാൽ 13,456 രൂപ കരാറുകാരന് അധികം നൽകിയിരിക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.I.12.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം .II ആയി ചേർത്തിരിക്കുന്നു.

171. പരാമർശവുമായി ബന്ധപ്പെട്ട തുക തിരികെ പിടിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**172. ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക തിരിച്ചുപിടിച്ചെടുത്തിട്ടുണ്ടെന്ന സെക്രട്ടറിയുടെ മറുപടിയുടെയും പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിലേക്ക് ക്രമപ്പെടുത്തിയിട്ടുള്ളതായി ബോദ്ധ്യപ്പെടുന്ന ഓഡിറ്റിന്റെ സ്പഷ്ടീകരണത്തിന്റെയും വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## തൃക്കാക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഓഡിറ്റ് റിപ്പോർട്ട് വർഷം—2000-01, 2001-02**

**ഓഡിറ്റ് ഖണ്ഡിക നമ്പർ 16—ഗ്രാമീണ ഉല്പന്ന സമാഹരണ സംസ്കരണ വിപണന സഹകരണ സംഘം, നിർമ്മാണ പ്രവൃത്തികൾ**

ജി. ഒ. (പി) 218/99 എൽ.എ.ഡി. തീയതി 23-10-1998 ജി. ഒ. (പി) 270/98 എൽ.എ.ഡി. തീയതി 15-12-1998 പ്രകാരം കൺവീനർ നടത്തുന്ന കെട്ടിടം നിർമ്മാണ പ്രവൃത്തികൾക്ക് പൊതുമരാമത്ത് നിരക്കിലുള്ള മൂല്യത്തേക്കാൾ 40% അധികം തുക നൽകാവുന്നതാണ്. എന്നാൽ ഈ പ്രവൃത്തിക്ക് പഞ്ചായത്തിൽ നിന്നും വാങ്ങി നൽകിയ സിമിന്റ്, കമ്പി, എന്നിവയ്ക്കും 40% അധികനിരക്ക് അനുവദിക്കുകമൂലം 47,145 രൂപ അധികം ചെലവായി.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.I.13.1)

ഓഡിറ്റ് ഖണ്ഡികക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

173. ആർ. ആർ. നടപടിക്കുണ്ടായിരുന്ന സ്റ്റേ വെക്കേറ്റ് ചെയ്യുവെന്നും പ്രസ്തുത ഉത്തരവും ആർ. ആർ. നടപടിക്കുള്ള കത്തും വില്ലേജ് ഓഫീസർക്ക് കൊടുത്തിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. നടപടി ത്വരിതപ്പെടുത്തി സമിതിയിൽ റിപ്പോർട്ട് ചെയ്യണമെന്ന് സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

174. ഹൈക്കോടതിയുടെ ഡബ്ല്യു.പി.(സി) 36455/07 നമ്പർ ഉത്തരവ് പ്രകാരം 40,912 രൂപ 6 ഗഡുക്കളായി അടയ്ക്കുന്നതിന് ഉത്തരവാകുകയും എറണാകുളം ഡെപ്യൂട്ടി കളക്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തതിനെത്തുടർന്ന് 6,819 രൂപ കണയന്നൂർ ആർ.ആർ. തഹസിൽദാരിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്.

**നിഗമനങ്ങൾ/ശിപാർശകൾ**

175. **ആർ. ആർ. നടപടിക്കുണ്ടായിരുന്ന സ്റ്റേ നീക്കം ചെയ്യുകയും ബാധ്യത തുക ആറ് ഗഡുക്കളായി അടയ്ക്കുന്നതിന് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്ത സാഹചര്യത്തിൽ അടയ്ക്കേണ്ട തുകയായ 40,912 രൂപയിൽ 6,819 രൂപ തഹസിൽദാർ മുഖേന തിരിച്ചടച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. അവശേഷിക്കുന്ന തുകകൂടി ബഹു. ഹൈക്കോടതിയുടെ വിധിപ്രകാരം സമയബന്ധിതമായി അടയ്ക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനും നിലവിലെ സ്ഥിതി അറിയിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഓഡിറ്റ് റിപ്പോർട്ട് വർഷം —1999-2000**

**ഓഡിറ്റ് ഖണ്ഡിക നമ്പർ 12—തുക അധികമായി പിൻവലിച്ചത് സംബന്ധിച്ച്**

24-3-1998-ലെ 25018 ചെക്ക് പ്രകാരം 1,50,000 രൂപ പിൻവലിച്ചു. ചെലവ് രജിസ്റ്ററും ക്യാഷ് ബുക്കും പ്രകാരം 2,119 രൂപ മാത്രമേ ചെലവ് എഴുതിയിട്ടുള്ളൂ. ചെക്കിന്റെ കൗണ്ടർഫോയിലിൽ ആകെ തുക രേഖപ്പെടുത്തിയിട്ടുമില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തുക ദുർവിനിയോഗം നടത്തിയതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആയതിനാൽ 1,47,881 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും പലിശസഹിതം ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ. 3.7.I.13.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

176. ബാദ്ധ്യത തുക ഈടാക്കുന്നതിനും സർവ്വീസിലുള്ള ആളിന് എതിരെ റിക്കവറി നടപടിയും പെൻഷൻ പറ്റിയ ആളിന് എതിരെ ആർ. ആർ. നടപടിയും സ്വീകരിക്കാൻ സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി.

സമിതി നിർദ്ദേശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

177. പൊറാത്തിശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജോർജ്ജ് ഈപ്പന്റെ ശമ്പളത്തിൽ നിന്നും 3,000 രൂപ ഈടാക്കുന്നതിന് 28-10-2008-ലും 5-8-2009-ലും 30-11-2009-ലും തൃശ്ശൂർ ഡി.ഡി.പി.-ക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും തുക ഈടാക്കി തന്നിട്ടില്ല.

178. ശ്രീ. പി. ആർ. വിലാസന്റെ പേരിൽ ആർ. ആർ. നടപടികൾ ആരംഭിച്ചതിനെത്തുടർന്ന് 3 ഗഡുക്കളായി തുക അടയ്ക്കുന്നതിന് ഉത്തരവായതിനെത്തുടർന്ന് ആദ്യ ഗഡു 680 രൂപ 73/7875 രസീത് പ്രകാരം 11-2-2010-ന് അടച്ചിട്ടുള്ളതാണ്.

### നിഗമനങ്ങൾ/ശിപാർശകൾ

179. ഓഡിറ്റ് ഖണ്ഡികയിൽ 1,47,881 രൂപയുടെ ദുർവിനിയോഗമാണ് ചൂണ്ടിക്കാണിച്ചതെങ്കിലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധന പ്രകാരം 12,630 രൂപയുടെ വൗച്ചറുകൾ ഇല്ലാത്തതിനാൽ ടി തുക പലിശസഹിതം ഈടാക്കുവാനാണ് പഞ്ചായത്ത് വകുപ്പ് തീരുമാനിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ഇക്കാര്യം അന്വേഷിച്ച് തിട്ടപ്പെടുത്തേണ്ടതാണെന്ന് സമിതിക്ക് നല്കിയ കുറിപ്പിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച യാതൊരു റിപ്പോർട്ടും സമിതിക്ക് ലഭിച്ചിട്ടില്ല. എന്നാൽ, നഷ്ടത്തിന് ഉത്തരവാദികളായവരിൽ നിന്ന് റിക്കവറി നടപടികളിലൂടെ തുക ഈടാക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ ലഭ്യമാക്കിയ സർക്കാർ മറുപടിയിൽ ഉത്തരവാദികളായവരിൽ സർവ്വീസിലുള്ള സെക്രട്ടറിയുടെ ശമ്പളത്തിൽ നിന്നും 3,000 രൂപ ഈടാക്കുന്ന തിന് തൃശ്ശൂർ ഡി. ഡി. പി.-ക്ക് കത്ത് നല്കിയെങ്കിലും തുക ഈടാക്കി ലഭിച്ചിട്ടില്ലെന്നും പെൻഷൻ പറ്റിയ ആളിൽ നിന്നും റവന്യൂ റിക്കവറി പ്രകാരം 3 ഗഡുക്കളായി തുക തിരിച്ച് ഈടാക്കുന്നതിന്റെ ഭാഗമായി ആദ്യ ഗഡു 680 രൂപ മാത്രം അടച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

180. പ്രസ്തുത മറുപടിയിൽ പറയുംപ്രകാരമുള്ള നടപടി പൂർത്തിയായാൽ തന്നെ ഈയിനത്തിൽ ആകെ 5,040 രൂപ മാത്രമേ പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടവ് വരികയുള്ളൂവെന്ന് സമിതി നിരീക്ഷിക്കുന്നു. ഇത് ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതും ദുർവിനിയോഗം ചെയ്തതായി ആരോപിക്കപ്പെട്ടതുമായ തുകയുടെ പലിശപോലുമാകില്ലായെന്ന് സമിതി വിലയിരുത്തുന്നു.

181. ഈ സാഹചര്യത്തിൽ പരാമർശവിധേയമായ സംഗതിയിൽ ഗ്രാമപഞ്ചായത്തിനുണ്ടായ യഥാർത്ഥ നഷ്ടമെത്രയെന്ന് നിർണ്ണയിക്കുവാനും പ്രസ്തുത തുക പിഴപ്പലിശ സഹിതം ഉത്തരവാദികളായ മേല്പറഞ്ഞ രണ്ട് ഉദ്യോഗസ്ഥരിൽ നിന്നും നിയമപ്രകാരം ഈടാക്കുവാനും ആയത് സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കാനും സമിതി ശിപാർശ ചെയ്യുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഓഡിറ്റ് റിപ്പോർട്ട് വർഷം —1999-2000**

**ഓഡിറ്റ് ഖണ്ഡിക നമ്പർ 47—കുന്നിപ്പാടം—കാക്കനാട് റോഡുയർത്തി സൈഡ് കെട്ടുക**

ജി.ഒ. (പി) 246/97/എൽ.എ.ഡി. തീയതി 6-11-1997 പ്രകാരം ഓരോ ജില്ലയിലും മരാമത്ത് വേലകളുടെ നിരക്കുകൾ നിശ്ചയിക്കുവാൻ ഒരു കമ്മിറ്റിയെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഈ നിരക്കുകൾ പ്രകാരം ചെയ്യപ്പെട്ട ജോലിയുടെ മൊത്തം ചെലവ് പൊതുമരാമത്ത് റേറ്റ് വച്ച് ചെയ്യുന്നതിനേക്കാൾ 50 ശതമാനം കൂടുതലാവാൻ അനുവാദമില്ല. എന്നാൽ ടി വേലയിൽ ലോക്കൽ നിരക്ക് വച്ച് തുക നൽകിയപ്പോൾ മൊത്തം ചെലവ് 24,829 രൂപ പൊതുമരാമത്ത് നിരക്കിൽ കണക്ക് കൂട്ടുമ്പോൾ വരുന്നതും

അതിന്റെ 50 ശതമാനവും കൂട്ടുന്നതിനേക്കാൾ കൂടുതൽ വരുന്നു. അധികം ചെലവായ 24,829 രൂപ ഉത്തരവാദിയായ കൺവീനറിൽ നിന്നോ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ3.7.I.13.3)

**ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.**

182. പരാമർശവുമായി ബന്ധപ്പെട്ട് ശ്രീ. പി. കെ. പങ്കജാക്ഷനിൽ നിന്ന് ആർ. ആർ. നടപടിയിലൂടെ 3,000 രൂപ പലിശസഹിതം ഈടാക്കിയതായും പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. ജോർജ് ഈപ്പനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ സമിതി സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

183. ആർ. ആർ. നടത്തി 31-7-2009 തീയതി 14,300 രൂപയും 14-8-2009-ൽ 16,239 രൂപയും ആകെ 30,539 രൂപ ഈടാക്കിയിട്ടുള്ളതാണ്. തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണ്.

### നിഗമനങ്ങൾ/ശിപാർശകൾ

**184. ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക പലിശസഹിതം ഉത്തരവാദികളിൽ നിന്നും ഈടാക്കിയിട്ടുള്ളതാണെന്നും തുടർനടപടി അവസാനിപ്പിക്കാവുന്നതാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഓഡിറ്റ് റിപ്പോർട്ട് വർഷം—2002-03**

**ഓഡിറ്റ് ഖണ്ഡിക നമ്പർ 7—ഷോപ്പിംഗ് കോംപ്ലക്സ്—കറണ്ട് ചാർജ് അടച്ചത് അംഗീകരിക്കുന്നില്ല**

പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ലേലത്തിൽ കൊടുത്തിരുന്നു. ലേലവ്യവസ്ഥകൾ പ്രകാരം മുറികളുടെ കറന്റ് ചാർജ് ലേലം കൊണ്ടയാൾ അടയ്ക്കേണ്ടതാണ്. എന്നാൽ ലേലകാലയളവിലെ കറന്റ് ചാർജ് വിവിധ വൗച്ചറുകൾ പ്രകാരം 10,436 രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും അടച്ചിട്ടുണ്ട്. ലേലവ്യവസ്ഥകൾ മറികടന്ന് പഞ്ചായത്ത് ഫണ്ടിൽ നിന്നും അടച്ച 10,436 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.I.16.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

185. പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട് തിരിച്ചുപിടിക്കേണ്ട തുക തിരിച്ച് പിടിക്കുകയും ആയത് ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**186. ബാദ്ധ്യത തുക തിരിച്ചടയ്ക്കുകയും ആയത് ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഓഡിറ്റ് റിപ്പോർട്ട് വർഷം—2001-02**

**ഓഡിറ്റ് ഖണ്ഡിക നമ്പർ 5—തുകകൾ എഴുതിത്തള്ളിയത് ക്രമപ്രകാരമല്ല**

പഞ്ചായത്തിലെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ശ്രീ. എൻ. എ. മോഹനൻ നെടുതോട്ടിൽ എന്നയാൾക്ക് ഭവനനിർമ്മാണത്തിനായി 10,000 രൂപയും കക്കൂസ് നിർമ്മാണത്തിനായി ശ്രീധരൻ മുടപ്പനാൽ മാരിത്താഴം, മനോജ് പുളുപ്പള്ളികാരോട്ട് എന്നിവർക്ക് 1,000 രൂപ വീതവും മുൻകൂറുകൾ നൽകിയിരുന്നു. ഇവർ പണി പൂർത്തിയാക്കാതിരുന്നതിനാൽ നിയമവിധേയമായ നടപടികൾ സ്വീകരിക്കാതെ തന്നെ ടി തുകകൾ പഞ്ചായത്ത് എഴുതിത്തള്ളി എന്നാൽ 1998-ലെ തുക എഴുതിത്തള്ളൽ ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം യാതൊരുവിധേനയും ഈടാക്കാൻ സാധിക്കാത്തതായി പഞ്ചായത്തിന് ബോധ്യം വരുന്ന തുക എഴുതിത്തള്ളുന്നതിന് ഗ്രാമപഞ്ചായത്തിനുള്ള അധികാരം 1,000 രൂപ മാത്രമാണ്. നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ തുക എഴുതിതള്ളുന്നതിന് ചട്ടങ്ങൾ അനുവദിക്കുന്നില്ല. ചട്ടപ്രകാരമല്ലാതെ എഴുതിത്തള്ളിയ തുകകൾ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.I.16.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

187. പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട തിരിച്ചുപിടിക്കേണ്ട തുക തിരിച്ചുപിടിക്കുകയും ആയത് ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനമെടുത്തു.

## നിഗമനങ്ങൾ/ശിപാർശകൾ

188. **ഭവന നിർമ്മാണത്തിനും കക്കൂസ് നിർമ്മാണത്തിനും നല്കിയ തുക പണിപൂർത്തീകരിക്കാത്തതിനാൽ നഷ്ടമാണെന്നും ആയത് എഴുതിത്തള്ളിയ നടപടി ചട്ടപ്രകാരമല്ലെന്നുമുള്ള ഓഡിറ്റ് പരാമർശത്തിന്റെ വെളിച്ചത്തിൽ ഭവന നിർമ്മാണത്തിന് നല്കിയ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും കക്കൂസ് നിർമ്മാണത്തിന് നല്കിയ തുക വിനിയോഗിച്ച് ബന്ധപ്പെട്ട വ്യക്തികൾ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള സർക്കാർ മറുപടിയും പരാമർശം ഒഴിവാക്കാവുന്നതാണെന്ന ഓഡിറ്റിന്റെ കുറിപ്പും അംഗീകരിച്ചു കൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഓഡിറ്റ് റിപ്പോർട്ട് വർഷം— 2000-01, 2001-02**

**ഓഡിറ്റ് ഖണ്ഡിക നമ്പർ 17—തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി—ചെലവ് അംഗീകരിക്കുന്നില്ല**

തെരുവ് വിളക്കുകൾ സ്ഥാപിക്കലും അവയുടെ അറ്റകുറ്റപ്പണിയും സംബന്ധിച്ച സർക്കാർ ഉത്തരവ് എംഎസ്. നമ്പർ 13/97 പി.ഡി. തീയതി 22-3-1997 പ്രകാരം ബൾബുകൾ, ട്യൂബുകൾ, ചോക്കുകൾ, ഹോൾഡർ എന്നിവ വാങ്ങി വൈദ്യുതി ബോർഡിന് നൽകേണ്ടതാണെന്നും അറ്റകുറ്റപ്പണികൾ വൈദ്യുതി ബോർഡും നടത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. എന്നാൽ പഞ്ചായത്ത് തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്കായി

ലേബർ ചാർജ് 19,400 രൂപ സർക്കാർ ഉത്തരവ് മറികടന്ന് ചെലവഴിച്ചിരിക്കുന്നത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കണം.

കൂടാതെ 3,33,160 രൂപയ്ക്ക് ഇലക്ട്രിക് ഉപകരണങ്ങൾ വൈദ്യുതി ബോർഡിനെ ഏല്പിക്കാതെ സ്റ്റോക്കുപോലുമെടുക്കാതെ വിവിധ മെമ്പർമാർക്ക് വീതിച്ച് നൽകിയിരിക്കുന്നു. ആയതിനാൽ തുക തടസ്സപ്പെടുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.I.17.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

189. അടിയന്തര സാഹചര്യം കണക്കിലെടുത്താണ് അറ്റകുറ്റപ്പണിക്കായി 19,400 രൂപ ചെലവഴിച്ചതെന്നും സാധനങ്ങൾ വാങ്ങിയത് സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും മെമ്പർമാർക്ക് സാധനങ്ങൾ കൊടുത്തതിന്റെ രസീതുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

190. സെക്രട്ടറി അറിയിച്ച വിവരങ്ങൾ ഓഡിറ്റ് വകുപ്പ് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശം നൽകുകയും അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ പരാമർശം ഒഴിവാക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

191. ടി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറോട് സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തുവാൻ ആവശ്യപ്പെട്ട് 30-11-2009-ൽ കത്ത് നല്കിയതിന്റെ അടിസ്ഥാനത്തിൽ 10-12-2009-ൽ സ്റ്റോക്ക് വെരിഫിക്കേഷൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിൽ നിന്നും നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

192. ഗ്രാമപഞ്ചായത്തിൽ 08/2001 മുതൽ 03/2002 വരെയുള്ള കാലയളവിൽ 3,33,160 രൂപയ്ക്ക് ഇലക്ട്രിക്കൽ സാമഗ്രികൾ വാങ്ങിയിരുന്നു. അതിൽ വൗച്ചർ നമ്പർ 15-3-2002 പ്രകാരം വാങ്ങിയ 2,36,000 രൂപയുടെ ബൾബ്, ട്യൂബ്, ചോക്ക്, ഫിറ്റിംഗ്സ്

സാമഗ്രികൾ എന്നിവ സ്റ്റോക്കിലെടുക്കുകയും 11-10-2002-ൽ കെ.എസ്.ഇ.ബി. കോൺട്രാക്ടർ ശ്രീ. പി. ജി. ജോഷി, രാമാടിയിൽ, ഓച്ചന്തുരുത്ത് എന്നയാൾക്ക് നല്കിയതായും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കി 97,160 രൂപയുടെ സാമഗ്രികൾ പലപ്പോഴായി വാങ്ങിയത് വിതരണം നടത്തിയ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

**നിഗമനങ്ങൾ/ശിപാർശകൾ**

193. **ഗ്രാമപഞ്ചായത്തിലെ അടിയന്തര സാഹചര്യം കണക്കിലെടുത്ത്, സി.എഫ്. ലാമ്പുകൾ വൈദ്യുതി ബോർഡ് സ്ഥാപിക്കാറില്ലാത്തതിനാലാണ് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള ലേബർ ചാർജിനായി 19,400 രൂപ ചെലവാക്കിയതെന്ന സെക്രട്ടറിയുടെ വിശദീകരണം ന്യായീകരിക്കത്തക്കതല്ല. പണം ചെലവാക്കുന്നത് സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണെന്ന് സമിതി ഓർമ്മപ്പെടുത്തുന്നു. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായി 3,33,160 രൂപയുടെ സാധനസാമഗ്രികൾ വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് തെളിവെടുപ്പ് വേളയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കുകയുണ്ടായി. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം 3,33,160 രൂപയ്ക്ക് ഇലക്ട്രിക് സാമഗ്രികൾ വാങ്ങിയതിൽ 2,36,000 രൂപ മാത്രമേ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളുവെന്നും ബാക്കി തുകയായ 97,160 രൂപയ്ക്ക് സാമഗ്രികൾ വാങ്ങി വിതരണം നടത്തിയ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല എന്നും സമിതി നിരീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത 97,160 രൂപയുടെ സാധനസാമഗ്രികൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കാനും ആയതിന് കഴിയാത്തപക്ഷം നഷ്ടത്തുക, ക്രമക്കേടിന് ഉത്തരവാദികളായവരിൽ നിന്നും അടിയന്തരമായി തിരിച്ചീടാക്കി റിപ്പോർട്ട് ചെയ്യാനും സമിതി ശിപാർശ ചെയ്യുന്നു.**

## കടമക്കുടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഓഡിറ്റ് റിപ്പോർട്ട് വർഷം—1998-99, 1999-2000**

**കരാർ ഉടമ്പടിക്ക് വിരുദ്ധമായി കടത്ത് നിർത്തിയതിനാൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം; കോതാട്—ചിറ്റൂർ ചങ്ങാടം ഫെറി**

1-4-1999 മുതൽ 31-3-2002 വരെയുള്ള കാലഘട്ടത്തേക്ക് ശ്രീ. പി. ആർ. നിമോഷ് എന്ന വ്യക്തിക്ക് 51,000 രൂപയ്ക്ക് ലേലം ഉറപ്പിക്കുകയുണ്ടായി. എന്നാൽ കടത്ത് ലാഭകരമല്ലാത്തതിനാൽ 21-10-1999-ന് ടിയാൻ കടത്ത് പൂർണ്ണമായും നിർത്തുകയാണെന്ന് പഞ്ചായത്തിനെ അറിയിച്ചു. ഈ സാഹചര്യത്തിൽ 1-4-2000 മുതൽ 31-3-2002 വരെ, ദ്വീപ് നിവാസികൾ രൂപീകരിച്ച ജനകീയ സമിതിക്ക് 10,000 രൂപയ്ക്ക് ലേലം ഉറപ്പിച്ച് നൽകി. ആദ്യം ലേലം പിടിച്ച വ്യക്തിയായ ശ്രീ. നിമോഷ് കരാർ ഉടമ്പടിക്ക് വിരുദ്ധമായി ഇടയ്ക്കുവച്ച് കടത്ത് നിർത്തിയതിനാൽ പഞ്ചായത്ത് ഫണ്ടിന് 18,250 രൂപയുടെ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി തുക 18% പലിശയുൾപ്പെടെ ലേലക്കാരനിൽ നിന്നും ഈടാക്കുവാൻ പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.7.1 (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

194. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 12-10-2004-ലെ LFE (P3)507/03 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയതായി അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്ന് കടമക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

195. **തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിലും പ്രാദേശിക പരിശോധനയുടെ വെളിച്ചത്തിലും തടസ്സം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ നടപടി അംഗീകരിച്ചുകൊണ്ട് അനന്തര നടപടി അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കൺവീനറുടെ നേതൃത്വത്തിൽ ചെയ്യേണ്ട പണി കോൺട്രാക്ടറെ കൊണ്ട് ചെയ്യിച്ചു**

കടമക്കുടി ആയുർവേദാശുപത്രിയുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തു ന്നതിന്റെ ഭാഗമായി നടത്തിയ പണികൾ ആശുപത്രിയുടെ സൗഹൃദസമിതിയുടെ നേതൃത്വത്തിൽ ആയിരിക്കേണ്ടതും നിർമ്മാണപ്രവർത്തനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട കൺവീനറുടെ നേതൃത്വത്തിൽ നടത്തേണ്ടതാണെന്നും അംഗീകൃത പദ്ധതിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രോജക്ടിന് വിരുദ്ധമായി ഒരു സ്വകാര്യ വ്യക്തിയെക്കൊണ്ട് അനധികൃതമായി പണി ചെയ്യിച്ചിരിക്കുന്നതായി ഓഡിറ്റിൽ കണ്ടെത്തി. ഉത്തരവാദപ്പെട്ട എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കാതെയും പണി പൂർത്തിയാക്കിയതായി സാക്ഷ്യപ്പെടുത്താതെയും ഫൈനൽ ബിൽ തയ്യാറാക്കാതെയും തികച്ചും നിരുത്തരവാദമായി കാര്യനിർവ്വഹണ ഉദ്യോഗസ്ഥൻ 59,170 രൂപ സ്വകാര്യ വ്യക്തിക്ക് നൽകിയിട്ടുണ്ട്. ഇതിന് ഉത്തരവാദിയായ കാര്യനിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കുവാൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.7.1 (ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

196. പഞ്ചായത്തിലെ ആയുർവേദാശുപത്രിയിൽ ഡ്യൂട്ടി റൂം പണിതതുമായി ബന്ധപ്പെട്ട 1998-99-ലെ പ്രോജക്ടാണ് പരാമർശവിഷയമെന്നും വാഹന സൗകര്യമില്ലാത്ത സ്ഥലമായിരുന്നതിനാൽ നിർമ്മാണസാമഗ്രികൾ വഞ്ചിയിൽ കൊണ്ടുവരേണ്ടിവന്നു വെന്നും പണി ഏറ്റെടുക്കാൻ ആരും മുന്നോട്ട് വരാത്ത സാഹചര്യത്തിൽ പ്രോജക്ട് പ്രാവർത്തികമാക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് 1999-2000 വർഷത്തെ സ്പിൽഓവർ വർക്കായി പഞ്ചായത്ത് തന്നെ ടെണ്ടർ വിളിച്ച് സാധനങ്ങൾ സപ്ലൈ ചെയ്യാനുള്ള നടപടി സ്വീകരിക്കുകയും ശ്രീ. പി. വി. ജോസഫ് എന്നയാൾ മുഖാന്തിരം നിർമ്മാണസാമഗ്രികൾ സംഘടിപ്പിക്കുകയും പഞ്ചായത്ത് നിർദ്ദേശപ്രകാരംതന്നെ വർക്ക് ചെയ്യുകയും ആയതിന്റെ അളവുകൾ എടുത്ത് എം.ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന് വർക്കിന്റെ ഇംപ്ലിമെന്റിംഗ് ഓഫീസറായ സീനിയർ മെഡിക്കൽ ഓഫീസർ ബോധിപ്പിച്ചു.

197. വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും പ്രവൃത്തി പൂർത്തിയാക്കിയതും കണക്കിലെടുത്ത് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

198. **പ്രോജക്ട് പ്രാവർത്തികമാക്കുന്നതിലേക്കായി പഞ്ചായത്ത് തന്നെ വർക്ക് ഏറ്റെടുത്ത് നടത്തുകയും ആയതിന് എഞ്ചിനീയർ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുകയും പണി പൂർത്തീകരിക്കുകയും എം. ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സെൽഫ് ചെക്ക് മുഖാന്തിരം പിൻവലിച്ച തുക ക്രമവിരുദ്ധമായി കൈവശം സൂക്ഷിച്ചു**

1998-99 സാമ്പത്തിക വർഷത്തിൽ വിദ്യാഭ്യാസ സാംസ്കാരിക പദ്ധതിയുടെ കാര്യനിർവ്വഹണ ഉദ്യോഗസ്ഥനായി കടമക്കുടി ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ ഹെഡ്മാസ്റ്ററെ ചുമതലപ്പെടുത്തുകയും ടിയാന്റെ പ്ലാൻ പി. ഡി. അക്കൗണ്ടിലേക്ക് 76,000 രൂപ അനുവദിക്കുകയുമുണ്ടായി. എന്നാൽ വിശദമായ പരിശോധനയിൽ 1998-99 വർഷത്തിൽ നടപ്പിലാക്കുവാൻ ചുമതലപ്പെടുത്തിയ ഒരു പദ്ധതിയും തൻവർഷത്തിൽ നടപ്പാക്കിയതായി കാണുന്നില്ല. പക്ഷേ കാര്യനിർവ്വഹണ ഉദ്യോഗസ്ഥൻ സെൽഫ് ചെക്ക് എഴുതി 34,000 രൂപ പിൻവലിച്ചതായി കാണുന്നു. ടി തുക ഏതാവശ്യത്തിനാണ് ഉപയോഗിച്ചതെന്ന് വെളിപ്പെടുത്തിയിട്ടില്ല. ക്യാഷ് ബുക്ക് പരിശോധനയിൽ തുക വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചതായി പറയുന്നുണ്ടെങ്കിലും ചെലവുകൾക്ക് അടിസ്ഥാനപരമായ യാതൊരു രേഖയും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഇത് ഗുരുതരമായ ക്രമക്കേടായതിനാൽ സെൽഫ് ചെക്ക് മുഖാന്തിരം പിൻവലിച്ച 34,000 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.7.1 (iii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

199. സെൽഫ് ചെക്കെഴുതി പിൻവലിച്ച 34,000 രൂപ ഏത് പ്രവൃത്തിക്കാണ് ചെലവഴിച്ചതെന്ന സമിതിയുടെ ചോദ്യത്തിന് പ്രസ്തുത വിഷയം പ്രാദേശിക പരിശോധനയ്ക്ക് വച്ചിരുന്നെങ്കിലും നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാകുകയോ വൗച്ചറുകൾ ഹാജരാക്കുകയോ ഉണ്ടായില്ലെന്ന് സെക്രട്ടറി അറിയിച്ചു. 31-3-2002-ൽ റിട്ടയർ ചെയ്ത അദ്ദേഹത്തിനെതിരെ ആർ. ആർ. നടപടിക്കായി എറണാകുളം ജില്ലാ കളക്ടർ വഴി

നോട്ടീസ് നൽകിയിട്ടുണ്ടെന്നും സെക്രട്ടറി തുടർന്നറിയിച്ചു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയിൽ ബന്ധപ്പെട്ട വൗച്ചറുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും എന്നാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചിട്ടില്ല എന്നുമുള്ള മറുപടി ഗവൺമെന്റിന് നൽകുകവഴി ഇക്കാര്യത്തിൽ സമിതിയെ തെറ്റിദ്ധരിപ്പിക്കുന്ന പ്രവൃത്തിയാണ് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായിരിക്കുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടു.

200. അന്നത്തെ പ്രിൻസിപ്പൽ സ്റ്റേറ്റ്മെന്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറിയാണ് ഗവൺമെന്റിന് മറുപടി നൽകിയതെന്ന് കടമക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. സ്കൂളുകൾക്കുള്ള കുടിവെള്ളം, സ്റ്റേജ് നിർമ്മാണം, ഉച്ചക്കഞ്ഞി വിതരണം, പ്ലാസ്റ്റിക് കസേര വാങ്ങൽ തുടങ്ങിയവയായിരുന്ന പ്രോജക്ടുകളെന്നും ആയത് നടപ്പിലാക്കിയിട്ടുണ്ടെന്നും സെക്രട്ടറി തുടർന്നറിയിച്ചു. മാത്രമല്ല, പ്ലാസ്റ്റിക് കസേര വാങ്ങിയതിനും ഉച്ചക്കഞ്ഞി വിതരണത്തിനുമായി ടീച്ചേഴ്സിന് പണം കൊടുത്തതിന് വൗച്ചർ ഉണ്ടെന്നും കാര്യനിർവ്വഹണോദ്യോഗസ്ഥന്റെ കൈവശം 10,000 രൂപ ബാക്കി ഉണ്ടായിരുന്നത് 4-5-2000-ൽ ട്രഷറിയിൽ തിരിച്ചടച്ചിട്ടുണ്ടെന്നും സെക്രട്ടറി സമിതിയിൽ അറിയിച്ചു. ശ്രീമതി ടെസ്സിയായിരുന്നു അന്നത്തെ സെക്രട്ടറിയെന്നും അവർ ഇപ്പോൾ റിട്ടയർ ചെയ്തെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി സെക്രട്ടറി അറിയിച്ചു.

201. എത്ര രൂപയ്ക്കാണ് ആർ. ആർ. നടപടി സ്വീകരിച്ചതെന്ന സമിതിയുടെ ചോദ്യത്തിന് 18% പലിശ നിരക്കിൽ 55,000 രൂപയ്ക്കാണെന്നും 1999-2000 വർഷത്തേക്ക് 34,000 രൂപയ്ക്കും അതിന് ശേഷമുള്ള വർഷങ്ങളിൽ 24,000 രൂപയ്ക്കുമാണ് ആർ.ആർ. നടപടിയെടുത്തിരിക്കുന്നതെന്ന് സെക്രട്ടറി അറിയിച്ചു. സെൽഫ് ചെക്കെഴുതിയെടുത്ത 34,000 രൂപ ചെലവഴിച്ചതായി വൗച്ചർ നൽകുകയും 10,000 രൂപ ട്രഷറിയിൽ തിരിച്ചടച്ചതായി പറയുകയും ചെയ്യുന്നത് പരസ്പരവിരുദ്ധവും തെറ്റായ സ്റ്റേറ്റ്മെന്റുമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ഈ വിഷയത്തിൽ വിശദമായ ഒരു അന്വേഷണം ആവശ്യമാണെന്ന് അഭിപ്രായപ്പെട്ട സമിതി പരാമർശവുമായി ബന്ധപ്പെട്ട 5 പദ്ധതികളും പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്ന വസ്തുത രേഖകൾ പരിശോധിച്ച് സമിതിയിൽ റിപ്പോർട്ട് ചെയ്യാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി. മാത്രമല്ല സ്വീകരിച്ചു പോരുന്ന ആർ. ആർ. നടപടി ത്വരിതപ്പെടുത്തുവാനും ആയതിന് ഓർമ്മക്കുറിപ്പ് അയയ്ക്കുവാനും പഞ്ചായത്തിന് നിർദ്ദേശം നൽകുകയും ചെയ്തു.

202. സമിതി നിർദ്ദേശത്തിന്മേൽ പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം പദ്ധതി നിർവ്വഹണം നടത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിൽ അപാകതകൾ ഉണ്ടായിട്ടുണ്ടെന്നും ഇംപ്ലിമെന്റിംഗ് ഓഫീസർ എന്ന നിലയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പരിചയമില്ലായ്മ ആയിരിക്കാം ഇതിനുകാരണം എന്നും രേഖപ്പെടുത്തിയിരിക്കുന്നു (വിശദമായ പരിശോധനാ റിപ്പോർട്ട് അനുബന്ധം III ആയി ചേർത്തിരിക്കുന്നു).

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

203. 1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 34 പ്രകാരം കടമക്കുടി ഗവ. വി.എച്ച്.എസ്.എസ്. പ്രിൻസിപ്പൽ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 5 പ്രോജക്ടുകൾക്കുവേണ്ടി സെൽഫ് ചെക്ക് മുഖേന തുക പിൻവലിച്ച് കൈവശം വച്ചുവെന്ന പരാമർശത്തിന്മേൽ, ആർ.ആർ. നടപടിയിലൂടെ തുക ഈടാക്കാൻ നിയമസഭാ സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ നാളിതുവരെ തുക ഈടാക്കിയിട്ടില്ല. ഉത്തരവാദിയായ റിട്ട. പ്രിൻസിപ്പൽ ശ്രീ. എം. കെ. മുരളീധരന്റെ പേരിൽ ആർ.ആർ. നടപടി സ്വീകരിക്കുന്നതിനായി 18% പലിശസഹിതം 66,555 രൂപയുടെ റവന്യൂ റിക്കവറി നോട്ടീസ് എറണാകുളം ജില്ലാ കളക്ടർ വഴി തൃശ്ശൂർ ജില്ലാ കളക്ടർക്ക് അയച്ചിട്ടുണ്ട്. നടപടിയൊന്നും അറിവായിട്ടില്ല.

## നിഗമനങ്ങൾ/ശിപാർശകൾ

**204. ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട 5 പദ്ധതികളും പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് സമിതി പഞ്ചായത്ത് ഡയറക്ടറോട് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചതിൻപ്രകാരമുള്ള റിപ്പോർട്ടിൽ പദ്ധതി നിർവ്വഹണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതി നിർവ്വഹണത്തിനായി പിൻവലിച്ച തുക ചെലവഴിച്ചത് സംബന്ധിച്ച മുഴുവൻ ആധികാരിക രേഖകളും സൂക്ഷിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായും ഇക്കാര്യത്തിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും പിഴവ് സംഭവിച്ചിട്ടുണ്ടെന്നും സമിതി വിലയിരുത്തുകയും ചെയ്യുന്നു. പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## പാറക്കടവ് ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഓഡിറ്റ് റിപ്പോർട്ട് വർഷം—1997-98**

**സർക്കാർ ഉത്തരവ് ലംഘിച്ച് തയ്യൽ മെഷീൻ പുറത്ത് നിന്നും വാങ്ങിയതിനാൽ പഞ്ചായത്തിന് ഭീമമായ നഷ്ടം**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്യുകയെന്നതാണ് പദ്ധതി. ഇതിലേക്കായി ക്വട്ടേഷൻ ക്ഷണിക്കുകയും 328 തയ്യൽ മെഷീനുകൾ 2,595 രൂപ ക്രമത്തിൽ കൊടുങ്ങല്ലൂരിലുള്ള മെസേഴ്സ് കെ. എം. ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതായി കാണുന്നു. സർക്കാർ ഉത്തരവ്

പ്രകാരം മെസ്സേഴ്സ് മാത്യു സെയിൽസ് കോർപ്പറേഷൻ എന്ന സ്ഥാപനവുമായി റേറ്റ് കോൺട്രാക്ട് നിലവിലിരിക്കെയാണ് കൂടുതൽ വില നൽകി തയ്യൽ മെഷീൻ വാങ്ങിയിരിക്കുന്നത്. ക്വട്ടേഷൻ ക്ഷണിച്ചിരുന്ന അവസരത്തിൽ തന്നെ മാത്യു സെയിൽസ് കോർപ്പറേഷൻ തയ്യൽ മെഷീൻ ഒന്നിന് 1959.36 രൂപ ക്രമത്തിൽ നൽകാമെന്ന് ക്വട്ടേഷൻ സമർപ്പിച്ചതിനോടൊപ്പംതന്നെ സർക്കാർ ഉത്തരവിന്റെ പകർപ്പും പഞ്ചായത്തിൽ ഹാജരാക്കിയിട്ടുണ്ടായിരുന്നു. എന്നിട്ടും ഇതിനെ അവഗണിച്ചുകൊണ്ട് കെ. എം. ട്രേഡേഴ്സിൽ നിന്നും മെഷീൻ വാങ്ങിയതിനാൽ 2,08,490 രൂപ അധികമായി നൽകേണ്ടിവന്നിട്ടുണ്ട്. ക്രമക്കേടിന് കൂട്ടുനിന്ന നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈ തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.7.2 (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

205. ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് എന്ത് വിശദീകരണമാണ് നൽകാനുള്ളതെന്ന സമിതിയുടെ ചോദ്യത്തിന് പ്രോജക്ട് ആവിഷ്ക്കരിച്ച സമയത്ത് ഗ്രാമസഭയിലും വികസന സെമിനാറിലും ബി.എൽ.ഇ.സി.യിലും ഡി.പി.സി.യിലും പ്രത്യേകിച്ച് 'സിംഗർ' മെഷീൻ വാങ്ങണമെന്ന് രേഖപ്പെടുത്തിയിരുവെന്നും 'സിംഗർ സൊവറീൻ' മെഷീൻ തന്നെ വേണമെന്ന് ഗുണഭോക്താക്കൾ ആവശ്യപ്പെട്ടിരുന്നുവെന്നും ആയതുകൊണ്ടാണ് അവർ ഗുണഭോക്തൃവിഹിതം അടയ്ക്കാൻ തയ്യാറായതെന്നും സെക്രട്ടറി അറിയിച്ചു. റേറ്റ് കോൺട്രാക്ടിൽ തയ്യൽ മെഷീൻ ഒന്നിന് 1959.36 രൂപയും പഞ്ചായത്തിന്റെ ക്വട്ടേഷനിൽ 2,595 രൂപയും എന്നുള്ളതാണ് പ്രശ്നമെന്നും ഇക്കാര്യത്തിൽ ആകെ രണ്ടുലക്ഷത്തിലധികം രൂപയുടെ അധികചെലവ് വന്നുവെന്നും കൂടിയ വിലയ്ക്ക് മെഷീൻ വാങ്ങി എന്നത് ധനദുർവിനിയോഗമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

206. പ്രസ്തുത വിഷയം സംബന്ധിച്ച് പരാമർശവിധേയനായ മുൻ സെക്രട്ടറിക്കെതിരെ സ്വീകരിച്ച ആർ. ആർ. നടപടിക്കെതിരെ അദ്ദേഹം ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും കോടതി ആർ. ആർ. നടപടി സ്റ്റേ ചെയ്തിരിക്കുകയാണെന്നും നിലവിലെ സെക്രട്ടറി സമിതിയിൽ അറിയിച്ചു. ആർ. ആർ. നടപടിക്ക് സ്റ്റേ ഉണ്ടെങ്കിലും ഗവൺമെന്റ് കേസിൽ കക്ഷിചേർന്നുകൊണ്ട് മുന്നോട്ട് പോകുകയും പണം തിരിച്ചുപിടിക്കുകയും ചെയ്യണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

207. എന്നാൽ 1997-98-ൽ ജനകീയാസൂത്രണത്തിന്റെ ആരംഭകാലത്തുള്ള പ്രോജക്ടായിരുന്നു ഇതെന്നും പൊതുജനങ്ങൾക്ക് തൃപ്തികരമായ രീതിയിൽ പദ്ധതി നടപ്പാക്കണമെന്ന ഉദ്ദേശത്തിൽ ആ പ്രദേശത്തെ ജനങ്ങൾക്ക് ഏറ്റവും വിശ്വാസമുള്ള

തയ്യൽ മെഷീൻ 'സിംഗർ സൊവറീൻ' ആണെന്ന് അറിഞ്ഞുകൊണ്ട് പ്രോജക്ട് എക്സ്പെർട്ട് കമ്മിറ്റിയാണ് ഈ പ്രോജക്ട് തയ്യാറാക്കി 3,020 രൂപ ഒരു തയ്യൽ മെഷീന് വില നിശ്ചയിച്ചതെന്നും പദ്ധതി ബി.എൽ.ഇ.സി., ഡി.പി.സി. എന്നിവ അംഗീകരിക്കുകയും ഗുണഭോക്താക്കളെ നിശ്ചയിച്ച് അവരിൽ നിന്നും 50% വിഹിതം ഈടാക്കുകയും ചെയ്തെന്നും അന്നത്തെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന റിട്ട. സെക്രട്ടറി അറിയിച്ചു. അതിനുശേഷം ടെണ്ടർ വിളിച്ചപ്പോൾ 'സിംഗർ സൊവറീൻ' എന്ന തയ്യൽ മെഷീന് 2,595 രൂപ വിലവച്ച് പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും തയ്യൽ മെഷീൻ വാങ്ങി കൊടുക്കാൻ സെക്രട്ടറിയോട് നിർദ്ദേശിക്കുകയും ചെയ്തെന്നും ടി പ്രോജക്ട് 3/2008-ൽ പൂർത്തിയാക്കുകയും ഇപ്പോഴും ഈ പ്രോജക്ട് ഉപകാരപ്രദമായി നടക്കുകയും ചെയ്യുന്നുണ്ടെന്നും മുൻ സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു. ടി പരാമർശവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ല എന്ന വസ്തുത കണക്കിലെടുത്തും റിട്ടയർ ചെയ്ത് എട്ട് വർഷം കഴിഞ്ഞ് രോഗാവസ്ഥയിൽ ബുദ്ധിമുട്ടുന്ന തന്റെ അവസ്ഥ പരിഗണിച്ചും പരാമർശം ഒഴിവാക്കിത്തരണമെന്നും അദ്ദേഹം തുടർന്ന് സമിതിയിൽ അപേക്ഷിച്ചു.

208. പദ്ധതി ഡി.പി.സി. അംഗീകരിച്ചാലും പ്രോജക്ട് ഇംപ്ലിമെന്റ് ചെയ്യുന്ന ഓഫീസറാണ് കാര്യങ്ങൾ ശരിയായവിധം നടപ്പിലാക്കേണ്ടതെന്ന് പരാമർശിച്ചതിനോടൊപ്പം കേസ് ഹൈക്കോടതിയുടെ പരിഗണനയിലുള്ളതിനാൽ കേസിന്റെ വിധി അറിഞ്ഞതിനുശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കാമെന്ന് സമിതി തീരുമാനിക്കുകയും കേസിന്റെ തുടർന്നുള്ള സ്ഥിതി സമിതിയെ അറിയിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:

209. ഹൈക്കോടതിയിൽ ഹിയറിംഗിന് പോസ്റ്റ് ചെയ്തിട്ടില്ല [കേസ് നമ്പർ-WP(C) 37365/2007].

സമിതി നിർദ്ദേശത്തിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

210. ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിൽ [കേസ് നമ്പർ WP(C) 37365/07] 19-3-2008-ൽ അനുവദിച്ച ഇടക്കാല സ്റ്റേ തുടരുന്നു. കേസിന്റെ അവസാന തീർപ്പ് ആയിട്ടില്ല.

**നിഗമനങ്ങൾ/ശിപാർശകൾ**

211. **ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടത്തുക ഈടാക്കുന്നതിനെതിരെ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ് ത്വരിതപ്പെടുത്തുന്നതിനും കോടതി വിധിപ്രകാരം അടിയന്തരമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പദ്ധതികൾ—രേഖകൾ ഹാജരാക്കിയില്ല**

എളവൂർ ഗവ. സ്കൂൾ ഹെഡ്മിസ്ട്രസിനെ വിവിധ പദ്ധതികളുടെ നിർവ്വഹണോദ്യോഗസ്ഥയായി തെരഞ്ഞെടുക്കുകയും ചെക്ക് നമ്പർ 35144/15-12-1998 പ്രകാരം 1,17,546 രൂപ പദ്ധതി വിഹിതമായി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതികളുമായി ബന്ധപ്പെട്ട രേഖകളും ട്രഷറി പാസ്സ് ബുക്ക്, ക്യാഷ് ബുക്ക് എന്നിവയും ഓഡിറ്റിൽ ഹാജരാക്കാത്ത സാഹചര്യത്തിൽ പദ്ധതി നടത്തിപ്പിനായി നൽകിയ മുഴുവൻ തുകയും ഇവരിൽ നിന്നും പലിശ സഹിതം ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.7.2(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

212. ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് തന്റെ ചുമതലയിലുണ്ടായിരുന്ന പന്ത്രണ്ട് സ്കൂളുകളുടെ പ്രവൃത്തി ചെയ്തു കഴിഞ്ഞപ്പോൾ ഫയലുകൾ പഞ്ചായത്തിൽ ഏല്പിച്ചുവെന്നും 1999-ൽ താൻ റിട്ടയർ ചെയ്തുവെന്നും നിർവ്വഹണ ഉദ്യോഗസ്ഥയായിരുന്ന റിട്ട. ഹെഡ്മിസ്ട്രസ് ശ്രീമതി രാജമ്മ സമിതിയിൽ അറിയിച്ചു. പഞ്ചായത്തിൽ നിന്നും തനിക്ക് കിട്ടിയ നോട്ടീസിന് 15 ദിവസത്തിനുള്ളിൽ മറുപടി കിട്ടിയില്ല എന്ന കാരണം പറഞ്ഞ് ആർ.ആർ. നോട്ടീസ് നൽകിയതിനാൽ ആയതിന് താൻ സ്റ്റേ വാങ്ങിയിട്ടുണ്ടെന്നും അവർ സമിതിയിൽ അറിയിച്ചു. പദ്ധതി രേഖകളുടെ കോപ്പികൾ തന്റെ കൈവശമുണ്ടെന്നും ആയത് ഓഡിറ്റ് വകുപ്പ് നിർദ്ദേശിക്കുന്ന ദിവസം ഹാജരാക്കാമെന്നും അവർ സമിതിയിൽ അറിയിച്ചു. 4-1-2010-ന് ഓഡിറ്റ് വകുപ്പ് ഉദ്യോഗസ്ഥർ പഞ്ചായത്ത് സന്ദർശിക്കുന്ന അവസരത്തിൽ രേഖകൾ ഹാജരാക്കാൻ ശ്രീമതി രാജമ്മയോട് സമിതി നിർദ്ദേശിക്കുകയും രേഖകൾ പരിശോധിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിയോട് സമിതി നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത രേഖകൾ പരിശോധിച്ച് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

213. നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ രേഖകൾ 4-1-2010-ൽ പഞ്ചായത്താഫീസിൽവച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് അധികൃതർ പരിശോധന നടത്തിയിട്ടുള്ളതാണ്.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

214. പാറക്കടവ് ഗ്രാമപഞ്ചായത്തിലെ എളവൂർ സർക്കാർ എൽ. പി. സ്കൂളിലെ പ്രധാന അദ്ധ്യാപികയായിരുന്ന ശ്രീമതി വി. രാജമ്മ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ 5 വിദ്യാഭ്യാസ പ്രോജക്ടുകൾക്കായി 15-12-1997-ലെ 035144-ാം നമ്പർ ചെക്ക് പ്രകാരം 1,17,546 രൂപ പഞ്ചായത്തിൽ നിന്ന് അനുവദിച്ചിരുന്നു. അവയുടെ ചെലവ് നടത്തിയത് പരിശോധിച്ചതിൽ നിന്നുള്ള വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ് :

(1) <u>പ്രൊഫഷണൽ കോഴ്സ് ധനസഹായം</u> :

ഈയിനത്തിൽ 30,000 രൂപയാണ് അനുവദിച്ചിരുന്നത്. ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് 1,400 രൂപ പ്രകാരം 16 പേർക്കും പട്ടികജാതി വിഭാഗത്തിൽ 1,500 രൂപ വീതം 5 പേർക്കും ഉൾപ്പെടെ 29,900 രൂപ ചെലവ് ചെയ്തു. എന്നാൽ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ അസ്സൽ രസീത് പ്രാദേശിക പരിശോധനയിൽ ഹാജരാക്കിയില്ല. പകരം 01/2008-ലേയും 02/2008-ലേയും തീയതികൾ വച്ച് ടി തുക കൈപ്പറ്റിയതായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ പേരിൽ പുതിയതായി കൈപ്പറ്റ് രസീത് ഹാജരാക്കുകയാണ് ചെയ്തിട്ടുള്ളത്.

(2) <u>എൽ. പി. എസ്. ലൈബ്രറിക്ക് ധനസഹായം</u> :

ആകെ 7,500 രൂപ ഈയിനത്തിൽ അനുവദിക്കപ്പെട്ടുവെങ്കിലും 3 സ്കൂളുകൾക്ക് 1,250 രൂപ ക്രമത്തിൽ 3,750 രൂപ ആകെ നൽകിയിട്ടുള്ളു. ഈ തുകകൾ കൈപ്പറ്റിയതിന്റെയും ഒറിജിനൽ രസീതുകൾക്ക് പകരം 3 സ്കൂളുകളും ഈ തുക കൈപ്പറ്റിയതായുള്ള 1/2008-ലെ തീയതിയായുള്ള കത്തുകളാണ് പ്രാദേശിക പരിശോധനാവേളയിൽ ഹാജരാക്കിയത്.

(3) <u>ലൈബ്രറി ശക്തിപ്പെടുത്തൽ</u> :

പാറക്കടവ് പഞ്ചായത്ത് ലൈബ്രറിക്ക് 22,070 രൂപയുടെ പുസ്തകങ്ങളും ദേശാഭിമാനി ഗ്രാമീണ വായനശാലയ്ക്ക് 5,000 രൂപയും എ.കെ.ജി. സ്മാരക വായനശാലയ്ക്ക് 3,000 രൂപയും ഉൾപ്പെടെ 30,070 രൂപയാണ് ഈയിനത്തിൽ ചെലവായത്. ടി തുകയ്ക്ക് ബുക്കുകൾ വാങ്ങിയതിന്റെ ബില്ലുകളോ പുസ്തകങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ രേഖകളോ പ്രാദേശിക പരിശോധനയിൽ ഹാജരാക്കിയില്ല. പകരം 22,070 രൂപ കൈപ്പറ്റിയതായുള്ള ഡി.സി. ബുക്സിന്റെ രസീതും 5,000 രൂപയും 3,000 രൂപയും യഥാക്രമം കൈപ്പറ്റിയതായുള്ള ദേശാഭിമാനി വായനശാല പ്രസിഡന്റിന്റെയും എ.കെ.ജി. വായനശാല സെക്രട്ടറിയുടെയും രസീതുകളുമാണ് ഹാജരാക്കിയത്.

(4) സ്കൂളുകളിൽ ഉച്ചഭക്ഷണം :

ഈയിനത്തിൽ 12 സ്കൂളുകൾക്ക് ആകെ 32,731 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി തുകകൾക്കുള്ള അസ്സൽ കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല. പകരം ടി തുകകൾ കൈപ്പറ്റിയതായി 1/08-ലെ തീയതികൾ വച്ച് ഈ സ്കൂളുകളിലെ പ്രധാന അദ്ധ്യാപകരുടെ കത്തുകളാണ് പ്രാദേശിക പരിശോധനയിൽ ഹാജരാക്കിയത്.

(5) ഉച്ചഭക്ഷണം തയ്യാറാക്കാൻ പാത്രങ്ങൾ :

ഉച്ചഭക്ഷണത്തിനായി പണം അനുവദിച്ച 12 സ്കൂളുകൾക്ക് ഭക്ഷണം തയ്യാറാക്കുന്നതിന് പാത്രങ്ങൾ വാങ്ങുന്നതിനായി 20,220 രൂപ ചെലവഴിച്ചിട്ടുണ്ട്. പാത്രങ്ങൾ വാങ്ങിയതിന്റെ ബില്ലുകളോ സ്റ്റോക്കിലെടുത്ത വിവരമോ സ്കൂളുകൾക്ക് പാത്രങ്ങൾ നൽകിയ രേഖകളോ ഹാജരാക്കിയില്ല. പകരം ടി തുകകൾ കൈപ്പറ്റിയതായിട്ടുള്ള ബന്ധപ്പെട്ട സ്കൂളുകളിലെ പ്രധാന അദ്ധ്യാപകരുടെ 1/08 തീയതിവച്ചുള്ള കത്തുകളാണ് പ്രാദേശിക പരിശോധനാവേളയിൽ ഹാജരാക്കിയത്.

മേല്പറഞ്ഞ പ്രകാരം അഞ്ച് പദ്ധതികൾക്കായി 1,16,671 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്തിൽ നിന്ന് 1,17,546 രൂപയാണ് നിർവ്വഹണോദ്യോഗസ്ഥയ്ക്ക് നൽകിയത്. ബാക്കിയുള്ള 875 രൂപ പഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ടോയെന്ന വിവരം ക്യാഷ് ബുക്ക്, പാസ്സ് ബുക്ക് എന്നിവ ഹാജരാക്കാത്തതിനാൽ പരിശോധിക്കാൻ കഴിഞ്ഞില്ല.

215. എന്നാൽ നിർവ്വഹണോദ്യോഗസ്ഥയായ പ്രധാന അദ്ധ്യാപിക ശ്രീമതി വി. രാജമ്മ നടപ്പിലാക്കിയ 5 പ്രോജക്ടുകളും വിജയകരമായി നടത്തിയിട്ടുണ്ടെന്ന വിവരം മുൻഭരണസമിതിക്കും ഇപ്പോഴത്തെ ഭരണസമിതിക്കും പൂർണ്ണ ബോദ്ധ്യമുണ്ട് എന്ന് അംഗീകരിച്ചുകൊണ്ടുള്ള 10-11-2009-ലെ 11(2)-ാം നമ്പർ ഭരണ സമിതി തീരുമാനത്തിന്റെ പകർപ്പ് പ്രാദേശിക പരിശോധനയിൽ ഹാജരാക്കിയിരുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

216. **എളവൂർ സർക്കാർ ഗവ. എൽ.പി. സ്കൂളിലെ പ്രധാനാദ്ധ്യാപിക നിർവ്വഹണോദ്യോഗസ്ഥയായ 5 വിദ്യാഭ്യാസ പ്രോജക്ടുകൾക്കായി പദ്ധതി വിഹിതമായി നല്കിയ 1,17,546 രൂപയ്ക്ക് മതിയായ ചെലവുരേഖകൾ ഹാജരാക്കിയില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള തെളിവെടുപ്പ് യോഗത്തിൽ, പ്രസ്തുത രേഖകൾ പ്രവൃത്തി കഴിഞ്ഞപ്പോൾ ഗ്രാമപഞ്ചായത്തിൽ ഏല്പിച്ചുവെന്നും അവയുടെ പകർപ്പുകൾ കൈവശമുണ്ടെന്നും അവ ഹാജരാക്കാൻ തയ്യാറാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ വ്യക്തമാക്കിയിരുന്നു. ആയതിന്റെ**

അടിസ്ഥാനത്തിൽ ടി രേഖകൾ ഓഡിറ്റിന് ഹാജരാക്കാനും ഓഡിറ്റ് അവ പരിശോധിച്ച് റിപ്പോർട്ട് നല്കുവാനും സമിതി ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം പദ്ധതിക്കായി 1,17,546 രൂപ നല്കിയതിന്റെ ചെലവ് രേഖകൾ പ്രകാരം 1,16,671 രൂപ ചെലവഴിച്ചിട്ടുള്ളതായും ബാക്കി 875 രൂപ തിരിച്ചടച്ചതിനുള്ള രേഖകൾ ലഭ്യമല്ല എന്നും പദ്ധതികൾ വിജയകരമായി നടപ്പാക്കിയിട്ടുണ്ടെന്നും മുൻ ഭരണസമിതിക്കും ഇപ്പോഴത്തെ ഭരണസമിതിക്കും പൂർണ്ണബോധ്യമുണ്ടെന്ന ഭരണസമിതി തീരുമാനം ഹാജരാക്കിയിട്ടുള്ളതായും കാണുന്നു. 1999-ൽ വിരമിച്ച നിർവ്വഹണോദ്യോഗസ്ഥ പ്രവൃത്തി പൂർത്തീകരിച്ചപ്പോൾതന്നെ ചെലവ് രേഖകൾ പഞ്ചായത്തിനെ ഏല്പിച്ചുവെന്നും അവയുടെ പകർപ്പ് കൈവശമുണ്ടെന്നും അവകാശപ്പെട്ടുവെങ്കിലും 1/2008, 2/2008 തീയതികൾ വച്ച രസീതുകളും കത്തുകളുമാണ് 4-1-2010-ലെ ഓഡിറ്റ് പരിശോധനാ വേളയിൽ സമർപ്പിച്ചതെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത നടപടി ഓഡിറ്റ് ഖണ്ഡികയിലെ പരാമർശത്തിന് ശക്തിപകരുന്നുവെന്ന് മാത്രമല്ല രേഖകൾ കൈവശമുണ്ടെന്ന് സമിതി മുമ്പാകെ നല്കിയ മൊഴി ശരിയായിരുന്നില്ല എന്നും വ്യക്തമാകുന്നു. കൂടാതെ, ഇപ്പോൾ സമർപ്പിച്ച രേഖകളെല്ലാംതന്നെ റവന്യൂ റിക്കവറി നടപടിക്കെതിരെ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനുശേഷം തയ്യാറാക്കിയവയാണെന്നും തെളിയുന്നു.

217. ഈ സാഹചര്യത്തിൽ, ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ രേഖകളില്ലാതെ ചെലവാക്കിയ തുക തിരികെ ഈടാക്കാൻ സ്വീകരിച്ച റവന്യൂ റിക്കവറി നടപടിക്കെതിരെ ടിയാൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസിന്മേലുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും കോടതി വിധിപ്രകാരം അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ഓഡിറ്റ് റിപ്പോർട്ട് വർഷം—2000-2001**

**ഓഡിറ്റ് ഖണ്ഡിക നമ്പർ 10—ജനകീയ ഭവനനിർമ്മാണം—1.7 ലക്ഷം രൂപ അധികച്ചെലവ്**

ത്രിതല പഞ്ചായത്തുകൾ സംയുക്തമായി നടപ്പിലാക്കുന്ന ജനകീയ ഭവന പദ്ധതിയിൽ 131 ഗുണഭോക്താക്കൾക്കാണ് ജില്ലാ പഞ്ചായത്ത് അർഹത നിശ്ചയിച്ചിരുന്നതെങ്കിലും ഗ്രാമപഞ്ചായത്ത് 220 പേരെ തെരഞ്ഞെടുത്തതിനാൽ കൂടുതലായി ഉൾപ്പെടുത്തിയ

89 പേരുടെ ഗുണഭോക്തൃവിഹിതം 2,000 രൂപാവീതം ബ്ലോക്ക് പഞ്ചായത്ത് അടയ്ക്കുവാൻ വിസമ്മതിച്ചു. ഇവരുടെ ബ്ലോക്ക് വിഹിതംകൂടി പഞ്ചായത്തിന് അടയ്ക്കേണ്ടിവന്നു. പരസ്പരധാരണയില്ലായ്മയാൽ പഞ്ചായത്തിന് 1,78,000 (89 x 2,000) രൂപ അധികമായി ചെലവ് വന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.1.5.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

218. പദ്ധതിയുമായി ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതംകൂടി പഞ്ചായത്ത് അടച്ചു എന്ന വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

219. **ഭവനനിർമ്മാണ പദ്ധതിയിൽ കൂടുതലായി ഉൾപ്പെടുത്തിയ 89 പേരുടെ വിഹിതം, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ലഭ്യമാകാതിരുന്ന സാഹചര്യത്തിലാണ് പ്രസ്തുത ഗുണഭോക്തൃ വിഹിതംകൂടി ഗ്രാമപഞ്ചായത്ത് അടച്ചതെന്ന മറുപടി അംഗീകരിച്ചുകൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഓഡിറ്റ് റിപ്പോർട്ട് വർഷം—2000-2001**

**ഓഡിറ്റ് ഖണ്ഡിക നമ്പർ 12—പുളിയനംകുന്ന്-മൈലാട്ടുംപാറ—ശുദ്ധജലവിതരണ പദ്ധതി**

പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലും ഏക തൊഴിൽമേഖലയായ കരിങ്കൽ ക്വാറിയിലും വെള്ളമെത്തിക്കുന്നത് ലക്ഷ്യമിട്ടുള്ള ഈ പദ്ധതിക്ക് സമാഹരണ മുൻകൂറായി 50,000 രൂപയും ഒന്നാം പാർട്ട് ബില്ലായി 13,891 രൂപയും ഉൾപ്പെടെ 63,891 രൂപ ചെലവാക്കി. എന്നാൽ ദീർഘവീക്ഷണമില്ലായ്മയും വിദഗ്ദ്ധ സമിതി അംഗത്തിന്റെ വിയോജനക്കുറിപ്പും പരിഗണിക്കാതെ അനുമതി നൽകിയതിനാലും പദ്ധതി പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.1.5.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

220. പ്രസ്തുത പദ്ധതിക്കായി 63,891 രൂപ കൺവീനർക്ക് നൽകിയിട്ടുണ്ടായിരുന്നുവെന്നും പഞ്ചായത്തിലെ 86 കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യമെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. പദ്ധതി പ്രദേശത്തിനടുത്തുള്ള രാമങ്കുളത്തിൽ നിന്നും വെള്ളം ടാങ്കിൽ നിറച്ച് അവിടെനിന്ന് പൈപ്പ്‌വഴി കൊണ്ടുപോകാനാണ് നിശ്ചയിച്ചിരുന്നതെന്നും കുളം വൃത്തിയാക്കിയപ്പോൾ കുളത്തിൽ നിന്നും നൂറ് മീറ്റർ അകലെയുള്ള മാംപ്ര പള്ളിയുടെ സെമിത്തേരിയിൽ നിന്നുള്ള ഭൂഗർഭ ജലമാലിന്യം കുളത്തിൽ അടിയുന്നതായി കാണപ്പെടുകയും ആയത് ജനങ്ങളുടെ ഇടയിൽ ചർച്ചാവിഷയമാകുകയും ചെയ്തു. ഈ സാഹചര്യത്തിൽ ഈ ജലം ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് ആശയക്കുഴപ്പം ഉയരുകയുണ്ടായി. ഈ സന്ദർഭത്തിൽ പിന്നോക്ക ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതി വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തുകയും ചെയ്തു. രണ്ട് പദ്ധതികൾ ഒരേ സമയത്ത് ഒരേ സ്ഥലത്ത് ആവശ്യമില്ല എന്ന നിഗമനത്തിൽ പുളിയനം-മൈലാട്ടുംപാറ ശുദ്ധജലവിതരണ പദ്ധതി അവസാനിപ്പിക്കാനും പഞ്ചായത്തിലെ മൊത്തം ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ കഴിയുന്ന പദ്ധതി ആരംഭിക്കാനും തീരുമാനിച്ചെന്നും കൺവീനർക്ക് അധികം നൽകിയ തുക അയാളിൽ നിന്നും തിരികെ ഈടാക്കിയിട്ടുണ്ടെന്നും കൊടുത്ത പണം ഉപയോഗിച്ചിട്ടുണ്ടെന്നും പാറക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ അറിയിച്ചു.

221. പദ്ധതിയുടെ വിശദമായ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കാൻ സമിതി നിർദ്ദേശിച്ചതിനൊപ്പം പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

## നിഗമനങ്ങൾ/ശിപാർശകൾ

**222. പദ്ധതി ആസൂത്രണത്തിലെ ദീർഘവീക്ഷണമില്ലായ്മയാണ് പുളിയനം-മൈലാട്ടുംപാറ ശുദ്ധജല വിതരണ പദ്ധതി ഉപേക്ഷിക്കുവാനും ഫണ്ട് വിനിയോഗം ഉപയോഗശൂന്യമാകാനും കാരണമായതെന്ന് സമിതി വിലയിരുത്തുന്നു. വിദഗ്ദ്ധ സമിതി അംഗത്തിന്റെ വിയോജനക്കുറിപ്പ് അവഗണിച്ചത് ഉചിതമായില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. കൺവീനർക്ക് അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെന്നുള്ള സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പ്രധാനമന്ത്രിയുടെ സ്കീമിൽപ്പെടുത്തി കൃഷി ഡിപ്പാർട്ട്മെന്റ് നടപ്പാക്കിയ പദ്ധതി കൺവീനർ അധികംപറ്റിയ തുക 1,53,669 രൂപ പലിശസഹിതം തിരിച്ചുപിടിക്കണം**
**(2000-01 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 21)**

കരിപ്പാശ്ശേരി-കണ്ണംകുഴിശ്ശേരി തോടിന്റെ പണിയിൽ മൂല്യനിർണ്ണയ പ്രകാരം 4,07,448 രൂപയുടെ പണികളാണ് നടത്തിയിട്ടുള്ളത്. (അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് പ്രകാരം) എന്നാൽ പണിക്കുവേണ്ടി 1,53,669 രൂപ നോമിനി അധികമായി വാങ്ങിയിട്ടുള്ളതായി കൃഷി അസി. ഡയറക്ടർ നെടുമ്പാശ്ശേരിയുടെ 11-11-2002-ലെ 103/99 നമ്പർ കത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇതിന്റെ നിജസ്ഥിതി പരിശോധിച്ച് മേൽനടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. വേല നടത്തിയത് സംബന്ധിച്ച് മറ്റ് രേഖകളൊന്നും (ബിൽ, അളവ് പുസ്തകം തുടങ്ങിയവ) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-2005-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.1.5.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

223. ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് നെടുമ്പാശ്ശേരി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ നിർവ്വഹണ ചുമതലയിൽ കരിപ്പാശ്ശേരി-കണ്ണംകുഴിശ്ശേരി തോടിന്റെ പണിക്ക് 7,40,350 രൂപ പഞ്ചായത്തിലേക്ക് അലോട്ട് ചെയ്യുകയും 15-4-1997-ലെ കൃഷി അസിസ്റ്റന്റ് ഡയറക്ടറും കൺവീനറും തമ്മിലുള്ള കരാർ പ്രകാരം രണ്ട് ലക്ഷം രൂപ അഡ്വാൻസ് നൽകുകയും പിന്നീട് 9-6-1997-ൽ മൂന്ന് ലക്ഷം രൂപ കൂടി അനുവദിക്കുകയും ചെയ്തുവെന്ന് സെക്രട്ടറി അറിയിച്ചു. പിന്നീട് പണികളൊന്നും നടന്നിട്ടില്ലാത്തതിനാൽ പൂർത്തീകരിച്ച പണിയുടെ വാല്യുവേഷൻ 2002-03 വർഷത്തിൽ എടുത്തപ്പോൾ 4,07,448 രൂപയുടെ പണികൾ ചെയ്തതായി ബോദ്ധ്യപ്പെട്ടു. ആയതിന്റെ 85% കൺവീനർക്ക് നൽകാനായാണ് തീരുമാനിച്ചിരുന്നതെന്നും അതിൻപ്രകാരം കൺവീനർ അധികം കൈപ്പറ്റിയതായ 1,53,669 രൂപ ഈടാക്കുന്നതിന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപടി സ്വീകരിക്കുകയുണ്ടായെന്നും കൺവീനർക്കെതിരെ ആർ.ആർ. നടപടി സ്വീകരിച്ചപ്പോൾ ടിയാൻ ആയതിനെതിരെ ഹൈക്കോടതിയെ സമീപിച്ച് രണ്ടുമാസത്തെ സ്റ്റേ വാങ്ങിയെന്നും അതിനുശേഷം ഹൈക്കോടതിയിൽ വീണ്ടും ഹർജി സമർപ്പിച്ചതിനെ തുടർന്ന് സെക്രട്ടറിയെയും കൃഷി അസിസ്റ്റന്റ് ഡയറക്ടറെയും കൺവീനറെയും വിളിച്ച് സർക്കാർ തലത്തിൽ തെളിവെടുപ്പ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ കൺവീനറിൽ നിന്ന് തുക പലിശസഹിതം തിരിച്ചുപിടിക്കാൻ ഉത്തരവായെന്നും ആർ.ആർ. നടപടിക്ക് കത്ത് കൊടുത്തിട്ടുണ്ടെന്നും സെക്രട്ടറി സമിതിയിൽ അറിയിച്ചു.

224. ആർ.ആർ. നടപടി ത്വരിതപ്പെടുത്തി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

225. ആലുവ സ്പെഷ്യൽ തഹസിൽദാർ (റവന്യൂ റിക്കവറി)യുടെ 23-4-2009-ലെ ആർ-4-2419/07-ാം ഉത്തരവ് പ്രകാരം റവന്യൂ റിക്കവറി നടപടികൾ തുടങ്ങിയെങ്കിലും ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനാൽ (കേസ് നമ്പർ WP(C)36252/09(B) 21-12-2009-ലെ ഉത്തരവ് പ്രകാരം അനുവദിച്ച ഇടക്കാല സ്റ്റേ തുടരുന്നു.

### നിഗമനങ്ങൾ/ശിപാർശകൾ

226. **കോടതിവിധി പ്രകാരം അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള കൺവീനർ അധികം കൈപ്പറ്റിയ തുക പലിശസഹിതം ഈടാക്കുന്നതിനും പ്രസ്തുത തുക ഈടാക്കുന്നതിനെതിരെ കൺവീനർ ബഹു. കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസിന്റെ നിലവിലെ സ്ഥിതി അറിയിക്കുന്നതിനും നടപടി ത്വരിതപ്പെടുത്തുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

## കൂവപ്പടി ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

### ഗ്രാമീണ ഇൻഷ്വറൻസ് പദ്ധതി—അധികം തുക പ്രീമിയം ഇനത്തിൽ നൽകി

ഗ്രാമീണ ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ കൂവപ്പടി ഗ്രാമപഞ്ചായത്തിലെ ജനങ്ങളെ ന്യൂ ഇൻഡ്യ ഇൻഷ്വറൻസ് കമ്പനി മുഖേന ഇൻഷ്വർ ചെയ്യുന്നതിലേക്കായി 1997-98 വർഷത്തിൽ ആളൊന്നിന് 1 രൂപ 23 പൈസ ക്രമത്തിൽ 50,000 പേർക്ക് 61,500 രൂപ പ്രീമിയം ഇനത്തിൽ അടവാക്കിയിട്ടുണ്ട്. 1998-99 സാമ്പത്തിക വർഷം ആളുകളുടെ എണ്ണം 52000 എന്ന് കണക്കാക്കി ആളൊന്നിന് 1 രൂപ 89 പൈസ നിരക്കിൽ പ്രീമിയം കണക്കാക്കി 98,280 രൂപ ഇൻഷ്വറൻസ് കമ്പനിക്ക് നൽകി കാണുന്നു. കമ്പനിയുമായിട്ടുള്ള എഗ്രിമെന്റ് പ്രകാരം 1998-99-ലും പ്രീമിയം തുക ആളൊന്നിന് 1 രൂപ 23 പൈസ നിരക്കിലാണ്. എന്നാൽ പ്രീമിയം തുക 1 രൂപ 89 പൈസ പ്രകാരം 52000 പേർക്ക് കണക്കാക്കി അടച്ചതിനാൽ പഞ്ചായത്തിന് 34,320 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.7.3(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

227. 1997-98 വർഷത്തിൽ പോളിസി തുക 1 രൂപ 23 പൈസ ആയിരുന്നുവെന്നും 1998-99-ൽ കൂടി ടി പദ്ധതി പഞ്ചായത്ത് തുടരാൻ തീരുമാനിച്ചിരുന്നുവെന്നും ആ ഘട്ടത്തിൽ പോളിസിയുടെ പേര് മാറ്റുകയും പ്രീമിയം തുക 1 രൂപ 89 പൈസയായി ഇൻഷ്വറൻസ് കമ്പനി ഉയർത്തുകയും ചെയ്തുകൊണ്ടാണ് അധിക തുക അടയ്ക്കേണ്ടി വന്നതെന്നുമുള്ള സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**228. ഇൻഷ്വറൻസ് കമ്പനിയുടെ കത്തു പ്രകാരം 1998-99 വർഷത്തിൽ പ്രീമിയം തുക 1 രൂപ 89 പൈസയായി വർദ്ധിപ്പിച്ചതുകൊണ്ടാണ് പരാമർശവിധേയമായ തുക അധികമായി അടയ്ക്കേണ്ടിവന്നതെന്നുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ചൂടാറാപ്പെട്ടി വിതരണം ഉത്തരവിന് വിരുദ്ധം**
**(1999-2000 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5)**

1998-99 മുതൽ ചൂടാറാപ്പെട്ടി വ്യക്തിഗത ഗുണഭോക്താക്കൾക്ക് വിതരണം നടത്തരുതെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ 10-9-1998-ലെ 36804/പി3/98 ഉത്തരവിന് വിരുദ്ധമായി 540 ഗുണഭോക്താക്കൾക്ക് 135 രൂപ നിരക്കിൽ ചൂടാറാപ്പെട്ടി വാങ്ങി നൽകി. ഇതിൽ 67.50 രൂപ വീതം 279 പേരിൽനിന്ന് മാത്രമാണ് ഗുണഭോക്തൃ വിഹിതം വാങ്ങിയിട്ടുള്ളത് (18,832.50 രൂപ) മൊത്തം ചെലവ് 72,900 രൂപയിൽ 18,832.50 രൂപ കിഴിച്ച് 54,067.50 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ചുപിടിക്കേണ്ട താണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.10.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

229. 540 ചൂടാറാപ്പെട്ടികളാണ് വാങ്ങിയതെന്നും അതിൽ 279 പെട്ടികളാണ് ഗുണഭോക്തൃ വിഹിതം ഓഡിറ്റ് ചെയ്തിരുന്നതെന്നും ബാക്കി 261 പെട്ടികളുടെ ഗുണഭോക്തൃ

വിഹിതമാണ് ഓഡിറ്റിൽ തടസ്സപ്പെട്ടിരിക്കുന്നതെന്നും ആയതിൽ 14,040 രൂപ അന്നത്തെ സെക്ഷൻ ക്ലാർക്കിന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും വകുപ്പുതല അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ അടച്ചിട്ടുണ്ട് എന്നും സെക്രട്ടറി സമിതിയിൽ അറിയിച്ചു. ബാക്കി 3,128 രൂപ വിതരണം ചെയ്യാതെ നശിച്ചുപോയ പെട്ടികളുടെ ഗുണഭോക്തൃ വിഹിതമാണെന്നും സെക്രട്ടറി തുടർന്നറിയിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

230. **വിതരണം ചെയ്ത ചൂടാറാപ്പെട്ടികളുടെ ഗുണഭോക്തൃ വിഹിതമായി ഈടാക്കാത്ത തുക ഉത്തരവാദിയായ സെക്ഷൻ ക്ലാർക്കിന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും അടച്ചിട്ടുള്ളതായി സെക്രട്ടറി വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## പാലക്കുഴ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക 1998-99

**കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി പുതിയത് നടുന്നത്—അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി**

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കേടുപറ്റിയ തെങ്ങുകൾ വെട്ടിമാറ്റി പകരം പുതിയ തെങ്ങിൻതൈകൾ നടുകയാണ് പദ്ധതി. പദ്ധതി നടത്തിപ്പിലേക്കായി ഒരു തെങ്ങ് വെട്ടിമാറ്റുന്നതിന് 100 രൂപ വീതം പദ്ധതി വിഹിതത്തിൽ നിന്നും നൽകുന്നു. കൂടാതെ പുതിയ തെങ്ങിൻതൈകൾ നടുന്നതിന് 20 രൂപ ചെലവ് വരുന്നതിൽ 10 രൂപ പദ്ധതി വിഹിതവും 10 രൂപ ഗുണഭോക്തൃ വിഹിതവുമായിരിക്കും. 14-10-1998-ലെ ജി.ഒ.(പി) നമ്പർ 209/98/എൽ.എ.ഡി. ഉത്തരവ് പ്രകാരം നാമമാത്ര കർഷകർക്കു മാത്രമാണ് കേടുവന്ന തെങ്ങ് വെട്ടിമാറ്റുന്നതിന് ധനസഹായത്തിന് അർഹതയുള്ളത്. എന്നാൽ ഗുണഭോക്താക്കൾ നൽകിയ അപേക്ഷ പരിശോധിച്ചതിൽ 2.5 ഏക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ളവർക്കും ധനസഹായം നൽകിയതായി കാണുന്നു. ഇപ്രകാരം അനധികൃതമായി നൽകിയ 28,000 രൂപ മുകളിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിന് വിരുദ്ധമായതിനാൽ ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.7.4(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

231. നാമമാത്ര കർഷകർക്കാണ് തെങ്ങ് മുറിച്ചുമാറ്റുന്നതിനുള്ള ആനുകൂല്യം കൊടുക്കാൻ തീരുമാനിച്ചിരുന്നതെങ്കിലും പഞ്ചായത്ത് വാർഡ് മെമ്പർ, കേര സമിതി ഭാരവാഹികൾ എന്നിവർ സംയുക്തമായി രോഗനിവാരണം എന്ന രീതിയിൽ ഗുണഭോക്തൃ ലിസ്റ്റ് നേരത്തെ തന്നെ തയ്യാറാക്കി, ആനുകൂല്യം നൽകുകയായിരുന്നുവെന്ന് പാലക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ അറിയിച്ചു. അതിനാലാണ് 28,000 രൂപ ഓഡിറ്റ് നിരാകരിച്ചത് എന്നും സെക്രട്ടറി അറിയിച്ചു. ഈ ചെലവിന് സർക്കാരിലേക്ക് സാധൂകരണത്തിനായി എഴുതിയിട്ടുണ്ടെന്നും സെക്രട്ടറി തുടർന്നറിയിച്ചു.

232. സമിതിയുടെ മുമ്പിലുള്ള വിഷയമായതിനാൽ സമിതി തീരുമാനം വന്നതിനുശേഷം സാധൂകരണം കൊടുക്കാമെന്നതായിരുന്നു തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിലപാടെന്ന് എസ്.പി.എ.ഒ. സമിതിയിൽ അറിയിച്ചു. സമിതിയുടെ മുമ്പിലുള്ള വിഷയമായതുകൊണ്ട് സാധൂകരണം നൽകാതിരിക്കേണ്ടതില്ലെന്നും നൽകാവുന്ന ചെലവാണെങ്കിൽ അപ്രകാരം ചെയ്യുന്നതിന് സർക്കാരിന് സ്വാതന്ത്ര്യമുണ്ടെന്നും ഈ വിഷയം പരിശോധിച്ച് സാധൂകരണം നൽകുകയാണെങ്കിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്നും സമിതി തീരുമാനിച്ചു.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

233. 17-9-2007-ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനമനുസരിച്ച് 3-12-2008-ൽ സാധൂകരണത്തിനായി സർക്കാരിലേക്ക് കത്തയച്ചു. നാളിതുവരെ സാധൂകരണം ലഭ്യമായിട്ടില്ല.

**നിഗമനങ്ങൾ/ശിപാർശകൾ**

**234. ഓഡിറ്റ് ഖണ്ഡികയിൽ തടസ്സമായി ഉന്നയിച്ച തുകയുടെ ചെലവിന് സർക്കാർ സാധൂകരണത്തിനായി സമർപ്പിച്ചിട്ടുണ്ടെങ്കിലും ടി ചെലവിന് നാളിതുവരെ സാധൂകരണം ലഭിച്ചില്ല. ആയതിനാൽ ഇക്കാര്യം സർക്കാർ അടിയന്തരമായി പരിശോധിച്ച് സാധൂകരണം നൽകാവുന്ന ചെലവാണെങ്കിൽ അപ്രകാരം ചെയ്യുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. സർക്കാർ സാധൂകരണം ലഭിക്കുന്നപക്ഷം ഓഡിറ്റ് തടസ്സം ഒഴിവാക്കാനും അല്ലാത്തപക്ഷം തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

# കുത്താട്ടുകുളം ഗ്രാമപഞ്ചായത്ത്
# (1999-2000)

ഓഡിറ്റ് ഖണ്ഡിക

## (i) ഇലക്ട്രോണിക് ഇൻഡസ്ട്രിയൽ യൂണിറ്റ്

രണ്ടു ഭാഗങ്ങളായി ചെയ്യുവാനുദ്ദേശിച്ച് തയ്യാറാക്കിയ ടി പദ്ധതിയുടെ ആദ്യഭാഗം മണ്ണിട്ട് നികത്തലും രണ്ടാംഭാഗം കെട്ടിടനിർമ്മാണവുമാണ്. 1,88,030 രൂപ എസ്റ്റിമേറ്റിൽ മണ്ണിട്ട് നികത്തേണ്ട പണിക്കുവേണ്ടി 96,000 രൂപ ചെലവാക്കിയെങ്കിലും നാളിതുവരെയും പണി പൂർത്തിയാക്കിയിട്ടില്ല. 4,69,139 രൂപ എസ്റ്റിമേറ്റിൽ തുടങ്ങിയ കെട്ടിടം പണിക്കുവേണ്ടി ആകെ 8,14,727 രൂപ ചെലവാക്കുകയും 1999 അവസാനം പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ടി രണ്ട് പണികളുടെയും കൺവീനർ ശ്രീ. പി. ജി. സുനിൽകുമാർ എന്ന വ്യക്തിയാണ്. കെട്ടിടം പണിയിൽ പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് എസ്റ്റിമേറ്റ് പുതുക്കുകയും അനധികൃതമായി ക്യാബിനുകളും മറ്റും നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. പണി പൂർത്തിയാക്കിയതിനുശേഷം പ്രതിമാസം വെറും 3,004 രൂപ വാടക നിശ്ചയിച്ച് പീപ്പിൾസ് ടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് വാടകയ്ക്ക് നൽകിയിട്ടുള്ളതായി കാണുന്നു. വിശദമായ അന്വേഷണത്തിൽ ടി പണി ചെയ്ത കൺവീനറായ ശ്രീ. പി. ജി. സുനിൽകുമാർ തന്നെയാണ് പീപ്പിൾസ് ടെക് പ്രൈവറ്റ് ലിമിറ്റഡിന്റെ പ്രൊപ്രൈറ്റർ. ഇപ്രകാരം സ്വന്തം താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി കൺവീനറുടെ സ്ഥാനത്തുനിന്നും പണികൾ ചെയ്യിക്കുകയും അതിനുശേഷം കെട്ടിടം സ്വന്തംപേരിൽ വളരെ കുറഞ്ഞ തുകയ്ക്ക് വാടകയ്ക്ക് തരപ്പെടുത്തുകയും ചെയ്തതിലും പണിക്കുവേണ്ടി ഭീമമായ തുക ചെലവുചെയ്തതിലും വിശദമായ ഒരു അന്വേഷണം നടത്തുവാൻ ഭരണ വകുപ്പിനോട് ശിപാർശ ചെയ്യുന്നു. മേൽവിവരിച്ച കാരണങ്ങളാൽ ഈ പദ്ധതിക്കുവേണ്ടി ചെലവായ 9,10,727 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.7.5(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

235. ഇലക്ട്രോണിക് ഇൻഡസ്ട്രിയൽ യൂണിറ്റിന്റെ കെട്ടിടം പണിയുന്നതിന് സ്ഥലം മണ്ണിട്ടു നികത്തുന്നതു സംബന്ധിച്ച ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി വിശദീകരണമാരാഞ്ഞതിന് കൺവീനർ കൈപ്പറ്റിയ അധിക തുക തിരിച്ചടയ്ക്കണമെന്നും പൂർത്തീകരിച്ച വേലയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നും പലപ്രാവശ്യം

ആവശ്യപ്പെട്ടിട്ടും ഹാജരാക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം കൺവീനറുടെ പേരിൽ ആർ.ആർ. നടപടി സ്വീകരിക്കുന്നതിന് എറണാകുളം കളക്ടർ മുഖേന മൂവാറ്റുപുഴ തഹസിൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറിക്ക് പകരം ഹാജരായ ജൂനിയർ സൂപ്രണ്ട് സമിതിയിൽ അറിയിച്ചു.

236. പ്രോജക്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നാൽ മെഷർമെന്റ് ചെയ്തുകിട്ടിയിട്ടില്ലെന്നും കൺവീനർ സമിതിയിൽ അറിയിച്ചു. ഇലക്ട്രോണിക് വ്യവസായത്തിനുവേണ്ടി ജില്ലാ-ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ പണം സംയുക്തമായി മുടക്കിയാണ് കെട്ടിടം നിർമ്മിച്ചതെന്നും പഞ്ചായത്തുകൾക്ക് നേരിട്ട് വ്യവസായത്തിൽ പങ്കാളിയാകാൻ കഴിയാത്തതുകൊണ്ട് പശ്ചാത്തലസൗകര്യം ഒരുക്കി, വ്യവസായ സംരംഭകരുടെ ഗ്രൂപ്പുകൾ വ്യവസായം നടത്താനുമാണ് പദ്ധതി തയ്യാറാക്കുകയാണുണ്ടായ തെങ്കിലും സംരംഭകരാകാൻ തയ്യാറായിരുന്ന പലർക്കും പിന്നീട് താത്പര്യം ഇല്ലാതെ വരികയും അവസാനം 25,000 രൂപ വീതം നൽകുകയാണുണ്ടായതെന്നും കൺവീനർ സമിതിയിൽ ബോധിപ്പിച്ചു. മാത്രമല്ല 102 രൂപയ്ക്ക് ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഇലക്ട്രോണിക് സാധനങ്ങൾ വിദേശത്തുനിന്നും വളരെക്കുറഞ്ഞ വിലയ്ക്ക് ഇറക്കുമതി ചെയ്യുന്ന സാഹചര്യം ഉണ്ടായപ്പോൾ പ്രസ്തുത പദ്ധതി പാളിപ്പോകുകയും കെട്ടിടം ഉപയോഗിക്കുവാൻ കഴിയാത്ത സാഹചര്യം വന്നുചേരുകയും ചെയ്തുവെന്നും പിന്നീട് കെട്ടിടം പഞ്ചായത്ത് തിരിച്ചെടുക്കുകയും വാടകയ്ക്ക് കൊടുക്കുകയും ചെയ്തിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

237. പ്രോജക്ടിൽനിന്ന് വ്യതിചലിച്ച് എസ്റ്റിമേറ്റ് പുതുക്കി അനധികൃതമായി നിർമ്മാണം നടത്തിയിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് എസ്റ്റിമേറ്റിൽനിന്ന് ഒട്ടുംതന്നെ വ്യതിചലിച്ചിട്ടില്ലെന്നും BLEC-യുടെയും DLEC-യുടെയും അപ്രൂവൽ വാങ്ങി DPC-യുടെ അംഗീകാരത്തോടുകൂടിയാണ് എസ്റ്റിമേറ്റ് പുതുക്കിയിട്ടുള്ളതെന്നും കൺവീനർ സമിതിയെ അറിയിച്ചു.

238. കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചതായി റിപ്പോർട്ടുള്ളതിന്റെ അടിസ്ഥാന ത്തിൽ വർക്കിന്റെ മൂല്യനിർണ്ണയം നടത്തി രേഖപ്പെടുത്തുവാനും മണ്ണിന്റെ മെഷർമെന്റ് ബ്ലോക്കിലുള്ള എഞ്ചിനീയറെക്കൊണ്ട് മെഷർചെയ്യിച്ച് മണ്ണ് ഫില്ലിംഗുമായി ബന്ധപ്പെട്ട് എം.ബുക്കിലെ വിവരങ്ങൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കുവാനും കുത്താട്ടുകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി. ആയതിന്റെ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കകം സമിതിയിൽ സമർപ്പിക്കുവാൻ ഓഡിറ്റ് വകുപ്പിനോടും സമിതി ആവശ്യപ്പെട്ടു.

സമിതി നിർദ്ദേശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

239. ക്ലത്താട്ടുകുളം എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തി മൂല്യനിർണ്ണയം നടത്തി റിപ്പോർട്ട് 15-3-2010-ൽ ലഭിച്ചു. മൂല്യനിർണ്ണയം എം.ബുക്കിൽ രേഖപ്പെടുത്തിയത് ആഡിറ്റ് വകുപ്പിന്റെ എറണാകുളം ജില്ലാ ആഫീസിൽ 19-3-2010-ൽ സമർപ്പിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ആകെ മൂല്യതുക | .. | 80,038 |
| പഞ്ചായത്തിൽനിന്ന് കൈപ്പറ്റിയ തുക | .. | 96,000 |
| കൺവീനർ അധികം കൈപ്പറ്റിയ തുക | .. | 15,962 |

15,962 രൂപ കൺവീനർ അധികം കൈപ്പറ്റിയിട്ടുള്ളതായി റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അധികം കൈപ്പറ്റിയ തുക കൺവീനർ ഡിമാന്റ് ഡ്രാഫ്റ്റായി സ്വമേധയാ അയച്ചുതന്നിട്ടുള്ളതുമാണ്. ടി തുക രസീത് നമ്പർ 56/67213 പ്രകാരം 25-3-2010-ൽ പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവുവച്ചിട്ടുണ്ട്.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

240. ഇലക്ട്രോണിക്സ് ഇൻഡസ്ട്രിയൽ യൂണിറ്റിന് നിർമ്മാണത്തിനായി സ്ഥലം മണ്ണിട്ട് ഉയർത്തൽ എന്ന പദ്ധതിയിൽ അളവുപുസ്തകം VII/98-99 പേജ് 1 പ്രകാരം 15% ടേപ്പ് മെഷർമെന്റ് കഴിഞ്ഞ് 1077.74 എം$^3$ അളവ് മണ്ണാണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ അസിസ്റ്റന്റ് എക്സി. എഞ്ചിനീയറുടെ മൂല്യനിർണ്ണയ റിപ്പോർട്ടിൽ 1267.93 എം$^3$ അളവ് മണ്ണ് നികത്തലിന് ഉപയോഗിച്ചതായാണ് പറയുന്നത്. ഇതിന് നൽകിയ നിരക്ക് അധിക ലീഡും ലിഫ്റ്റും കുറയ്ക്കാതെ 505/10 എം$^3$ ആണ്. എന്നാൽ 2.1 സ്റ്റഡി മസ്റ്റർ അധിക ലീഡും ലിഫ്റ്റും കുറച്ച് 408/10 എം$^3$ മാത്രമേ അനുവദനീയമായിട്ടുള്ളൂ.

അസിസ്റ്റന്റ് എക്സി. എഞ്ചിനീയറുടെ മൂല്യനിർണ്ണയ പ്രകാരം അനുവദിച്ച തുക (505/10 എം$^3$ നിരക്കിൽ 1267.93 എം$^3$ നികത്തലിന്)

| | | |
|---|---|---|
| | = | 64030.00 |
| 25% വർദ്ധനവ് | = | 16008.00 |
| | | 80038.00 |

241. എന്നാൽ കൺവീനർക്ക് ആകെ 96,000 രൂപ ഈയിനത്തിൽ നൽകി. ഇതുപ്രകാരം അധികം നൽകിയ 15,962 രൂപ (96,000-80,038) കൺവീനർ

ശ്രീ. പി. ജി. സുനിൽകുമാറിൽനിന്ന് 67.213/56 തീയതി 25-3-2010 പ്രകാരം ഈടാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 408/10 എം3 നിരക്കിൽ 1077.74 എം3 (15% അളവ് കുറച്ച്) മണ്ണ് നികത്തലിന് മാത്രമേ തുക അനുവദിക്കാവൂ.

| | | |
|---|---|---|
| അനുവദിക്കാവുന്ന തുക 1077.74 എം$^3$ x 408/10 എം$^3$ | .. | 43972.00 |
| 25% വർദ്ധനവ് | .. | 10993.00 |
| | | 54965.00 |

| | | |
|---|---|---|
| കൺവീനർക്ക് ആകെ നൽകിയ തുക | .. | 96000.00 |
| കൺവീനർ അടച്ച തുക | .. | 15962.00 |
| ബാക്കി | .. | 80038.00 |
| അനുവദനീയമായ തുക | .. | 54965.00 |
| അധികം നൽകിയ തുക | .. | 25073.00 |

അധികമായി കൺവീനർവശം ഉള്ള 25,073 രൂപകൂടി തിരികെ ഈടാക്കേണ്ട താണ്.

## നിഗമനങ്ങൾ/ശിപാർശകൾ

242. **തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം മൂല്യനിർണ്ണയം നടത്തിയതിൽ കൺവീനർ അധികം കൈപ്പറ്റിയതായി കണക്കാക്കിയ 15,962 രൂപ തിരിച്ചടച്ചതായി അറിയിച്ചിരിക്കുന്നു. എന്നാൽ മണ്ണ് ഫില്ലിംഗുമായി ബന്ധപ്പെട്ട അളവ് പുസ്തകവും ബന്ധപ്പെട്ട ചട്ടങ്ങളും പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 41,035 രൂപ അധികം കൈപ്പറ്റിയതായും ആയതിൽ ടിയാൻ തിരിച്ചടച്ച 15,962 രൂപ കഴിച്ച് 25,073 രൂപ തിരികെ ഈടാക്കേണ്ടതാണെന്നും പരാമർശിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ഓഡിറ്റിന്റെ പുനഃപരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള 25,073 രൂപകൂടി കൺവീനറിൽ നിന്നും അടിയന്തരമായി ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആധുനിക അറവുശാലയ്ക്ക് നിലം നികത്തൽ**

ആധുനിക അറവുശാലയ്ക്ക് സ്ഥലം മണ്ണിട്ട് നികത്തി എടുക്കുന്നതിനായി 7,48,291 രൂപ അടങ്കൽ വരുന്ന ഒരു പ്രോജക്ട് അംഗീകരിക്കുകയുണ്ടായി. ഇതിൽ മണ്ണ് നികത്തുന്നതിന് മാത്രം 4,43,000 രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ഇത്രയും ആഴമേറിയ സ്ഥലം മണ്ണിട്ട് നികത്തിയതിനുശേഷം കെട്ടിടം പണിയുമ്പോൾ അതിന്റെ ചെലവും ക്രമാതീതമായി വർദ്ധിക്കും. പഞ്ചായത്തിന്റെ തിരക്കേറിയ ഭാഗത്തെ ഈ കുഴി നികത്തുന്നതിനുപകരം തിരക്കൊഴിഞ്ഞ സ്ഥലത്ത് ലാഭകരമായി സ്ഥലം വാങ്ങി ഈ പ്രോജക്ട് നടപ്പിലാക്കേണ്ടിയിരുന്നു. ഇത്രയും ആഴമേറിയ ഒരു സ്ഥലം തെരഞ്ഞെടുത്ത് ഭീമമായ തുക ചെലവാക്കി അറവുശാല പണിയുന്നതിന് തീരുമാനിച്ചതിനെപ്പറ്റി വിശദമായി അന്വേഷിക്കേണ്ടതാണ്. ഈ പണിക്കുവേണ്ടി നാളിതുവരെയായി 2,50,000 രൂപ നൽകിയിട്ടുണ്ട്. ഇതിന്റെ നിജസ്ഥിതി അറിയുന്നതുവരെ ചെലവായ ടി തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.7.5(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

243. പരാമർശവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തി അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തി ആയത് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്താനും രണ്ടാഴ്ചയ്ക്കകം സമിതിക്ക് റിപ്പോർട്ട് നൽകുവാനും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

244. കൂത്താട്ടുകുളം എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തി മൂല്യനിർണ്ണയം നടത്തി റിപ്പോർട്ട് 15-3-2010-ൽ ലഭിച്ചു. മൂല്യനിർണ്ണയം എം.ബുക്കിൽ രേഖപ്പെടുത്തിയത് ആഡിറ്റ് വകുപ്പിന്റെ എറണാകുളം ജില്ലാ ആഫീസിൽ 19-3-2010-ൽ സമർപ്പിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ആകെ മൂല്യത്തുക | .. | 5,43,320 |
| പഞ്ചായത്തിൽനിന്ന് കൈപ്പറ്റിയ തുക | .. | 5,59,000 |
| കൺവീനർ അധികം കൈപ്പറ്റിയ തുക | .. | 15,680 |

15,680 രൂപ കൺവീനർ അധികം കൈപ്പറ്റിയിട്ടുള്ളതായി റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അധികം കൈപ്പറ്റിയ തുക കൺവീനർ ഡിമാന്റ് ഡ്രാഫ്റ്റായി സ്വമേധയാ അയച്ചുതന്നിട്ടുള്ളതുമാണ്. ടി തുക രസീത് നമ്പർ 57/67213 പ്രകാരം 25-3-2010-ൽ പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവുവച്ചിട്ടുണ്ട്.

245. നിയമസഭാ സമിതിയുടെ നിർദ്ദേശ പ്രകാരം 10-3-2010-ൽ അസി. എക്സി. എഞ്ചിനീയർ, അസി. എഞ്ചിനീയർ എന്നിവർ മൂല്യനിർണ്ണയം നടത്തി നൽകിയ റിപ്പോർട്ടിൽ മണ്ണിട്ട് നികത്തുന്നതിന് 10 എം.3-ന് 886 രൂപ നിരക്ക് നൽകി ആകെ പ്രവൃത്തിയുടെ മൂല്യം 5,43,320 രൂപയാണ്. അതനുസരിച്ച് കൺവീനർക്ക് ആകെ നൽകിയ തുകയായ 5,59,000 രൂപയിൽനിന്ന് വാല്യുവേഷൻ പ്രകാരം കണക്കാക്കിയ 5,43,320 രൂപ കുറച്ച് അധികതുകയായ 15,680 രൂപ 25-3-2010-ലെ രസീത് നമ്പർ 67213/57 പ്രകാരം കൺവീനർ ശ്രീ. പി. ജി. സുനിൽകുമാറിൽനിന്ന് ഈടാക്കിയിട്ടുണ്ട്.

246. എന്നാൽ മണ്ണിട്ട് നികത്തുന്നതിന് നൽകാവുന്ന നിരക്ക് 10 എം$^3$-ന് 886 രൂപയിൽനിന്ന് അധിക ലീഡും ലിഫ്റ്റും (2.1 സ്ത്രീ മസ്ദൂർ കൂലി) കുറച്ച് 10 എം$^3$-ന് 730 രൂപ മാത്രമാണ് (ഈ വസ്തുത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികയിലും ചൂണ്ടിക്കാണിച്ചിരിക്കുന്നു). അതനുസരിച്ച് 4528.79 എം$^3$ മണ്ണിട്ട് നികത്തുന്നതിന് അനുവദിക്കാവുന്ന തുക 730/10 എം$^3$ നിരക്കിന് 3,30,602 രൂപ മാത്രമാണ്.

വാല്യുവേഷൻ പ്രകാരം ഈയിനത്തിന് നൽകിയ തുക : 4,01,251
(4528.79m$^3$ x886/10m$^3$)

അധികം നൽകിയ തുക = 4,01,251-3,30,602=70,649
അധികം നൽകിയ തുക കൺവീനറിൽനിന്ന് ഈടാക്കേണ്ടതുണ്ട്.

### നിഗമനങ്ങൾ/ശിപാർശകൾ

247. **കൺവീനർക്ക് ആകെ നൽകിയ തുക 5,59,000 രൂപയിൽ ചെയ്ത പ്രവൃത്തിയുടെ മൂല്യനിർണ്ണയ തുകയായ (10 എം$^3$-ന് 886 രൂപ നിരക്കിൽ) 5,43,320 രൂപ കഴിച്ച് ബാക്കിതുകയായ 15,680 രൂപ കൺവീനറിൽനിന്ന് ഈടാക്കിയിട്ടുള്ളതായി തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചെങ്കിലും യഥാർത്ഥത്തിൽ അനുവദിക്കാവുന്ന നിരക്ക് പ്രകാരം പ്രവൃത്തിക്ക് അനുവദിക്കാവുന്ന തുക 3,30,602 ആണെന്നും ആയതിനാൽ അധികമായി കൺവീനർ കൈപ്പറ്റിയ 70,649 രൂപകൂടി ഈടാക്കേണ്ടതാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധന റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ കൺവീനർക്ക് അധികം നൽകിയതായി പരാമർശിച്ചിട്ടുള്ള പ്രസ്തുത തുകകൂടി അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ചെയ്യുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ ഉത്തരവിന് വിരുദ്ധമായി പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ഏജൻസിക്ക് നൽകി**

1999-2000-ലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്തൃ സമിതിയുടെ നേതൃത്വത്തിൽ നടത്തുവാൻ ഉദ്ദേശിച്ച പതിനൊന്ന് വ്യത്യസ്ഥ മരാമത്ത് പണികളുടെ നടത്തിപ്പ് ആലുവയിലുള്ള കേരളാ സ്റ്റേറ്റ് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ഏൽപ്പിക്കുവാൻ 19-2-2000-ൽ പഞ്ചായത്ത് തീരുമാനിക്കുകയും 6,00,000 ഡെപ്പോസിറ്റ് തുകയായി ഈ സ്ഥാപനത്തെ ഏൽപ്പിക്കുകയുണ്ടായി. ഈ തീരുമാനം സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. 15-1-2000-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി) 25/2000/എൽ.എസ്.ജി.ഡി. പ്രകാരം അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ നേരിട്ട് ഏറ്റെടുക്കുന്ന പണികൾക്കുമാത്രമേ അനുവാദം ബാധകമാവുകയുള്ളൂ, അതല്ലാതെ മറ്റ് ഇംപ്ലിമെന്റിംഗ് ഏജൻസികൾ ഏറ്റെടുത്ത പണികൾ നടത്തുവാൻ അനുവാദമുണ്ടായിരിക്കുന്നതല്ല എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ക്രമവിരുദ്ധമായി നൽകിയ 6,00,000 രൂപ തിരിച്ച് പ്ലാൻ ഫണ്ടിൽ വരവുവയ്ക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.7.6(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

248. 1999-2000-ൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ആലുവയിലെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ഏൽപ്പിച്ച പണികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത പണി സംബന്ധിച്ച് സാധൂകരണം ലഭിക്കുന്നതിനായി ഗവൺമെന്റിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും സർക്കാർ നിർദ്ദേശാനുസരണം മൂവാറ്റുപുഴ ബ്ലോക്കുതല ടെക്നിക്കൽ കമ്മിറ്റി നടത്തിയ അന്വേഷണത്തിൽ 6 ലക്ഷം രൂപയുടെ വർക്കിന് 3,675 രൂപ അധികമായി അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് കൊടുത്തിട്ടുണ്ടെന്നും ആയത് തിരിച്ചുപിടിക്കുന്നതിലേക്കായി സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും വർക്കിന് സാധൂകരണം ലഭിച്ചിട്ടില്ലെന്നും കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സുബ്രഹ്മണ്യൻ മറുപടി നൽകി. സാധൂകരണം ലഭിക്കുന്നമുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

249. **ഗ്രാമപഞ്ചായത്ത് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് അധികമായി നൽകിയ തുക തിരിച്ചുപിടിക്കുന്നതിനും പ്രവൃത്തി അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ഏൽപ്പിച്ചതിനും സാധൂകരണം നൽകിയതു സംബന്ധിച്ചുള്ള റിപ്പോർട്ട് അടിയന്തരമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**ചാറ്റുപാറ-പാലക്കുഴി റോഡ് ടാറിംഗ്—തുക അധികമായി നൽകിയത് സംബന്ധിച്ച്**

ചാറ്റുപാറ-പാലക്കുഴി റോഡ് പണിയുടെ അവസാന ബിൽ തുകയായി 12,338 രൂപ 17-1-2000-ലെ ചെക്ക് നമ്പർ 030648 പ്രകാരം അനുവദിച്ചതുൾപ്പെടെ കൺവീനർ ആകെ 2,53,896 രൂപ ടി ജോലിക്കുവേണ്ടി കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ വർക്ക് ബില്ലും അളവ് പുസ്തകവും വിശദമായി പരിശോധിച്ചപ്പോൾ ആകെ മൂല്യം കണക്കാക്കിയിരിക്കുന്നത് 1,92,686 രൂപയാണ്. വ്യത്യാസം ആഡിറ്റിൽ വിശദീകരിക്കുകയുണ്ടായില്ല. ഇപ്രകാരം ആകെ കണക്കാക്കിയ മൂല്യതുകയ്ക്ക് ഉപരിയായി അനുവദിച്ചുനൽകിയ 61,210 രൂപ (2,53,896-1,92,686) ആഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII. I.7.6 (ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

250. റോഡ് ടാറിംഗ് അധികം തുക നൽകിയെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് രണ്ടാമതു നടത്തിയ ഫിസിക്കൽ വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ ബാധ്യത തുകയായ 3,405 രൂപ 3-6-2003-ൽ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും റിക്കവർ ചെയ്തിട്ടുണ്ടെന്ന് കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതു സംബന്ധിച്ച രേഖകൾ ഓഡിറ്റ് ഡിപ്പാർട്ട്മെന്റിനെ ബോധ്യപ്പെടുത്തുവാൻ സമിതി നിർദ്ദേശിച്ചു. ഓഡിറ്റിന്റെ റിപ്പോർട്ടിനു വിധേയമായി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

251. 3,405 രൂപ 3-6-2009-ലെ 75/94008-ാം നമ്പർ രസീത് പ്രകാരം ബന്ധപ്പെട്ടയാൾ തിരിച്ചടച്ചിട്ടുള്ള വിവരം ബഹു. ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ ഗ്രാമപഞ്ചായത്തിന്റെ A/c18/32/10-ാം നമ്പർ കത്തുപ്രകാരം 2-1-2010-ൽ അറിയിച്ചിട്ടുണ്ട്.

സമിതി നിർദ്ദേശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

252. ഖണ്ഡിക പ്രകാരം നിർണ്ണയിച്ചിരുന്ന നഷ്ടം 3,405 രൂപ പലിശ സഹിതം 4,018 രൂപ രസീത് നമ്പർ 75/94008 തീയതി 3-6-2009-ൽ അടച്ചിട്ടുള്ള വിവരം പരിശോധനയിൽ ബോധ്യപ്പെട്ടു. ആയതിനാൽ ടി ഖണ്ഡിക പ്രകാരമുള്ള നിരാകരണം നിയമസഭാ സമിതിയുടെ അന്തിമ തീർപ്പിന് വിധേയമായി ഒഴിവാക്കാവുന്നതാണ്.

**നിഗമനങ്ങൾ/ശിപാർശകൾ**

253. **ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനയുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച ബാധ്യത തുകയായ 3,405 രൂപ പലിശ സഹിതം തിരിച്ചടച്ചെന്ന സർക്കാർ റിപ്പോർട്ടിന്മേൽ ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## മുക്കന്നൂർ ഗ്രാമപഞ്ചായത്ത്

### ലക്ഷം വീട് പുനരുദ്ധാരണം സർക്കാർ ഉത്തരവിന് വിരുദ്ധമായി പണം നൽകി

1,85,000 രൂപയുടെ പദ്ധതി വിഹിതം ഉപയോഗിച്ച് 46 വീട്ടുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ പ്രോജക്ടിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പ്രോജക്ടിന്റെ നടത്തിപ്പിനെ സംബന്ധിക്കുന്ന രേഖകൾ പരിശോധിച്ചപ്പോൾ ഇതിന്റെ നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാകുന്നു. 14-10-1998-ലെ സർക്കാർ ഉത്തരവ് (പി) 209/98/ത.ഭ.വ. പ്രകാരം ലക്ഷംവീട് പദ്ധതിയിൽ പണിതിട്ടുള്ള വീട്ടുകൾക്ക് പുനരുദ്ധാരണ വേലകൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ യാതൊരു കാരണവശാലും ഗുണഭോക്താക്കൾക്ക് വീട് പുനരുദ്ധാരണത്തിനുള്ള സഹായം പണമായി നൽകരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിന് വിപരീതമായി 1998-99-ൽ പദ്ധതി വിഹിതമായി ഒന്നും രണ്ടും ഗഡുവായി 4,000 രൂപ പ്രകാരം 45 വ്യക്തികൾക്കായി 1,80,000 രൂപ നൽകിയിട്ടുണ്ട്. ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചട്ടങ്ങൾക്ക് വിരുദ്ധമായി നൽകിയ ടി തുക ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003 സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII. I.7. (I)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

254. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ 1998-99-ൽ ഗുണഭോക്തൃസമിതി ഏറ്റെടുത്ത് നടത്തിയ ലക്ഷം വീടുകളുടെ പുനരുദ്ധാരണ പദ്ധതിക്കുള്ള ധനസഹായമായി 4,000 രൂപ ഉപഭോക്താക്കൾക്ക് നേരിട്ടുനല്കിയെന്നും എന്നാൽ ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്ത് സമിതി അംഗീകരിച്ചിരുന്നില്ലെന്നും വ്യക്തികൾക്ക് പണം കിട്ടിയതായ രേഖയൊന്നും ഇല്ലെന്നും ബന്ധപ്പെട്ട വാർഡ് മെമ്പർമാരോട് ചോദിച്ചാണ് പദ്ധതി നടപ്പിലാക്കിയതായി മനസ്സിലാക്കിയതെന്നും പദ്ധതിക്കായി പണം ചെലവഴിച്ചത് സംബന്ധിച്ച് വിലയിരുത്താൻ മോണിറ്ററിംഗ് സമിതി ഉണ്ടായിരുന്നില്ലെന്നും മുക്കന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. സെക്രട്ടറി ഫയൽ പഠിച്ചിട്ടുവേണമായിരുന്നു സമിതിക്ക് മുന്നിൽ വരേണ്ടിയിരുന്നതെന്നും ചുമതലയേറ്റിട്ട് ആറ് മാസമേ ആയിട്ടുള്ളൂ എന്നതിനാൽ ഇക്കാര്യത്തിൽ തനിക്ക് യാതൊരു ഉത്തരവാദിത്വവുമില്ലെന്ന മട്ടിൽ മറുപടി പറയുന്നത് ശരിയല്ലെന്നും സമിതി കുറ്റപ്പെടുത്തി.

255. സർചാർജ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്ത കേസ്സാണിതെന്നും അതിനെതിരെ 2004-ൽ ഹൈക്കോടതിയിൽ നിന്നും നാല് മാസത്തേക്ക് സ്റ്റേ വാങ്ങിയെന്നും ഇപ്പോൾ സ്റ്റേ വെക്കേറ്റ് ചെയ്തതായി എൽ.എഫ്.എ. ഡിപ്പാർട്ട്മെന്റ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സെക്രട്ടറിക്കെതിരെ ആർ.ആർ. നടപടി സ്വീകരിക്കാൻ കളക്ടർക്ക് എഴുതിയിട്ടുണ്ടെന്നും മുക്കന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇപ്പോൾ സർവ്വീസിലുണ്ടോ എന്നും നിയമസഭാ സമിതി മുമ്പാകെ ഹാജരാകണമെന്ന് അറിയിച്ചിരുന്നോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി ടിയാൻ ഇപ്പോൾ മീനച്ചിൽ പഞ്ചായത്തിൽ ജോലി ചെയ്തുവരികയാണെന്നും രജിസ്റ്റേർഡ് കത്ത് മുഖേനയും ഫോൺ വഴിയും സമിതിയോഗം സംബന്ധിച്ച് സെക്രട്ടറിയെ അറിയിച്ചിരുന്നുവെന്നും മുക്കന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. വിവിധ പഞ്ചായത്തുകളിലായി റിക്കവറി നടപടികളുള്ളതിനാൽ 36 ശതമാനത്തിൽ കൂടുതൽ റിക്കവറി നടത്താൻ നിയമപരമായി തടസ്സമുണ്ടെന്ന് കോട്ടയം ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ടെന്നും സെക്രട്ടറി തുടർന്നറിയിച്ചു.

256. സർവ്വീസിലുള്ള ആളായതിനാൽ ആർ.ആർ. നടപടിയുടെ ആവശ്യമില്ലെന്നും ടിയാന്റെ ശമ്പളത്തിൽ നിന്നും തുക തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ച് ആ വിവരം അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

257. സമിതി നിർദ്ദേശത്തിന്മേൽ പഞ്ചായത്ത് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം പ്രോജക്ടിൽ വിഭാവന ചെയ്തിരിക്കുന്നതിന് വിപരീതമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരിക്കുന്നതെന്നും പ്രോജക്ട് നടപ്പിലാക്കിയതിന്റെ രേഖകളൊന്നും കാണുന്നില്ലെന്നും വ്യക്തമാക്കിയിരുന്നു (വിശദമായ റിപ്പോർട്ട് അനുബന്ധം IV ആയി ചേർത്തിരിക്കുന്നു).

സമിതി നിർദ്ദേശത്തിന് ലോക്കൽ ഫണ്ട് ഓഡിറ്റ് നൽകിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

258. 5-4-2010-ൽ മുൻ സെക്രട്ടറി ശ്രീ. കെ. എൻ. നാരായണന് പഞ്ചായത്ത് ഡയറക്ടർ കുറ്റാരോപണ പത്രിക നൽകി. 17-4-2010-ൽ മേൽ കുറ്റാരോപണ പത്രികയുടെ അടിസ്ഥാനത്തിൽ ടിയാൾക്കെതിരെ ആരോപിക്കപ്പെട്ടിരിക്കുന്ന അധികാര ദുർവിനിയോഗത്തിനെ സംബന്ധിച്ച് മറുപടി നൽകുവാനും ആവശ്യമെങ്കിൽ പഞ്ചായത്ത് ഡയറക്ടർ മുമ്പാകെ നേരിട്ട് തെളിവുരേഖകൾ സഹിതം ഹാജരാകുവാനും നിർദ്ദേശിച്ചുകൊണ്ടും തൃപ്തികരമായ മറുപടി നൽകിയില്ലെങ്കിൽ 1964-ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ കൺട്രോൾ ആന്റ് അപ്പീൽ) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുമെന്നും കാണിച്ചുകൊണ്ട് ശ്രീ. കെ. എൻ. നാരായണന് മെമ്മോ നൽകിയിട്ടുണ്ട്.

## നിഗമനങ്ങൾ/ശിപാർശകൾ

**259. പ്രോജക്ട് പ്രകാരം ഗുണഭോക്താക്കളുടെ യോഗം വിളിച്ച് ചേർത്ത് ഗുണഭോക്തൃ കമ്മിറ്റി രൂപീകരിച്ച് കൺവീനറും ചെയർമാനും ഒരു സാങ്കേതിക വിദഗ്ദ്ധനും അടങ്ങിയ കമ്മിറ്റിയാണ് പദ്ധതി നടപ്പിലാക്കേണ്ടിയിരുന്നത് എന്ന് പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി പദ്ധതി വിഹിതം ഗുണഭോക്താക്കൾക്ക് നേരിട്ട് വിതരണം ചെയ്യുകയാണുണ്ടായത്. കൂടാതെ, പദ്ധതിയിൽ പറയുന്ന പുനരുദ്ധാരണ പ്രവൃത്തി നടന്നിട്ടുണ്ടോ എന്ന യാതൊരു പരിശോധനയും നടത്തിയില്ലെന്നും മാത്രമല്ല ഇത് സംബന്ധിച്ച ഒരു രേഖയും സൂക്ഷിച്ചിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ചയുണ്ടായതായി സമിതി വിലയിരുത്തുന്നു. പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് പദ്ധതി നിർവ്വഹണം നടത്തുവാൻ തീരുമാനിച്ച പഞ്ചായത്ത് ഭരണ സമിതിയും വീഴ്ചയുത്തരവാദിയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ചട്ടങ്ങൾക്ക് വിരുദ്ധമായി നൽകിയ തുക ഈടാക്കുന്നതിനെതിരെ ബന്ധപ്പെട്ട സെക്രട്ടറിയുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിച്ച് വരുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാനും ടിയാനിൽ നിന്നും ഓഡിറ്റ് തടസ്സപ്പെടുത്തിയതുക ഈടാക്കുവാനുള്ള അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം നൽകി**

ബന്ധപ്പെട്ട ഗ്രാമസഭകൾ തെരഞ്ഞെടുത്ത് പഞ്ചായത്ത് കമ്മിറ്റി അന്തിമമായി അംഗീകരിച്ച കക്കൂസ്, കിണർ തുടങ്ങിയവ നിർമ്മാണത്തിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽപ്പെടാത്ത വ്യക്തികൾക്ക് 1998-99 വർഷത്തിൽ പദ്ധതി വിഹിതത്തിൽ നിന്നും ധനസഹായം നൽകിയിരിക്കുന്നതായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ടു. കക്കൂസ് നിർമ്മാണത്തിന് 17,000 രൂപയും കിണർ നിർമ്മിക്കുന്നതിന് 56,000 രൂപയും ഉൾപ്പെടെ ആകെ 73,000 രൂപ അംഗീകൃത ഗുണഭോക്താക്കളല്ലാത്തവർക്ക് ധനസഹായമായി നൽകിയിട്ടുണ്ട്. അത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്. മേൽവിവരിച്ച തുകകൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഇംപ്രസ്റ്റ് അക്കൗണ്ടിൽ നിന്നും പണമായാണ് നൽകിയിരിക്കുന്നത്. ബന്ധപ്പെട്ട തുകയ്ക്ക് ചെക്ക് നൽകാതെ പണമായി നൽകിയ സെക്രട്ടറിയുടെ നടപടി ഭരണ നിർവ്വഹണ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**തയ്യൽ പരിശീലന കേന്ദ്രം—സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചു**

45 വനിതകൾക്ക് തയ്യൽ പരിശീലനവും യന്ത്രസാമഗ്രികളും നൽകി സ്വയം തൊഴിൽ കണ്ടെത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണിത്. പ്രോജക്റ്റ് പരിശോധനയിൽ നിന്ന് ഗുണഭോക്തൃ സമിതി രൂപീകരിച്ചതായോ പരിശീലനം നൽകിയതായോ യൂണിറ്റുകൾ രൂപീകരിച്ചതായോയുള്ള യാതൊരു രേഖയും കണ്ടെത്തിയില്ല. 1,38,054 രൂപ ചെലവഴിച്ച് മെഷീൻ, മെഷീൻകവർ, കത്രിക തുടങ്ങിയവ വാങ്ങിയിട്ടുള്ളതായി കാണുന്നു. തയ്യൽ പരിശീലനം എന്ന പ്രോജക്റ്റിന്റെ മറവിൽ തയ്യൽ മെഷീനുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് നൽകുക എന്ന ഏകലക്ഷ്യത്തോടെയാണ് പ്ലാൻ ഫണ്ട് ചെലവഴിച്ചിരിക്കുന്നതെന്ന് ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. ഇത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 10-9-1998-ലെ 37804/പി3/98 ത.ഭ.വ. സർക്കുലറിലെ നിർദ്ദേശങ്ങൾക്കെതിരായതിനാൽ പദ്ധതിക്കുവേണ്ടി ചെലവാക്കിയ 1,38,054 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവായതിനുത്തരവാദികളായ വ്യക്തികളിൽ നിന്നും തിരികെ പിടിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ VIII.I.7.7(ii) (iii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ച**
**[1999-2000 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 50 (ഐ)]**

1999-2000 വർഷം പഞ്ചായത്ത് ഫണ്ടിൽ നിന്നും നേരിട്ട് മരാമത്ത് പണികൾക്ക് ചെലവ് നടത്തരുത് എന്നുള്ള സർക്കാർ നിർദ്ദേശം നിലനിൽക്കേ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട പണികൾക്ക് വെറും കണ്ടിൻജന്റ് വൗച്ചറുകൾ മാത്രം എഴുതി തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും നേരിട്ട് പിൻവലിച്ചിട്ടുണ്ട് :

| | ജോലിയുടെ പേര് | തുക |
|---|---|---|
| 1. | പറമ്പിച്ചിറ റോഡ് അറ്റകുറ്റപ്പണി | 47,617 |
| 2. | 9 വാർഡിലെ കിണറിന്റെ അറ്റകുറ്റപ്പണി | 4,980 |
| 3. | പഞ്ചായത്താഫീസ് അറ്റകുറ്റപ്പണി | 58,631 |
| 4. | മാർക്കറ്റ്-എരപ്പ് റോഡ്-മണ്ണിന്റെ വില ലേബർ ചാർജ് | 6,644 |
| 5. | തൊട്ടുവ റോഡ്-മണ്ണിന്റെ വില | 9,672 |
| 6. | താബർ കരമറ്റം റോഡ് പൈപ്പ് മാറ്റി സ്ഥാപിക്കൽ | 8,512 |
| | ആകെ | 1,36,062 |

ചെലവിന്റെ പ്രാഥമിക നിയമങ്ങൾപോലും പാലിക്കാതെ വെറും കണ്ടിൻജന്റ് വൗച്ചറുകൾ മാത്രം എഴുതി ചെലവ് കാണിച്ചിട്ടുള്ള 1,36,062 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.4]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

260. സമിതി മുൻപാകെ ഹാജരാകണമെന്ന് ആവശ്യപ്പെട്ടിട്ടും ഹാജരാകാത്തതിന് ബന്ധപ്പെട്ട മുൻ സെക്രട്ടറിയുടെ പേരിൽ അച്ചടക്കനടപടിയും തുക തിരികെ അടയ്ക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വകുപ്പുതല നടപടികളും സ്വീകരിക്കേണ്ടതാണെന്ന് എസ്.പി.എ.ഒ. അഭിപ്രായപ്പെട്ടു. ടിയാൾ സർവ്വീസിൽ നിന്നും വിരമിക്കുന്നതുവരെയുള്ള കാലയളവിൽ ശമ്പളത്തിൽ നിന്നും ശേഷം ഡി.ഡി.ആർ.ജി.യിൽ നിന്നും ബാധ്യത തുക തിരികെ പിടിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

261. മുക്കന്നൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞ നാല് ഓഡിറ്റ് പരാമർശങ്ങളും ഒന്നിച്ച് പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് ബാധ്യത തുക ബന്ധപ്പെട്ട സെക്രട്ടറിയുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിച്ച് ഒരു മാസത്തിനകം സമിതിയിൽ റിപ്പോർട്ട് ചെയ്യുന്നതിനും നിയമസഭാ കമ്മിറ്റിയുടെ മുൻപാകെ ഹാജരാകാതിരുന്ന മുൻ സെക്രട്ടറി ശ്രീ. കെ. എൻ. നാരായണന്റെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കാനും സമിതി നിർദ്ദേശിച്ചു.

262. സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം അന്നത്തെ സെക്രട്ടറി വളരെ അനാസ്ഥയോടും ലാഘവത്തോടും കൂടിയാണ് പദ്ധതികൾ നടപ്പിലാക്കിയതെന്ന് നിഗമനത്തിൽ എത്തിച്ചേരാവുന്നതാണ് എന്ന് പ്രസ്താവിക്കുന്നു.

വിശദമായ റിപ്പോർട്ട് അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.

263. 5-4-2010-ൽ മുൻ സെക്രട്ടറി ശ്രീ. കെ. എൻ. നാരായണന് പഞ്ചായത്ത് ഡയറക്ടർ കുറ്റാരോപണ പത്രിക നൽകി. 17-4-2010-ൽ മേൽ കുറ്റാരോപണ പത്രികയുടെ അടിസ്ഥാനത്തിൽ ടിയാൾക്കെതിരെ ആരോപിക്കപ്പെട്ടിരിക്കുന്ന അധികാര ദുർവിനിയോഗത്തിനെ സംബന്ധിച്ച് മറുപടി നൽകുവാനും ആവശ്യമെങ്കിൽ പഞ്ചായത്ത് ഡയറക്ടർ മുമ്പാകെ നേരിട്ട് തെളിവ് രേഖകൾ സഹിതം ഹാജരാകുവാനും നിർദ്ദേശിച്ചുകൊണ്ടും തൃപ്തികരമായ മറുപടി നൽകിയില്ലെങ്കിൽ 1964-ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ കൺട്രോൾ ആന്റ് അപ്പീൽ) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുമെന്നും കാണിച്ചുകൊണ്ട് ശ്രീ. കെ. എൻ. നാരായണന് മെമ്മോ നൽകിയിട്ടുണ്ട്.

## നിഗമനങ്ങൾ/ശിപാർശകൾ

**264. ഓഡിറ്റ് ഖണ്ഡികയുടെ പരിശോധനയ്ക്കായുള്ള തെളിവെടുപ്പിന് ഹാജരാകുവാൻ വകുപ്പുതലത്തിൽ നിർദ്ദേശം നൽകിയിട്ടും സമിതി യോഗത്തിൽ പങ്കെടുക്കാത്തതിന് ബന്ധപ്പെട്ട മുൻ സെക്രട്ടറിയുടെ പേരിൽ അച്ചടക്കനടപടി സ്വീകരിക്കുവാനും ഓഡിറ്റ് പരാമർശങ്ങളിൽ തടസ്സപ്പെടുത്തിയ തുക ടിയാനിൽ നിന്നും ഈടാക്കി റിപ്പോർട്ട് നൽകുവാനും സമിതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ, പദ്ധതി നിർവ്വഹണത്തിലെ അപാകതകളും ആയതിന്മേലുള്ള നിഗമനങ്ങളും സംബന്ധിച്ച വിവരങ്ങൾ മാത്രമാണ് പഞ്ചായത്ത് ഡയറക്ടറുടെ മറുപടിയിൽ കാണുന്നത്. പ്രസ്തുത റിപ്പോർട്ടിലെ വിവരങ്ങളുടെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ ബാധ്യത തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് അടിയന്തരമായി ഈടാക്കി റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

# തുറവൂർ ഗ്രാമപഞ്ചായത്ത്
# (1997-1998)

ഓഡിറ്റ് ഖണ്ഡിക

**രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല—ഗുരുതരമായ ക്രമക്കേട്**

വെറ്ററിനറി സർജനും കൃഷി ഓഫീസറും കാര്യനിർവ്വഹണ ഉദ്യാഗസ്ഥരായി നടപ്പിലാക്കേണ്ട വിവിധ പദ്ധതികൾക്കായി പ്ലാൻ പി.ഡി. അക്കൗണ്ടുകളിലേക്ക് 1,87,000 രൂപയും 2,89,500 രൂപയും അനുവദിച്ചിട്ടുണ്ട്. ഈ തുകകളുടെ വിനിയോഗം സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ചതിൽ ഗുരുതരമായ ക്രമക്കേടുകൾ കാണുന്നു. ഏത് പദ്ധതികൾക്ക് വേണ്ടിയാണ് ഈ തുകകൾ അനുവദിച്ചത് എന്ന് പരിശോധിക്കുവാൻ പ്രാഥമിക രേഖയായ അംഗീകൃത പദ്ധതികൾ ഒന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ട്രഷറി പാസ്സ് ബുക്ക്, ചെക്ക് ബുക്ക് എന്നിവ പരിശോധിച്ചതിൽ അനുവദിച്ച മുഴുവൻ തുകയും തൻ വർഷം തന്നെ ചെലവഴിച്ചതായി കാണുന്നു. പദ്ധതി വിഹിതമായി വിനിയോഗിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിശദവിവരങ്ങളും കണക്കുകളും ഓഡിറ്റിൽ ഹാജരാക്കാത്തതിനാൽ കാര്യനിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ തുക യഥാർത്ഥ ആവശ്യത്തിനുവേണ്ടി ചെലവഴിച്ചിട്ടുണ്ടോയെന്ന് സംശയിക്കുന്നു. ടി കാരണത്താൽ കാര്യനിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിയ 4,76,500 രൂപയുടെ ചെലവ് ഓഡിറ്റിൽ അനുവദിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.7.8 (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

265. വെറ്ററിനറി സർജൻ നടപ്പാക്കിയ പശുവിനെ വാങ്ങിക്കൊടുക്കുന്ന പ്രോജക്ടിന്റെ രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാലാണ് ഓഡിറ്റിന് ഹാജരാക്കാത്തതെന്നും പ്രസ്തുത വെറ്ററിനറി സർജൻ സർവ്വീസിലിരിക്കെ മരിച്ചുപോയെന്നും ഓഡിറ്റ് ഒബ്ജക്ഷനെ തുടർന്ന് അദ്ദേഹത്തിന്റെ പേരിൽ ലയബിലിറ്റി ഫിക്സ് ചെയ്ത് ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ പാസ്സാക്കുന്നമുറയ്ക്ക് തുക ഈടാക്കിത്തരണമെന്നാവശ്യപ്പെട്ട് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തുറവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. വി. ജോണി സമിതിയെ അറിയിച്ചു.

266. ഡി.പി.സി. അംഗീകരിക്കുന്ന പ്രോജക്ടുകളുടെ കോപ്പിയും അതുമായി ബന്ധപ്പെട്ട മറ്റുരേഖകളും പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുകയും ഇതുസംബന്ധിച്ച രേഖകളെല്ലാം വെറ്ററിനറി സർജന്റെ

ഓഫീസിലാണെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. ഡി.പി.സി.യിൽ നിന്നും പ്രോജക്ട് റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കണമെന്നും പാസ് ബുക്കും ഗുണഭോക്തൃലിസ്റ്റും വെരിഫൈ ചെയ്യണമെന്നും വെറ്ററിനറി സർജനും പഞ്ചായത്ത് സെക്രട്ടറിയും സംയുക്തമായി പരിശോധന നടത്താൻ ശ്രമിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

267. കൂടാതെ നിലവിലെ സെക്രട്ടറിയും ബന്ധപ്പെട്ട വെറ്ററിനറി സർജനും ചേർന്ന് ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന പ്രോജക്ടുമായി ബന്ധപ്പെട്ട പാസ് ബുക്ക് ഗുണഭോക്തൃലിസ്റ്റ്, മിനിറ്റ്സ്, മറ്റു രേഖകൾ എന്നിവ കണ്ടെത്തി രണ്ടാഴ്ചയ്ക്കുള്ളിൽ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് നൽകുവാനും സമിതിക്ക് വിശദമായ റിപ്പോർട്ട് നൽകുവാനും നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

268. സെക്രട്ടറിയും വെറ്ററിനറി സർജനും സംയുക്തപരിശോധന നടത്തി കണ്ടെത്തിയ പ്രോജക്ടുമായി ബന്ധപ്പെട്ട് ഗുണഭോക്തൃലിസ്റ്റ്, പാസ് ബുക്ക് മറ്റു രേഖകൾ എന്നിവ ഓഡിറ്റിനായി വെറ്ററിനറി സർജന്റെ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതാണ്. ടി വിവരം 9-3-2010 തീയതിയിലെ എ 1-34/09 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കുകയും പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് അപേക്ഷിച്ചിട്ടുള്ളതുമാണ്.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

269. പ്രാദേശിക പരിശോധന നടത്തിയതിൻ പ്രകാരം ബോദ്ധ്യപ്പെട്ട വിവരങ്ങൾ താഴെ പറയുന്നു. വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ വൗച്ചറുകൾ, പ്ലാൻ പി.ഡി. പാസ് ബുക്ക്, ചെക്ക് ബുക്കുകൾ എന്നിവ പരിശോധിച്ചതിൻ പ്രകാരം 30-6-1998 വരെ പിൻവലിച്ച 18,700 രൂപയിൽ 1,84,040 രൂപയുടെ ചെലവ് വിവരങ്ങൾ മാത്രമേ പരിശോധിക്കാൻ സാധിച്ചുള്ളൂ. 2,960 രൂപയുടെ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

270. ആയതിനാൽ പ്രോജക്ടുകൾക്കുവേണ്ടി പിൻവലിച്ച 18,700 രൂപയിൽ 18,040 രൂപയുടെ ചെലവ് അംഗീകരിക്കാവുന്നതും വൗച്ചറുകളോ രേഖകളോ ഹാജരാക്കാത്ത 2,960 രൂപ തിരിച്ചുപിടിക്കേണ്ടതുമാണ്.

### നിഗമനങ്ങൾ/ശിപാർശകൾ

**271. വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് പുനഃപരിശോധിച്ചതിൽ 1,87,000 രൂപ പിൻവലിച്ചതിൽ 1,84,040 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കുകയുണ്ടായി. പ്രസ്തുത ചെലവുകൾ അംഗീകരിക്കാവുന്നതും വൗച്ചറുകളോ രേഖകളോ ഹാജരാക്കാത്ത 2,960 രൂപ തിരിച്ച് പിടിക്കേണ്ടതുമാണെന്നുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2,960 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ മരണപ്പെട്ട സാഹചര്യത്തിൽ ടിയാന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നോ മറ്റ് സ്ഥാവരസ്വത്തുക്കളിൽ നിന്നോ അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**272. കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതി സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് അപാകതകളൊന്നും കാണപ്പെട്ടിട്ടില്ലെന്ന് സമിതി യോഗത്തിന് നൽകിയ കുറിപ്പിന്റെ വെളിച്ചത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

### കൂടിയ നിരക്കിൽ തയ്യൽ മെഷീനുകൾ വാങ്ങി വിതരണം ചെയ്തു

സെക്രട്ടറി കാര്യനിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 83 തയ്യൽ മെഷീനുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇവ വാങ്ങിയതിന്റെ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല എന്ന് കാണുന്നു. സർക്കാർ ഉത്തരവുപ്രകാരം തൻ വർഷം റേറ്റ് കോൺട്രാക്റ്റ് അനുസരിച്ച് ഇരിങ്ങാലക്കുടയിലെ മെസേഴ്സ് മാത്യു സെയിൽസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിൽ നിന്നും "ലക്ഷ്മി ടെയിലർ മോഡൽ" തയ്യൽ മെഷീൻ 1989.36 രൂപ പ്രകാരം വാങ്ങേണ്ടതാണെന്ന സർക്കാർ നിർദ്ദേശം നിലവിലിരിക്കെ ടി സ്ഥാപനത്തിൽ നിന്നും റേറ്റ് കോൺട്രാക്റ്റ് ഇല്ലാത്ത കൂടിയ വില വരുന്ന "ലക്ഷ്മി ഫാമിലി ഡീലക്സ്" എന്ന മെഷീൻ 2,300 രൂപ നിരക്കിൽ വാങ്ങിയിരിക്കുന്നത് തികച്ചും ക്രമവിരുദ്ധമാണ്. 1997-98 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 1,80,000 രൂപ ചെലവഴിച്ചതായി കാണുന്നതുമൂലം പഞ്ചായത്ത് ഫണ്ടിന് 14,883 രൂപയുടെ വ്യക്തമായ നഷ്ടം സംഭവിച്ചിട്ടുണ്ട്. വ്യക്തമായ വിശദീകരണത്തിന്റെ അഭാവത്തിൽ ഈ തുക ഓഡിറ്റിൽ അനുവദിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ ഓഡിറ്റ് ഖണ്ഡിക VII.I.7.8 (ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

273. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ 'ലക്ഷ്മി ടെയ്‌ലർ' മോഡൽ തയ്യൽ മെഷീന് പകരം 'ലക്ഷ്മി ഫാമിലി ഡീലക്സ് ' എന്ന മോഡൽ തയ്യൽ മെഷീൻ വാങ്ങിയതുമൂലം 310 രൂപ 64 പൈസ വീതം ഒരു മെഷീന് കൂടുതലായി ചെലവാക്കേണ്ടിവന്നുവെന്നും ആ തുക 83 ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കാൻ സാധിച്ചിരുന്നില്ലെന്നും ഈയിനത്തിൽ 26,094 രൂപ വിവിധ അക്കൗണ്ടുകളിലായി പഞ്ചായത്ത് ഹെഡ്ഡിൽ അടച്ചതിന്റെ രേഖകൾ ഇപ്പോൾ കൊണ്ടുവന്നിട്ടുണ്ടെന്നും തുറവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. രണ്ടാഴ്ചയ്ക്കകം രേഖകൾ ഓഡിറ്റിന് ഹാജരാക്കി ബോധ്യപ്പെടുത്തണമെന്നും രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാനും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

274. അധിക തുക പഞ്ചായത്ത് ഫണ്ടിൽ അടച്ചതിന്റെ രസീത് ബുക്കുകൾ കണ്ടെത്തി വിവരം 9-3-2010 തീയതിയിലെ എ 1-34/09 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ അറിയിക്കുകയും പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് അപേക്ഷിച്ചിട്ടുള്ളതുമാണ്.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

275. ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്യുന്ന പദ്ധതിയിൽ 83 തയ്യൽ മെഷീനുകൾ 2,300 രൂപ നിരക്കിൽ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ അന്ന് നിലവിൽ ഉണ്ടായിരുന്ന റേറ്റ് കോൺട്രാക്ട് നിരക്കായ 1989.36 രൂപയിൽ നിന്ന് 310.64 രൂപ അധികമാണ് നൽകിയത്. ഇങ്ങനെ അധികം നൽകിയ തുക 310.64 രൂപ വീതം 83 ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി 5/98, 6/98, 8/98 എന്നീ മാസങ്ങളിൽ ജനറൽ പി.ഡി. അക്കൗണ്ടിലേക്കും 3/2003-ൽ പഞ്ചായത്ത് ഫണ്ടിലേക്കും ഒടുക്കിയ വിവരം (ആകെ ഒടുക്കിയത് 26,094) പരിശോധിച്ച് ബോധ്യപ്പെട്ടു.

276. ആയതിനാൽ നിയമസഭാ സമിതിയുടെ അന്തിമ തീരുമാനത്തിന് വിധേയമായി ഖണ്ഡികയിലെ പരാമർശം ഒഴിവാക്കാവുന്നതാണ്.

## നിഗമനങ്ങൾ/ശിപാർശകൾ

277. **ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ തയ്യൽ മെഷീൻ വിതരണ പദ്ധതിക്ക് ഗുണഭോക്താക്കൾ ക്രമവിരുദ്ധമായി ചെലവാക്കിയതും തയ്യൽ മെഷീന് അധികമായി നൽകിയതുമായ തുക തിരികെ ഈടാക്കിയിട്ടുള്ളതായി തദ്ദേശസ്വയംഭരണ വകുപ്പും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പും റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അനധികൃതമായി പണം പിൻവലിച്ച് കൈവശം വച്ചുകൊണ്ടിരിക്കുന്ന നടപടി അംഗീകരിക്കുന്നില്ല**

**(1999-2000 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 16)**

2-6-1999-ൽ ചെക്ക് പ്രകാരം പിൻവലിച്ച് 40,581 രൂപയിൽ 35,581 രൂപ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ബാക്കി 5,000 രൂപയുടെ വിവരം ചെലവ് രജിസ്റ്ററിലോ ക്യാഷ് ബുക്കിലോ രേഖപ്പെടുത്തിയിട്ടില്ല. ക്രമവിരുദ്ധമായി കൈവശം വച്ചിക്കൊണ്ടിരിക്കുന്ന 5,000 രൂപ 2-6-1999 മുതൽ 18 ശതമാനം പലിശ സഹിതം തിരിച്ചു പിടിക്കണം.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.I.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

278. ബന്ധപ്പെട്ട സെക്രട്ടറി ചെക്ക് മാറി 5,000 രൂപ കൈവശം വച്ചുവെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ 17-2-2009-ൽ പലിശസഹിതം 13,592 രൂപ അദ്ദേഹം തിരിച്ചടച്ചിട്ടുണ്ടെന്ന് തുറവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പണം അടച്ചതിന്റെ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തുവാൻ സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നല്കിയ മറുപടി ചുവടെ ചേർക്കുന്നു:

279. അനധികൃതമായി പിൻവലിച്ച് കൈവശം വച്ചിരുന്ന 5,000 രൂപയും പലിശ ഇനത്തിൽ 8,592 രൂപയുമടക്കം ആകെ 13,592 രൂപ താഴെപ്പറയും പ്രകാരം പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടുള്ള വിവരം 9-3-2010 തീയതിയിലെ എ 1-34/09 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കുകയും പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് അപേക്ഷിച്ചിട്ടുള്ളതുമാണ് :

| രസീത് നമ്പർ | തീയതി | | തുക |
|---|---|---|---|
| 63/73645 | 23-10-2008 | | 2,750 |
| 73/16505 | 16-1-2009 | | 1,200 |
| 35/16512 | 17-2-2009 | | 550 |
| 27/52170 | 14-7-2009 | | 9,092 |
| | | ആകെ | 13,592 |

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

280. 2-6-1999-ൽ അധികം പിൻവലിച്ച 5,000 രൂപയും അതിന്റെ പലിശയും 10/08 മുതൽ 7/09 വരെ വിവിധ രസീതുകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടച്ച വിവരം പ്രാദേശിക പരിശോധന നടത്തി ബോധ്യപ്പെട്ടു.

| | | |
|---|---|---|
| രസീത് നമ്പർ 63/73645 | 23-10-2008 | 2,750 |
| രസീത് നമ്പർ 73/16505 | 16-1-2009 | 1,200 |
| രസീത് നമ്പർ 35/16572 | 17-2-2009 | 550 |
| രസീത് നമ്പർ 27/52170 | 14-7-2009 | 9,092 |
| | ആകെ ഒടുക്കിയത് | 13,592 |

നിയമസഭാ സമിതിയുടെ അന്തിമതീരുമാനത്തിന് വിധേയമായി ഖണ്ഡികയിലെ പരാമർശം ഒഴിവാക്കാവുന്നതാണ്.

**നിഗമനങ്ങൾ/ശിപാർശകൾ**

281. **ഗ്രാമപഞ്ചായത്ത് സെക്രട്ടറി ചെക്ക് മാറി കൈവശം വെച്ച 5,000 രൂപ പിഴപ്പലിശ സഹിതം തിരിച്ചടച്ചതായുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**റോഡ് പണിക്ക് കൺവീനർക്ക് മൂല്യത്തേക്കാൾ കൂടുതൽ തുക നൽകി (1999-2000 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 26)**

3,00,411 രൂപ എസ്റ്റിമേറ്റുള്ള തലക്കോട് പറമ്പ്-പുല്ലാനി റോഡ് നിർമ്മാണം പണി 1998-99-ൽ ആരംഭിച്ചുവെങ്കിലും ഓഡിറ്റ് സമയം വരെ പൂർത്തീകരിച്ചിട്ടില്ല.

ചെയ്ത പണിക്ക് അളവ് പുസ്തകങ്ങൾ 27/98-99 പ്രകാരം 2,32,485 രൂപ മൂല്യം കണക്കാക്കിയിട്ടുണ്ടെങ്കിലും മൊബിലൈസേഷൻ സെക്യേർഡ് അഡ്വാൻസുകൾ, 1-ാം പാർട്ട് ബിൽ ഇവ പ്രകാരം 2,88,765 രൂപ 29-6-1999 വരെ നൽകിയിട്ടുണ്ട് അതായത് 56,280 രൂപ കൺവീനർക്ക് അധികമായി നൽകിയിട്ടുണ്ട്. പണി പൂർത്തീകരിക്കാത്തതിനാൽ അധികം നൽകിയ 56,280 രൂപ പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.I. 4.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

282. പരാമർശവിഷയമായ റോഡിന്റെ പണി പൂർത്തിയാക്കി മെഷർമെന്റ് എടുത്തിട്ടുണ്ടെന്നും ഒരു കലുങ്കിന്റെ പണി അധികമായി ചെയ്തിട്ടുണ്ടെന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയതിനെക്കാൾ 56,280 രൂപ അധികമായാണ് ഫൈനൽ ബിൽ എന്നതിനാൽ അത് സാധൂകരിക്കുന്നതിനായി ബി.എൽ.ടി. സി. ക്ക് ബിൽ നൽകിയിട്ടുണ്ടെന്നും തുറവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

283. **റോഡിന്റെ പണി പൂർത്തിയാക്കി മെഷർമെന്റ് എടുത്തിട്ടുണ്ടെന്നും ഒരു കലുങ്ക് പണി കൂടി ചെയ്തിട്ടുണ്ടെന്നും അതിന്റെ ഫലമായി ഫൈനൽ ബിൽ തുക കൂടുതലാണെന്നും ആയത് സാധൂകരണത്തിനായി ബി.എൽ.ടി.സി. ക്ക് നൽകിയിട്ടുണ്ടെന്നുമുള്ള സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സാമ്പത്തിക ക്രമക്കേടോ നഷ്ടമോ ഉണ്ടായിട്ടില്ല എന്ന നിഗമനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## വടക്കേക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

### അധികരിച്ച നിരക്കിൽ ടാറിന്റെ വില ഈടാക്കാത്തതുമൂലം സാമ്പത്തിക നഷ്ടം (1999-2000)

1999-2000 വർഷം ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ള റോഡ് ടാറിംഗ് പണികൾക്ക് വേണ്ടി വന്ന ടാർ ഗ്രാമപഞ്ചായത്ത് നേരിട്ട് വാങ്ങി സ്റ്റോക്ക് ചെയ്ത ടാറിൽ നിന്നുമാണ് വിതരണം ചെയ്തത്. എന്നാൽ ടാറിങ്ങ് പണിക്ക് തദ്ദേശഭരണ വകുപ്പിന്റെ 23-10-1998-ലെ സർക്കാർ ഉത്തരവ് (പി) 218/98-ാം നമ്പർ അനുസരിച്ച് ബിൽ തുകയുടെ 30 ശതമാനം അധികരിച്ച തുക നൽകിയിട്ടുണ്ടെങ്കിലും ടാറിന്റെ വില എസ്റ്റിമേറ്റ് നിരക്കിലാണ് ഈടാക്കിയിരിക്കുന്നത്. അധികരിച്ച് നൽകിയ നിരക്കിൽ ടാറിന്റെ വില ഈടാക്കാത്തതുമൂലം പഞ്ചായത്തിന്റെ ചെട്ടിക്കാട്-കുഞ്ഞിത്തൈ ഫെറി റോഡ്, തുരുത്തിപ്പുറം ഹരിജൻ കോളനി റോഡ്, ചക്കുമരശ്ശേരി സെൻട്രൽ ക്രോസ്സ് റോഡ്, മൂത്തകുന്നം ലേഡീസ് ഹോസ്റ്റൽ റോഡ് എന്നിവയുടെ പണികൾക്കായി 29,762 രൂപ അധികമായി നൽകിയിട്ടുണ്ട്. അധികമായി നൽകിയ തുക അതത് പണിയുടെ കൺവീനർമാരിൽ നിന്നോ അല്ലാത്തപക്ഷം നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII. I.7.9.(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

284. റോഡ് പണിക്ക് ടാർവാങ്ങിക്കൊടുത്തതിലൂടെ 30 ശതമാനം അധികം തുക ചെലവായെന്നും പ്രസ്തുത തുക ഈടാക്കാത്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ 21,420 രൂപ ഈയിനത്തിൽ മൂന്ന് പേരിൽ നിന്നായി ലഭിച്ചിട്ടുണ്ടെന്നും ബാക്കിയുള്ള 8,342 രൂപ കൺവീനറായ ശ്രീ. എ. എൻ. സത്യാനന്ദന്റെ കൈയിൽ നിന്നും ഈടാക്കാനായി ആർ.ആർ. നടപടിക്കുവേണ്ടി കളക്ടർക്ക് 10-9-2007-ൽ അപേക്ഷ നൽകിയിട്ടുണ്ടെന്നും അന്വേഷണത്തിൽ കൺവീനറുടെ പേരിൽ സ്വത്തില്ലെന്നാണ് അറിയാൻ കഴിഞ്ഞതെന്നും അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീമതി ഖദീജ സർവ്വീസിൽ നിന്നും വിരമിച്ചുവെന്നും വടക്കേക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. കൺവീനറുടെ കയ്യിൽ നിന്നും തുക ഈടാക്കാൻ മാർഗ്ഗമില്ലെങ്കിൽ അന്നത്തെ സെക്രട്ടറിയിൽ നിന്നും ആർ.ആർ. നടപടി മുഖേന ശേഷിക്കുന്ന ബാധ്യത ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

285. ജില്ലാ കളക്ടർ മുഖേന സ്വീകരിച്ച റവന്യൂ റിക്കവറിയിലൂടെ ചെട്ടിക്കാട്-കുഞ്ഞിത്തൈ റോഡ് ടാറിംഗ് പ്രവൃത്തിക്ക് 12,171 രൂപ കൺവീനറിൽ നിന്നും ഈടാക്കേണ്ടതിൽ 23-5-2008-ലെ 032928, 12-12-2008-ലെ 007487 എന്നീ ഡിമാന്റ് ഡ്രാഫ്റ്റുകൾ പ്രകാരം 3,829 രൂപ പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടുണ്ട്. അവശേഷിക്കുന്ന തുകയായ 8,342 രൂപ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി പറവൂർ തഹസിൽദാർക്ക് 14-1-2010-ൽ A2-8598/09 നമ്പർ കത്ത് നൽകിയിട്ടുണ്ട്. കൺവീനറിൽ നിന്നും റവന്യൂ റിക്കവറി നടപടിയിലൂടെ അവശേഷിക്കുന്ന തുക ഈടാക്കുന്നതിന് എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതായി തഹസിൽദാർ ഇതേവരെ റിപ്പോർട്ട് ചെയ്തിട്ടില്ല.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

286. ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് അധികരിച്ച നിരക്കിൽ നൽകിയ തുക താഴെപ്പറയും പ്രകാരം തിരിച്ച് പിടിച്ചതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു:

| പ്രവൃത്തി | ഈടാക്കിയ തുക |
|---|---|
| ചെട്ടിക്കാട്-കുഞ്ഞിത്തൈ ഫെറി റോഡ് ടാറിംഗ് | 12,171 |
| തുരുത്തിപ്പുറം ഹരിജൻ കോളനി റോഡ് ടാറിംഗ് | 7,224 |
| ചക്കമ്മശ്ശേരി സെൻട്രൽ ക്രോസ്സ് റോഡ് ടാറിംഗ് | 5,194 |
| മൂത്തകുന്നം ലേഡീസ് ഹോസ്റ്റൽ റോഡ് ടാറിംഗ് | 5,173 |
| ആകെ | 29,762 |

ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന തുക 29,762 രൂപയും തിരികെ ഈടാക്കിയിട്ടുള്ളതിനാൽ ഖണ്ഡിക പ്രകാരമുള്ള നിരാകരണം നിയമസഭാ സമിതിയുടെ അന്തിമ തീർപ്പിന് വിധേയമായി ഒഴിവാക്കാവുന്നതാണ്.

**നിഗമനങ്ങൾ/ശിപാർശകൾ**

287. **ഓഡിറ്റ് ഖണ്ഡികയിൽ അധികമായി നല്കിയതായി പരാമർശിച്ചിട്ടുള്ള തുക (29,762 രൂപ) തിരികെ ഈടാക്കിയിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

# മഴവന്നൂർ ഗ്രാമപഞ്ചായത്ത്
# (1998-99)

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ ഉത്തരവിന് വിരുദ്ധമായി തയ്യൽ മെഷീനുകൾ വിതരണം ചെയ്തത് സംബന്ധിച്ച്**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 10-9-1998-ലെ 37804/പി/3/98-ാം നമ്പർ സർക്കുലറിൽ വ്യക്തികൾക്കും കുടുംബങ്ങൾക്കും ആസ്തികൾ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ നിയന്ത്രണങ്ങൾ വരുത്തിയിട്ടുണ്ട്. ടി സർക്കുലറിന്റെ 11-ാം ഇനമായി തയ്യൽ മെഷീനുകൾ വ്യക്തികൾക്കും കുടുംബങ്ങൾക്കും വിതരണം ചെയ്യാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവിന് വിരുദ്ധമായി പട്ടിക ജാതിക്കാർക്കുള്ള തയ്യൽ മെഷീൻ വിതരണം എന്ന പ്രോജക്ട് പ്രകാരം 58 വ്യക്തിഗത ഗുണഭോക്താക്കൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്തിട്ടുണ്ട്. ആകയാൽ ചട്ടവും നിയമവും സർക്കാർ നിർദ്ദേശങ്ങളും അനുസരിച്ചല്ലാതെ ക്രമവിരുദ്ധമായി നടപ്പാക്കിയ ഈ പ്രോജക്ടിനുവേണ്ടി ചെലവഴിച്ച 1,18,320 രൂപ ഇതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII. I.7.9.(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

288. വ്യക്തികൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗ്രാമസഭയുടെ ലിസ്റ്റിൽ നിന്നാണ് തയ്യൽ മെഷീൻ നൽകിയിട്ടുള്ളതെന്നും പട്ടികജാതി-പട്ടികവർഗ്ഗക്കാരായിരുന്നു ഗുണഭോക്താക്കളെന്നും ഗുണഭോക്താക്കൾക്ക് തയ്യൽ മെഷീൻ കൊടുത്തു എന്നുള്ളതിന് സ്റ്റോക്ക് രജിസ്റ്ററിൽ ഒപ്പിട്ട് വാങ്ങിച്ചതിന്റെ രസീതുണ്ടെന്നും മഴവന്നൂർ ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. ടി. എ. അരവിന്ദാക്ഷൻ സമിതിയെ അറിയിച്ചു. തയ്യൽ മെഷീൻ ലഭിച്ച വ്യക്തികളുടെ പക്കൽ നിന്നുമുള്ള കൈപ്പറ്റ് രസീത്, അംഗീകൃത ഗുണഭോക്തൃലിസ്റ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാനും ആയതിന്റെ റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് സമിതിക്ക് ലഭ്യമാക്കുവാനും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

289. അംഗീകൃത ഗുണഭോക്തൃലിസ്റ്റ്, തയ്യൽ മെഷീൻ വിതരണം സംബന്ധിച്ച ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് എന്നിവ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതും 26-3-2010-ൽ സി.എ 2747/10 നമ്പർ കത്ത് മുഖേന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറോട് പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ അപേക്ഷ നൽകിയിട്ടുള്ളതുമാണ്.

സമിതി നിർദ്ദേശത്തിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

290. വ്യക്തികൾക്കും കുടുംബങ്ങൾക്കും ആസ്തികൾ വിതരണം ചെയ്യുവാൻ പാടില്ല എന്ന ഉത്തരവിന് വിരുദ്ധമായി 1998-99 വർഷത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്തത് അംഗീകരിക്കാനാവില്ലയെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ നടത്തിയ പ്രാദേശിക പരിശോധനയിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റും തയ്യൽ മെഷീൻ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഒപ്പിട്ട അക്വിറ്റൻസ് രജിസ്റ്ററും പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. അതുപ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ടവരാണ് തയ്യൽ മെഷീൻ ലഭിച്ച ഗുണഭോക്താക്കളെന്നും അവർ അക്വിറ്റൻസ് രജിസ്റ്ററിൽ ഒപ്പിട്ടാണ് മെഷീനുകൾ കൈപ്പറ്റിയതെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

291. എന്നാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കിയതിനാൽ ഇതിന് പിന്നീട് സർക്കാർ സാധൂകരണം വാങ്ങിയതായി കാണുന്നില്ല. കൂടാതെ ഈ പ്രോജക്ടിന്റെ നിർവ്വഹണോദ്യോഗസ്ഥയായിരുന്ന അന്നത്തെ സെക്രട്ടറി ശ്രീമതി സി. ഹേമലത, ഒ.പി. നമ്പർ 157/09 ആയി കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ള വിവരവും റിപ്പോർട്ട് ചെയ്യുന്നു.

## നിഗമനങ്ങൾ/ശിപാർശകൾ

292. **അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റും തയ്യൽ മെഷീൻ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഒപ്പിട്ട അക്വിറ്റൻസ് രജിസ്റ്ററും പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായും അതുപ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ പ്പെട്ടവരാണ് തയ്യൽ മെഷീൻ ലഭിച്ച ഗുണഭോക്താക്കളെന്നും അവർ അക്വിറ്റൻസ് രജിസ്റ്ററിൽ ഒപ്പിട്ടാണ് മെഷീൻ കൈപ്പറ്റിയതെന്നും ബോദ്ധ്യപ്പെട്ടതായും സമിതി നിർദ്ദേശ പ്രകാരം ലഭ്യമാക്കിയ ഓഡിറ്റിന്റെ പുനഃപരിശോധനാ റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു. നിലവിലുണ്ടായിരുന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് പദ്ധതി തയ്യാറാക്കിയതെന്നതിനാൽ സർക്കാർ സാധൂകരണം ലഭ്യമാകുന്നതുവരെ ടി ഓഡിറ്റ് പരാമർശത്തിന് പ്രസക്തിയുണ്ടാവുമെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ മതിയായ സർക്കാർ സാധൂകരണം ലഭ്യമാകുന്നതിന് വിധേയമായി ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വീട് മെയിന്റനൻസ് ഗുണഭോക്താക്കൾക്ക് നേരിട്ട് തുക നൽകിയത് അംഗീകരിക്കുന്നില്ല**

**ഓഡിറ്റ് വർഷം-1998-99, 1999-2000**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 14-10-1998-ലെ 209/98-ാം നമ്പർ ഉത്തരവ് പ്രകാരം ഭവന പുനരുദ്ധാരണത്തിന് ഗുണഭോക്താക്കൾക്ക് സഹായം പണമായി നൽകുവാൻ പാടില്ല. എന്നാൽ ഇതിനു വിരുദ്ധമായി 1998-99 സാമ്പത്തിക വർഷം 1,52,000 രൂപയും 1999-2000 സാമ്പത്തിക വർഷത്തിൽ 58,000 രൂപയും ഗുണഭോക്താക്കൾക്ക് ധനസഹായം നേരിട്ട് പണമായി നൽകിയിരിക്കുന്നു. 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടം 22 പ്രകാരം ഇത് ധനദുർവിനിയോഗമായി കണക്കാക്കി ബാദ്ധ്യത ഈടാക്കാൻ നടപടി എടുക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആകയാൽ ടി രണ്ട് സാമ്പത്തിക വർഷങ്ങളിലായി സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകിയിരിക്കുന്ന 2,10,000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായവരിൽനിന്നും തിരിച്ചുപിടിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII. I.7.10(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

293. വീട് മെയിന്റനൻസ് നടത്തിയതിന് 3,000 രൂപയാണ് നൽകിയതെന്നും പഞ്ചായത്ത് സമിതി അംഗീകരിച്ച ആളുകൾക്കാണ് ഈയിനത്തിൽ തുക നൽകിയതെന്നും അതിന് വൗച്ചറും മോണിറ്ററിംഗ് എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റും ലഭിച്ചിട്ടുണ്ടെന്നും മഴവന്നൂർ ഗ്രാമപഞ്ചായത്തിലെ മുൻസെക്രട്ടറി സമിതിയെ അറിയിച്ചു. മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടും അത് സർട്ടിഫൈ ചെയ്ത ആളുടെ സർട്ടിഫിക്കറ്റും ഗുണഭോക്താക്കൾക്ക് പണം കൊടുത്തത് സംബന്ധിച്ച രേഖയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന്റെ പരിശോധനയ്ക്ക് രണ്ടാഴ്ചയ്ക്കകം ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

294. എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ആഫീസിൽ സൂക്ഷിച്ചിട്ടുള്ളതും 26-3-2010-ൽ സി.എ 2747/10 നമ്പർ കത്ത് മുഖേന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറോട് പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ അപേക്ഷ നൽകിയിട്ടുള്ളതുമാണ്.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

295. വീട് മെയിന്റനൻസിന് ഗുണഭോക്താക്കൾക്ക് നേരിട്ട് ധനസഹായം നൽകിയത് സർക്കാർ ഉത്തരവിന് വിരുദ്ധമാകയാൽ തുക തിരിച്ചുപിടിക്കണമെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ആനുകൂല്യം ലഭിച്ച എല്ലാ ഗുണഭോക്താക്കളുടെയും വാല്യുവേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ചു. വാല്യുവേഷന് അധികരിച്ച തുക ആർക്കുംതന്നെ ആനുകൂല്യമായി നൽകിയിട്ടില്ല എന്നതും പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

296. എന്നാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ഉണ്ടായ മേൽപ്പറഞ്ഞ ചെലവിന് പിന്നീട് സർക്കാരിൽനിന്ന് സാധൂകരണം വാങ്ങിയിട്ടില്ല എന്ന വിവരവും റിപ്പോർട്ട് ചെയ്യുന്നു.

### നിഗമനങ്ങൾ/ശിപാർശകൾ

297. **ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾക്കാർക്കുംതന്നെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് അനുസരിച്ചുള്ള തുകയേക്കാൾ അധികരിച്ച് നൽകിയിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം വ്യക്തമാകുന്നു. എന്നാൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ആനുകൂല്യം പണമായി ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കിയതിന് സർക്കാർ സാധൂകരണം വാങ്ങിയിട്ടില്ലെന്ന് പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു. ആയതിനാൽ സർക്കാർ സാധൂകരണം അടിയന്തരമായി വാങ്ങണമെന്നും സാധൂകരണം ലഭ്യമാക്കുന്നതിന് വിധേയമായി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക (1998-99)</u>

**വീട് റിപ്പയറിംഗ്—സർക്കാർ ഉത്തരവ് മറികടന്ന് തുക ചെലവഴിച്ചു**

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് പട്ടികജാതി വിഭാഗക്കാരുടെ വീട് റിപ്പയറിംഗ് എന്ന പദ്ധതി.

ജി.ഒ. (പി) 209/98 ത.ഭ.വ. തീയതി 14-10-1998 പ്രകാരം ലക്ഷം വീട് പദ്ധതിയിൽ പ്പെടുത്തി പണിത വീടുകളും വിവിധ പദ്ധതികളിൽപ്പെടുത്തി പട്ടികവർഗ്ഗക്കാർ പണിത വീടുകളും മാത്രമേ റിപ്പയറിംഗിനു തെരഞ്ഞെടുക്കുവാൻ പാടുള്ളൂ. പണമായോ ചെക്കായോ തുക ഗുണഭോക്താക്കൾക്ക് നൽകരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവിനെ പാടെ അവഗണിച്ചുകൊണ്ട് പ്രോജക്ട് തയ്യാറാക്കുകയും ഈ പദ്ധതിക്കായി 1,75,000 രൂപ 38 വ്യക്തികൾക്ക് ധനസഹായമായി നൽകിയിട്ടുള്ളതായും കാണുന്നു. അതിനാൽ സർക്കാർ ഉത്തരവിനു വിരുദ്ധമായി നൽകിയ 1,75,000 രൂപയുടെ ചെലവ് ധനദുർവിനിയോഗമായി കണക്കാക്കാവുന്നതാണ്. അനധികൃതമായി നൽകിയ പ്രസ്തുത തുക തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII. I.7.11(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

298. ഒരാൾക്ക് 5,000 രൂപ നിരക്കിൽ പട്ടികജാതിക്കാരായ 38 വീട്ടുകാർക്ക് വീട് റിപ്പയറിംഗിന് പണം നൽകിയിരുന്നു. താനും അവിടുത്തെ വാർഡ് മെമ്പറുംകൂടി എല്ലാ വീടുകളും പോയി നോക്കി പണി തീർന്നതിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് കൊടുത്തിട്ടുണ്ടെന്നും നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എൽ. എ. തോമസ് സമിതിയെ അറിയിച്ചു. പ്രോജക്ടിൽ മോണിറ്ററിംഗ് സംബന്ധിച്ച വ്യവസ്ഥ എന്താണെന്ന് സമിതി ആരാഞ്ഞതിന് പ്രോജക്ടിൽ അപ്രന്റീസ് എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് വേണമെന്നാണെന്നും എന്നാൽ വർക്ക് ആരംഭിക്കാൻ കാലതാമസ മുണ്ടായപ്പോൾ പഞ്ചായത്ത് പ്രസിഡന്റിന്റെ ഒരു കത്തിന്റെ അടിസ്ഥാനത്തിൽ പണി തുടങ്ങിയെന്നും എസ്റ്റിമേറ്റെടുക്കാൻ എല്ലാ വീടുകളും പോയി നോക്കിയെന്നും പണി തീർന്നുകഴിഞ്ഞപ്പോൾ മെമ്പറോടൊപ്പം പോയി നേരിട്ട് എല്ലാ വീടുകളും പരിശോധിച്ചതനുസരിച്ചാണ് പണി തീർത്തു എന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകിയതെന്നും നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

299. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് വർക്ക് ആരംഭിക്കുവാൻ നിർദ്ദേശിച്ചു കൊണ്ടുള്ള പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും വി.ഇ.ഒ.യുടെ പരിശോധന സംബന്ധിച്ച രേഖകളും വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ കോപ്പിയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിനെ കാണിച്ച് ബോദ്ധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

300. പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്, വില്ലേജ് എക്സ്റ്റെൻഷൻ ആഫീസറുടെ പരിശോധനാ റിപ്പോർട്ട്, വാല്യൂവേഷൻ സർട്ടിഫിക്കറ്റിന്റെ കോപ്പി എന്നിവ 5-2-2010 തീയതിയിലെ സി-350/2010 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

301. അപ്രന്റീസ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാത്തതിനാൽ പദ്ധതി നിർവ്വഹണം നടത്തുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ.യുടെ അപേക്ഷയെ തുടർന്ന് അറ്റകുറ്റപ്പണിയെ സംബന്ധിച്ച റിപ്പോർട്ടും പൂർത്തീകരണ സർട്ടിഫിക്കറ്റും തയ്യാറാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് അനുവാദം നൽകിക്കൊണ്ട് പഞ്ചായത്ത് പ്രസിഡന്റ് ഉത്തരവായിട്ടുണ്ട്. ഈ കത്ത് പ്രാദേശിക പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നു. വി.ഇ.ഒ. നടപ്പാക്കിയ ഈ പദ്ധതിക്ക് 28-6-2007-ലെ പഞ്ചായത്ത് ഭരണ സമിതി തീരുമാനം നമ്പർ 3(9) പ്രകാരം സാധൂകരണം നൽകിയിട്ടുണ്ട്.

302. വില്ലേജ് എക്സ്റ്റെൻഷൻ ആഫീസർ തയ്യാറാക്കിയ എസ്റ്റിമേറ്റ്, പണി പൂർത്തിയാക്കിയശേഷമുള്ള വാല്യൂവേഷൻ സർട്ടിഫിക്കറ്റുകൾ എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കി.

303. പ്രാദേശിക പരിശോധനയിൽ മേൽപ്പറഞ്ഞ രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ ഖണ്ഡികയിലെ പരാമർശം നിയമസഭാ സമിതിയുടെ അന്തിമതീരുമാനത്തിന് വിധേയമായി ഒഴിവാക്കാവുന്നതാണ് എന്നറിയിക്കുന്നു.

## നിഗമനങ്ങൾ/ശിപാർശകൾ

**304. പദ്ധതി പ്രകാരം അപ്രന്റീസ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി നല്കാത്തതിനാൽ, പദ്ധതി നിർവ്വഹണം നടത്തുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കണമെന്ന നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ.യുടെ അപേക്ഷയുടെ വെളിച്ചത്തിൽ അറ്റകുറ്റപ്പണിയെ സംബന്ധിച്ച റിപ്പോർട്ടും പൂർത്തീകരണ സർട്ടിഫിക്കറ്റും തയ്യാറാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് അനുവാദം നല്കിക്കൊണ്ടുള്ള പഞ്ചായത്ത് പ്രസിഡന്റിന്റെ ഉത്തരവ്, വില്ലേജ് എക്സ്റ്റെൻഷൻ ആഫീസർ തയ്യാറാക്കിയ എസ്റ്റിമേറ്റ്, പണി പൂർത്തിയാക്കിയ ശേഷമുള്ള വാല്യൂവേഷൻ സർട്ടിഫിക്കറ്റുകൾ എന്നിവ ഓഡിറ്റ് വകുപ്പ് പുനഃപരിശോധിച്ച് ബോദ്ധ്യപ്പെട്ടതായുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## മുളവുകാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

### ഗ്രാമപഞ്ചായത്തിന് സ്വന്തമായി ബോട്ട്
### (1998-99, 2001-02 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 9)

ഗ്രാമപഞ്ചായത്തിന് റോട്ടറി വില്ലേജ് കോറിൽ നിന്നും ലഭിച്ച ബോട്ട് കേടുപാടുകൾ തീർക്കുന്നതിന് 1,35,225 രൂപയ്ക്ക് കരാർ നൽകുകയും ചെക്ക് നമ്പർ 191963/6-1-2001 പ്രകാരം 27,500 രൂപ കരാറുകാരൻ മുൻകൂർ കൈപ്പറ്റുകയും ചെയ്തു. എന്തെങ്കിലും പ്രവൃത്തികൾ ചെയ്തതായി രേഖയില്ല. മുൻകൂർ നൽകിയ തുക തിരിച്ചുപിടിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ III.7.I.14(i)]

305. ഗ്രാമപഞ്ചായത്തിന് സംഭാവനയായി ലഭിച്ച ബോട്ട് ഗുണഭോക്തൃസമിതി രൂപീകരിച്ച് ആളുകളിൽനിന്ന് സംഭാവന പിരിച്ചാണ് നന്നാക്കിയതെന്നും ആയതിലേക്ക് മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ 27,500 രൂപ മെഷർമെന്റ് പുസ്തകത്തിൽ രേഖപ്പെടുത്തിയില്ല എന്നതാണ് ഓഡിറ്റ് ഒബ്ജക്ഷന് കാരണമായി ലോക്കൽ ഫണ്ട് ഓഡിറ്റുകാർ പറഞ്ഞിട്ടുള്ളതെന്നും മുളവുകാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. സംഭാവനയായി കിട്ടിയ സമയത്ത് ബോട്ട് വെള്ളത്തിൽ മുങ്ങിക്കിടക്കുകയായിരുന്നു എന്നും വെള്ളത്തിൽനിന്ന് പൊക്കിയെടുത്ത് നന്നാക്കുന്നതിനാണ് പണം ചെലവായതെന്നും പ്രസ്തുത പ്രോജക്ടിന് ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ബോട്ടിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് സമിതി ആരാഞ്ഞതിന് ബോട്ട് ആകെ ദ്രവിച്ച അവസ്ഥയിലാണെന്നും പ്രതിപക്ഷ അംഗങ്ങളുടെ എതിർപ്പ് കാരണം പണി നടത്താൻ സാധിച്ചിട്ടില്ലെന്നും ബോട്ട് നിലവിൽ ഉണ്ടെങ്കിലും ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകാത്തതിനാൽ ലേലം ചെയ്തിട്ടില്ലെന്നും ലേലം ചെയ്താലും ചെലവായ തുക തിരികെ കിട്ടുകയില്ലെന്നും അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. പി. പ്രഭാകരൻ സർവ്വീസിൽ നിന്നും വിരമിച്ചുവെന്നും മുളവുകാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തുടർന്ന് മറുപടി നൽകി. ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് വാങ്ങി ബോട്ട് വിൽക്കുകയോ/ലേലം ചെയ്യുകയോ ചെയ്ത് ആ തുക പഞ്ചായത്തിലേക്ക് മുതൽക്കൂട്ടണമെന്നും നടപടി സംബന്ധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകുവാനും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

306. പഞ്ചായത്തിന്റെ 7-8-2009-ലെ IV(A) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബോട്ടിന്റെ വാല്യുവേഷൻ എടുക്കുന്നതിനായി 9-12-2009-ൽ ഈ ഓഫീസിലെ A8 905/08-ാം നമ്പർ കത്ത് പ്രകാരം ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ്, സിവിൽ സ്റ്റേഷൻ കാക്കനാടിന് കത്ത് നൽകുകയുണ്ടായി. വാല്യുവേഷൻ തയ്യാറാക്കുന്നതിനായി ബോട്ടിനെ സംബന്ധിച്ച സ്പെസിഫിക്കേഷൻ നൽകണമെന്ന് അദ്ദേഹം നിർദ്ദേശിച്ചുവെങ്കിലും സംഭാവനയായി കിട്ടിയ ബോട്ടാകയാൽ ബോട്ടിനെ സംബന്ധിച്ച സ്പെസിഫിക്കേഷനോ മറ്റ് വിവരങ്ങളോ പഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ ആ വിവരം നൽകുവാൻ സാധിച്ചിട്ടില്ല. ഈ വിവരം അദ്ദേഹത്തെ അറിയിക്കുകയും നിയമസഭാ സമിതിയുടെ 22-12-2009-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും വാല്യുവേഷൻ എടുത്തുതരുവാൻ ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. വാല്യുവേഷൻ നാളിതുവരെ ലഭിച്ചിട്ടില്ല. അടിയന്തരമായി വാല്യുവേഷൻ എടുത്തുതരുന്നതിന് വീണ്ടും കത്ത് നൽകിയിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

പരാമർശവിധേയമായ ബോട്ട് ഡിസ്പോസ് ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടിയൊന്നും നാളിതുവരെ ആരംഭിച്ചിട്ടില്ല.

## നിഗമനങ്ങൾ/ശിപാർശകൾ

307. **ഗ്രാമപഞ്ചായത്തിന് ബോട്ട് സംഭാവനയായി ലഭിച്ചതാണെന്നും ആയതിന്റെ കേടുപാടുകൾ തീർക്കുന്നതിനുള്ള മൊബിലൈസേഷൻ അഡ്വാൻസായാണ് 27,500 രൂപ നല്കിയതെന്നും പദ്ധതിക്ക് ഡി.പി.സി.യുടെ അംഗീകാരമുണ്ടായിരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ബോട്ട് ഉപയോഗയോഗ്യമല്ലാത്തതിനാൽ ലേലംചെയ്ത് മുതൽക്കൂട്ടാൻ സമിതി നിർദ്ദേശം നല്കിയതിനെ തുടർന്ന് ബോട്ടിന്റെ മൂല്യനിർണ്ണയം നടത്തുന്നതിന് ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സിന് കത്ത് നല്കിയെങ്കിലും ആയത് നാളിതുവരെ ലഭ്യമായിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു.**

308. **ബോട്ടിനെ സംബന്ധിച്ച സ്പെസിഫിക്കേഷൻ ആവശ്യപ്പെട്ടപ്പോൾ ആയത് നല്കാത്തതിനാലാണ് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാത്തതെന്ന് സമിതി നിരീക്ഷിച്ചു. സംഭാവനയായി കിട്ടിയ ബോട്ടായതിനാൽ ബോട്ടിനെ സംബന്ധിച്ച സ്പെസിഫിക്കേഷനും മറ്റ് വിവരങ്ങളും പഞ്ചായത്തിൽ ലഭ്യമല്ല എന്ന പഞ്ചായത്തിന്റെ വിശദീകരണം സമിതി അംഗീകരിക്കുന്നു.**

**ഈ സാഹചര്യത്തിൽ ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് പ്രസ്തുത ബോട്ട് നേരിട്ട് പരിശോധിച്ച് മൂല്യനിർണ്ണയം നടത്തി മതിയായ സർട്ടിഫിക്കറ്റ് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഡിസ്പോസ് ചെയ്ത തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി വിവരം റിപ്പോർട്ട് ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു.**

## ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ചക്കകുളം കുടിവെള്ള പദ്ധതി**

**(1998-99, 1999-2000, 2000-01, 2001-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 12)**

7,50,000 രൂപയുടെ അടങ്കൽ കണക്കാക്കിയ പദ്ധതിക്കായി 3,34,067 രൂപ കൺവീനർക്ക് നൽകിയിരുന്നു. അളവ് പുസ്തക പ്രകാരം 3,14,068 രൂപയുടെ മൂല്യമുള്ള പ്രവൃത്തികൾ രേഖപ്പെടുത്തിയിരിക്കുന്നു. മൂന്നാമത്തെ പാർട്ട് ബിൽ പ്രകാരം തുക അനുവദിക്കുന്നതിന് മുൻപ് പദ്ധതിയുടെ പ്രധാന ഭാഗമായ കൽക്കെട്ട് ഇടിഞ്ഞ് പോയതായി ഫയലിൽ കാണുന്നു. ഭൂഗർഭ ജലവകുപ്പിന്റെ നിർദ്ദേശങ്ങൾ അവഗണിച്ച് പ്രവൃത്തി നടത്തിയതുകൊണ്ടാണ് കൽക്കെട്ട് ഇടിഞ്ഞ് വീഴാനിടയായത് എന്ന് വ്യക്തമാണ്. കൽക്കെട്ട് ഇടിഞ്ഞുവീണതിന് കൺവീനർക്ക് തുക അനുവദിക്കുകവഴി പദ്ധതി നടപ്പിലാവാതിരിക്കുകയും ചെലവഴിച്ച തുക പാഴാവുകയും ചെയ്തിരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.I.15(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

309. പ്രസ്തുത ഓഡിറ്റ് പരാമർശത്തെ തുടർന്ന് സ്വീകരിച്ച റിക്കവറി നടപടി കുറെയധികം വ്യക്തികൾക്കെതിരെ ആയതിനാൽ തങ്ങൾ ഉത്തരവാദികളല്ലെന്ന് കാണിച്ച് പലരിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടെന്ന് എസ്.പി.എ.ഒ. സമിതിയെ അറിയിച്ചു. ഈ വിഷയത്തിൽ അന്തിമതീരുമാനമാകുന്നതുവരെ റിക്കവറി നടപടി നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് മുൻ പ്രസിഡന്റ് ഗവൺമെന്റ് സെക്രട്ടറിക്ക നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ റിക്കവറി നടപടി നിർത്തിവെയ്ക്കാൻ ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ടെന്നും അതിൽ ടെക്നിക്കലായി കുറെ കാര്യങ്ങൾകൂടി നോക്കേണ്ടതുള്ളതിനാൽ മാറ്റിവച്ചിരിക്കുകയാണെന്നും എസ്.പി.എ.ഒ. തുടർന്നറിയിച്ചു. പരാമർശവിഷയവുമായി ബന്ധപ്പെട്ട് മുൻപ്രസിഡന്റ് 3-1-2008-ന് നൽകിയിട്ടുള്ള നിവേദനത്തിന്മേൽ സർക്കാർ അടിയന്തര തീരുമാനമെടുത്ത് സമിതിയെ അറിയിക്കണമെന്ന് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

310. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശവിധേയമായ പാഴ്ചെലവ് ഈടാക്കുന്നതിനുള്ള റിക്കവറി നടപടിക്കെതിരെ ആരോപണവിധേയരായ വ്യക്തികൾ സർക്കാരിന് സമർപ്പിച്ച നിവേദനത്തിന്മേൽ സർക്കാർ അടിയന്തര തീരുമാനമെടുത്ത് സമിതിയെ അറിയിക്കുവാൻ തെളിവെടുപ്പ് വേളയിൽ സമിതി നല്കിയ നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് 12-1-2011-ലെ കത്തുപ്രകാരം ഉടൻ മറുപടി നല്കുമെന്ന് അറിയിച്ചിരുന്നുവെങ്കിലും നാളിതുവരെ യാതൊരു മറുപടിയും നല്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഖണ്ഡികയിന്മേലുള്ള അധികവിവരം അടിയന്തരമായി ലഭ്യമാക്കണമെന്നും ആയത് ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കി റിപ്പോർട്ട് നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ഡിസംബർ 2.

## അനുബന്ധം I

# പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 5 | ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് | 31-8-1997-ലെ മസ്റ്റർ റോളിൽ 33-ാം നമ്പർ വൗച്ചർ പ്രകാരം പിൻവലിച്ച 5,500 രൂപ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 12 | ,, | ആനുകൂല്യം നല്കിയത് ഗ്രാമസഭയും ഡി.പി.സി.യും അംഗീകരിച്ചതിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക നിർവ്വഹണോദ്യോഗസ്ഥനായ വെറ്ററിനറി സർജനിൽ നിന്നും ഈടാക്കുവാനുള്ള നടപടി തുടരേണ്ടതില്ലെന്നും അക്കാര്യം ബന്ധപ്പെട്ടവരെ അറിയിക്കണമെന്നും തെളിവെടുപ്പ് വേളയിൽ സമിതി നേരിട്ടും പിന്നീട് രേഖാമൂലവും ആവശ്യപ്പെട്ടവെങ്കിലും ടി തുക 17-4-2012-ൽ തിരികെ ഈടാക്കിയതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. |
| 3 | 13 | ,, | ഓഡിറ്റ് തടസ്സപ്പെടുത്തിയ 18,000 രൂപ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയത് ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെട്ടതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | 15 | ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് | പരിസരമലിനീകരണവും പകർച്ചവ്യാധികളും തടയാൻ നടപ്പാക്കിയ പദ്ധതി എന്ന നിലയിൽ ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് ആനുകൂല്യം നൽകി എന്നതിനാലും ഡി.പി.സി. അംഗീകരിച്ച പ്രോജക്ട് ആയതിനാലും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 28 | മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്ത് | നീലീശ്വരം പാടം എർത്ത് വർക്കുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് 53,931 രൂപയുടെ പാർട്ട് ബിൽ കൺവീനർ നൽകിയിട്ടുണ്ടെന്നും പഞ്ചായത്താണ് പണി തുടരേണ്ടതില്ല എന്ന് തീരുമാനിച്ചതെന്നും പ്രവൃത്തിയിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലെന്നും എം.ബുക്ക് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടെന്നുമുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 29 | ,, | ചിറ്റേൽകെട്ട് ഡ്രെയിനേജുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് കൺവീനർക്ക് മുൻകൂർ നൽകിയ തുക റവന്യൂ റിക്കവറി മുഖേന തിരികെ ഈടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ട് അടിയന്തരമായി നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 30 | മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്ത് & ലോ.ഫ.ഒ. വകുപ്പ് | നീലീശ്വരം നമ്പർ 1 ലിഫ്റ്റ് ഇറിഗേഷൻ സ്കീം അറ്റകുറ്റപ്പണി പൂർത്തിയായിട്ടുണ്ടെന്ന സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ആയത് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ എം. ബുക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | തദ്ദേശസ്വയംഭരണ വകുപ്പ് റിപ്പോർട്ട് നല്കിയിരിക്കുന്നത് തെളിവെടുപ്പ് വേളയിൽ സമിതി മുമ്പാകെ നല്കിയ മൊഴികൾക്ക് കടകവിരുദ്ധമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ഈ വിഷയം ഓഡിറ്റ് പരിശോധിച്ച് റിപ്പോർട്ട് നല്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ഓഡിറ്റ് വകുപ്പിന് പ്രസ്തുത റിപ്പോർട്ട് നാളിതുവരെ നൽകിയിട്ടില്ല. ആയതിനാൽ പ്രവൃത്തി പൂർത്തിയാക്കിയതു സംബന്ധിച്ച ഫൈനൽ ബിൽ, എം. ബുക്ക് ഇവ നിലവിലുണ്ടോയെന്ന വിവരം ഓഡിറ്റ് വകുപ്പ് അടിയന്തരമായി പരിശോധിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 31 | മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്ത് | കാവുങ്ങൽ കുളം റോഡ് ടാറിംഗ് പണിയുമായി ബന്ധപ്പെട്ട് ആർ.ആർ. അപേക്ഷയിന്മേലുള്ള നടപടി സംബന്ധിച്ച അന്തിമ റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് സമർപ്പിക്കണമെന്ന് ശിപാർശ ചെയ്യുന്നു. മംഗലി കടവ് കെട്ടൽ പ്രവൃത്തിക്ക് നല്കിയ മുൻകൂർ തുക പലിശസഹിതം തിരിച്ചടച്ചിട്ടുണ്ടെന്ന വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 32 | ,, | വെസ്റ്റ് കോളനി ശ്മശാനം ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തിക്ക് നല്കിയ മുൻകൂർ തുക തിരികെ ഈടാക്കിയത് സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 34 | കമ്പളം ഗ്രാമപഞ്ചായത്ത് | പട്ടികജാതി വിഭാഗക്കാരുടെ അടിസ്ഥാന സൗകര്യം കണക്കിലെടുത്ത് തുടങ്ങിയ പദ്ധതിയുടെ ഗുണഭോക്താക്കളെ ബോധപൂർവ്വമായോ ക്രമരഹിതമായോ തെരഞ്ഞെടുത്തില്ല |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | എന്നതുകൊണ്ടും ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരമുണ്ടായിരുന്നതു കൊണ്ടും സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകിയിട്ടി ല്ലാത്തതിനാലും ഗുണഭോക്താക്കൾ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടവരാണെന്ന് സമിതിക്ക് ബോദ്ധ്യ പ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 38 | കാലടി ഗ്രാമപഞ്ചായത്ത് | സർക്കാർ സ്ഥാപനമായ സിഡ്കോയിൽ നിന്നും ടെൻഡർ ക്ഷണിക്കാതെ ഉപകരണങ്ങൾ വാങ്ങിയത് പഞ്ചായത്തിന്റെ അംഗീകാരത്തോടെയാണെന്നും ഉപകരണങ്ങൾ വാങ്ങിയതിനുള്ള തുക നൽകിയത് സിഡ്കോതന്നെയാണെന്നും ഇതിന്റെ ബില്ലുകൾ സിഡ്കോയുടേതാണെന്ന് പരിശോധിച്ച് ബോദ്ധ്യ പ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 55 | മുടക്കുഴ ഗ്രാമപഞ്ചായത്ത് | പുളിഞ്ചോട് വാട്ടർ സപ്ലൈ സ്കീമിന്റെ ഒന്നാമത്തെ പ്രോജക്ട് പൂർത്തീകരിച്ചിട്ടുണ്ടെന്നും മുൻകൂർ നൽകിയ തുക ക്രമീകരിച്ചിട്ടുണ്ടെന്നുമുള്ള സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 56 | ,, | മില്ലുംപടി കനാൽ ബണ്ട് റോഡിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചുവെങ്കിലും അതിനെതിരെ കക്ഷി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത് സ്റ്റേ വാങ്ങിയതിനാൽ ആർ.ആർ. നടപടി മരവിപ്പിച്ചിരി ക്കുകയാണ് എന്ന് പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചതിന്റെ വെളിച്ചത്തിൽ കേസിന്മേൽ ഇടക്കാല ഉത്തരവ് ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ സ്റ്റേയുടെ കാലാവധി കഴിഞ്ഞതായി സൂചിപ്പിച്ചിരുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത കേസ്സിന്റെ നിലവിലെ സ്ഥിതിയും കേസ്സിന്മേൽ വിധി പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിൻപ്രകാരം സ്വീകരിച്ച നടപടിയും സംബന്ധിച്ച് അടിയന്തരമായി സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ശിപാർശ ചെയ്യുന്നു. |
| 14 | 57 | മുടക്കുഴ ഗ്രാമപഞ്ചായത്ത് | കണിച്ചുപറമ്പ് കോളനി ടി.വി. ഷെഡിന്റെ നിർമ്മാണത്തിനായി കൺവീനർ മുൻകൂർ തുക കൈപ്പറ്റിയശേഷം പണി പൂർത്തിയാക്കാതിരുന്നതിന്റെ ഫലമായി പഞ്ചായത്തിനുണ്ടായ നഷ്ടത്തുക റവന്യൂ റിക്കവറി മുഖേന തിരികെ ഈടാക്കിയത് സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 58 | ,, | <u>ചെങ്ങശ്ശേരിക്കാവ് ചുരമുടി റോഡ്</u><br>ജില്ലാ കളക്ടർ റവന്യൂ റിക്കവറി നടപടി തുടങ്ങിയെങ്കിലും അതിനെതിരെ കക്ഷി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. കേസിൽ സെക്രട്ടറിയും ഡെപ്യൂട്ടി തഹസിൽദാർ (RR), കുന്നത്തുനാട് എന്നിവരും കക്ഷികളാണെന്നും പരാതിയുടെ പകർപ്പും കേസിന്റെ വിശദാംശങ്ങളും ലഭിക്കുന്നതിനുവേണ്ടി കളക്ടർക്ക് കത്തുനൽകിയെങ്കിലും ലഭ്യമായിട്ടില്ല എന്നും വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതിയും കോടതിവിധി പ്രകാരം സ്വീകരിച്ച നടപടി സംബന്ധിച്ചും റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 16 | 59 | മുടക്കുഴ ഗ്രാമപഞ്ചായത്ത് | കൊക്കാമറ്റം കോളനി ടി.വി. ഷെഡ് നിർമ്മാണം പൂർത്തീകരിച്ചതായും മുൻകൂർ തുക ക്രമീകരിച്ചതായും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 60 | ,, | ചുണ്ടക്കുഴി മുണ്ടപ്പിള്ളി റോഡ് പണി പൂർത്തീകരിച്ച് ബിൽ സെറ്റിൽ ചെയ്തിട്ടുണ്ടെന്നും അഡ്വാൻസ് തുക ക്രമീകരിച്ചിട്ടുണ്ടെന്നും സർക്കാർ രേഖാമൂലം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 18 | 61 | ,, | തുരുത്തി ശ്മശാനം റോഡിന്റെ പ്രവൃത്തി പൂർത്തീകരിച്ചതായും മുൻകൂർ തുക ക്രമീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 62 | ,, | ചൂരമുടി ടി.വി. ഷെഡ് നിർമ്മാണത്തിന് മുൻകൂർ നല്കിയ തുക കക്ഷിയുടെ പേരിൽ സ്വത്തുക്കളില്ലാത്തതിനാൽ ആർ.ആർ. നടപടി മുഖേന ഈടാക്കാൻ നിർവ്വാഹമില്ല എന്ന് സമിതി മനസ്സിലാക്കുന്നു. സമിതി നിർദ്ദേശപ്രകാരം പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 63 | ,, | കൽക്കുട്ടം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ആരോപണവിധേയനായ വ്യക്തിയുടെ പേരിൽ സ്വത്തുക്കളില്ല എന്ന കാരണത്താൽ ആർ.ആർ. നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല എന്ന |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | സെക്രട്ടറിയുടെ വിശദീകരണത്തിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. റവന്യൂ റിക്കവറി നടപടി മുഖേന തുക ഈടാക്കേണ്ട സംഗതി കളിൽ വ്യക്തിയുടെ പേരിൽ സ്വത്തുക്കളില്ല എന്നത് പഞ്ചായത്ത് ഭരണസമിതിയുടെ കാര്യപരിപാടിയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്ത് റിപ്പോർട്ട് നല്കുവാൻ തെളിവെടുപ്പ് യോഗത്തിൽ സമിതി നിർദ്ദേശിക്കുകയുണ്ടായി. ആയതിന് ലഭ്യമാക്കിയ മറുപടിയിലും സ്വത്തുക്കളില്ല എന്നുമാത്രമേ പ്രസ്താവിച്ചിട്ടുള്ളു. സമിതി ആവശ്യപ്പെട്ടതിൻ പ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കുന്നതിൽ വകുപ്പിന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായി സമിതി വിലയിരുത്തുകയും ആയത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കുകയും ചെയ്യുന്നു. സമിതി നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥ രുടെ പേരിൽ വകുപ്പുതല നടപടി സ്വീകരി ക്കുവാനും ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ റവന്യൂ റിക്കവറി നടപടിയുള്ള എല്ലാ സംഗതികളുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് നല്കുവാനും സമിതി ശിപാർശ ചെയ്യുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട് ചാർജ്ജ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട്, ഇതുമായി ബന്ധപ്പെട്ട കേസിന്റെ പുരോഗതി എന്നിവ സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും ശിപാർശ ചെയ്യുന്നു. |
| 21 | 69 | വേങ്ങൂർ ഗ്രാമപഞ്ചായത്ത് | പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രം ഭൂമി വാങ്ങു വാനുള്ള സബ്സിഡി പരിമിതപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് വരുന്നതിനു മുൻപുള്ള പ്രോജക്ടായതിനാലും പ്രോജക്ടിന് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടെന്നുമുള്ള സർക്കാരിന്റെ മറുപടിയുടെയും ഓഡിറ്റിന്റെ പരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 22 | 73 | വേങ്ങൂർ ഗ്രാമപഞ്ചായത്ത് | ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തുക ആർ.ആർ. നടപടിയിലൂടെ ഈടാക്കാൻ നിർദ്ദേശിച്ചിരുന്നതിൻപ്രകാരം ആർ.ആർ. നടപടികൾക്കായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ആയതിന്മേൽ പ്രവൃത്തി യുടെ എഞ്ചിനീയർ കേസ് ഫയൽ ചെയ്തതായും തദ്ദേശസ്വയംഭരണ വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രസ്തുത കേസ്സിന്മേലുള്ള തുടർനടപടി ത്വരിതപ്പെടുത്തുവാനും കോടതി വിധിപ്രകാരം നടപടി സ്വീകരിച്ച് ഇക്കാര്യം സംബന്ധിച്ച് റിപ്പോർട്ട് നല്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 23 | 76 | ഏഴിക്കര ഗ്രാമപഞ്ചായത്ത് ത.സ്വ.ഭ.വ. | പൊക്കാളി നില വികസന ഏജൻസിയുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് അന്നത്തെ കൃഷി വകുപ്പുമന്ത്രി നടത്തിയ പ്രഖ്യാപനത്തെ തുടർന്നാണ് ആനുകൂല്യം നൽകിയതെന്ന സെക്രട്ടറിയുടെ മറുപടിയുടെയും പദ്ധതിയുടെ ഉദ്ദേശശുദ്ധി കണക്കിലെടുത്തും ഡി.പി.സി. അംഗീകരിച്ചതിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ തുക ചെലവാക്കിയതിന് സർക്കാർ സാധൂകരണം നൽകുവാനും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 81 | കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ത.സ്വ.ഭ.വകുപ്പ് ലോ.ഫ.ഒ. വകുപ്പ് | ബ്ലോക്ക്തല സാങ്കേതിക സമിതിയുടെ അംഗീകാരം കിട്ടിയ പ്രവൃത്തിയാണെങ്കിലും സ്വന്തമായി നിരക്ക് നിശ്ചയിച്ച് അധികം തുക ചെലവഴിച്ചത് ക്രമവിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ വകുപ്പ് തലത്തിലും ലോക്കൽ ഫണ്ട് ഓഡിറ്റ് തലത്തിലും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നിർദ്ദേശിച്ചിരുന്നു. ആയതിന് വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ വകുപ്പുതല അന്വേഷണവും ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പ്രാദേശിക അന്വേഷണവും പൂർത്തീകരിച്ചിട്ടുള്ള താണ് എന്ന് മാത്രമാണ് പ്രസ്താവിച്ചിട്ടുള്ളത്. ആയതിനാൽ ഈ വിഷയത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റും തദ്ദേശസ്വയംഭരണ വകുപ്പും നടത്തിയ അന്വേഷണ റിപ്പോർട്ടുകളും ആയതിന്റെ വെളിച്ചത്തിൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന റിപ്പോർട്ടും ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 25 | 91 | കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് | പട്ടികജാതി വിഭാഗക്കാർക്കുവേണ്ടി 1,42,300 രൂപ അടങ്കൽ തുകയുള്ള മിനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണ പദ്ധതിക്ക് കൺവീനർക്ക് 50,000 രൂപ മുൻകൂർ നല്കിയെങ്കിലും മൂല്യനിർണ്ണയ റിപ്പോർട്ട് പ്രകാരം 37,859 രൂപയുടെ തറപ്പണിവരെയുള്ള പ്രവൃത്തി മാത്രം പൂർത്തീകരിച്ച് കൺവീനർ പ്രവൃത്തി ഉപേക്ഷിച്ചതുമൂലം കമ്മ്യൂണിറ്റി ഹാൾ നിർമ്മാണ പദ്ധതി പൂർത്തീകരിക്കാനായില്ല എന്ന് സമിതി മനസ്സിലാക്കുന്നു. കൺവീനർ പ്രവൃത്തി ഉപേക്ഷിച്ച ഘട്ടത്തിലോ 2004-ൽ ഓംബുഡ്സ്മാന്റെ വിധി പ്രസ്താവനത്തിനുശേഷമോ പദ്ധതി പ്രാവർത്തിക മാക്കാനുള്ള യാതൊരു ആത്മാർത്ഥമായ ശ്രമവും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയോ ഉദ്യോഗസ്ഥരുടെയോ ഭാഗത്തുനിന്നുണ്ടായില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് ജനറൽ ഫണ്ടിൽ നിന്നും വകയിരുത്തി 2005 മാർച്ച് 31-നകം നടപ്പിലാക്കുക, മുൻകൂർ തുക കൈപ്പറ്റി പണി പൂർത്തിയാക്കാത്ത |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | കൺവീനറിൽ നിന്നും തുക ഈടാക്കുവാൻ സെക്രട്ടറി ഉടൻ നടപടി സ്വീകരിച്ച് 6 മാസത്തിനകം ടി നടപടി പൂർത്തീകരിച്ചിരിക്കണം, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം പുനരാരംഭിക്കുന്നതിന് അടിയന്തര പ്രാധാന്യം നല്കാത്തപക്ഷം ഗ്രാമപഞ്ചായത്തംഗങ്ങൾക്കെതിരെ നടപടി ആരംഭിക്കേണ്ടിവരുമെന്നും 22-12-2004-ൽ ഓംബുഡ്സ്മാൻ നൽകിയ കർശന നിർദ്ദേശങ്ങളോ തെളിവെടുപ്പ് വേളയിൽ സമിതി നല്കിയ നിർദ്ദേശങ്ങളോ നാളിതുവരെ പാലിക്കപ്പെട്ടിട്ടില്ല എന്നത് സമിതി അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നു. ഇത് ഓംബുഡ്സ്മാനോടും സമിതിയോടുമുള്ള അനാദരവാണെന്ന് സമിതി വിലയിരുത്തുകയും കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഓംബുഡ്സ്മാന്റെ വിധി നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഓംബുഡ്സ്മാന്റെ വിധി അടിയന്തരമായി നടപ്പാക്കുവാനും കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 26 | 96 | ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റുകൾ പുനഃസ്ഥാപിക്കുന്നതിന് ചട്ടവിരുദ്ധമായി ഫിറ്റിംഗ് ചാർജ് നല്കിയതിലൂടെ പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഗ്രാറ്റുവിറ്റിയിൽ നിന്നും ഈടാക്കാൻ സർക്കാർ ഉത്തരവായെന്നും 40,279 രൂപ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാൻ എറണാകുളം സബ് ട്രഷറി ഓഫീസറോട് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിച്ചിരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | എന്നാൽ പ്രസ്തുത തുക പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതായി കാണുന്നില്ല. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്ന 2009 മേയ് മാസം 28-ാം തീയതിയിലെ കത്തുപ്രകാരം പഞ്ചായത്ത് ഡയറക്ടറിൽ നിന്നും ലഭിച്ച അറിയിപ്പ് സംബന്ധിച്ച വിവരം ജില്ലാ ട്രഷറി ഓഫീസറോടും സബ് ട്രഷറി ഓഫീസറോടും ഗ്രാമപഞ്ചായത്ത് ആരായുന്നത് യഥാക്രമം 5-2-2010-നും 9-2-2010-നും മാത്രമാണ്. ഗ്രാമപഞ്ചായത്തിന് നഷ്ടമായ തുക പഞ്ചായത്ത് ഡയറക്ടറുടെയും സർക്കാരിന്റെയും ഉത്തരവുകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ എത്തിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനു ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയുണ്ടായതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പ്രസ്തുത തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണമെന്തെന്നും അറിയിക്കുകയും ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അതിന് ഉത്തരവാദികളായവരിൽ നിന്നും തുക പലിശസഹിതം ഈടാക്കി വകുപ്പുതല നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 27 | 100 | ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് | വാലം റോഡ് മെറ്റലിംഗ് ഫൈനൽ ബിൽ നൽകിയതിനുശേഷം അനധികൃതമായി നല്കിയ തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്ന് തെളിവെടുപ്പ് വേളയിൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത് സെക്രട്ടറി നല്കിയ വിശദീകരണത്തിന്റെയും സമിതി നിർദ്ദേശ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് രേഖാമൂലം നല്കിയ മറുപടിയുടെയും തുക മുഴുവനും ഈടാക്കിയത് പരിശോധിച്ച് ബോധ്യ പ്പെട്ടിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സ്പഷ്ടീകരണത്തിന്റെയും അടിസ്ഥാന ത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 28 | 103 | ചെല്ലാനം ഗ്രാമപഞ്ചായത്ത് | പദ്ധതിയുടെ ഗുണഭോക്തൃ സമിതി കൺവീനർ കൈപ്പറ്റിയ 1,25,000 രൂപയിൽ ഗുണഭോക്തൃ സമിതി 75,855 രൂപയുടെ പണി നടത്തിയ തായി തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള തായും പ്രസ്തുത തുക കഴിച്ച് ബാക്കി തുകയായ 49,245 രൂപയിൽ 34,235 രൂപ കൺവീനറിൽ നിന്ന് ഈടാക്കിയിട്ടുള്ളതായും സമിതി മനസ്സി ലാക്കുന്നു. അവശേഷിക്കുന്ന 15,010 രൂപയും 49,245 രൂപയ്ക്കുള്ള നിയമാനുസൃതമുള്ള പലിശയും ഈടാക്കി റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 29 | 111 | ,, | ഗ്രാമപഞ്ചായത്തിന്റെ മത്സ്യസംസ്കരണ യൂണിറ്റ് പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥയായി സഹകരണ സംഘം സെക്രട്ടറിയെ തീരുമാനിച്ചത് സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമാണെന്നും പഞ്ചായത്ത് സെക്രട്ടറിയോ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരോ ആയിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥരാകേണ്ടിയിരുന്നതെന്നും സമിതി വിലയിരുത്തുന്നു. നിർവ്വഹണ ഉദ്യോഗസ്ഥയെ നിയോഗിച്ച നടപടിയിലെ അപാകത ഓഡിറ്റ് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ യൂണിറ്റിന്റെ പ്രവർത്തനം നിർത്തിവെച്ചത് ഉചിതമായില്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മത്സ്യസംസ്കരണ യൂണിറ്റ് പ്രവർത്തനം പുനരാരംഭിച്ചതായും പ്രസ്തുത യൂണിറ്റിനായി പട്ടികജാതി സഹകരണ സംഘം സെക്രട്ടറിക്ക് അനുവദിച്ച 2,41,200 രൂപയുടെ ചെലവിൽ ക്രമക്കേടുകൾ കാണുന്നില്ല എന്നതിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 30 | 122 | പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടത്തിന് ഉത്തരവാദിയാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ആരോപിച്ചിട്ടുള്ള മുൻ സെക്രട്ടറിയിൽ നിന്നും റവന്യൂ റിക്കവറി മുഖേന തുക ഈടാക്കാനുള്ള നടപടിക്കെതിരെ ടിയാൻ ബഹു. കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതായും ആയതിന്മേൽ ആർ. ആർ. നടപടി സ്റ്റേ ചെയ്തിരിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത കേസ് എത്രയും വേഗം തീർപ്പാക്കാനും കേസിന്റെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യാനും സമിതി ശിപാർശ ചെയ്യുന്നു. |
| 31 | 125 | കീഴ്മാട് ഗ്രാമപഞ്ചായത്ത് | ശാന്തിമല റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് അധികം നല്കിയതായി ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ച തുക തിരിച്ചടച്ചിട്ടുള്ളതായും മനക്കത്തട്ട് കാന പുനരുദ്ധാരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് മതിയായ അംഗീകാരം വാങ്ങി അധികരിക്കാതെയാണ് സാങ്കേതികാനുമതി തുകയേക്കാൾ തുക നൽകിയതെന്നും ഗ്രാമപഞ്ചായത്തിന്റെ മറുപടി ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതായും മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത രണ്ട് പ്രവൃത്തികൾ സംബന്ധിച്ച ഓഡിറ്റ് തടസ്സങ്ങളും ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 32 | 127 | ഏലൂർ ഗ്രാമപഞ്ചായത്ത് | പ്രവൃത്തിയുടെ സുരക്ഷിതത്വത്തിന് ആവശ്യമായ രീതിയിൽ പ്രവൃത്തി ചെയ്യിച്ചതുമൂലമാണ് എസ്റ്റിമേറ്റിനേക്കാൾ പ്രവൃത്തി ചെയ്യേണ്ടി വന്നതെന്നും ഇക്കാര്യം ബന്ധപ്പെട്ട സാങ്കേതിക വിദഗ്ദ്ധർക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണെന്നും ആയതിന് ബി.എൽ.ടി.സി. പരിശോധിച്ച് സാങ്കേതികാനുമതി നല്കിയിട്ടുള്ളതുമാണെന്ന രേഖാമൂലമുള്ള മറുപടി അംഗീകരിച്ചുകൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 33 | 131 | മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്ത വനിതാ വ്യവസായ യൂണിറ്റുകൾക്ക് ആവശ്യമായ തയ്യൽ മെഷീൻ വാങ്ങുന്നതിനുള്ള ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തതും തയ്യൽ മെഷീൻ നിർമ്മാണ മേഖലയിലെ അംഗീകൃത ബ്രാൻഡിന് ഉടമകളുമായ ഉഷാ മെഷീൻ കമ്പനിയെ ഒഴിവാക്കി ബ്രാൻഡ് നെയിം ഇല്ലാത്ത തയ്യൽ മെഷീനുവേണ്ടി ഒരു സ്വകാര്യ ഏജൻസിക്ക് ക്വട്ടേഷൻ നൽകിയത് വ്യക്തമായ ക്രമക്കേടാണെന്ന് സമിതി വിലയിരുത്തുന്നു. ഉഷാ മെഷീനെ ഒഴിവാക്കിയത് തയ്യൽ മെഷീനോടൊപ്പം കട്ടിംഗ് ടേബിൾ നല്കാൻ കഴിയില്ല എന്ന കാരണത്താലാണ് എന്ന ഗ്രാമപഞ്ചായത്തിന്റെ വാദം ന്യായീകരിക്കത്തക്കതല്ല. തയ്യൽ മെഷീനും കട്ടിംഗ് ടേബിളിനും വെവ്വേറെ ക്വട്ടേഷൻ ക്ഷണിക്കേണ്ടതായിരുന്നു എന്ന ഓഡിറ്റിന്റെ നിരീക്ഷണത്തോട് സമിതി പൂർണ്ണമായും യോജിക്കുന്നു. അങ്ങനെ ചെയ്യുന്നതിനുപകരം കട്ടിംഗ് ടേബിളിന്റെ വിതരണം എന്ന ഒരു വ്യവസ്ഥകൂടി ഉൾപ്പെടുത്തി ക്വട്ടേഷൻ ക്ഷണിച്ചത് ടി കമ്പനിയെ ഒഴിവാക്കി ഇഷ്ടാനുസരണം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | മറ്റു ക്വട്ടേഷനുകൾ പരിഗണിക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണെന്ന് സമിതി നിരീക്ഷിക്കുന്നു. പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനപ്രകാരമാണ് ഉപകരണങ്ങൾ വാങ്ങിയതെന്നും താൻ കുറ്റക്കാരനല്ലെന്നുമുള്ള അന്നത്തെ സെക്രട്ടറിയുടെ വാദം സ്വീകാര്യമല്ല. ക്രമവിരുദ്ധമായ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനങ്ങളിന്മേൽ രേഖാമൂലം വിയോജിപ്പ് പ്രകടിപ്പിക്കേണ്ടതും അനന്തര നടപടി സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമാണ്. പ്രസ്തുത ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ടി സെക്രട്ടറി വരുത്തിയ വീഴ്ചയിലൂടെ 66,130 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായെന്ന് സമിതിക്ക് ബോധ്യമാകുന്നു. പ്രസ്തുത തുക ടിയാനിൽ നിന്ന് ഈടാക്കണമെന്നുമുള്ള ഓഡിറ്റിന്റെ അഭിപ്രായത്തോട് സമിതി യോജിക്കുകയും ചെയ്യുന്നു. ആയതിനാൽ നഷ്ടത്തുക ഈടാക്കുന്നതിനെതിരെ ടിയാൻ ബഹു. കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള കേസ് ത്വരിതപ്പെടുത്തുന്നതിനും കേസിന്മേലുള്ള കോടതിവിധി പ്രകാരം നടപടി സ്വീകരിക്കുന്നതിനും ഇക്കാര്യത്തിലുള്ള നിലവിലെ സ്ഥിതി അറിയിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 34 | 138 | ആരക്കുഴ ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിന് ബി. എൽ. ഇ. സി. സാങ്കേതികാനുമതി നല്കിയപ്പോഴുള്ള പ്ലാനിൽ നിന്ന് വ്യതിചലിച്ച് നടത്തിയതും മതിയായ അംഗീകാരം നേടാത്തതും ക്രമവിരുദ്ധമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 35 | 139 | ആരക്കുഴ ഗ്രാമപഞ്ചായത്ത് | പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നല്കുവാൻ ചുമതലപ്പെട്ട ബി. എൽ. ഇ. സി. കൺവീനർ പുതുക്കിയ എസ്റ്റിമേറ്റിനകത്തും കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റിനകത്തും ഒപ്പിട്ടിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ, ആയതിൽ കൺവീനർ കൂടിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒപ്പിട്ടിട്ടുണ്ടെന്നും ബി. എൽ. ഇ. സി. ചെയർമാൻ, ഒരംഗം എന്നിവർ ഒപ്പിട്ട് കാണുന്നില്ല എന്ന് ഓഡിറ്റിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ നിന്നും സമിതിക്ക് ബോദ്ധ്യമാകുന്നു. |
| 36 | 140 | ,, | സാങ്കേതികാനുമതി നല്കുവാനുള്ള ചുമതല ഒരു സമിതിയിൽ നിക്ഷിപ്തമായിരിക്കെ അതിലെ ഏതെങ്കിലും തലത്തിലുള്ള ഒരു ഉദ്യോഗസ്ഥന് മാത്രമായി പ്രസ്തുത അധികാരം വിനിയോഗിക്കുവാനാകില്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. അതുകൊണ്ട് തന്നെ ഇക്കാര്യത്തിൽ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നല്കിയതായി കണക്കാക്കാൻ നിർവ്വാഹമില്ലെന്നും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നുമുണ്ടായ നടപടി ഉചിതമല്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. |
| 37 | 141 | ,, | ഈ സാഹചര്യത്തിൽ രൂപകല്പനയിലുൾപ്പെടെ മാറ്റം വരുത്തി കെട്ടിടം നിർമ്മിച്ച നടപടിക്ക് ബി. എൽ. ഇ. സി. നല്കുന്ന സാധൂകരണത്തിന് വിധേയമായി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 38 | 150 | വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തി വിശാലകൊച്ചി വികസന അതോറിറ്റിയെ ഏൽപ്പിക്കുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നുവെന്നും |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തുക മാത്രമേ നൽകിയിട്ടുള്ളൂ എന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധന റിപ്പോർട്ടിൽ നിന്നും വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 39 | 157 | വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് | ശ്രീ. സി. കെ. ഗിരിജന് അനർഹമായി നൽകിയ തുക ഗഡുക്കളായി തിരിച്ചടയ്ക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ടിയാൻ മരണപ്പെട്ടിട്ടുള്ളതായും ടിയാൻ കൈപ്പറ്റിയ തുക ടിയാന്റെ ഭാര്യ ഗഡുക്കളായി അടച്ചുവരുന്നതായും നാളിതുവരെ 12,000 രൂപ അടവാക്കിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ അവശേഷിക്കുന്ന തുക കൂടി ഈടാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 40 | 158 | ,, | ശ്രീ. രെജിമോൻ കൈപ്പറ്റിയ തുക ടിയാന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് അറിയിപ്പ് നൽകിയതായി വകുപ്പ് റിപ്പോർട്ട് നല്കിയതിന്റെ അടിസ്ഥാനത്തിൽ ആയത് കൃത്യമായും തിരിച്ചടയ്ക്കുന്നുണ്ടോയെന്ന് പരിശോധിക്കണമെന്നും വീഴ്ച വരുത്തുന്നപക്ഷം മേൽ നടപടി സ്വീകരിക്കണമെന്നും അനർഹമായി സ്വീകരിച്ച തുക തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം അന്നത്തെ സെക്രട്ടറിയിൽ നിന്നും പ്രസ്തുത തുക ഈടാക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 41 | 160 | കുന്നുകര ഗ്രാമപഞ്ചായത്ത് | വോട്ടേഴ്സ് ലിസ്റ്റ് മാറ്റി അച്ചടിച്ചത് സംബന്ധിച്ച സെക്രട്ടറിയുടെ വിശദീകരണത്തിന്റെയും അടിയന്തരസ്വഭാവം പരിഗണിച്ചാണ് അപ്രകാരം ചെയ്യേണ്ടിവന്നതെന്ന വസ്തുത കണക്കിലെടുത്തും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 42 | 163 | മരട് ഗ്രാമപഞ്ചായത്ത് | ഭരണാനുമതിയും സാങ്കേതികാനുമതിയും വാങ്ങാതെ പ്രവൃത്തി തുടങ്ങിയ സാഹചര്യം സമിതിക്ക് ബോധ്യപ്പെട്ടുവെങ്കിലും ഭരണാനുമതി നല്കുന്ന എഞ്ചിനീയർ തന്നെ അളവെടുത്തത് ശരിയായ നടപടിയല്ലെന്നും പിന്നീടെങ്കിലും സാധൂകരണം വാങ്ങണമായിരുന്നുവെന്നും സമിതി അഭിപ്രായപ്പെടുന്നു. ഇത്തരം നടപടികൾ പഞ്ചായത്ത് മേലധികാരികൾ ശ്രദ്ധിക്കാതെ പോകുന്നത് ശരിയായ നടപടിയല്ല എന്ന അഭിപ്രായത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 43 | 167 | തിരുവാങ്കുളം ഗ്രാമപഞ്ചായത്ത് | പ്രവൃത്തി പൂർത്തീകരിച്ചതായും കൺവീനർക്ക് നല്കിയ മുൻകൂർ തുക അന്തിമ ബില്ലിൽ ക്രമീകരിച്ചതായും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഓഡിറ്റ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 44 | 170 | ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട കേസ് ഇതുവരെ പരിഗണനയ്ക്കെടുത്തിട്ടില്ല എന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ കേസ് എത്രയും വേഗം തീർപ്പാക്കാനും കോടതിവിധി പ്രകാരം നടപടി സ്വീകരിക്കാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, കേസിന്റെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
| --- | --- | --- | --- |
| 45 | 172 | കട്ടമ്പുഴ ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക തിരിച്ച് പിടിച്ചെടുത്തിട്ടുണ്ടെന്ന സെക്രട്ടറിയുടെ മറുപടി യുടെയും പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിലേക്ക് ക്രമപ്പെടുത്തിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടെന്ന ഓഡിറ്റിന്റെ സ്പഷ്ടീകരണത്തിന്റെയും വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 46 | 175 | തൃക്കാക്കര ഗ്രാമപഞ്ചായത്ത് | ആർ. ആർ. നടപടികളുണ്ടായിരുന്ന സ്റ്റേ നീക്കം ചെയ്യുകയും ബാധ്യത തുക ആറ് ഗഡുക്കളായി അടയ്ക്കുന്നതിന് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്ത സാഹചര്യത്തിൽ അടയ്ക്കേണ്ട തുകയായ 40,912 രൂപയിൽ 6,819 രൂപ തഹസിൽദാർ മുഖേന തിരിച്ചടച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. അവശേഷിക്കുന്ന തുക കൂടി ബഹു. ഹൈക്കോടതിയുടെ വിധിപ്രകാരം സമയബന്ധിതമായി അടയ്ക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനും നിലവിലെ സ്ഥിതി അറിയിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 47 | 179 | ,, | ഓഡിറ്റ് ഖണ്ഡികയിൽ 1,47,881 രൂപയുടെ ദുർവിനിയോഗമാണ് ചൂണ്ടിക്കാണിച്ചതെങ്കിലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധന പ്രകാരം 12,630 രൂപയുടെ വൗച്ചറുകൾ ഇല്ലാത്തതിനാൽ ടി തുക പലിശസഹിതം ഈടാക്കുവാനാണ് പഞ്ചായത്ത് വകുപ്പ് തീരുമാനിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ഇക്കാര്യം അന്വേഷിച്ച് തിട്ടപ്പെടുത്തേണ്ട താണെന്ന് സമിതിക്ക് നല്കിയ കുറിപ്പിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | യാതൊരു റിപ്പോർട്ടും സമിതിക്ക് ലഭിച്ചിട്ടില്ല. എന്നാൽ, നഷ്ടത്തിന് ഉത്തരവാദികളായവരിൽ നിന്ന് റിക്കവറി നടപടികളിലൂടെ തുക ഈടാക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ ലഭ്യമാക്കിയ സർക്കാർ മറുപടിയിൽ ഉത്തരവാദികളായവരിൽ സർവ്വീസിലുള്ള സെക്രട്ടറിയുടെ ശമ്പളത്തിൽ നിന്നും 3,000 രൂപ ഈടാക്കുന്നതിന് തൃശ്ശൂർ ഡി. ഡി. പി. ക്ക് കത്ത് നല്കിയെങ്കിലും തുക ഈടാക്കി ലഭിച്ചിട്ടില്ലെന്നും പെൻഷൻ പറ്റിയ ആളിൽ നിന്നും റവന്യൂ റിക്കവറി പ്രകാരം 3 ഗഡുക്കളായി തുക തിരിച്ച് ഈടാക്കുന്നതിന്റെ ഭാഗമായി ആദ്യ ഗഡു 680 രൂപ മാത്രം അടച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. |
| 48 | 180 | തൃക്കാക്കര ഗ്രാമപഞ്ചായത്ത് | പ്രസ്തുത മറുപടിയിൽ പറയുംപ്രകാരമുള്ള നടപടി പൂർത്തിയായാൽത്തന്നെ ഈയിനത്തിൽ ആകെ 5,040 രൂപ മാത്രമേ പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടവ് വരികയുള്ളൂവെന്ന് സമിതി നിരീക്ഷിക്കുന്നു. ഇത് ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതും ദുർവിനിയോഗം ചെയ്തതായി ആരോപിക്കപ്പെട്ടതുമായ തുകയുടെ പലിശപോലു മാകില്ലായെന്ന് സമിതി വിലയിരുത്തുന്നു. |
| 49 | 181 | ,, | ഈ സാഹചര്യത്തിൽ പരാമർശവിധേയമായ സംഗതിയിൽ ഗ്രാമപഞ്ചായത്തിനുണ്ടായ യഥാർത്ഥ നഷ്ടമെത്രയെന്ന് നിർണ്ണയിക്കുവാനും പ്രസ്തുത തുക പിഴപ്പലിശ സഹിതം ഉത്തരവാദി കളായ മേല്പറഞ്ഞ രണ്ട് ഉദ്യോഗസ്ഥരിൽ നിന്നും നിയമപ്രകാരം ഈടാക്കുവാനും ആയത് സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കാനും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 50 | 184 | തൃക്കാക്കര ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് തടസ്സപ്പെട്ടുത്തിയ തുക പലിശ സഹിതം ഉത്തരവാദികളിൽ നിന്നും ഈടാക്കിയിട്ടുള്ളതാണെന്നും തുടർനടപടി അവസാനിപ്പിക്കാവുന്നതാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 51 | 186 | ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് | ബാദ്ധ്യത തുക തിരിച്ചടയ്ക്കുകയും ആയത് ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടുകയും ചെയ്ത സാഹചര്യത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 52 | 188 | ,, | ഭവനനിർമ്മാണത്തിനും കക്കൂസ് നിർമ്മാണത്തിനും നല്കിയ തുക പണി പൂർത്തീകരിക്കാത്തതിനാൽ നഷ്ടമാണെന്നും ആയത് എഴുതിത്തള്ളിയ നടപടി ചട്ടപ്രകാരമല്ലെന്നുമുള്ള ഓഡിറ്റ് പരാമർശ ത്തിന്റെ വെളിച്ചത്തിൽ ഭവനനിർമ്മാണ ത്തിന് നല്കിയ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും കക്കൂസ് നിർമ്മാണത്തിന് നല്കിയ തുക വിനിയോഗിച്ച് ബന്ധപ്പെട്ട വ്യക്തികൾ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള സർക്കാർ മറുപടിയും പരാമർശം ഒഴിവാക്കാവുന്നതാണെന്ന ഓഡിറ്റിന്റെ കുറിപ്പും അംഗീകരിച്ചുകൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 53 | 193 | എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്തിലെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് സി.എഫ്. ലാമ്പുകൾ വൈദ്യുതി ബോർഡ് സ്ഥാപിക്കാറില്ലാത്തതിനാലാണ് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള ലേബർ ചാർജിനായി 19,400 രൂപ ചെലവാക്കിയ തെന്ന സെക്രട്ടറിയുടെ വിശദീകരണം ന്യായീകരിക്കത്തക്കതല്ല. പണം ചെലവാക്കുന്നത് സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണെന്ന് സമിതി ഓർമ്മപ്പെടുത്തുന്നു. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായി 3,33,160 രൂപയുടെ സാധനസാമഗ്രികൾ വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് തെളിവെടുപ്പ് വേളയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കുകയുണ്ടായി. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം 3,33,160 രൂപയ്ക്ക് ഇലക്ട്രിക് സാമഗ്രികൾ വാങ്ങിയതിൽ 2,36,000 രൂപ മാത്രമേ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളുവെന്നും ബാക്കി തുകയായ 97,160 രൂപയ്ക്ക് സാമഗ്രികൾ വാങ്ങി വിതരണം നടത്തിയ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല എന്നും സമിതി നിരീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പ്രസ്തുത 97,160 രൂപയുടെ സാധന സാമഗ്രികൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കാനും ആയതിന് കഴിയാത്തപക്ഷം നഷ്ടത്തുക, ക്രമക്കേടിന് ഉത്തരവാദികളായവരിൽ നിന്നും അടിയന്തരമായി തിരിച്ചീടാക്കി റിപ്പോർട്ട് ചെയ്യാനും സമിതി ശിപാർശ ചെയ്യുന്നു. |
| 54 | 195 | കടമക്കുടി ഗ്രാമപഞ്ചായത്ത് | തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിലും പ്രാദേശിക പരിശോധനയുടെ വെളിച്ചത്തിലും തടസ്സം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ നടപടി അംഗീകരിച്ചുകൊണ്ട് അനന്തര നടപടി അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 55 | 198 | ,, | പ്രോജക്ട് പ്രാവർത്തികമാക്കുന്നതിലേക്കായി പഞ്ചായത്ത് തന്നെ വർക്ക് ഏറ്റെടുത്ത് നടത്തുകയും ആയതിന് എഞ്ചിനീയർ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുകയും പണി പൂർത്തീകരിക്കുകയും എം. ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 56 | 204 | ,, | ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട 5 പദ്ധതികളും പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് സമിതി പഞ്ചായത്ത് ഡയറക്ടറോട് പരിശോധിച്ച് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചതിൻപ്രകാരമുള്ള റിപ്പോർട്ടിൽ പദ്ധതി നിർവ്വഹണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതി നിർവ്വഹണത്തിനായി പിൻവലിച്ച തുക ചെലവഴിച്ചത് . സംബന്ധിച്ച മുഴുവൻ ആധികാരിക രേഖകളും സൂക്ഷിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചതായും ഇക്കാര്യത്തിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും പിഴവ് സംഭവിച്ചിട്ടുണ്ടെന്നും സമിതി വിലയിരുത്തുകയും ചെയ്യുന്നു. പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 57 | 211 | പാറക്കടവ് ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടത്തുക ഈടാക്കുന്നതിനെതിരെ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ് ത്വരിതപ്പെടുത്തുന്നതിനും കോടതിവിധി പ്രകാരം അടിയന്തരമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 58 | 216 | ,, | എളവൂർ സർക്കാർ ഗവ. എൽ.പി. സ്കൂളിലെ പ്രധാനാദ്ധ്യാപിക നിർവ്വഹണോദ്യോഗസ്ഥയായ 5 വിദ്യാഭ്യാസ പ്രോജക്ടുകൾ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ക്കായി പദ്ധതി വിഹിതമായി നല്കിയ 1,17,546 രൂപയ്ക്ക് മതിയായ ചെലവുരേഖകൾ ഹാജരാക്കിയില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള തെളിവെടുപ്പ് യോഗത്തിൽ, പ്രസ്തുത രേഖകൾ പ്രവൃത്തി കഴിഞ്ഞപ്പോൾ ഗ്രാമപഞ്ചായത്തിൽ ഏല്പിച്ചുവെന്നും അവയുടെ പകർപ്പുകൾ കൈവശമുണ്ടെന്നും അവ ഹാജരാക്കാൻ തയ്യാറാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ വ്യക്തമാക്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി രേഖകൾ ഓഡിറ്റിന് ഹാജരാക്കാനും ഓഡിറ്റ് അവ പരിശോധിച്ച് റിപ്പോർട്ട് നല്കുവാനും സമിതി ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം പദ്ധതിക്കായി 1,17,546 രൂപ നല്കിയതിന്റെ ചെലവ് രേഖകൾ പ്രകാരം 1,16,671 രൂപ ചെലവഴിച്ചിട്ടുള്ളതായും ബാക്കി 875 രൂപ തിരിച്ചടച്ചതിനുള്ള രേഖകൾ ലഭ്യമല്ല എന്നും പദ്ധതികൾ വിജയകരമായി നടപ്പാക്കിയിട്ടുണ്ടെന്നും മുൻ ഭരണസമിതിക്കും ഇപ്പോഴത്തെ ഭരണസമിതിക്കും പൂർണ്ണ ബോദ്ധ്യമുണ്ടെന്ന ഭരണസമിതി തീരുമാനം ഹാജരാക്കിയിട്ടുള്ളതായും കാണുന്നു. 1999-ൽ വിരമിച്ച നിർവ്വഹണോദ്യോഗസ്ഥ പ്രവൃത്തി പൂർത്തീകരിച്ചപ്പോൾതന്നെ ചെലവ് രേഖകൾ പഞ്ചായത്തിനെ ഏല്പിച്ചുവെന്നും അവയുടെ പകർപ്പ് കൈവശമുണ്ടെന്നും അവകാശപ്പെട്ടുവെങ്കിലും |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | 1/2008, 2/2008 തീയതികൾ വച്ച രസീതുകളും കത്തുകളുമാണ് 4-1-2010-ലെ ഓഡിറ്റ് പരിശോധനാ വേളയിൽ സമർപ്പിച്ചതെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത നടപടി ഓഡിറ്റ് ഖണ്ഡികയിലെ പരാമർശത്തിന് ശക്തിപകരുന്നുവെന്ന് മാത്രമല്ല രേഖകൾ കൈവശമുണ്ടെന്ന് സമിതി മുമ്പാകെ നല്കിയ മൊഴി ശരിയായിരുന്നില്ല എന്നും വ്യക്തമാക്കുന്നു. കൂടാതെ, ഇപ്പോൾ സമർപ്പിച്ച രേഖകളെല്ലാംതന്നെ റവന്യൂ റിക്കവറി നടപടിക്കെതിരെ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനുശേഷം തയ്യാറാക്കിയവയാണെന്നും തെളിയുന്നു. |
| 59 | 217 | പാറക്കടവ് ഗ്രാമപഞ്ചായത്ത് | ഈ സാഹചര്യത്തിൽ, ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ രേഖകളില്ലാതെ ചെലവാക്കിയ തുക തിരികെ ഈടാക്കാൻ സ്വീകരിച്ച റവന്യൂ റിക്കവറി നടപടിക്കെതിരെ ടിയാൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസിന്മേലുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും കോടതിവിധി പ്രകാരം അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 60 | 219 | ,, | ഭവനനിർമ്മാണ പദ്ധതിയിൽ കൂടുതലായി ഉൾപ്പെടുത്തിയ 89 പേരുടെ വിഹിതം, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ലഭ്യമാകാതിരുന്ന സാഹചര്യത്തിലാണ് പ്രസ്തുത ഗുണഭോക്തൃ വിഹിതംകൂടി ഗ്രാമപഞ്ചായത്ത് അടച്ചതെന്ന മറുപടി അംഗീകരിച്ചുകൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 61 | 222 | പാറക്കടവ് ഗ്രാമപഞ്ചായത്ത് | പദ്ധതി ആസൂത്രണത്തിലെ ദീർഘവീക്ഷണമില്ലായ്മയാണ് പുളിയനം-മൈലാട്ടുംപാറ ശുദ്ധജല വിതരണ പദ്ധതി ഉപേക്ഷിക്കുവാനും ഫണ്ട് വിനിയോഗം ഉപയോഗശൂന്യമാകാനും കാരണമായതെന്ന് സമിതി വിലയിരുത്തുന്നു. വിദഗ്ദ്ധ സമിതി അംഗത്തിന്റെ വിയോജനക്കുറിപ്പ് അവഗണിച്ചത് ഉചിതമായില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. കൺവീനർക്ക് അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെന്നുള്ള സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 62 | 226 | ,, | കോടതിവിധി പ്രകാരം അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള കൺവീനർ അധികം കൈപ്പറ്റിയ തുക പലിശസഹിതം ഈടാക്കുന്നതിനും പ്രസ്തുത തുക ഈടാക്കുന്നതിനെതിരെ കൺവീനർ ബഹു. കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസിന്റെ നിലവിലെ സ്ഥിതി അറിയിക്കുന്നതിനും നടപടി ത്വരിതപ്പെടുത്തുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 63 | 228 | കുവപ്പടി ഗ്രാമപഞ്ചായത്ത് | ഇൻഷ്വറൻസ് കമ്പനിയുടെ കത്തുപ്രകാരം 1998-99 വർഷത്തിൽ പ്രീമിയം തുക 1 രൂപ 89 പൈസയായി വർദ്ധിപ്പിച്ചതുകൊണ്ടാണ് പരാമർശവിധേയമായ തുക അധികമായി അടയ്ക്കേണ്ടിവന്നതെന്നുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 64 | 230 | കുവപ്പടി ഗ്രാമപഞ്ചായത്ത് | വിതരണം ചെയ്ത ചൂടാറാപ്പെട്ടികളുടെ ഗുണഭോക്തൃ വിഹിതമായി ഈടാക്കാത്ത തുക ഉത്തരവാദിയായ സെക്ഷൻ ക്ലാർക്കിന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും അടച്ചിട്ടുള്ളതായി സെക്രട്ടറി വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 65 | 234 | പാലക്കുഴ ഗ്രാമപഞ്ചായത്ത് & തദ്ദേശസ്വയംഭരണ വകുപ്പ് | ഓഡിറ്റ് ഖണ്ഡികയിൽ തടസ്സമായി ഉന്നയിച്ച തുകയുടെ ചെലവിന് സർക്കാർ സാധൂകരണത്തിനായി സമർപ്പിച്ചിട്ടുണ്ടെങ്കിലും ടി ചെലവിന് നാളിതുവരെ സാധൂകരണം ലഭിച്ചില്ല. ആയതിനാൽ ഇക്കാര്യം സർക്കാർ അടിയന്തരമായി പരിശോധിച്ച് സാധൂകരണം നൽകാവുന്ന ചെലവാണെങ്കിൽ അപ്രകാരം ചെയ്യുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. സർക്കാർ സാധൂകരണം ലഭിക്കുന്നപക്ഷം ഓഡിറ്റ് തടസ്സം ഒഴിവാക്കാനും അല്ലാത്തപക്ഷം തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 66 | 242 | കുത്താട്ടുകുളം ഗ്രാമപഞ്ചായത്ത് | തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം മൂല്യനിർണ്ണയം നടത്തിയതിൽ കൺവീനർ അധികം കൈപ്പറ്റിയതായി കണക്കാക്കിയ 15,962 രൂപ തിരിച്ചടച്ചതായി അറിയിച്ചിരിക്കുന്നു. എന്നാൽ മണ്ണ് ഫില്ലിംഗുമായി ബന്ധപ്പെട്ട അളവ് പുസ്തകവും ബന്ധപ്പെട്ട ചട്ടങ്ങളും പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | 41,035 രൂപ അധികം കൈപ്പറ്റിയതായും ആയതിൽ ടിയാൻ തിരിച്ചടച്ച 15,962 രൂപ കഴിച്ച് 25,073 രൂപ തിരികെ ഈടാക്കേണ്ടതാണെന്നും പരാമർശിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ഓഡിറ്റിന്റെ പുനഃപരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള 25,073 രൂപ കൂടി കൺവീനറിൽ നിന്നും അടിയന്തരമായി ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 67 | 247 | കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് | കൺവീനർക്ക് ആകെ നൽകിയ തുക 5,59,000 രൂപയിൽ ചെയ്ത പ്രവൃത്തിയുടെ മൂല്യനിർണ്ണയ തുകയായ (10 എം.3-ന് 886 രൂപ നിരക്കിൽ) 5,43,320 രൂപ കഴിച്ച് ബാക്കി തുകയായ 15,680 രൂപ കൺവീനറിൽനിന്ന് ഈടാക്കിയിട്ടുള്ളതായി തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചെങ്കിലും യഥാർത്ഥത്തിൽ അനുവദിക്കാവുന്ന നിരക്ക് പ്രകാരം പ്രവൃത്തിക്ക് അനുവദിക്കാവുന്ന തുക 3,30,602 ആണെന്നും ആയതിനാൽ അധികമായി കൺവീനർ കൈപ്പറ്റിയ 70,649 രൂപ കൂടി ഈടാക്കേണ്ടതാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധന റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ കൺവീനർക്ക് അധികം നൽകിയതായി പരാമർശിച്ചിട്ടുള്ള പ്രസ്തുത തുക കൂടി അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ചെയ്യുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 68 | 249 | കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് അധികമായി നൽകിയ തുക തിരിച്ചുപിടിക്കുന്നതിനും പ്രവൃത്തി അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ഏൽപ്പിച്ചതിനും സാധൂകരണം നൽകിയതു സംബന്ധിച്ചുള്ള റിപ്പോർട്ട് അടിയന്തര മായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 69 | 253 | ,, | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനയുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച ബാധ്യത തുകയായ 3,405 രൂപ പലിശസഹിതം തിരിച്ചടച്ചെന്ന സർക്കാർ റിപ്പോർട്ടിന്മേൽ ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 70 | 259 | മുക്കന്നൂർ ഗ്രാമപഞ്ചായത്ത് | പ്രോജക്ട് പ്രകാരം ഗുണഭോക്താക്കളുടെ യോഗം വിളിച്ചുചേർത്ത് ഗുണഭോക്തൃ കമ്മിറ്റി രൂപീകരിച്ച് കൺവീനറും ചെയർമാനും ഒരു സാങ്കേതിക വിദഗ്ദ്ധനും അടങ്ങിയ കമ്മിറ്റിയാണ് പദ്ധതി നടപ്പിലാക്കേണ്ടിയിരുന്നത് എന്ന് പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി പദ്ധതി വിഹിതം ഗുണഭോക്താക്കൾക്ക് നേരിട്ട് വിതരണം ചെയ്യുകയാണു ണ്ടായത്. കൂടാതെ, പദ്ധതിയിൽ പറയുന്ന പുനരുദ്ധാരണ പ്രവൃത്തി നടന്നിട്ടുണ്ടോ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | എന്ന യാതൊരു പരിശോധനയും നടത്തിയില്ലെന്നും മാത്രമല്ല ഇതു സംബന്ധിച്ച ഒരു രേഖയും സൂക്ഷിച്ചിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ചയുണ്ടായതായി സമിതി വിലയിരുത്തുന്നു. പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് പദ്ധതി നിർവ്വഹണം നടത്തുവാൻ തീരുമാനിച്ച പഞ്ചായത്ത് ഭരണസമിതിയും വീഴ്ചയ്ക്കുത്തരവാദിയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ചട്ടങ്ങൾക്ക് വിരുദ്ധമായി നൽകിയ തുക ഈടാക്കുന്നതിനെതിരെ ബന്ധപ്പെട്ട സെക്രട്ടറിയുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിച്ചു വരുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാനും ടിയാനിൽ നിന്നും ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക ഈടാക്കുവാനുള്ള അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 71 | 264 | മുക്കന്നൂർ ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് ഖണ്ഡികയുടെ പരിശോധനയ്ക്കായുള്ള തെളിവെടുപ്പിന് ഹാജരാകുവാൻ വകുപ്പ് തലത്തിൽ നിർദ്ദേശം നൽകിയിട്ടും സമിതി യോഗത്തിൽ പങ്കെടുക്കാത്തതിന് ബന്ധപ്പെട്ട മുൻസെക്രട്ടറിയുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കാനും ഓഡിറ്റ് പരാമർശങ്ങളിൽ തടസ്സപ്പെടുത്തിയ തുക ടിയാനിൽ നിന്നും ഈടാക്കി റിപ്പോർട്ട് നൽകുവാനും സമിതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ, പദ്ധതി നിർവ്വഹണത്തിലെ അപാകതകളും |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ആയതിന്മേലുള്ള നിഗമനങ്ങളും സംബന്ധിച്ച വിവരങ്ങൾ മാത്രമാണ് പഞ്ചായത്ത് ഡയറക്ടറുടെ മറുപടിയിൽ കാണുന്നത്. പ്രസ്തുത റിപ്പോർട്ടിലെ വിവരങ്ങളുടെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ ബാധ്യത തുക ഉത്തരവാദിയായ സെക്രട്ടറിയിൽനിന്ന് അടിയന്തരമായി ഈടാക്കി റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 72 | 271 | തുറവൂർ ഗ്രാമപഞ്ചായത്ത് | വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് പുനഃപരിശോധിച്ചതിൽ 1,87,000 രൂപ പിൻവലിച്ചതിൽ 1,84,040 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കുകയുണ്ടായി. പ്രസ്തുത ചെലവുകൾ അംഗീകരിക്കാവുന്നതും വൗച്ചറുകളോ രേഖകളോ ഹാജരാക്കാത്ത 2,960 രൂപ തിരിച്ചുപിടിക്കേണ്ടതുമാണെന്നുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2,960 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ മരണപ്പെട്ട സാഹചര്യത്തിൽ ടിയാന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നോ മറ്റ് സ്ഥാവരസ്വത്തുക്കളിൽ നിന്നോ അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 73 | 272 | ,, | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതി സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് അപാകതകളൊന്നും കാണപ്പെട്ടിട്ടില്ലെന്ന് സമിതി യോഗത്തിന് നൽകിയ കുറിപ്പിന്റെ വെളിച്ചത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 74 | 277 | തുറവൂർ ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ തയ്യൽ മെഷീൻ വിതരണ പദ്ധതിക്ക് ഗുണഭോക്താക്കൾ ക്രമവിരുദ്ധമായി ചെലവാക്കിയതും തയ്യൽ മെഷീന് അധികമായി നൽകിയതുമായ തുക തിരികെ ഈടാക്കിയിട്ടുള്ളതായി തദ്ദേശസ്വയംഭരണ വകുപ്പും ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പും റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 75 | 281 | ,, | ഗ്രാമപഞ്ചായത്ത് സെക്രട്ടറി ചെക്ക് മാറി കൈവശംവെച്ച 5,000 രൂപ പിഴപ്പലിശ സഹിതം തിരിച്ചടച്ചതായുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 76 | 283 | ,, | റോഡിന്റെ പണി പൂർത്തിയാക്കി മെഷർമെന്റ് എടുത്തിട്ടുണ്ടെന്നും ഒരു കലുങ്ക് പണികൂടി ചെയ്തിട്ടുണ്ടെന്നും അതിന്റെ ഫലമായി ഫൈനൽ ബിൽ തുക കൂടുതലാണെന്നും ആയത് സാധൂകരണത്തിനായി ബി.എൽ.ടി.സി.ക്ക് നൽകിയിട്ടുണ്ടെന്നുമുള്ള സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സാമ്പത്തിക ക്രമക്കേടോ നഷ്ടമോ ഉണ്ടായിട്ടില്ല എന്ന നിഗമനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 77 | 287 | വടക്കേക്കര ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് ഖണ്ഡികയിൽ അധികമായി നല്കിയതായി പരാമർശിച്ചിട്ടുള്ള തുക (29,762 രൂപ) തിരികെ ഈടാക്കിയിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 78 | 292 | മഴവന്നൂർ ഗ്രാമപഞ്ചായത്ത് & തദ്ദേശസ്വയംഭരണ വകുപ്പ് | അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റും തയ്യൽ മെഷീൻ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഒപ്പിട്ട അക്വിറ്റൻസ് രജിസ്റ്ററും പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായും അതു പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ടവരാണ് തയ്യൽ മെഷീൻ ലഭിച്ച ഗുണഭോക്താക്കളെന്നും അവർ അക്വിറ്റൻസ് രജിസ്റ്ററിൽ ഒപ്പിട്ടാണ് മെഷീൻ കൈപ്പറ്റിയതെന്നും ബോദ്ധ്യപ്പെട്ടതായും സമിതി നിർദ്ദേശ പ്രകാരം ലഭ്യമാക്കിയ ഓഡിറ്റിന്റെ പുനഃപരിശോധനാ റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു. നിലവിലുണ്ടായിരുന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് പദ്ധതി തയ്യാറാക്കിയതെന്നതിനാൽ സർക്കാർ സാധൂകരണം ലഭ്യമാകുന്നതുവരെ ടി ഓഡിറ്റ് പരാമർശത്തിന് പ്രസക്തിയുണ്ടാവുമെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ മതിയായ സർക്കാർ സാധൂകരണം ലഭ്യമാകുന്നതിന് വിധേയമായി ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 79 | 297 | മഴവന്നൂർ ഗ്രാമപഞ്ചായത്ത് & തദ്ദേശസ്വയംഭരണ വകുപ്പ് | ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾക്കാർക്കും തന്നെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് അനുസരിച്ചുള്ള തുകയേക്കാൾ അധികരിച്ച് നൽകിയിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം വ്യക്തമാകുന്നു. എന്നാൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ആനുകൂല്യം പണമായി ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കിയതിന് സർക്കാർ സാധൂകരണം വാങ്ങിയിട്ടില്ലെന്ന് പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു. ആയതിനാൽ സർക്കാർ സാധൂകരണം അടിയന്തരമായി വാങ്ങണമെന്നും സാധൂകരണം ലഭ്യമാക്കുന്നതിന് വിധേയമായി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 80 | 304 | നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് | പദ്ധതി പ്രകാരം അപ്രന്റീസ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി നല്കാത്തതിനാൽ, പദ്ധതി നിർവ്വഹണം നടത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. യുടെ അപേക്ഷയുടെ വെളിച്ചത്തിൽ അറ്റകുറ്റപ്പണിയെ സംബന്ധിച്ച റിപ്പോർട്ടും പൂർത്തീകരണ സർട്ടിഫിക്കറ്റും തയ്യാറാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് അനുവാദം നല്കിക്കൊണ്ടുള്ള പഞ്ചായത്ത് പ്രസിഡന്റിന്റെ ഉത്തരവ്, വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ തയ്യാറാക്കിയ എസ്റ്റിമേറ്റ്, പണി പൂർത്തിയാക്കിയ ശേഷമുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റുകൾ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | എന്നിവ ഓഡിറ്റ് വകുപ്പ് പുനഃപരിശോധിച്ച് ബോദ്ധ്യപ്പെട്ടതായുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 81 | 307 | മുളവുകാട് ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്തിന് ബോട്ട് സംഭാവനയായി ലഭിച്ചതാണെന്നും ആയതിന്റെ കേടുപാടുകൾ തീർക്കുന്നതിനുള്ള മൊബിലൈസേഷൻ അഡ്വാൻസായാണ് 27,500 രൂപ നല്കിയതെന്നും പദ്ധതിക്ക് ഡി.പി.സി.യുടെ അംഗീകാരമുണ്ടായിരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ബോട്ട് ഉപയോഗ യോഗ്യമല്ലാത്തതിനാൽ ലേലംചെയ്ത് മുതൽക്കൂട്ടാൻ സമിതി നിർദ്ദേശം നല്കിയതിനെ തുടർന്ന് ബോട്ടിന്റെ മൂല്യനിർണ്ണയം നടത്തുന്നതിന് ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സിന് കത്ത് നല്കിയെങ്കിലും ആയത് നാളിതുവരെ ലഭ്യമായിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. |
| 82 | 308 | ,, | ബോട്ടിനെ സംബന്ധിച്ച സ്പെസിഫിക്കേഷൻ ആവശ്യപ്പെട്ടപ്പോൾ ആയത് നല്കാത്ത തിനാലാണ് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാത്തതെന്ന് സമിതി നിരീക്ഷിച്ചു. സംഭാവനയായി കിട്ടിയ ബോട്ടായ തിനാൽ ബോട്ടിനെ സംബന്ധിച്ച സ്പെസിഫിക്കേഷനും മറ്റ് വിവരങ്ങളും പഞ്ചായത്തിൽ ലഭ്യമല്ല എന്ന പഞ്ചായത്തിന്റെ വിശദീകരണം സമിതി അംഗീകരിക്കുന്നു. ഈ സാഹചര്യത്തിൽ ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പ്രസ്തുത ബോട്ട് നേരിട്ട് പരിശോധിച്ച് മൂല്യനിർണ്ണയം നടത്തി മതിയായ സർട്ടിഫിക്കറ്റ് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഡിസ്പോസ് ചെയ്ത തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി വിവരം റിപ്പോർട്ട് ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 83 | 310 | ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് ലോ.ഫ.ഒ. വകുപ്പ് | ഓഡിറ്റ് ഖണ്ഡികയിൽ പരാമർശവിധേയമായ പാഴ്ചെലവ് ഈടാക്കുന്നതിനുള്ള റിക്കവറി നടപടിക്കെതിരെ ആരോപണ വിധേയരായ വ്യക്തികൾ സർക്കാരിന് സമർപ്പിച്ച നിവേദനത്തിന്മേൽ സർക്കാർ അടിയന്തര തീരുമാനമെടുത്ത് സമിതിയെ അറിയിക്കുവാൻ തെളിവെടുപ്പ് വേളയിൽ സമിതി നല്കിയ നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് 12-1-2011-ലെ കത്തുപ്രകാരം ഉടൻ മറുപടി നല്കമെന്ന് അറിയിച്ചിരുന്നുവെങ്കിലും നാളിതുവരെ യാതൊരു മറുപടിയും നല്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഖണ്ഡികയിന്മേലുള്ള അധികവിവരം അടിയന്തരമായി ലഭ്യമാക്കണമെന്നും ആയത് ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കി റിപ്പോർട്ട് നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

അനുബന്ധം II

## സർക്കാർ മറുപടി

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003 2004 | 3.7.1.1 | | ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്ന തുക പിൻ വലിച്ചത് 11/06/97 ൽ അല്ല. ചെക്ക് നംപർ 42405 പ്രകാരം 10000/രൂപ അൺ ടൈഡ് ഫണ്ടിന്റെ പണിക്ക് വേണ്ടി 5/06/97 ൽ ആണ് പിൻവലിച്ചിട്ടുള്ളത്. ഈ തുക വിനിയോഗിച്ചിട്ടുള്ളത് അൺ ടൈഡ് ഫണ്ട് ഉപയോഗിച്ച് ചെയ്ത "Construction of Retaining wall of L.F. Church Pallyppady Pallipadam Road" എന്ന പ്രവർത്തിക്ക് അഡ്വാൻസ് നൽകുന്നതിനു വേണ്ടിയാണ്. 13/8/97 ലെ 33 നംപർ വൗച്ചർ പ്രകാരമുള്ള മസ്റ്റർ റോളിൽ ഈ തുക ക്രമീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ലഭിച്ച വിശദീകരണം |

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | ഡെപ്യൂട്ടി ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ് എറണാകുളം അവർകളെ 7/01/08 ൽ എ1 291/07 നംപർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. |

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 2 | 2003–2004 | 3.7.1.2 | | തൊഴുത്ത് നിർമ്മാണത്തിന് 16 ഗുണഭോക്താക്കളെ ഗ്രാമ സഭ അംഗീകരിച്ചതിൽ 7 ഗുണഭോക്താക്കൾക്ക് ജനകീയാസൂത്രണ പദ്ധതിയിൽ മറ്റ് ആനുകൂല്യങ്ങൾ ലഭിച്ചതിനാൽ 8.5.98 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 15–ാം നംപർ തീരുമാന പ്രകാരം തെരഞ്ഞെടുത്ത അർഹരായ 7 പേരിൽ 6 പേർക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. പദ്ധതി പണം ചിലവഴിക്കേണ്ട എല്ലാ നടപടി ക്രമങ്ങളും പാലിച്ച് കൊണ്ട് പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിരിക്കുന്നത്.<br>ടി പ്രവർത്തിയുടെ നിർവഹണ ഉദ്യോഗസ്ഥൻ |

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | വിദേശത്ത് ജോലിയിൽ ആയതിനാൽ അദ്ദേഹത്തിന്റെ റിട്ടയർമെന്റ് ആനുകൂല്യങ്ങളിൽ നിന്നും തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്ന് ജില്ലാ മൃഗസംരക്ഷണ ആഫിസർ എറണാകുളം അവർകളോട് 1.03.2008 ൽ എ1-291/07 നംപർ കത്ത് പകാരം ആവശ്യപ്പെട്ടിട്ടുണ്ട്. |

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി**
**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2004-05)**
**ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾകൊള്ളുന്ന**
**ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക**

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2004 05 | 3.7.1.3.1 | | ഭൂരഹിതരായ, പുറംപോക്കിൽ കുടിൽ കെട്ടി താമസിക്കുന്ന വളരെ നിർദ്ധനരായ 5 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 3 സെന്റ് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനുള്ള പ്രോജക്റ്റിന് 28/05/99 ലെ പഞ്ചായത്ത് കമ്മിറ്റി 1-ാം നംപറായി അംഗീകാരം നൽകുകയും ഡി.പി.സി യിൽ നിന്നും തടസ്സം ഒന്നും ഉന്നയിക്കാതെ അംഗീകാരം ലഭിക്കുകയും ചെയ്ത പ്രോജക്റ്റായിരുന്നു ഇത്. എല്ലാ മാനദണ്ഡങ്ങളും ഉപമാനദണ്ഡങ്ങളും പരിഗണിച്ച് ഗ്രാമ സഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് എല്ലാ നടപടി |

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | ക്രമങ്ങളും പാലിച്ചു കൊണ്ടാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. 11-ാം പദ്ധതിയിൽ G.O. (MS) No. 183/07/LSGD/24/07/2007 ഉത്തരവ് പ്രകാരം ജനറൽ വിഭാഗത്തിൽപ്പെട്ട പുറമ്പോക്ക് നിവാസികൾക്ക് സ്ഥലം വാങ്ങുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട് . ഈ ആവശ്യകത 99-2000 ൽ തന്നെ പഞ്ചായത്ത് കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് ഈ പ്രോജക്റ്റ് നടപ്പിലാക്കിയത് 26/06/07 ലെ പഞ്ചായത്ത് കമ്മറ്റി പുറം പോക്കിൽ താമസിച്ചിരുന്ന നിർദ്ധനരായ ആളുകളെ പുനരധിവസിപ്പിക്കുക, കക്കുസ് മൂത്രപ്പുര മുതലായവ സൗകര്യം ഇല്ലാത്തതിനാൽ പരിസര മലീനികരണം തടയുക പകർച്ച വ്യാധി തടയുക എന്ന ലക്ഷ്യത്തോടു കൂടി വളരെ വിജയ പ്രദമായി നടപ്പാക്കിയ ജനപ്രീതി നേടിയ ഈ പദ്ധതിയുടെ നടത്തിപ്പിൽ വന്ന പാകപ്പിഴ മാപ്പാക്കി നിർവഹണ ഉദ്യോഗസ്ഥരെ ബാദ്ധ്യതകളിൽ നിന്നും ഒഴിവാക്കണമെന്ന് ബഹു. ഗവൺമെന്റിനോടും |

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയോടും അപേക്ഷിച്ച് തീരുമാനം എടുത്തിട്ടുണ്ട്. ബഹു. കേരള നിയമസഭാ അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിൽ ഇരിക്കുന്നതിനാൽ തീരുമാനം ഗവൺമെന്റിലേക്ക് സാധുകരണത്തിനായി സമർപ്പിച്ചിട്ടില്ല.<br>ഓഡിറ്റിൽ നിരാകരിച്ച തുക അടയ്ക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥർക്ക് നോട്ടീസ് നൽകിയെങ്കിലും തുക അടയ്ക്കാത്തതിനാൽ തുക ഈടാക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്ന് ബഹു. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് അപേക്ഷിച്ചിട്ടുണ്ട്. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2003- 04) മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പ്രതിക

| ക്രമനമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003 - 04 | 3.7.2 | | |
| | | | | നീലീശ്വരം പാടം എർത്ത് വർക്കിന് കൺവീനർ ആകെ കൈപ്പറ്റിയ തുക 42000 ആണ്.കൺവീനർ 53931/51 രൂ. പ്രകാരംപാർട്ട് ബില്ല് ഹാജറാക്കിയിട്ടുണ്ട്.. 14/8/07ലെ 17-ാം നമ്പർ തീരുമാനപ്രകാരം ഈ വർക്ക് തുടരേണ്ടതില്ല എന്ന് പഞ്ചായത്ത്യോഗംതീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ല. |
| | | | | കൺവീനർക്കും മറ്റു അംഗങ്ങൾക്കും R.R നോട്ടീസ് നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| | | | | റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട്.തുടർനടപടി ഉടൻ സ്വീകരിക്കുന്നതാണ് |
| | | | | R.R നോട്ടീസ് നൽകിയിട്ടുണ്ട്.തുടർ നടപടി ഉടൻ സ്വീകരിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | | അഡ്വാൻസ് തുക പലിശ സഹിതം തിരിച്ചടച്ചു രസീത് നമ്പർ 1/77954 Dt.2.4.2003. |
| | | | | കൺവീനർ,ചെയർമാൻ,മെമ്പർ എന്നിവർക്ക് 28/6/07ൽ രജിസ്ട്രേഡ് നോട്ടീസ് നൽകി തുടർന്ന് 17/9/07ന് R.R നോട്ടീസ് നൽകിയിട്ടുണ്ട്. മേൽ നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്. |
| | | | | |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2003-04)
## കുമ്പളം ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾകൊള്ളുന്ന
## ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003-2004 | 3.7.3 | | കുമ്പളം ഗ്രാമ പഞ്ചായത്ത് 1998-99 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 37 ൽ പരാമർശിക്കുന്ന ഭവന നിർമ്മാണത്തിനായി പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെ ധന സഹായത്തിനായി തിരഞ്ഞെടുത്തത് ഗ്രാമ സഭയാണ്. സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന പട്ടിക ജാതി വിഭാഗകാർക്ക് അടിസ്ഥാന സൗകര്യമായ പാർപ്പിടം പ്രദാനം ചെയ്യുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഗ്രാമ സഭ യോഗം ചേരുന്ന കാലയളവിൽ സ്വന്തമായി ഭൂമിയുള്ള ഗുണഭോക്താക്കളെയാണ് മാനദണ്ഡ പ്രകാരം ഭവന നിർമ്മാണത്തിനായി തിരഞ്ഞെടുക്കേണ്ടത്. സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ഥിര വരുമാനം ഇല്ലാത്ത |

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | ഏതാനും വ്യക്തികളെ പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി സ്വന്തമായി ഭൂമി വാങ്ങുമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമ സഭ ഗുണഭോക്തക്കളായി തിരഞ്ഞെടുത്തത്. സ്വന്തമായി വീടില്ലാത്ത ദാരിദ്ര രേഖയ്ക്ക താഴെയുള്ള പട്ടിക ജാതി വിഭാഗക്കാർ മാനുഷികമായ പരിഗണനയും വിട്ടുവീഴ്ചയും അർഹിക്കുന്നവരാണ്. ബോധ പൂർവമായോ, ക്രമരഹിതമായോ ഗുണഭോക്താക്കളെ തെരഞ്ഞടുത്തിട്ടില്ല. ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്ന സമയത്ത് സ്വന്തമായി ഭൂമിയുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. സ്വന്തമായി ഭൂമിയില്ലാത്ത ആർക്കും തന്നെ ഭവന നിർമ്മാണ ധന സഹായം നൽകിട്ടില്ല. ആയതിനാൽ ഗുണ ഭോക്താക്കളെ തിരഞ്ഞെടുത്ത സമയത്ത് സ്വന്തമായി ഭൂമി ഉണ്ടായിരുന്നില്ലായെന്ന കാരണത്താൽ പദ്ധതി നടത്തിപ്പിൽ ദുരുപയോഗം നടന്നു എന്ന ആഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. പ്രത്യേക ഘടകപദ്ധതി ഫണ്ട് ലാപ്സ്കാതെ ചെലവഴിക്കുന്നതിനും |

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നാപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | സാധിച്ചു. മറ്റ് ഏജൻസികളിൽ നിന്നും ധന സഹായം വാങ്ങിയവർക്ക് വീണ്ടും ആനുകൂല്യം നല്കിയതായുള്ള് ആഡിറ്റ് പരാമർശം ശരിയല്ല. ആഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിക്കുന്ന പട്ടിക ജാതിക്കാരിയായ ശ്രീമതി.രത്ന തേവൻ ഭവന നിർമ്മാണത്തിന് ജി.സി.ഡി.എ.യിൽ നിന്നും ലോൺ എടുക്കുന്നതിന് അപേക്ഷിച്ചിരുന്നു. പലിശ ഉൾ പ്പെടയുള്ള ലോൺ തുക തിരിച്ചടക്കുന്നതിന് സാംപത്തിക ശേഷിയില്ലാത്ത ടിയാൾ ആയത് ഉപേക്ഷിച്ച് സാമ്പത്തിക ബാദ്ധ്യത ഇല്ലാത്ത പഞ്ചായത്തിന്റെ ധനസഹായം ഉപയോഗിച്ച് ഭവന നിർമ്മാണത്തിന് സന്നദ്ധയായി അപേക്ഷിക്കുകയും ഗ്രാമ സഭ തെരഞ്ഞെടുത്തതിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുകയുമാണ് ഉണ്ടായത്. ജി.സി.ഡി.എ.യിൽ നിന്നും വായ്പ വാങ്ങി ഭവന നിർമ്മാണം നട്ത്തിയതായുള്ള ആഡിറ്റ് പരാമർശം യഥാർത്ഥത്തിന് നിരക്കാത്തതും നിഗമനം മാത്രവുമാണ്. ടി ഗുണഭോക്താവിന് ജി.സി.ഡി.എ യിൽ നിന്നും ഭവന നിർമ്മാണത്തിന് വായ്പ നൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് ജി.സി.ഡി.എ. സെക്രട്ടറിയോട് ആവശ്യപ്പെട്ടിണ്ട്. പഞ്ചായത്തിൽ നിന്നും ധന സഹായം നൽകിയ സമയത്ത് |

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ്പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| --- | | | | ഗുണഭോക്താവിന് സ്വന്തമായി വീട് ഇല്ലെന്ന് ഉറപ്പാക്കിയിട്ടുണ്ട്. ടി ഗുണഭോക്താവ് ജി.സി.ഡി.എ.യിൽ നിന്നും ഭവന നിർമാമാണത്തിന് ലോണിന് അപേക്ഷിച്ചിരുന്നു എന്നതു കൊണ്ടു മാത്രം പണം വായ്പയായി എടുത്തിട്ടുണ്ടെന്നും ടി പണം കൊണ്ട് വീട് വച്ചിട്ടുണ്ടാകാം എന്നുമുള്ള ആഡിറ്റ് നിഗമനം ശരിയല്ലെന്നു 13 വ്യക്തികൾക്ക് വീടു നിർമ്മിക്കുന്നതിനായി 1,22,000/- രൂപ അനധികൃതമായി നൽകിയെന്നുമുള്ള ആഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്നും അപേക്ഷിക്കുന്നു. |

## ലോക്കൽ ഫണ്ട് അക്കൗണ്ട് കമ്മറ്റി

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ക്രമനമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | അഡിറ്റ് പരാമർശത്തിനെതിരെ സ്വീകരിച്ച നടപടി |
| 1. | 2000-01 | 3.7.5 | | ആഡിറ്റ് പരമാർശത്തിൻെറ പകർപ്പ് ഉത്തരവാദിയായ ആഫീസർക്ക് നൽകിയിട്ടുണ്ട്. 2001-02 വർഷത്തെ ആഡിറ്റ് പൂർണ്ണമായും നടത്തിയിട്ടില്ല ജനകീയാസൂത്രണത്തിൻെറ ചെലവുകൾ മാത്രമാണ് പരിശോധനക്കു വിഷയമാക്കിയിട്ടുള്ളത്. 2001-02 വർഷം വരെയുള്ള കണക്കുകൾ അക്കൗണ്ടൻറ് ജനറൽ ആഫീസിൽ നിന്നും പരിശോധന നടത്തിയിട്ടുണ്ട്. ആയതിൽ ഈ വിഷയം പരാമർശിക്കുന്നില്ല. ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി 42/2001 നമ്പറായി തയ്യാറാക്കിയ പ്രൊജക്റ്റ് അനുസരിച്ചാണ് തുക ചെലവഴിച്ചിട്ടുള്ളത്. 22.04.1998-ലെ GORT 370/99/ID നമ്പറിലെ വ്യവസായ വകുപ്പിൻെറ ഉത്തരവ് പ്രകാരം സിഡ്ക്കൊയെവൈദ്യുത ഉപകരണങ്ങളുടെ വിതരണത്തിൻെറ ചാനലൈസിംഗ് ഏജൻറായി നിയമിച്ചിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങൾക്ക് സ്റ്റോർ പർച്ചേയ്സ് നിയമത്തിൽനിന്നും ഇളവ് അനുവദിച്ചിട്ടുള്ളതാണ്. സർക്കാർ സ്ഥാപനമായ സിഡ്ക്കോയിൽ നിന്നും ടെണ്ടർ ക്ഷണിക്കാതെ ഉപകരണങ്ങൾ വാങ്ങിയത് പഞ്ചായത്തിൻെറ അംഗീകാരത്തോടെയുമാണ്. പഞ്ചായത്ത് വാങ്ങിയ സാധനങ്ങളുടെ ബില്ല് സിഡ്ക്കൊയിൽ നിന്നും ലഭിച്ചതനുസരിച്ച് സിഡ്ക്കൊയ്ക്കുതന്നെയാണ് തുക നൽകിയിട്ടുള്ളത്. സിഡ്ക്കോ ചുമതലപ്പെടുത്തിയതുപ്രകാരം ആൽഫാ സിസ്റ്റംസ് സാധനങ്ങൾ |

| ക്രമനമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | അഡിറ്റ് പരാമർശ വിഷയം | അഡിറ്റ് പരാമർശത്തിനെതിരെ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | നിന്നും വാങ്ങിയിരിക്കുന്നു. സാധനങ്ങൾ സപ്ളൈ ചെയ്തിരിക്കുന്നതു എറണാകുളത്തെ ആൽഫസിസ്റ്റംസ് എന്ന സ്വകാര്യ സ്ഥാപനമാണ്. സാധനങ്ങളുടെ വിലയായ 85506 രൂപ കൈപ്പറ്റിയിരിക്കുന്നത് മേൽപ്പറഞ്ഞ സ്വകാര്യ സ്ഥാപനം തന്നെയാണ് സിഡ്കോ(SIDCO)എന്ന സ്ഥാപനത്തിൻെറ മറവിൽ ടെണ്ടർ വ്യവസ്ഥകൾ ഒഴിവാക്കിക്കൊണ്ട് ഗുണനിലവാരം പോലും ഉറപ്പുവരുത്താതെ ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങിയ നടപടി സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങളുടെ ലംഘനമാണ് | പഞ്ചായത്തിൽ എത്തിച്ചുനൽകുകയും Supply ചെയ്ത ഐറ്റത്തിൻെറ ഡലിവറി ചെല്ലാൻ ആണ് ഫയലിലുള്ളതെന്നും 2.9.2000ൽ ആണ് അവസാനമായി സാധനങ്ങൾ സപ്ളൈ ചെയ്തിട്ടുള്ളത്. അന്നേ ദിവസം തന്നെ ബില്ലുകൾ പ്രകാരം തുക സിഡ്കൊയ്ക്കുതന്നെയാണ് നൽകിയിട്ടുള്ളതെന്നും ബോധിപ്പിക്കുന്നു. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2003-04) മുടക്കുഴ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾകൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003-2004 | 3.7.6 | | 1. പുളിഞ്ചോട് വാട്ടർ സപ്ലൈ സ്കീം<br>ഗുണഭോക്തൃ സമിതി ചെയ്ത പണിയുടെ ആകെ മൂല്യം 80370/- രൂപയാണ്, കൺവീനർ കൈപ്പറ്റിയ തുക 80317/-രൂപയാണ്, കൺവീനർ അധികം തുക കൈപ്പറ്റാത്തതിനാൽ പഞ്ചായത്തിന്റെ 31.01.2004 ലെ II (6) നംപർ പ്രകാരം പണി ക്ലോസ് ചെയ്തു. പദ്ധതിയുടെ പൂർത്തീകരണത്തിനായി പുതിയ പ്രൊജക്ടിന് രൂപം നൽകിയിട്ടുണ്ട്. ജനകീയാസൂത്രണം 2007 - 2008 ൽ പുതിയ പ്രൊജക്റ്റിന്റെ പണി പൂർത്തികരിക്കും.<br>2. മില്ലുംപടി കനാൽ ബണ്ട് റോഡ്<br>എ1-341/07 തീയതി 10/03/2008 കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടിക്കായി 10/03/2008 ൽ എറണാകുളം ജില്ലാ കളക്ടർക്ക് ഫോം 24 ൽ അപേക്ഷ സമർപ്പിച്ചു. |

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | 3. കണിച്ചുപറമ്പ് കോളനി ടി.വി. ഷെഡ്<br>എ1-341/07 തീയതി 10/03/2008 കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടിക്കായി 10/03/2008 ൽ എറണാകുളം ജില്ലാ കളക്ടർക്ക് ഫോം 24 ൽ അപേക്ഷ സമർപ്പിച്ചു.<br>4. ചെങ്ങഴശ്ശേരിക്കാവ് ചുരമുടി റോഡ്<br>എ1-341/07 തീയതി 10/03/2008 കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടിക്കായി 10/03/2008 ൽ എറണാകുളം ജില്ലാ കളക്ടർക്ക് ഫോം 24 ൽ അപേക്ഷ സമർപ്പിച്ചു.<br>5 കൊക്കാമറ്റം കോളനി ടി.വി. ഷെഡ്<br>ഗുണഭോക്തൃ സമിതി കൈപ്പറ്റിയിട്ടുള്ളത് 46500/- രൂപ മാത്രമാണ്. 26/06/02 ൽ ഫൈനൽ മെഷർമെന്റ് പ്രകാരം 63256/- രൂപയുടെ വേലകൾ എസ്റ്റിമേറ്റ് പ്രകാരം പൂർത്തീകരിച്ചു. അവസാന ബിൽ പ്രകാരമുള്ള തുക കൺവീനർ കൈപ്പറ്റിയിട്ടില്ല.<br>6. ചൂണ്ടക്കുഴി മുണ്ടപ്പിള്ളി റോഡ്<br>2004 -2005 വർഷത്തിൽ വേല പൂർത്തീകരിച്ചു.<br>ഫൈനൽ ബിൽ പ്രകാരം ആകെ |

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | റ ത്<br>ര ർ<br>ന | പ്രവർത്തിയുടെ മൂല്യം 163794/- രൂപയാണ്,ഫൈനൽ ബിൽ പ്രകാരം 37693/- രൂപയുടെ 27.11.2004 ലെ 870809 നംപർ ചെക്ക് കൺവീനർക്ക് നൽകി.<br>7. തുരുത്തിശ്മശാനം ഷെഡ്<br>പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് തുക 52526/- രൂപയാണ്. 16.05.2003 ലെ ഫൈനൽ മെഷർമെന്റ് പ്രകാരം 54397/-രൂപയുടെ വേലകൾ എസ്റ്റിമേറ്റ് പ്രകാരം പൂർത്തികരിച്ചു. അവസാന ബിൽ പ്രകാരമുള്ള തുക കൺവീനർ കൈപ്പറ്റിയിട്ടില്ല.<br>8. ചുരമുടി ടി.വി.ഷെഡ് നിർമ്മാണം<br>എ1-341/07 തീയതി 29/02/2008 കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടിക്കായി 04/03/2008 ൽ എറണാകുളം ജില്ലാ കളക്ടർക്ക് ഫോം 24 ൽ അപേക്ഷ സമർപ്പിച്ചു.<br>9.കൽക്കൂട്ടം റോഡ് നിർമ്മാണം<br>എ1-341/07 തീയതി 29/02/2008 കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടിക്കായി 04/03/2008 ൽ എറണാകുളം ജില്ലാ കളക്ടർക്ക് ഫോം 24 ൽ അപേക്ഷ സമർപ്പിച്ചു. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി
## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2003-04)
## വേങ്ങൂർ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾകൊള്ളുന്ന
## ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നം പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003-04 | 3.7.7.1 | | ദാരിദ്രരേഖയ്ക്ക് താഴെയുള്ള ജനറൽ വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്ന പ്രോജക്ട് ആയിരുന്നു. എസ്.സി വിഭാഗത്തിൽപ്പെട്ടവർക്കുള്ള പ്രോജക്ട് അല്ലായിരുന്നു. മാത്രമല്ല ജനറൽ ഫണ്ട് ഉപയോഗിച്ചാണ് നിർവഹണം നടത്തിയിട്ടുള്ളത്.<br>ഈ പ്രോജക്ട് പഞ്ചായത്ത് ഭരണസമിതി ബ്ലോക്ക് തല വിദഗ്ധ സമിതി 25/06/1999 ൽ കൂടിയ ജില്ലാ ആസൂത്രണ സമിതി എന്നിവ അംഗീകരിച്ചിട്ടുള്ളതാണ്. 29/03/2000 ലെ |

| ക്രമ നം പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | സർക്കാർ ഉത്തരവ് വരുന്നതിന് മുമ്പ് തന്നെ മിക്കവാറും ചെലവുകൾ നടത്തിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും ഓഡിറ്റ് പരാമർശ പ്രകാരം ഈ പ്രോജക്റ്റിന്റെ നിർവഹണ ഉദ്യോഗസ്ഥനായിരുന്ന വി.എ. ഷൺമുഖം, വി.ഇ.ഒ യ്ക്ക് 1,45,000/- രൂപ യും പലിശ ഇനത്തിൽ 182700/രൂപയും അടക്കം 3,27700/-രൂപ അടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 22/02/08ൽ എ-221/07 (1) നംപറായി മേൽ ഉദ്യോഗസ്ഥനായ കോതംമംഗലം ബി.ഡി.ഒ വഴി ആർ. ആർ നോട്ടീസ് രജിസ്റ്റർ ചെയ്ത് അയച്ചിട്ടുണ്ട്. ആയത് ബി.ഡി.ഒ കൈപ്പറ്റിയതിന്റെ എ.ഡി കാർഡ് ലഭിച്ചിട്ടുണ്ട്. |

| ക്രമ നം പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 2 | 2003 -04 | 3.7.7.2 | | 1. വേലയുടെ കൺവീനറായിരുന്ന പി.എൻ ശാന്തകുമാരി, പാലിയേക്കുടി വീട്, പാണംകുഴി എന്നവർക്ക് ഓഡിറ്റ് പരാമർശ തുകയായ 11700/- രൂപയും പലിശ 14742 രൂപയും അടക്കം 26442/- രൂപ അടയ്ക്കുന്നതിന് 22/02/2008 ൽ എ -221/07 നംപറായി ആർ. ആർ. നോട്ടീസ് രജിസ്റ്റർ ചെയ്ത് അയച്ചു കൊടുത്തിട്ടുണ്ട്<br>2. പണിയുടെ മേൽ നോട്ടം വഹിച്ച എഞ്ചിനിയറായിരുന്ന ശ്രീ.കെ.വി. തങ്കപ്പൻ (റിട്ട. അസി. എഞ്ചിനിയർ) കളരിക്കൽ ശ്രീവാസ് മണ്ണൂർ, കീഴില്ലം എന്നയാൾക്ക് ആർ. ആർ. നോട്ടീസ് രജിസ്റ്റർ ചെയ്ത് അയച്ചി ട്ടുണ്ട് ( കത്ത് നംപർ. എ-221/07/ തീയതി 17/03/2008) |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2003-04) ഏഴീക്കര ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക**

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003 –2004 | 3.7.[illegible] | | അധിക നിരക്ക് അനുവദിച്ചത് സംബന്ധിച്ച് കൃഷി ആഫീസർ സമർപ്പിച്ചിട്ടുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.<br>സാധാരണ നെൽകൃഷിയിൽ നിന്നും വ്യത്യസ്ഥമായി വർഷത്തിൽ ഒരു പ്രാവശ്യം മാത്രം പ്രകൃതിയെ ആശ്രയിച്ച് തീരദേശ മേഖലയിൽ കുറച്ചു പഞ്ചായത്തുകളിൽ ചെയ്തുവരുന്നതാണ് പൊക്കാളി നെൽകൃഷി. കൃഷിക്കാരുടെ നഷ്ടം കുറയ്ക്കുന്നതിനു വേണ്ടിയാണ് പദ്ധതി |

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | ആവിഷ്കരിച്ചത്. പൊക്കാളി ഭൂ വികസനം അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാകളക്ടറുടെ നിർദ്ദേശവും കൂടി കണക്കിലെടുത്താണ് ഇത്തരം ഒരു പദ്ധതി ആവിഷകരിച്ച ്നടപ്പിലാക്കിയത്. ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് കേരള സർക്കാരിനോട് ആവശ്യപ്പെടുന്ന ഏഴിക്കര പഞ്ചായത്ത് കമ്മിറ്റിയുടെ 8/06/2007 ൽ കൂടിയ 29-ാം നംപർ തീരുമാനം തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയ്ക്ക് അയച്ചിട്ടുണ്ട്.<br>വർഷത്തിൽ ഒരു തവണ പ്രകൃതിയെ മാത്രം ആശ്രയിച്ച് കീടനാശിനി പ്രയോഗിക്കാതെ രാസ വളങ്ങൾ ഉപയോഗിക്കാതെ നടത്തുന്ന ജൈവകൃഷിയാണ് പൊക്കാളി നെൽകൃഷി. കൂലി വർദ്ധനവും ഉൽപാദന കുറവും നിമിത്തം കൃഷിയിറക്കാൻ തയ്യാറാകാതിരുന്ന |

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | സാഹചര്യത്തിൽ ഒരു പരിധി വരെ അവരുടെ നഷ്ടം കുറയ്ക്കുന്നതിനും വേണ്ടിയാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചത് എന്നും കൃഷി മന്ത്രി യുടെ ഹെക്ടറിന് 1000/രൂപ നല്കണമെന്നുള്ള പ്രസ്താവന ഉൾപ്പെടുത്തുകയും കൃഷി ഡിപ്പാർട്ടുമെന്റും പഞ്ചായത്തും സംയോജിച്ച് ചെയ്യണമെന്നുള്ള മന്ത്രിയുടെ നിർദ്ദേശമടങ്ങിയ കത്തിനോടൊപ്പം പ്രത്യേകം രണ്ട് വിഭാഗവും നൽകേണ്ട തുക കാണിച്ച് പൊക്കാളി ലാന്റ് ഡെവലപ്പ്മെന്റ് ഏജൻസി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ നൽകിയതും കൃഷി ഓഫീസർ വിശദീകരണമായി സമർപ്പിച്ചിട്ടുണ്ട്. ടി കത്തിന് മറുപടിയായി ഏഴിക്കര, ചിറ്റാറ്റുകര, കോട്ടുവള്ളി പഞ്ചായത്തുകളിൽ നടപ്പിലാക്കേണ്ട പദ്ധതി തുകയുടെയും വിവരം കാണിച്ച് പൊക്കാളി ലാന്റ് ഡെവലപ്പ്മെന്റ് ഏജൻസി സെക്രട്ടറിക്ക് |

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നൽകിയ കത്തും കൃഷി ഓഫീസർ സമർപ്പിച്ചിട്ടുണ്ട്. ഈ കത്തുകളുടെ അടിസ്ഥാനത്തിലാണ് പദ്ധതി രൂപപ്പെടുത്തിയത്. ആയത് ഡിപിസി അംഗീകരിച്ചിട്ടുണ്ട്. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2003 -04) കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാര നടപടിപത്രിക

| ക്രമനമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1. | 2003-04 | 3.7.9.1 | | കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ 1998/1999 വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി വിവിധ വാർഡുകളിൽ ട്യൂബുലൈറ്റും, സോഡിയംവേപ്പർലാമ്പും സ്ഥാപിക്കുന്നതിനായി 26/11/1998 ലെ 3(b) നമ്പർ പ്രകാരം പഞ്ചായത്തുകമ്മിറ്റി തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ 22/01/1999 ലെ 16-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ടി സാധനങ്ങൾ ആലുവ കോപ്പറേറ്റീവ് ഡിപ്പാർട്ട്മെന്റ് സ്റ്റോറിൽ നിന്നും വാങ്ങുവാൻ തീരുമാനിക്കുകയും ടി സ്ഥാപനം ലൈറ്റുൾപ്പെടെ ഫിറ്റ് ചെയ്തുതരുന്ന മുറയ്ക്ക് ആയതിന്റെ തുക നല്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. അങ്കമാലി ബ്ളോക്ക്തല സാങ്കേതിക സമിതിയുടെ സാങ്കേതിക അനുമതി ലഭിച്ചതിന് ശേഷമാണ് പദ്ധതി നടപ്പിലാക്കിയത്. ബ്ളോക്ക്തല സാങ്കേതിക സമിതിയിൽ വൈദ്യുതബോർഡിലെ അസിസ്റ്റന്റ് |

| ക്രമനമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗമാണ്. ടിയാൻ പരിശോധിച്ചതിന് ശേഷമാണ് സാങ്കേതിക അനുമതി ലഭിക്കുകയുള്ളൂ.<br>03/1997 ലെ സർക്കാർ ഉത്തരവ് നമ്പർ M.S. 13/97/പി.സി. പ്രകാരം തെരുവ് വിളക്കുകൾക്ക് ആവശ്യമായ സാധനങ്ങൾ പഞ്ചായത്ത് നേരിട്ട് വാങ്ങി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ ഏൽപിക്കണമെന്നാണ്. ഇങ്ങനെ ഏൽപ്പിക്കുന്ന സാധനങ്ങളിൽ ബൾബുകളും ട്യൂബുകളും മാത്രമേ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് മാറ്റിയിട്ടു തരുന്നുള്ളൂ. ബാക്കിയുള്ള സോഡിയം വേപ്പർ ലാമ്പും, ട്യൂബ് സെറ്റും പഞ്ചായത്ത് തന്നെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ അറിയിച്ച് പഞ്ചായത്തിന്റെ ചെലവിൽ ഫിറ്റ് ചെയ്യണമെന്നാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നിഷ്കർഷിക്കുന്നത് ഈ അവസ്ഥ ഇപ്പോഴും തുടർന്നു വരുന്നു. |

| ക്രമനമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | |
| 2. | 2003-04 | 3.7.9.2 | | 1998-1999 പദ്ധതി വർഷത്തിൽ ഇന്റഗ്രേറ്റഡ് ഹാബിറ്റാറ്റ് ഡവലപ്പ്മെന്റ് പ്രോഗ്രാം കോളനിയിൽ മിനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി 1,42,300 രൂപയുടെ പ്രോജക്ട് തയ്യാറാക്കുകയും ആയതിന് എറണാകുളം ജില്ല ആസൂത്രണസമിതി അംഗീകാരം ലഭിക്കുകയും ഉണ്ടായി. പ്രോജക്ടിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അങ്കമാലി ബ്ലോക്ക്തല വിദഗ്ദ്ധസമിതിക്ക് നൽകുകയും ആയതിന് 360/248/ 98-99/ നമ്പർ ആയി സാങ്കേതിക അനുമതി ലഭിച്ചതുമാണ്.<br>പ്രവർത്തിയുടെ നിർവ്വഹണത്തിനായി കെ. എ. അശോകൻ ഗുണഭോക്തൃസമിതി കൺവീനറായി പഞ്ചായത്തുമായി എഗ്രിമെന്റ് വച്ചു. പ്രസ്തുത സമിതി കിഴക്കും |

| ക്രമനമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | ഭാഗം സർവ്വീസ് സഹകരണ ബാങ്കിൽ അക്കൗണ്ട് തുടങ്ങുകയുമുണ്ടായി. കൺവീനർക്ക് മൊബലൈസേഷൻ അഡ്വാൻസായി 6/3/99ലെ 218619 -ാം നമ്പർ ചെക്ക് പ്രകാരം 31,250 രൂപ നൽകി. തറപണി പൂർത്തിയാക്കിയതിൽ പ്രവർത്തിക്ക് 22,000 രൂപയുടെ വാല്യൂവേഷൻ ലോക്കൽ വർക്ക്സ് അസി. എഞ്ചിനീയർ നൽകിയതനുസരിച്ച് 16,500 രൂപ സെക്കോർഡ് അഡ്വാൻസ് നൽകി. പിന്നീട് 2,250 രൂപ നൽകി. ആകെ കൺവീനർക്ക് 50.000 രൂപ നൽകിയിട്ടുണ്ട്.<br>നിർവ്വഹണസമിതിക്ക് 40,378 രൂപ ചെലവായതായി എഴുതി തന്നിട്ടുണ്ട്. പ്രവർത്തിയുടെ വാല്യുവേഷൻ തരുന്നതിന് 18.03.2002ലെ C2=101/02നമ്പർ കത്ത് പ്രകാരം എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇതുവരെ വാല്യുവേഷൻ ലഭിച്ചിട്ടില്ല. പഞ്ചായത്തിൽ നിന്ന് കൈപറ്റിയ തുക പലിശ ഉൾപ്പടെ തിരിച്ച് അടക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട കൺവീനർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2003 - 2004)

## ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന

## ആഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നം | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003 - 2004 | 3.7.10.1 | | 2001-2002 വർഷം പദ്ധതി അംഗീകരിച്ച 88,000/- രൂപയുടെ പ്രോജക്ടിൽ നിർവ്വഹണസമിതി പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകൾ കത്താത്തതിന്റെ അവസ്ഥ പരിഗണിച്ച് പഞ്ചായത്ത് നേരിട്ട് നടപ്പിലാക്കാൻ ക്വട്ടേഷൻ ക്ഷണിക്കണമെന്ന് ശുപാർശ ചെയ്തതിൻ പ്രകാരം 20-03-2002ലെ 33-ാം നമ്പർ തീരുമാനപ്രകാരം ട്യൂബ്സെറ്റ് ഒന്നിന് 60/-ക പ്രകാരം ഫിറ്റ് ചെയ്യാമെന്ന് സമ്മതിച്ച ശ്രീ. എം. എ. അഗസ്റ്റിൻ അമ്പലത്തിങ്കൽ എന്നയാളുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ടി പണി ചെയ്യാൻ ടിയാളെ ചുമതലപ്പെടുത്തുകയുമാണ് ചെയ്തത്. ഫിറ്റിംഗ്ചാർജ്ജ് ഉൾപ്പെടെയുള്ള പ്രോജക്ടിനാണ് അംഗീകാരം ലഭിച്ചതെന്നതിനാലാണ് ഇപ്രകാരം നടപടികൾ സ്വീകരിച്ചത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി |

| ക്രമ നം | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | ബോർഡ് ഈ ജോലി ചെയ്യാൻ കാലതാമസം നേരിടുമെന്നതിനാൽ കോൺട്രാക്ടർക്ക് ട്യൂബുകൾ എത്തിച്ചുനൽകുന്ന ഉത്തരവാദിത്വം അതാതു വാർഡ് മെമ്പർമാർക്ക് നൽകുകയും മെമ്പർമാർ ട്യൂബുകൾ കൈപ്പറ്റുകയുമാണ് ചെയ്തത് . ഇതനുസരിച്ച് ആകെ 683 ട്യൂബുകൾ നൽകിയതിൽ 496 എണ്ണം കോൺട്രാക്ടർമാർ ഘടിപ്പിക്കുകയുണ്ടായി. ശേഷിക്കുന്ന 187 ട്യൂബുകളും 12 മെമ്പർമാരുടേയും പക്കൽതന്നെയായിരുന്നു സൂക്ഷിച്ചത്. ഇത് പിന്നീട് ട്യൂബുകൾ കേടാകുന്ന മുറയ്ക്ക് മെമ്പർമാർ നേരിട്ട് റിപ്പയറെക്കൊണ്ട് ട്യൂബ്സെറ്റ് നന്നാക്കിച്ചിടുകയുമാണ് ചെയ്തിട്ടുള്ളത്. ഇതിനായി പഞ്ചായത്തിൽനിന്നും തുക ചെലവ് ചെയ്യുകയുമുണ്ടായിട്ടില്ല. |

| ക്രം നം. | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡികനമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 2 | 2003 - 2004 | 3.7.10.2 | | എൻഞ്ചിനീയറുടെയും സെക്രട്ടറിയുടെയും എതിർപ്പുകളെ അവഗണിച്ച് കൊണ്ട് കൺവീനർക്ക് നൽകിയ തുകയായ 16,809/- രൂപ പ്രസിഡന്റിൽ നിന്നും മെമ്പർമാരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണെന്ന ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശം അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുകയും 14,941/- രൂപ ഇതുവരെ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 1,868/- രൂപ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2003-2004) ചെല്ലാനം ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമനമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരമാർശ വിഷയത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1.. | 2003-2004 | 3.7.11.1 | | ഈ പ്രോജക്ടിന്റെ ഗുണഭോക്തൃ കമ്മിറ്റി കൺവീനർ ശ്രീ എ.റ്റി.സുരേഷ് ടിയാൻ പണി പൂർത്തിയാക്കാത്തതിനാൽ റവന്യൂ റിക്കവറി നടത്തുവാൻ ബഹുമാനപ്പെട്ട ജില്ലാ കളക്ടർക്ക് 2.8.2003ന് A4.134/02 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടിയാനിൽനിന്ന് ആദ്യഗഡുവായി പിടിച്ച 7,600കയുടെ 2.7.2007 ലെ DD ഈ ഓഫീസിൽ ലഭിച്ചിട്ടുള്ളതാണ്. |

| | | | | |
|---|---|---|---|---|
| | | | | |
| 2.. | 2003-2004 | 3.7.11.2 | | ഈ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്നു. നിർവ്വഹണ ചുമതലപട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘമാണ് നടത്തിയത്. പ്രോജക്ടിന്റെ അടങ്കൽ.തുക 2,41,200ക രണ്ട് ഗഡുക്കളായി പഞ്ചായത്ത് സൊസൈറ്റിക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതായി സൊസൈറ്റി ചെലവ് സഹിതം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സഹകരണസംഘം സെക്രട്ടറി നിർവ്വഹണ ഏജൻസിയായി പദ്ധതി നടപ്പാക്കിയതിൽ അപാകതയുള്ളതിനാൽ തുക പഞ്ചായത്തിൽ തിരിച്ചടക്കുവാൻ ആവശ്യപ്പെട്ട് 19.9.02 തീയതിയിൽ A2.389/02 നമ്പറായി നോട്ടീസ് നൽകിയിട്ടുണ്ട്. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2004-05) പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക.

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2004-05 | 3.7.1.9.3 | | 03.09.2004 ൽ നിർവ്വഹണോദ്യോഗസ്ഥനായ പഞ്ചായത്തു സെക്രട്ടറി ശ്രീ. എ.സി. ജോസഫിന് ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് നൽകി വിശദീകരണം ആവശ്യപ്പെട്ടുകയും ടിയാൻ 12.04 05 ൽ മറുപടി നൽകുകയും ഈ മറുപടി അനന്തരനടപടികൾക്കായി 17.05.2005 ൽ എറണാകുളം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രഥമ മറുപടിയിന്മേൽ പ്രാദേശിക പരിശോധന എറണാകുളം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി |

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | ഡയറക്ടറുടെ 13.2.07 ലെ എൽ എഫ്.ഇ (ഇ4) 100/07 നമ്പർ കത്തുപ്രകാരം 27.2.07 ൽ നടത്തുന്നതിന് ഓഡിറ്റ് നോട്ടീസ് ലഭിച്ചെങ്കിലും പരിശോധന മാറ്റി വയ്ക്കപ്പെടുകയാണുണ്ടായത്. പിന്നീട് 12.7.2007 ൽ പ്രദേശിക പരിശോധന നടത്തുകയും ഓഡിറ്റിൽ നിരാകരിച്ച തുകയും തടസ്സപ്പെടുത്തിയ തുകയും ശരിവയ്ക്കുകയാണുണ്ടായത് ആയതിൻപ്രകാരം ശ്രീ. എ സി. ജോസഫിനെതിരെ റവന്യൂറിക്കവറിക്ക് നടപടികൾ സ്വീകരിച്ചുവരുന്നതാണ് |

Additional ... Local ...

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2003-04)
## കീഴ്മാട് ഗ്രാമപ ഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന
## ഓഡിറ്റ് ന്യൂനതപ രിഹാര നടപടി പത്രിക

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003-2004 | 3.7.12 | | **ശാന്തിമല റോഡിന്റെ അഭിവൃദ്ധി**<br>ശാന്തിമല റോഡിന്റെ കാര്യത്തിൽ മണ്ണിട്ട് നികത്തിലിന് ബ്ലോക്കു തല വിദഗ്ദ്ധ സമിതിയുടെ നിരക്ക് 132/രൂപ ആണെന്നും യഥാർത്ഥത്തിൽ 79 രൂപ മാത്രമേ വരികയുള്ളൂ എന്നും ഓഡിറ്റിൽ പറയുന്നു. കൂടാതെ 158.72 എം3 മണ്ണിന് സെല്ലിംഗ് 10% കുറവ് ചെയ്തേ മണ്ണിന്റെ അളവെടുക്കാമായിരുന്നുള്ളൂ എന്നും അപ്രകാരം 6851/- രൂപ നഷ്ടം ഉണ്ടാക്കി എന്നും പറയുന്നു.<br>മനക്കലകത്തൂട്ട് കാന നിർമ്മാണം എന്ന |

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | പ്രവർത്തിയിൽ എസ്റ്റിമേറ്റിലില്ലാത്ത ഐറ്റങ്ങൾ, ഇടവഴി സൈഡ് കെട്ടുന്നതിനായി ഉൾപ്പെടുത്തി എന്നും ആയതിന് പഞ്ചായത്ത് സമിതി ആവശ്യപ്പെട്ടിട്ടില്ലെന്നും ഡിആർ. പാക്കിംഗിന് മുകളിലുള്ള സിമന്റ് കോൺക്രീറ്റിംഗ് എന്താണെന്ന് മനസ്സിലാവുന്നില്ലെന്നും അപ്രകാരം ചെലവഴിച്ച 16477/- രൂപ തിരിച്ച് പിടിക്കാനും ഓഡിറ്റിൽ സൂചിപ്പിച്ചിട്ടുണ്ട്.<br>എസ്റ്റിമേറ്റ് നിരക്കുകൾ പരിശോധിച്ച് ബ്ലോക്ക് തല വിദഗ്ദ്ധ സമിതിയുടെ സാങ്കേതിക ഉപ സമിതി അനുമതി നൽകുന്ന രീതിയാണ് അന്നുള്ളത്. കൂടാതെ എസ്റ്റിമേറ്റിലെ ഐറ്റവും മെഷർമെന്റിന്റെ ഐറ്റവും മെഷർ ചെയ്യുന്ന എഞ്ചിനിയറും ശ്രദ്ധിക്കാറുണ്ട്. കൂടാതെ ചെക്ക് മെഷർമെന്റും നടക്കുന്നുണ്ട്.<br>ശാന്തിമല റോഡിന്റെ ഫൈനൽ ബില്ലിൽ മെഷർമെന്റ് എടുത്തത് അന്നത്തെ അസ്സിസ്റ്റന്റ് എഞ്ചിനീയർ അയിരുന്ന അറുമുഖംപിള്ളയാണ്. എസ്റ്റിമേറ്റിന്റെ കോപ്പിയും പ്രോജക്റ്റും നിരന്തരമായ അന്വേഷണത്തിന് ശേഷവും ഓഫീസിൽ നിന്ന് കണ്ടുകിട്ടാത്തതിനാൽ എസ്റ്റിമേറ്റ് എടുത്തത് ആരെന്നറിയാൻ കഴിയുന്നില്ല. ഫൈനൽ |

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | ബിൽ പ്രകാരം മൊത്തം ചെലവ് 192,278/-രൂപ ആണ്. സെക്രട്ടറിയുടെ നിരപരാധിത്വം വിശദീകരിച്ചുകൊണ്ടുള്ള 22/05/04 ലെ1 ( എ) നംപർ തീരുമാനം 29/05/07 ൽ തദ്ദേശ ഭരണവകുപ്പ് സെക്രട്ടറിയ്ക്ക് കത്ത് അയച്ചിരുന്നു. അളവ് രേഖപ്പെടുത്തിയ ശ്രീ. അറുമുഖംപിള്ളയ്ക്ക് നിലവിലുള്ള അഡ്രസ്സിൽ 17/01/08 ൽ എ1 292/7 നംപറിൽ കത്തയച്ചിരുന്നു. ശ്രീ. അറുമുഖംപിള്ള അസിസ്റ്റന്റ്. എക്സിക്യൂട്ടീവ് .എഞ്ചിനിയർ (റിട്ട), "കീർത്തി" , ചീരക്കട റോഡ്, ആലുവ. വിദഗ്ദ്ധ സമിതി അനുവദിച്ച നിരക്ക് പ്രകാരവും കൺവീനർ എഗ്രിമെന്റ് വച്ച നിരക്ക് പ്രകാരവുമാണ് പണി നടന്നതും അളവ് രേഖപ്പെടുത്തിയതുമെന്ന് ശ്രീ. അറുമുഖംപിള്ള മറുപടി തന്നു. ചെക്ക് മെഷർമെന്റ് എടുത്തത് അന്നത്തെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബിൽഡിംഗ്സ്) ശ്രീമതി. പരീതുമ്മ ആയിരുന്നു. വിശദീകരണം ചോദിച്ച് 19/03/2008 ൽ അവരുടെ നിലവിലുള്ള അഡ്രസ്സായ കണ്ംരുമത്തിൽ വീട്ടിൽ , തോട്ടയ്ക്കാട്ടുകര, ആലുവ 8 ലേക്ക് കത്തയച്ചിട്ടുണ്ട്. |

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | എങ്കിൽ തന്നെയും നിരക്കുകൾ നിശ്ചയിക്കുകയും എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതിക അനുമതി നൽകുകയും ചെയ്ത വിദഗ്ദ്ധസമിതി അംഗങ്ങൾ തന്നെയാണ് നഷ്ടത്തിന് ആത്യന്തികമായി ഉത്തരവാദികൾ. ആയതിനാൽ അന്നത്തെ വിദഗ്ദ്ധ സമിതി അംഗങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് 19/03/08 ലെ എ1-297/07 നംപർ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.<br>**മനക്കലകത്തുട്ട് കാന പുനരുദ്ധാരണം**<br>ഇക്കാര്യത്തിലും സെക്രട്ടറിയുടെ നിരപരാധിത്വം വിശദീകരിച്ചു കൊണ്ടുള്ള 22/05/04 ലെ1 (സി) തീരുമാനം 29/05/07 ൽ തദ്ദേശ ഭരണ വകുപ്പ് സെക്രട്ടറിക്ക് അയച്ചിട്ടുണ്ട്.<br>ചെക്ക് മെഷർ ചെയ്ത ശ്രീ.എൻ.ജെ മാത്യു (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ (റിട്ട) പൊതുമരാമത്ത് വകുപ്പ് നിര്യാതനായി. ബ്ലോക്ക് തല വിദഗ്ധ സമിതി അംഗങ്ങളായ കെ.എ.നവാസ്, എം.എൽ. ആന്റോ എന്നിവർ ഫൈനൽ ബിൽ പരിശോധിച്ചതായി |

127/2016

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | അളവ് പുസ്തകത്തിൽ കാണുന്നു. കെ. എ. നവാസ് ഇപ്പോൾ വിദേശത്താണ്. എം.എൽ. ആന്റോയുടെ അഡ്രസ്സ് ബ്ലോക്കിലും മറ്റ് പൊതുമരാമത്ത് ഓഫിസിലും അന്വേഷിച്ചുവെങ്കിലും ടിയാൻ നിലവിൽ എവിടെയാണെന്നറിയാൻ കഴിഞ്ഞിട്ടില്ല<br><br>കെ.പി.ആർ. (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ആർ 15 (5) പ്രകാരം എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനത്തിന് വിദഗ്ദ്ധ സമിതി അംഗീകാരം വേണമെന്നുണ്ട്. മുൻകൂർ ആയി റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ലെങ്കിലും എം. ബുക്കിൽ ബി.എൽ.റ്റി.സി അംഗങ്ങൾ പരിശോധിച്ച് ഒപ്പിട്ടതിനാൽ ,മേൽപ്പറഞ്ഞ നിയമ പ്രകാരമുള്ള വ്യതിയാനം വിദഗ്ദ്ധ സമിതി അംഗീകരിച്ചതായി കണക്കാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്. കൂടാതെ 3/07/2000-ലെ 1 (എച്ച്) തീരുമാന പ്രകാരം സാങ്കേതിക അനുമതി തുകയേക്കാൾ അധികരിക്കാതെ നൽകിയ ചെലവിന് പഞ്ചായത്ത് കമ്മിറ്റി അംഗീകാരവും നൽകിയിട്ടുമുണ്ട്. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി
## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2003–04)
## ഏലൂർ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾകൊള്ളുന്ന
## ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003 –2004 | 3.7.13. | | പരാമർശ വിഷയമായ പ്രവർത്തി പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയറായിരുന്ന ശ്രീമതി. ഷീജ.വി.ആർ എന്നയാൾ തയ്യാറാക്കിയതും ബി.എൽ.റ്റി.സി. വിശദമായി പരിശോധിച്ച് സാങ്കേതികാനുമതി നൽകിയിട്ടിള്ളതുമാണ്. ഈ പ്രവർത്തി പെരിയാർ നദിയുടെ പുഴയോരം കെട്ടി സംരക്ഷിക്കുന്നത് ആയതിനാൽ ലോറി ചെല്ലുന്ന സ്ഥലത്തുനിന്നും 202 മീറ്റർ ദൂരത്തിൽ തീരത്തേക്ക് ഉന്തു വണ്ടിയിലും തലച്ചുമടിലും സാധന |

| ക്രമ നം പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | സാമഗ്രികൾ എത്തിക്കേണ്ടതായി വന്നിട്ടുണ്ട്. 202 മീറ്ററിൽ ഇനീഷ്യൽ ലീഡ് ആയ 50 മീറ്റർ കഴിച്ച് 152 മീറ്റർ ലീഡ് കൂടുതലായിട്ടുണ്ട്. ആയതിനുള്ള നിരക്കുകൾ കൂടി ഉൾപ്പെടുത്തിയതിനാലാണ് കരിങ്കൽ കെട്ടിന്റെ നിരക്ക് കൂടിയത്. എന്നാൽ ലോക്കൽ ഫണ്ട് 50 മീറ്ററിന്റെ അകലം കണക്കാക്കിയാണ് നിരക്ക് ഇട്ടിരിക്കുന്നത്. പുഴയോരമായതിനാൽ വിദഗ്ദ്ധ സാങ്കേതിക പരിശോധന നടത്തിയ ശേഷമാണ് അംഗീകാരം നൽകിയിട്ടുള്ളത്. സാധാരണ റോഡിനും മറ്റും കെട്ടുന്ന പ്രകാരം പുഴയോരം കെട്ടാൻ റേറ്റ് മതിയാകില്ല. ഓഡിറ്റ് പരാമർശത്തിൽ സാധാരണ ഡ്രൈസ്റ്റോൺ പായ്ക്കിംഗ് നിരക്കായ 537/- രൂപയാണ് അംഗീകരിച്ചിട്ടുള്ളത്. പുഴയുടെ അരിക് എക്കൽ മണ്ണ് നിറഞ്ഞ ഉറപ്പില്ലാത്ത പ്രദേശമായതിനാൽ പ്രവർത്തിയുടെ സുരക്ഷിതത്വത്തിന് ആവശ്യമായ രീതിയിൽ ബന്ധപ്പെട്ട എഞ്ചിനിയർമാർ പ്രവർത്തി |

| ക്രമ നം പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | ചെയ്യിച്ചതിനാലാണ് എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ പ്രവർത്തി ചെയ്യേണ്ടി വന്നതെന്ന കാര്യവും അറിയിക്കുന്നു. അത് പ്രവർത്തി നടത്തിച്ച എഞ്ചിനിയർക്കും പരിശോധന നടത്തിയ എഞ്ചിനിയർക്കും ബോദ്ധ്യപ്പെട്ട് റെക്കാർഡ് ചെയ്തിട്ടുള്ളതുമാണ്. വളരെ സുരക്ഷിതമായ നിലയിൽ ഇപ്പോഴും കെട്ട് നിലനിൽക്കുന്നുണ്ട്. സാങ്കേതിക വൈദഗ്ധ്യവും പ്രായോഗിക പരിജ്ഞാനമുള്ള എഞ്ചിനീയർമാരുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് പ്രായോഗിക പരിജ്ഞാനം ഇല്ലാത്ത ലോക്കൽ ഫണ്ട് ഡിപ്പാർട്ടുമെന്റിന്റെ നിഗമനങ്ങളെ നിരാകരിക്കേണ്ടതാണ്. സാങ്കേതിക വൈദഗ്ധ്യമില്ലാത്ത സെക്രട്ടറിയുടെ പേരിൽ ഓഡിറ്റ് നിരാകരണം നടത്തിയതിനെതിരെ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്കും തദ്ദേശ സ്വയം. സെക്രട്ടറിയ്ക്കും കത്തയച്ചിരുന്നു. എന്നാൽ |

| ക്രമ നം പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | ലോക്കൽ ഫണ്ട് മറുപടി അംഗീകരിച്ചില്ല. ബന്ധപ്പെട്ട എഞ്ചിനിയർമാരോട് ലോക്കൽ ഫണ്ടി ന്റെ നിലപാട് സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞു കൊണ്ട് കത്തയച്ചുവെങ്കിലും ചിലത് മടങ്ങുകയും കൈപ്പറ്റിയതിന് മറുപടി ലഭിക്കാത്തതുമാണ്. 1999-2000 വർഷത്തെ ബി.എൽ.റ്റി.സി അംഗങ്ങളിൽ നിന്നും തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ആലങ്ങാട് ബി.ഡി.ഒ ക്ക് കത്ത് നൽകിയിട്ടുണ്ട്. എങ്കിലും ബ്ലോക്ക് ലെവൽ ടെക്ക്നിക്കൽ കമ്മറ്റിയുടെ കൂട്ടായ പരിശോധന നടത്തി നൽകിയ സാങ്കേതിക അനുമതിക്ക് തെറ്റ് കാണുന്നില്ലാത്തതിനാൽ ഓഡിറ്റിൽ നിരാകരിച്ച 27316/-രൂപ സാധൂകരിക്കണമെന്ന് അപേക്ഷിക്കുന്നു. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2003-04) മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾകൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003-2004 | 3.7.14 | | നിർവഹണ ഉദ്യോഗസ്ഥനായ പഞ്ചായത്ത് സെക്രട്ടറി-എൽ . ധനശീലൻ പെൻഷൻ പറ്റിയതിനാൽ ടിയാന് ഈ ഓഡിറ്റ് തടസ്സത്തിന്റെ അടിസ്ഥാനത്തിൽ ബാദ്ധ്യത സർട്ടിഫിക്കറ്റ് നൽകുകയാണ് ചെയ്തിട്ടുള്ളത്. വിരമിച്ച ഉദ്യോഗസ്ഥനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനായി 18.2.2008 ൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പാലക്കാടിന് ഇദ്ദേഹത്തിന്റെ താലൂക്ക്, വില്ലേജ്, സർവ്വെ നംപർ അടക്കമുള്ള വിവരങ്ങൾ |

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി<br>ലഭ്യമാക്കുന്നതിന് കത്ത് നൽകുകയും 7.3.2008- ൽ ഓർമ്മക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. |
|---|---|---|---|---|
| | | | | |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2004-05) ആരക്കുഴ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2004-2005 | 3.7.1.1.1 | | 2001-2002 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഭാഗം 2 പാര 9 പ്രകാരം നിരാകരിച്ചിട്ടുള്ള തുക73741/- രൂപയ്ക്ക് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. റ്റി.പി. ജോസഫിന് മറുപടി സമർപ്പിക്കുന്നതിന് വേണ്ടി റിപ്പോർട്ടിന്റെ പകർപ്പുകൾ 21/04/2004 - ൽ തന്നെ രജിസ്ട്രേഡ് തപാലിൽ അയച്ചു കൊടുത്തിട്ടുള്ളതാണ്. എന്നാൽ മറുപടി ലഭിക്കുകയോ, ആയത് ഓഡിറ്റ് വിഭാഗത്തിലേക്ക് അയച്ചു കൊടുക്കുകയോ ചെയ്തിട്ടില്ല. തൻമൂലം ശ്രീ. റ്റി.പി. ജോസഫിനോട് തുക അടച്ച് ഓഡിറ്റ് |

| ക്രമ നം പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | നിരാകരണം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് 3/8/07 ൽ രജിസ്ട്രേഡ് തപാലിൽ നോട്ടീസ് നൽകി ആയതിന് ടിയാൻ നൽകിയ മറുപടി 5/12/07 ലെ എൽ.എഫ്. എ ഇ (പി5)1748/07 പ്രകാരം എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി വാങ്ങിയില്ലായെന്ന കാരണത്താൽ ലോക്കൽ ഫണ്ട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ നിരാകരിച്ചു. തുടർന്ന് ബഹു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ഈ ആഫിസിലെ 30/12/07 ലെ 227/07 നംപർ കത്ത് പ്രകാരം ടിയാന്റെ ശംപളത്തിൽ നിന്നുമോ മറ്റ് ആനുകൂല്യങ്ങളിൽ നിന്നുമോ തുക ഈടാക്കണമെന്ന് കാണിച്ച് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2004-05 സമാഹൃതറിപ്പോർട്ടിൻമേൽ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാര നടപടിപത്രിക

| ക്രമ | സാമാഹൃത ആഡിറ്റ് റിപ്പോർട്ട് | ആഡിറ്റ് ഖണ്ഡിക | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി. |
|---|---|---|---|---|
| 1 | 2004-2005 | 3.7.1.2.1 | | പഞ്ചായത്തിന്റെ 24-4-2000ലെ II-ാം നമ്പർ തീരുമാനപ്രകാരം വിശാലകൊച്ചി വികസന അതോറിട്ടിയുമായി കരാർ വയ്ക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതനുസരിച്ച് കരാർ വയ്ക്കുകയും കരാറിൽ സെന്റേജും, പലിശയും നൽകുന്നതിന് നിബന്ധനയുള്ളതുകൊണ്ട് സെന്റേജ് നൽകുകയും ചെയ്തു. വിശാലകൊച്ചി വികസന അതോറിട്ടി പലിശയിനത്തിൽ തുക ആവശ്യപ്പെട്ടുവെങ്കിലും 29-01-2001ലെ 1(3) -ാം നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരംപലിശ ഒഴിവാക്കുന്നതിന് വിശാലകൊച്ചി വികസന അതോറിട്ടിയോട് ആവശ്യപ്പെട്ടതല്ലാതെ പലിശയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല<br><br>നിർമ്മാണവേല ........... 8,69,634.00<br>ഇലക്ട്രിക്കൽ വേല .......... 50,803.00<br>സെന്റേജ് ......... 92,043.00<br>പരസ്യക്കൂലി ....... 4,050.00<br><br>ആകെ ..... 10,16,530.00. |

| ക്രമ നമ്പർ | സാമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി. |
|---|---|---|---|---|
| | | | | വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് 1999/2000 വർഷത്തിൽ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പണി പൂർത്തികരിച്ച വ്യവസായ യൂണിറ്റ് കെട്ടിട നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ എന്ന പണിക്ക് സെന്റേജ് പത്ര പരസ്യം ഉൾപ്പെടെ 10,16,530/-രൂപയാണ് വിശാലകൊച്ചി വികസന അതോറിട്ടിയ്ക്ക് നൽകേണ്ടത്.(869634,50803,സെന്റേജ് 92,043/-,പത്രപരസ്യം 4,050/-) ടി പണി വിശാലകൊച്ചി വികസന അതോറിട്ടിയെ ഏൽപ്പിക്കാൻ 24-4-2000ൽ കൂടിയ പഞ്ചായത്ത് കമ്മറ്റി II-ാം നമ്പറിൽ തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിൽ എഗ്രിമെന്റ് വച്ച് 3,00,000/-രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്. (Cheque No.386467) പിന്നീട് ബിൽ തുകയുടെ അടിസ്ഥാനത്തിൽ 28/12/2000ൽ 76,603/-രൂപയും, 29/05/01ലെ ചെക്ക് നം. 752291ാം നമ്പർ ചെക്ക് പ്രകാരം 4,93,031/-രൂപയും, 31/12/2001ൽ ചെക്ക് നമ്പർ 838636 പ്രകാരം 1,46,896/-രൂപയും മാത്രമാണ് നൽകിയിട്ടുള്ളത്. (മൊത്തം 10,16,530/-) വിശാലകൊച്ചി വികസന അതോറിട്ടി പലിശ, കളക്ഷൻ ചാർജ്ജ്, ഉൾപ്പെടെ 1,72,989/-രൂപ ആവശ്യപ്പെട്ടെങ്കിലും പലിശ ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല. പലിശ തുക ഒഴിവാക്കി തരുന്നതിന് ബഹു.പഞ്ചായത്ത് കമ്മറ്റി 29/12/2001ലെ 1(3)-ാം നമ്പർ തീരുമാനം എടുക്കുകയും ആയത് വിശാലകൊച്ചി വികസന അതോറിട്ടിയെ അറിയിച്ചിട്ടുള്ളതുമാണ്. |

| ക്രമ നമ്പർ | സാമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി. |
|---|---|---|---|---|
| | | | | പിന്നീട് പലിശയിനത്തിൽയാതൊരു തുകയുംവിശാലകൊച്ചി വികസന അതോറിട്ടി ആവശ്യപ്പെട്ടിട്ടില്ല. ആഡിറ്റ് പാരയിൽ പ്രതിപാദിച്ച സെൻ്റേജ് കൊടുത്തത് കമ്മറ്റി എടുത്തതീരുമാനത്തിന്റെ വെളിച്ചത്തിലും മുൻ സെക്രട്ടറി എഗ്രിമെന്റ് വച്ചതിന്റെ അടിസ്ഥാനത്തിലുമാണ് വിശാലകൊച്ചി വികസന അതോറിട്ടിയും പഞ്ചായത്തും തമ്മിൽ വച്ചിരിക്കുന്ന കരാറിൽ പ്രതിപാദിയ്ക്കാത്ത യാതൊരു തുകയും വിശാലകൊച്ചി വികസന അതോറിട്ടിയ്ക്ക് നൽകിയിട്ടില്ല. |
| 2 | 2004-2005 | 3.7.1 2.2 (1) | | ശ്രീ സി.കെ.ഗിരിജൻ, പുത്തൻവീട്, വെളളൂർ എന്നയാൾ ഭാര്യാപിതാവിന്റെ കൂടെ താമസിച്ചു-വരുകയും 93-94 വർഷം കെട്ടിട നമ്പർ റിവിഷൻ നടത്തിയ സമയത്ത് വിവരം ശേഖരിക്കുന്നതിന് എത്തിയ ഉദ്യോഗസ്ഥനെ തെറ്റിദ്ധരിപ്പിച്ച് സ്വന്തം പേരിൽ വിവരം |

| ക്രമ നമ്പർ | സാമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി. |
|---|---|---|---|---|
| | | | | നൽകി അസസ്സ്മെന്റ് രജിസ്റ്ററിൽ പേര് വന്നിട്ടുള്ളതാണ്. അല്ലാതെ ടിയാന്റെ പേരിൽ സ്വന്തമായി സ്ഥലം അന്ന് ഉണ്ടായിരുന്നില്ല എന്നാണ് അറിയുന്നത്. പിന്നീട് ഭാര്യാപിതാവ് നൽകിയ സ്ഥലത്ത് വീട് പണിയുന്നതിന് ഗ്രാമസഭയിൽ അപേക്ഷ സമർപ്പിയ്ക്കുകയും മുൻഗണനക്രമത്തിൽ ടിയാന് വീട് പണിയുന്നതിന് ആനുകൂല്യം നൽകി വീട് നിർമ്മിച്ചിട്ടുണ്ട്.VII 447B-ാം നമ്പർ നൽകിയിട്ടുണ്ട്.<br><br>റെജിമോന്റെ പേരിൽ ഉണ്ടായിരുന്ന 903A നമ്പർ വീട് 27-4-2000 ലെ 2032/2000 നമ്പർ ആധാര പ്രകാരം ടി.എഫ്.മൈക്കിൾ, തോട്ടപ്പിള്ളി, കരിമുകൾ എന്നയാൾ വാങ്ങിച്ചിരുന്നെങ്കിലും അസസ്സ്മെന്റ് രജിസ്റ്ററിൽ ആവശ്യമായ ഉടമസ്ഥാവകാശം മാറ്റിയത് 17-3-2004ൽ മാത്രമായതുകൊണ്ടാണ് റെജിമോന്റെ പേരിൽ സ്വന്തമായി വീടുണ്ടെന്ന് തെറ്റായി ആഡിറ്റ് ടീമിന് ബോദ്ധ്യമായത്. വീട് അനുവദിക്കുന്ന സമയത്ത് ടിയാന് സ്വന്തമായി വീടുണ്ടായിരുന്നില്ല. കെട്ടിടം കൈമാറ്റം ചെയ്തവിവരം ടിയാന്റെഅറിവില്ലായ്മ മൂലം പഞ്ചായത്തിൽ അറിയിക്കാത്ത സാഹചര്യത്തിലാണ് അസസ്സ്മെന്റ് രജിസ്റ്ററിൽ ടിയാന്റെ പേര് ഉൾപ്പെട്ടത്. |

# ലോക്കൽ ഫണ്ട് അക്കൗണ്ടസ് കമ്മറ്റി
## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2004-05)
## കുന്നുകര ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾകൊള്ളുന്ന
## ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നം പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2004-2005 | 3.7.1.6.1. | | ആഡിറ്റ് റിപ്പോർട്ട് 2000-2001 ലെ ഖണ്ഡിക 8 ൽ പറയുന്ന ആഡിറ്റ് പരാമർശത്തിന് ഉത്തരവാദികളായ സെക്രട്ടറിമാരായ ശ്രീമതി. എസ്.കെ സുകുമാരി, ശ്രീ. എം. എം. ഹരി എന്നിവർ ആഡിറ്റ് റിപ്പോർട്ടിന് നൽകിയ മറുപടി പ്രകാരം 1 ഉം 8 ഉം വാർഡുകളിലെ പോളിംഗ് സ്റ്റേഷനുകൾ പാറക്കടവ് ബി.ഡി.ഒ യുടെ ഫോൺ സന്ദേശം പ്രകാരം മാറ്റേണ്ടി വന്ന സാഹചര്യത്തിൽ നേരത്തെ തയ്യാറാക്കിയ വോട്ടേഴ്സ് ലിസ്റ്റ് ഓരോ വാർഡിനും രണ്ട് പാർട്ട് വീതം ഉണ്ടാക്കി. രാഷ്ട്രീയ പ്രബുദ്ധത അധികമായ പ്രദേശമായതിനാലും കൂടുതൽ കോപ്പി ആവശ്യപ്പെട്ട് രാഷ്ട്രീയ പാർട്ടിക്കാർ |

| ക്രമ നം പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | വരുമെന്നതിനാലും മുൻകൂട്ടി കണ്ടുകൊണ്ടാണ് ഇത്രയധികം കോപ്പി അടിക്കേണ്ടി വന്നത്.<br>ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ഡിലിമിറ്റേഷൻ റദ്ദ് ചെയ്ത സാഹചര്യത്തിൽ അതുവരെ തയ്യാറാക്കിയ 50 വോട്ടർ പട്ടിക ഉപയോഗ ശൂന്യമായി. കൂടുതൽ വോട്ടർ പട്ടിക അടിയന്തിരമായി പ്രിന്റ് ചെയ്യുന്നതിന് 65/- രൂപ നിരക്കിൽ പ്രസ്സുകൾ പ്രിന്റ് ചെയ്ത് തരാതിരുന്ന സാഹചര്യത്തിലുമാണ് 90/- രൂപ നിരക്കിൽ വോട്ടർ പട്ടിക അടിയന്തിരവും സമയ ബന്ധിതവുമായി പ്രിന്റ് ചെയ്യിക്കുകയാണുണ്ടായത് എന്നും മറുപടിയിൽ വിശദീകരണം നൽകിയിട്ടുണ്ട്. |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി
## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2004-05)
## മരട് ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന
## ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2004-05 | 3.7.1.7.1 | | 1. ബന്ധപ്പെട്ട സെക്രട്ടറിയ്ക്കും എഞ്ചിനീയർക്കും അസിസ്റ്റന്റ് എക്സ്ക്യൂട്ടീവ് എഞ്ചിനീയർക്കും ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് നൽകി.<br><br>2. ടി കാര്യം സംബന്ധിച്ച് എഞ്ചിനീയർമാരിൽ നിന്നും മറുപടിയൊന്നും ലഭിച്ചിട്ടില്ല. സെക്രട്ടറിയിൽ നിന്ന് മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ.<br>3.വെള്ളക്കെട്ടിന്റെ രൂക്ഷത അനുഭവപ്പെടുന്ന പ്രദേശമായതിനാൽ പഞ്ചായത്ത് മെമ്പറുടെയും |

| ക്രമ നം പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | പ്രസിഡന്റിന്റെയും ആവശ്യ പ്രകാരം പഞ്ചായത്ത് കമ്മറ്റി 7/8/1998 ലെ 39-ാം നംപറായി തീരുമാനമെടുത്തതിനാലാണ് കാന നിർമ്മാണം നടത്തിയത്.<br>4. സെക്രട്ടറി നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ 12/9/2006 ലെ 17-ാം നംപർ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം ജില്ലാ പ്ലാനിംഗ് കമ്മറ്റിയിൽ നിന്നും സാധൂകരണം വാങ്ങുന്നതിനായി ബ്ലോക്ക് ലെവൽ എക്സ്പേർട്ട് കമ്മറ്റിയിലേക്ക് സമർപ്പിച്ചിട്ടുണ്ട്. വർഷങ്ങൾക്ക് മുമ്പ് നടന്ന വേല ആയതിനാൽ ഇപ്പോൾ അംഗീകാരം നൽകുവാൻ ബുദ്ധിമുട്ടാണന്നാണ് അന്വേഷണത്തിൽ അറിഞ്ഞത്. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചെയ്ത ടി വേലയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു. |

# ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിററി

ലോക്കൽഫണ്ട് ഓഡിററ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2004–2005) തിരുവാങ്കുളം ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിററ് ന്യൂനത പരിഹാര നടപടിപത്രിക

| ക്രമ നം | സമാഹൃത ഓഡിററ് റിപ്പോർട്ട് വർഷം | ഓഡിററ് ഖണ്ഡിക നമ്പർ | | ഓഡിററ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2004-2005 | 3.7.1.8.2 | | പണി 2003 - 2004 ൽ പൂർത്തീകരിക്കുകയും 29.03.04-ൽ ഫൈനൽ പേമെന്റ് നൽകുകയും ചെയ്തിട്ടുണ്ട് |

M. UNNIKRISHNAN
Additional Secretary
Local Self Govt. ...
Govt. Se...

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി

## ലോക്കൽ ഫണ്ട് ഓഡിറ്റു ഡയറക്ടറുടെ റിപ്പോർട്ടിൻ മേൽ (2004–05) ഞാറക്കൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റു ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റു റിപ്പോർട്ടു വർഷം | ഓഡിറ്റു ഖണ്ഡിക നമ്പർ | | ഓഡിറ്റു പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1. | 2004–05 | 3.7.1.11.1 | | ഞാറക്കൽ ഗ്രാമപഞ്ചായത്ത് 2000–2001 ജനകീയാസൂത്രണ പദ്ധതി പ്രകാരം ആവിഷ്ക്കരിച്ച ശാസ്ത്രീയ അറവുശാല നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം അറവുശാലയിലേക്ക് യന്ത്ര സാമഗ്രികൾ സപ്ലൈ ചെയ്ത മുംബൈയിലെ "സ്റ്റാഡ്ലർ കോർപ്പറേഷന്" (Stadler Corporation)എതിരെ ആർബിട്രേഷൻ കേസ് നടന്നുവരികയാണ്. കേസ്സ് തുടരുന്ന സാഹചര്യത്തിൽ മറ്റു നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.<br><br>(Arb. O.P 171/2003 before District Court, Ernakulam) |

M. UNNIKRISHNAN
Additional Secretary
Local Self Government Department

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2004 - 05) കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾകൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക.**

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിനുമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2 | 3 | | 5 |
| 1 | 2004-05 | 3.7.1.12.1 | | കോൺട്രാക്ടറുടെ ഡെപ്പോസിറ്റ് തുകകളിൽ നിന്നും 13,456/- രൂപ കണ്ടുകെട്ടിയിട്ടുണ്ട്. (കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28/5/2007 ലെ എ/177/2005 നമ്പർ നടപടി ഉത്തരവ്) |

M. UNNIKRISHNAN
Additional Secretary
Local Self Govt. Department
Govt. Secretariat

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2004-05) തൃക്കാക്കര ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾകൊള്ളുന്ന ഓഡിറ്റ് ന്യൂനതപ രിഹാര നടപടി പത്രിക

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2004 - 2005 | 3.7.1.13.1 | | കൺവീനർ ശ്രീ. വി.വി. വിനോദ് കുമാർ പക്കൽ നിന്നും തുക ഈടാക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർ മുഖേന ആർ. ആർ നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ ആർ.ആർ. നടപടിക്കെതിരെ ശ്രീ. വി.വി. വിനോദ് കുമാർ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P.(C) 36455/07 കേസ്സിൽ കോടതി ആർ.ആർ. നടപടി സ്റ്റേ ചെയ്തിട്ടുണ്ട്. |

| ക്രമ നംപർ | ആഡിറ്റ് ഖണ്ഡിക നംപർ | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 2 | 2004 2005 | 3.7.1.13.2 | | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം വിശദമായി പരിശോധിച്ച ഈ വിഷയത്തിൽ 28.06.2006 ലെ ഡി-2 6249/04 നംപർ കത്ത് പ്രകാരം 12630/- രൂപയുടെ വൗച്ചറുകൾ ഇല്ലാത്തതിനാൽ ആയത് പലിശ സഹിതം തിരിച്ച് അടയ്ക്കുന്നതിന് നിർദ്ദേശം നൽകിയതനുസരിച്ച് ബന്ധപ്പെട്ടവർക്ക്, നോട്ടീസ് 16.11.2006 ൽ അയച്ചുവെങ്കിലും നാളിതുവരെ തുക തിരിച്ചടച്ചിട്ടില്ലാത്തതാണ്. പഞ്ചായത്ത് ഡയറകടർ 02/06/2007 ൽ ഡി2 - 30510/10 നംപറായി |

| ക്രമ നംപർ | ആഡിറ്റ് ഖണ്ഡിക നംപർ | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | കുറ്റാരോപണ മെമ്മോ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. വകുപ്പ് തല നടപടി പഞ്ചായത്ത് ഡയറക്ടറേറ്റിൽ നടന്നു വരുന്നു. |
| 3 | 2004-5 | 3.7.1.13.3 | | കൺവീനർ പി.കെ പങ്കജാക്ഷൻ പക്കൽ നിന്നും തുക ഈടാക്കുന്നതിന് എറണാകുളം ജില്ല കളക്ടർ മുഖേന ആർ.ആർ നടപടി സ്വീകരിച്ചിട്ടുണ്ട്. കളക്ടറേറ്റിൽ നിന്നും ബി (11)2007/46623/7 കെഡീസ് തീയതി 05/09/2007 കത്ത് പ്രകാരം കണയന്നൂർ തഹസീൽദാർ (ആർ.ആർ) മുഖേന കാക്കനാട് വില്ലേജ് ഓഫീസർക്ക് ആർ.ആർ നടത്തുന്നതിനായി നൽകിയിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർ ആർ.ആർ |

| ക്രമ നംപർ | ആഡിറ്റ് ഖണ്ഡിക നംപർ | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായി അറിയാൻ കഴിഞ്ഞു. വില്ലേജ് ഓഫീസിൽ ആർ.ആർ നടപടി പൂർത്തിയായിട്ടില്ല. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2004-05) ആമ്പല്ലൂർ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾകൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നം പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2004 -2005 | 3.7.1.16.1 | | ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾക്ക് കറന്റ് ചാർജ് അടയ്ക്കാത്തതിനാൽ ഡിസ്മാന്റിൽ ചെയ്യുമെന്ന് കെ.എസ്.ഇ.ബി. എഞ്ചിനീയർ വിളിച്ചു പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് കറന്റ് ചാർജ്ജ് പഞ്ചായത്തിൽ നിന്നും അടച്ചത്. ഡിസ്മാന്റിൽ ചെയ്താൽ പിന്നീട് പുതിയ കണക്ഷന് അപേക്ഷ നൽകി കണക്ഷൻ ലഭിക്കുവാൻ. കൂടുതൽ ചെലവും സമയവും എടുക്കുമെന്നതിനാലാണ് പഞ്ചായത്തിൽ നിന്നും10436/-രൂപ അടച്ചത്. ഇതിൽ 11/52 |

| ക്രമ നം പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | കെ.നം.മുറിക്കു വേണ്ടി 1286/രൂപയും II/52 ജെ.നം.മുറിയുടെ 531 രൂപയും വാടകക്കാരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയിൽ നിന്നും അഡ്ജസ്റ്റ് ചെയ്തിട്ടുള്ളതാണ്. II/52 ഐ.നം.മുറിയുടെ 573 രൂപ 27/01/2003 ലെ 75/62560- ാം നംപർ രസീത് പ്രകാരം പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. 206 രൂപ കറന്റ് ചാർജ്ജുള്ള II/52 സി.നം. മുറിയുടെ കറന്റ് ചാർജ്ജ് ഈ മുറി ഒഴിവായി കിടക്കുന്നത് കൊണ്ട് പഞ്ചായത്ത് തന്നെ അടയ്ക്കേണ്ടതാണ് എന്നതിനാലാണ് പഞ്ചായത്തിൽ നിന്നും തുക അടച്ചിട്ടുള്ളത്. II/52 ഇ. നംപർ മുറിയുടെ 1368/- രൂപയിൽ 95 രൂപ ടിയാന്റെ സെക്യൂരിറ്റി തുകയിൽ നിന്നും അഡ്ജസ്റ്റ് ചെയ്തിട്ടുള്ളതാണ്. അതിൽ ബാക്കി അടയ്ക്കാനുള്ള 1273 രൂപ 12/2/08 ലെ 97/39717 - നംപർ രസീതി പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. II/52 ജി നം.. |

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | മുറിയുടെ 2519രൂപ 11/3/08 ലെ 71/39717 നംപർ രസീതി പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. II/52 എഫ്. നം മുറിയുടെ 3953/രൂപ 29/3/08 ലെ 28/39723- ാം നംപർ രസീതി പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ടി ഇനത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് തുകയൊന്നും ഇനി അടയ്ക്കാനില്ലാത്തതാകുന്നു. |
| 2 | 2004 – 05 | 37.1.16.2 | | 1 ശ്രീ. എൻ. എ. മോഹനൻ നെടുംന്തോട്ടിൽ എന്നയാൾ ഭവന നിർമ്മാണത്തിന് എടുത്ത 10000/- രൂപ ഓഡിറ്റിൽ നഷ്ടമായി രേഖപ്പെടുത്തിയിരിക്കുന്നു. ടി. തുക ആമ്പല്ലൂർ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് 14/02/2008 തീയതിയിലെ 26/63135 – നംപർ രസീത് പ്രകാരം തിരിച്ചടച്ചിട്ടുണ്ട്. <br>2. ശ്രീധരൻ, മുടപ്പനാൽ മാരിത്താഴം, |

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | മനോജ് പുതുപ്പള്ളികരോട്ട് എന്നിവരിൽ നിന്നും 1000/- രൂപ വീതം കക്കൂസ് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ തിരിച്ചു പിടിക്കാൻ ഓഡിറ്റിൽ നിർദ്ദേശിച്ചിട്ടുണ്ട്. ടി വ്യക്തികൾ കക്കൂസ് പണി പൂർത്തിയാക്കിയിട്ടുള്ള വിവരം ലോക്കൽ ഫണ്ട് അധികൃതരെ അറിയിച്ചിട്ടുള്ളതാണ്. ആയതുകൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി

## ലോക്കൽ ഫണ്ട് ഓഡിറ്റു ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻ മേൽ (2004-05)

## എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റു ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റു റിപ്പോർട്ടു വർഷം | ഓഡിറ്റു ഖണ്ഡിക നമ്പർ | | ഓഡിറ്റു പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് |
|---|---|---|---|---|
| 1. | 2004-2005 | 3.7.1.17.1 | | തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിയും സ്ഥാപിക്കലും വൈദ്യുതി ബോർഡ് നിർവ്വഹിക്കേണ്ടതാണെങ്കിലും, സി.എഫ്.എൽ സോഡിയം വേപ്പർ ലാമ്പ് എന്നിവ ഒഴികയുള്ളവയുടെ മെയ്ന്റനൻസ് മാത്രമാണ് ബോർഡ് ഇപ്പോൾ നിർവ്വഹിക്കുന്നത്. സി.എഫ്.എൽ., സോഡിയം വേപ്പർ ലാമ്പ്, ട്യൂബ് സെറ്റ് എന്നിവയുടെ ഇൻസ്റ്റാളിങ്ങ് കെ.എസ്.ഇ.ബി നടത്തുന്നത് അവർ തയ്യാറാക്കി നൽകുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് (ലേബർ ചാർജ്ജ് + സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ) ഇപ്രകാരം ഫിറ്റിംഗ്സ് നടത്തുന്നതിന് കാലതാമസം നേരിടും എന്നതിനാൽ 2001-2002ലെ പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പഞ്ചായത്ത് ബോർഡ് അധികൃതരുമായി ചർച്ച നടത്തി ഫിറ്റിംഗ്സ് ഉൾപ്പെടെ നടത്തുന്നതിന് ലേബർ ചാർജ്ജ് കൂടി ഉൾപ്പെടുന്ന മത്സര സ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിക്കുകയും നേഗോസ്യേഷൻ നടത്തി അതിലും കുറഞ്ഞ തുകയാണ് ലേബർ ചാർജ്ജ് ഇനത്തിൽ ചിലവയിക്കുകയും ചെയ്തിട്ടുള്ളത്. തെരുവിളക്കുകൾ കൃത്യമായി യഥാസമയം ഫിറ്റിംഗ് നടത്തുന്നതിനും, പദ്ധതി വിഹിതം യഥാസമയം വിനിയോഗിക്കുന്നതിനുമാണ് പഞ്ചായത്ത് ശ്രമിച്ചിട്ടുള്ളത്. മെറ്റീരിയൽസ് എല്ലാം തന്നെ സ്റ്റോക്കിൽ ഉൾപ്പെടുത്തി മെമ്പർമാരുടെ രശീത് വാങ്ങിയിട്ടുണ്ട്. 30-06-2007ലെ 4(12) സാധൂകരണ തീരുമാനം എടുത്തിട്ടുള്ളതാണ്. |

[illegible]

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | [illegible] | [illegible] സ്വീകരിച്ച നടപടി |
| --- | --- | --- | --- | --- |
| 1. | 2002 2003 | 7.7 1(1) | [illegible] | [illegible] ...ക്കുന്നു. |

| ക്രമ നമ്പർ | ബന്ധപ്പെട്ട ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 2. | 2002-2003 | 7.7.1 (2) | | മെഡിക്കൽ ഓഫീസറുടെ മറുപടി പഞ്ചായത്ത്കമ്മിറ്റി പരിശോധിച്ച് 19-04-2006 ൽ IV (22) -ാം നമ്പർ തീരുമാന പ്രകാരം ടി തടസ്സം ഒഴിവാക്കുന്നതിന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറോട് അഭ്യർത്ഥിക്കുകയും, [illegible] ലോക്കൽ [illegible] ഡെപ്യൂട്ടി ഡയറക്ടറുടെ [illegible] തീയ്യതിയിലെ [illegible] പരിശോധന റിപ്പോർട്ട് Lr.No എൽ.എഫ്. (പി.4) 718/6 [illegible] ടി തടസ്സം നിവാരണ സമിതിയുടെ പരിഗണനയ്ക്കായി വിട്ടിരിക്കുകയുമാണ്. |

| [illegible] | ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | | |
|---|---|---|---|---|
| 5 | 2002 2003 | 7.71 (3) | | [illegible] സ്കൂളുകൾക്ക് [illegible] 3750/- രൂപയും (Project No.36) 3 സ്കൂളുകൾക്ക് കുടിവെള്ളത്തിനായി 5,250/- രൂപയും (Project No.37) 5 സ്കൂളുകൾക്ക് ഉച്ചഭക്ഷണത്തിനായി 10,000/- രൂപയും (Project No.40) സാംസ്കാരിക സംഘടനകൾക്ക് [illegible] ഉപകരണങ്ങൾക്കായി 10 000 രൂപയും (Project No.42) കൂടാതെ [illegible] (Project No 5) [illegible] ചിലവഴിച്ചിട്ടുണ്ട് ബന്ധപ്പെട്ട വൗച്ചറുകളും പരിശോധനയ്ക്കായി സമർപ്പിച്ചതായി [illegible] ച്ചിട്ടുണ്ട്. ഇംപ്ലിമെന്റ് ആഫീസർ സമർപ്പിച്ച വൗച്ചറുകൾ പരിശോധിച്ച് ന്യൂനതയെക്കുറിച്ച് അറിയിക്കുന്നതിന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെ. ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. അഭിപ്രായക്കുറിപ്പ് ലഭിച്ചിട്ടില്ല. ചെലവിനങ്ങൾക്ക് വ്യക്തത വരുത്തി ആഡിറ്റ് തടസ്സം പരിഹരിക്കുന്നതിന് ഇംപ്ലിമെന്റിംഗ് ആഫീസറെ [illegible] പ്രവർത്തിപ്പിക്കുന്നു [illegible] നിർദ്ദേശം നൽകിയിട്ടുണ്ട്. |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

### ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൻമേൽ ( 2002 – 2003) പാറക്കടവ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002–03 | 7.7.2.1 | | റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് സംഖ്യ ഈടാക്കി തരുന്നതിന് 25/09/2007 ൽ 513/02-ാം നമ്പർ കത്തു പ്രകാരം ജില്ല കലക്ടറോട് അപേക്ഷിച്ചിട്ടുണ്ട്. ഇപ്പോൾ കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ്. Case No.W.P.(C)No:37365/07 |

| | | | | |
|---|---|---|---|---|
| | | 7.7.2(2) | | റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് സംഖ്യ ഈടാക്കി തരുന്നതിന് 25/09/2000ൽ A3-513/02ാം നമ്പർ കത്തു പ്രകാരം ജില്ല കലക്ടറോട് അപേക്ഷിച്ചിട്ടുണ്ട്. ഇപ്പോൾ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. Case No. W.P.(C)No.35480/07 |

പാറക്കടവ് ഗ്രാമ പഞ്ചായത്ത്

# ലോക്കൽ ഫണ്ട് അക്കൗണ്ടിങ്ങ് കമ്മറ്റി

## ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്റ്ററുടെ സമാഹൃത റിപ്പോർട്ടിൻമേൽ(2004-05) ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാര നടപടിപത്രിക.

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2004/05 | 3.7.1.6.1 | | ഭവന പദ്ധതിയിൽ 245 പേർക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിക്കാണ് ജില്ലാ ആസൂത്രണ സമതിയുടെ അനുമതി ലഭിച്ചിരിക്കുന്നത്. 131 ഗുണഭോക്താക്കൾക്ക് മാത്രമാണ് ജില്ലാപഞ്ചായത്ത് ആദ്യഘട്ടത്തിൽ അർഹത നിശ്ചയിച്ചത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ താൽപര്യപ്രകാരം 220 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. അധികമായി ഉൾപ്പെടുത്തിയ 89 പേർക്ക് 2000/- ക വീതം 1,78,000/- രൂപ വീതം ബ്ലോക്ക് വിഹിതം അടക്കുവാൻ ബ്ലോക്ക് വിസമ്മതിച്ചു. തികച്ചും അർഹരായ 220 ഭവനരഹിതർക്ക് ഭവനങ്ങൾ അനുവദിക്കേണ്ടതാണെന്നു പഞ്ചായത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് വിഹിതമായി അടക്കേണ്ട 1,78,000/- രൂപ കൂടി പാറക്കടവ് ഗ്രാമപഞ്ചായത്ത് അടക്കുവാൻ തീരുമാനം എടുക്കുകയും തുക അടക്കുകയും ചെയ്യുകയാണ് ഉണ്ടായത്. ഏറ്റവും അർഹരായ ഗുണഭോക്താക്കൾക്ക് കിടപ്പാടം ലഭ്യമാക്കുന്നതിന് ഈ തീരുമാനം പഞ്ചായത്ത് സ്വീകരിച്ചത്. 245/- വീടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിരുന്ന സാഹചര്യത്തിൽ അംഗീകാരം ലഭിച്ചതിലും അധികരിച്ച് തുക ഈ ഇനത്തിൽ ചിലവഴിച്ചിട്ടില്ല. ബ്ലോക്ക് ഫണ്ട് ലഭ്യമല്ലാതിരുന്ന സാഹചര്യത്തിലാണ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൂടി ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ ഗ്രാന്റിൽ നിന്നും വിനിയോഗിച്ചത് |

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 2 | 2004/05 | 3.7.1.5.2 | | പുളിയനം മൈലാടുംപാറ ശുദ്ധജലവിതരണ പദ്ധതിക്ക് 2,41,186 രൂപയുടെ എസ്റ്റിമേറ്റ് അംഗീകാരം ലഭിച്ചതനുസരിച്ച് 13/12/1999 - ൽ മൊബിലൈസേഷൻ അഡ്വാൻസായി 50000 രൂപയും പാർട്ട് ബിൽ പ്രകാരം 13891 രൂപ 14/2/2000 ലും നൽകിയിട്ടുള്ളതാണ്. പുളിയനം കുന്നിൽ ടാങ്ക് കെട്ടുകയും പൈപ്പിന്റെ പണിനടത്തുകയും ചെയ്തു. പിന്നീട്ട് ലോകബാങ്കിന്റെ സഹായത്തോടുകൂടി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ കീഴിൽ അയിരൂർ ശുദ്ധജല വിതരണപദ്ധതി നടപ്പിലാക്കുകയും ചെയ്തു. ഒരേ സ്ഥലത്ത് രണ്ട്. പണിയുടെ ആവശ്യമില്ലാത്തതുകൊണ്ട് മേൽ പറഞ്ഞ പഞ്ചായത്തിന്റെ പദ്ധതി 25/7/2000 ലെ 15-ാം നമ്പർ തീരുമാനപ്രകാരം ക്യാൻസൽ ചെയ്തു. 63891 രൂപ കൺവീനർക്കുനൽകിയെങ്കിലും 41,489 രൂപയുടെ പണി മെഷർമെന്റ് ബുക്ക് പ്രകാരം നടത്തിയിട്ടുണ്ട്. പണി ക്യാൻസൽ ചെയ്തശേഷം അധികം കൈപ്പറ്റിയതുക തിരികെ അടക്കുന്നതിന് കൺവീനർക്ക് നോട്ടീസ് നൽകി. ഇതേ സമയത്ത് മാമ്പ്ര ശുദ്ധജലവിതരണ പദ്ധതി എന്ന ഒരു പദ്ധതി മേൽപറഞ്ഞ പദ്ധതിയുടെ കൺവീനർ കൺവീനറായി പണിനടത്തിയിരുന്നു. മാമ്പ്ര ശുദ്ധജലവിതരണ പദ്ധതിക്കായി 32000/ രൂപ കൺവീനർക്കുനൽകുകയും 51480/- രൂപ മെഷർന്റ് ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ ടി പണിയുടെ 51000/- രൂപയായി ലിമിറ്റ് ചെയ്തു. |

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട്വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | ആയതു പ്രകാരം കൺവീനർക്ക് മുദ്രപത്രത്തിന്റെ വിലയടക്കം 19100/- രൂപ നൽകേണ്ടതുണ്ട്. രണ്ടു പ്രവർത്തികളുടേയും കൺവീനർ ഒരാൾതന്നെയായതുകൊണ്ട് രണ്ടു പണികളുടേയും കണക്കുകൾതാഴെ പറയും പ്രകാരം സെറ്റിൽ ചെയ്തു.<br>**A.മാമ്പ്ര ശുദ്ധജലവിതരണപദ്ധതി.**<br>മെഷർമെന്റ് തുക :51480<br>ചെലവ് :51000<br>Lessമൊബലൈസേഷൻ അഡ്വാൻസ് : 32000<br>19000<br>മുദ്രപത്രത്തിന്റെവില 100<br>കൺവീനർക്ക് നൽകേണ്ടതുക : 19100<br><br>**B. പുളിയനംകുന്ന്മൈലാടുംപാറ ശുദ്ധജലവിതരണ പദ്ധതി**<br>കൺവീനർക്ക് നൽകിയതുക : 63891<br>മെഷർമെന്റ് തുക : 41480<br>കൺവീനർ അധികം പറ്റിയതുക- പഞ്ചായത്തിൽ അടക്കേണ്ടത് : 22411<br>കൺവീനർ പഞ്ചായത്തിൽ അടക്കേണ്ടത് :22411<br>കൺവീനർക്ക് നൽകേണ്ടതുക :19100<br>അധികം നൽകിയതുക പഞ്ചായത്തിൽ അടക്കേണ്ടത് :3311<br>മേൽപറഞ്ഞ 3311രൂപയും പലിശഇനത്തിൽ1987 രൂപയും കൂടി ആകെ 5298/-രൂപ 6.9.2000 ന് 11/4390/ നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ തിരിച്ചടച്ചു. |

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 3 | 2004-05 | 3.7.1.5.3 | പ്രധാനമന്ത്രിയുടെ സ്കീമിൽപ്പെടുത്തി കൃഷി ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കിയ പദ്ധതി-കൺവീനർ അധികം പറ്റിയതുക 1,53,669 രൂപ പലിശസഹിതം തിരിച്ചുപിടിക്കണം.<br>(2000/01 ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക-21)<br>കരിപ്പാശ്ശേരി - കണ്ണംകുഴിശ്ശേരി തോടിന്റെ പണിയിൽ മൂല്യനിർണ്ണയപ്രകാരം 4,07,448/- രൂപ യുടെ പണികളാണ് നടത്തിയിട്ടുള്ളത്. (അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മൂല്യനിർണ്ണയസർട്ടിഫിക്കറ്റ് പ്രകാരം) എന്നാൽ പണിക്കുവേണ്ടി 1,53,669 രൂപ നോമിനി അധികമായി വാങ്ങിയിട്ടുള്ളതായി കൃഷി അസി. ഡയറക്ടർ നെടുമ്പാശ്ശേരിയുടെ 11/11/2002 ലെ 103/98 നമ്പർകത്തിൽ ചൂണ്ടികാണിക്കുന്നുണ്ട്. ഇതിന്റെ നിജസ്ഥിതി പരിശോധിച്ച് മേൽ നടപടികളൊന്നും കാണുന്നില്ല വേലനടത്തിയത് സംബന്ധിച്ച് മറ്റുരേഖകളൊന്നും (ബിൽ, അളവ് പുസ്തകം തുടങ്ങിയവ) പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | പ്രസ്തുത പദ്ധതിയുടെ വാല്യൂവേഷൻ എടുത്തതിന്റെ അടിസ്ഥാനത്തിൽ കൺവീനർ ശ്രീ. കെ.എ ജോസ് കാച്ചപ്പിള്ളി എന്ന വ്യക്തിയിൽനിന്നും അധികമായി കൈപ്പറ്റിയ 1,53,669/ രൂപയും പ്രസ്തുതതുകയുടെ നാളിതുവരെയുള്ള നിയമാനുസൃതമായ പലിശയും ഈടാക്കുവാനുള്ള നടപടികൾ 28/7/2003 ലെ കത്ത് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫിസർ സ്വീകരിച്ചിട്ടുണ്ട് |

M. UNNIKRISHNAN
Additional Secretary to Govt.
Local Self Govt Department
Govt. Secretariat

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിററി

**ലോക്കൽ ഫണ്ട് ഓഡിററ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ(2002-03 )മേൽ കുവപ്പടി ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിററ് ന്യൂനതാ പരിഹാര നടപടി പത്രിക**

| ക്രമ നമ്പർ | സമാഹൃത ആഡിററ് റിപ്പോർട്ട് വർഷം | ആഡിററ് ഖണ്ഡിക നമ്പർ | | ആഡിററ് പരാമർശത്തിൻ മേൽ സ്വീകരിച്ച നടപടി. |
|---|---|---|---|---|
| 1 | 2002-2003 | 7.7.3(1) | | അന്നത്തെ സെക്രട്ടറിക്ക് നല്കിയ സർചാർജ്ജ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ ടിയാൻ നല്കിയ മറുപടി അംഗീകരിച്ച് പ്രസ്തുത പരാമർശം ഒഴിവാക്കിയാണ് 18-12-03ൽ LF-5370/spl Cell/SC 2/03 നമ്പർ ആയി പുതുക്കിയ സർചാർജ്ജ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളത്. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2004-05)
## കൂവപ്പടി ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾകൊള്ളുന്ന
## ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1. | 2004-05 | 3.7.10.1 | | ഓഡിറ്റ് റിപ്പേർട്ട് ഖണ്ഡിക 2-5 പ്രകാരം 54067.50 രൂപയുടെ നഷ്ടമാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് റിപ്പോർട്ടിന് നൽകിയിട്ടുള്ള മറുപടിയുടെയും പ്രാദേശിക പരിശോധനയുടെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ഉണ്ടായ നഷ്ടം 17618 രൂപയായി ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 4/07/2007 ലെ എൽ. എഫ്.ഇ.പി2- 1338/05 നംപർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ചൂടാറപ്പെട്ടി വിതരണം സംബന്ധിച്ച് നടന്ന വകുപ്പതല അന്വേഷണത്തിൽ നഷ്ടം 14040 രൂപയായി |

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | തിട്ടപ്പെടുത്തുകയും പ്രസ്തുത തുക സെക്ഷൻ ക്ലാർക്കിന്റെ പക്കൽ നിന്നും ഈടാക്കണമെന്ന പഞ്ചായത്ത് ഡയറക്ടറുടെ 15/04/2005 ലെ ഡി2-28089/05 കത്തിന്റെ അടിസ്ഥാനത്തിൽ 14040/-രൂപ 30/05/2005ലെ 49/9171 രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട്. ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫിസിലെ 3/07/2001 ലെ പി.എ. 2/490/01 കത്തിലെ 6-ാം മത്തെ പാരഗ്രാഫിൽ 302 പേരുടെ ഗുണഭോക്തൃ വിഹിതം അടച്ചിട്ടുള്ളതായും 30 പെട്ടികൾ ബാക്കി അവശേഷിക്കുന്നതായും സൂചിപ്പിച്ചിട്ടുണ്ട്. ആയതു പ്രകാരം 540 പെട്ടിയിൽ ബാക്കിയുള്ള 208 പെട്ടിയുടെ ഗുണഭോക്തൃ വിഹിതമായിട്ടാണ് 14040/- രൂപ കണക്കാക്കിയിരിക്കുന്നത്.<br>ആയതിനാൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 4/7/2007 ലെ കത്തിൽ പറഞ്ഞിട്ടുള്ള തുക പുനരവലോകനം ചെയ്യുന്നതിന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2002 - 03) പാലക്കുഴ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാര പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരിഹാരത്തിനുമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002/2003 | 7.7.4 (1) | | കൃഷി ഡിപ്പാർട്ട്മെന്റിൽ നിലവിലുണ്ടായിരുന്ന പദ്ധതി പ്രകാരമാണ് പ്രോജക്ട് നടപ്പിലാക്കിയത്. ടി പ്രോജക്ട് പഞ്ചായത്ത് കമ്മറ്റിയുടെ ആവശ്യപ്രകാരമാണ് നടപ്പിലാക്കിയത്. അതിനാൽ ആഡിറ്റിലുണ്ടായിരുന്ന തടസ്സവാദം നീക്കുന്നതിനു വേണ്ടി എറണാകുളം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറോട് അഭ്യർത്ഥിച്ചുകൊണ്ട് 30/3/2006 ൽ കമ്മറ്റി തീരുമാനം എടുത്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ പകർപ്പും മറുപടിയും ലോക്കൽ ഫണ്ട് ആഫീസിൽ 9/5/2006 ൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് നാളിതുവരെ ലോക്കൽ ഫണ്ട് ആഫീസിൽ നിന്നും മറുപടി ഒന്നും ലഭിച്ചിട്ടില്ല. 17/09/2007 ലെ പഞ്ചായത്തിന്റെ തീരുമാനത്തിന്റെ പകർപ്പ് സാധൂകരണത്തിനായി പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിലേക്ക് അയച്ചിട്ടുണ്ട്. ആയതിന് നാളിതു വരെ മറുപടി ഒന്നു ലഭിച്ചിട്ടില്ല. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി

**ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2002–03) കുത്താട്ടുകുളം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.**

| ക്രമ നം. | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-03 | 7-7-5(1) | | ഇലക്ട്രോണിക് ഇൻഡസ്ട്രിയൽ യൂണിറ്റ് ആരംഭിക്കുന്നതിനുവേണ്ടി രണ്ട് പ്രോജക്ടുകളാണ് 1998-99, 1999-2000 എന്നീ വർഷങ്ങളിലായി കുത്താട്ടുകുളം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയത്.<br>**ആദ്യത്തെ പ്രോജക്ട് (1998–99 വർഷം) സ്ഥലം മണ്ണിട്ട് നികത്തുക.**<br>പ്രോജക്ട് നം. -12 പദ്ധതി തുക 200000/- രൂപ. ഈ വേലയ്ക്ക് 188030/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വേല ഗുണഭോക്തൃസമിതിയെ എല്പിച്ചു. ഈ വേലയുടെ കൺവീനർ ശ്രീ. പി.ജി. സുനിൽകുമാർ, പുതുവാൽ, കിഴകൊമ്പ് എന്ന വ്യക്തിയായിരുന്നു. ടി വേല 1999/2000 വർഷത്തിലാണ് നിർവ്വഹണം നടത്തിയത്. 96000/- രൂപ ഈ വേലയ്ക്ക് വേണ്ടി പഞ്ചായത്ത് ചെലവഴിച്ച് സ്ഥലം ഇൻഡസ്ട്രിയൽ യൂണിറ്റ് കെട്ടിട നിർമ്മാണത്തിനുവേണ്ടി മണ്ണിട്ട് നികത്തുകയുണ്ടായി. ഈ വേലയുടെ VIII/98-99-ാം നമ്പർ അളവു പുസ്തകം പരിശോധിച്ചതിൽ 54425/- രൂപയുടെ വേല മാത്രമേ എഞ്ചിനീയർ റെക്കോഡ് ചെയ്ത് നൽകിയിട്ടുള്ളത്. കൂടുതൽ വേലകൾ നടന്നിട്ടുള്ളതായി കാണുന്നുണ്ടെങ്കിലും നാളിതുവരെ എഞ്ചിനീയർ റെക്കോഡ് ചെയ്ത് ലഭിച്ചിട്ടില്ലാത്തതാകുന്നു. അധികമായി കൺവീനർ കൈപ്പറ്റിയിട്ടുള്ള 41575/- രൂപ ഈടാക്കുവാൻ ടിയാന്റെ പേരിൽ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാകുന്നു.<br>**രണ്ടാമത്തെ പ്രോജക്ട് (1999–2000 വർഷം) – ഇലക്ട്രോണിക് ഇൻഡസ്ട്രിയൽ യൂണിറ്റിന് കെട്ടിട നിർമ്മാണം. അടങ്കൽ തുക 9 ലക്ഷം പ്രോജക്ട് നം. 33**<br>1999-2000 വർഷത്തിൽ പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കി. ടി വേല ഗുണഭോക്തൃ സമിതിയെ എൽപിച്ചു. ഈ വേലയുടെ കൺവീനർ ശ്രീ. പി.ജി. സുനിൽകുമാർ ആയിരുന്നു. കെട്ടിടത്തിന്റെ നിർമ്മാണത്തിന് 814727/- രൂപ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. വേല 1999/2000 വർഷത്തിൽ പൂർത്തീകരിക്കുകയും ചെയ്തു.<br>ഈ പഞ്ചായത്തിലെ തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് സ്വയംതൊഴിൽ നൽകുന്നതിന് ലക്ഷ്യമിട്ടായിരുന്നു പ്രോജക്ടിന് രൂപം നൽകിയത്. ഇലക്ട്രോണിക്സ് കമ്പോണൻസ് വാങ്ങി അത് അസംബ്ലി ചെയ്ത് ഇലക്ട്രോണിക് ഉത്പന്നങ്ങൾ ആക്കി മാറ്റി മാർക്കറ്റ് ചെയ്യുക എന്നുള്ളതായിരുന്നു ആ പ്രോജക്ട് ലക്ഷ്യമിട്ടത്. ഈ സംരംഭത്തിനുള്ള കെട്ടിടമായി ഉപയോഗിക്കുന്നതിനാണ് ടി കെട്ടിടം രൂപകൽപന നടത്തിയത്.<br>കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചതിന്ശേഷം തൊഴിൽ സംരംഭകരെ കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് പത്രപരസ്യം നൽകി അപേക്ഷ ക്ഷണിച്ചു. ഇതുപ്രകാരം ഒരു അപേക്ഷ |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി

## ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2002-03) കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.

| ക്രമ നം. | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | മാത്രമേ ലഭിച്ചിരുന്നുള്ളൂ. അത് പീപ്പിൾസ് ടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പേരിലായിരുന്നു. ഇതിന്റെ പ്രൊപ്രൈറ്റർ ശ്രീ. പി.ജി. സുനിൽകുമാർ ആയിരുന്നു. ഈ സ്ഥാപനവുമായി പഞ്ചായത്ത് കരാർ വച്ച് ടി കെട്ടിടം ടി സ്ഥാപനത്തിന് വാടകയ്ക്ക് നൽകി. എന്നാൽ ടി സ്ഥാപനത്തിന് ടി വ്യവസായം തുടങ്ങുവാൻ കഴിഞ്ഞില്ല. വാടക തുക കൃത്യമായി ലഭിക്കാത്തതിനാൽ വാടക കുടിശികയ്ക്ക് ടിയാന്റെ പേരിൽ പഞ്ചായത്ത് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇത് ഇപ്പോഴും തീർപ്പായിട്ടില്ല. പഞ്ചായത്തിന്റെ തീരുമാനപ്രകാരം ഏപ്രിൽ 2003-04 ടി കെട്ടിടം മറ്റേതെങ്കിലും ആവശ്യത്തിന് വാടകയ്ക്ക് കൊടുക്കുന്നതിന് പൊതുലേലം നടത്തി. ഇപ്പോൾ ടി കെട്ടിടത്തിൽ ബേക്കറി സാധനങ്ങൾ നിർമ്മിക്കുന്ന ബോർമ്മ പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ ടി കെട്ടിടത്തിന് 2735/- രൂപ പ്രതിമാസ വാടകയായി ലഭിക്കുന്നുണ്ട്. |
| 2 | 2002-03 | 7-7-5(2) | | കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് 1999-2000 വർഷത്തിൽ 13-ാം നമ്പരായി 21 ലക്ഷം രൂപ അടങ്കൽ ഉള്ള ആധുനിക അറവുശാല നിർമ്മാണത്തിനുവേണ്ടി പദ്ധതി ഏറ്റെടുത്തിട്ടുള്ളതാണ് ആയതിന് 25 ലക്ഷം രൂപ ബഹു. കേരള സർക്കാർ 04-01-2000 -ലെ ജി.ഒ.(ആർ.ടി) നം 61/2000 എൽ.എസ്.ജി.ഡി. (ജെ.) വകുപ്പ് പ്രകാരം അനുവദിച്ചിട്ടുള്ളതാണ്.<br>ആധുനിക അറവുശാലയ്ക്കുവേണ്ടി പഞ്ചായത്ത് വക ഭൂമി മണ്ണിട്ട് നികത്തുന്നതിനും ചുറ്റുമതിൽ നിർമ്മിക്കുന്നതിനുംവേണ്ടി ആരംഭ ഘട്ടമായി 823120/- രൂപ അടങ്കലുള്ള പദ്ധതി ഏറ്റെടുത്ത് പണി നടപ്പിലാക്കിയിട്ടുള്ളതാണ്. സ്ഥലം മണ്ണിട്ട് നികത്തുന്നതിനും ചുറ്റുമതിൽ നിർമ്മിക്കുന്നതിനും പഞ്ചായത്ത് പദ്ധതി വിഹിതത്തിൽ നിന്നും 1 ലക്ഷം രൂപയും സർക്കാർ അനുവദിച്ച ഗ്രാന്റിൽ നിന്നും 459000/- രൂപയുമടക്കം 559000/- രൂപ ചെലവഴിച്ചിട്ടുള്ളതാണ്. പദ്ധതി പൂർത്തീകരണവുമായി പഞ്ചായത്ത് മുന്നോട്ടുപോയപ്പോൾ സമീപവാസികൾ അക്ഷേപവുമായി ബഹു. കേരള ഹൈക്കോടതിയെ സമീപിക്കുകയും, ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശമുണ്ടായതിൽ ഈസ്ഥലത്ത് അറവുശാല നിർമ്മാണം നടത്തുവാൻ സാധിക്കാതെവന്നു. ഈ സ്ഥലത്ത് വേറെ സംരംഭങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല. സർക്കാർ അനുവദിച്ച 25 ലക്ഷം രൂപയിൽ നിന്നും പഞ്ചായത്ത് ചെലവഴിച്ച 459000/- രൂപ കഴിച്ചുള്ള 2041000/- രൂപ ബഹു. കേരള സർക്കാർ തിരിച്ച് പിടിച്ചു. |

# ലോക്കൽ ഫണ്ട് അക്കൗണ്ട് കമ്മിറ്റി

## ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2002-2003) കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശനത്തിനുമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-2003 | 7.7.6(i) | | ഓഡിറ്റ് റിപ്പോർട്ടിൻ മേൽ തുടർ നടപടിയുടെ ഭാഗമായി ബന്ധപ്പെട്ട സെക്രട്ടറി ശ്രീമതി. കെ.എൻ. രുഗ്മണി അമ്മയ്ക്ക് 25-06-2002 ൽ പകർപ്പ് അയച്ചുകൊടുക്കുകയും 19-07-2002 ൽ ടിയാൾ നൽകിയ വിശദീകരണം പരിഗണിച്ച് 22-07-2002 ൽ III (23) -ാം നമ്പരായി പഞ്ചായത്തുകമ്മിറ്റിയെടുത്ത തീരുമാനപ്രകാരം സർക്കാർ സാധൂകരണം ലഭിക്കുന്നതിന് 24-09-2002 ൽ പ്രപ്പോസൽ സമർപ്പിക്കുകയും ചെയ്തു. സർക്കാരിന്റെ 16-07-2003 ലെ പിഎ 3-52017/02/ തസ്വഭവ നമ്പർ കത്തിലെ നിർദ്ദേശാനുസരണം കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് ഡിപ്പോസിറ്റ് നൽകി നടപ്പിലാക്കിയ വേലകൾ പരിശോധനക്കായി മൂവാറ്റുപുഴ ബ്ലോക്ക് ലെവൽ ടെക്നിക്കൽ കമ്മറ്റിയോട് ആവശ്യപ്പെടുകയും അപ്രകാരം പരിശോധിച്ച് നൽകിയ റിപ്പോർട്ടിൽ 3675 രൂപയുടെ അധിക ചെലവ് |

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശനത്തിനുമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-2003 | 7.7.6(i) | | വന്നതായി കണ്ടെത്തിയിട്ടുള്ളതാണ്. ടി അധിക തുക 3675 രൂപ കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും തിരികെപ്പിടിക്കുന്നതിനും, പ്രസ്തുത ഒഡിറ്റ് തടസ്സം ഒഴിവാക്കി ലഭിക്കുന്നതിനുമായിട്ടുള്ള പഞ്ച ായത്ത് കമ്മിറ്റിയുടെ 27-07-2006 ലെ VII (38) -ാം നമ്പർ തീരുമാനം 22-08-2006 ൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. ആയതിന് മറുപടിയൊന്നും ലഭിച്ചിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നും 2007 ജൂലൈ മാസം തെളിവെടുപ്പ് നടത്തിയിട്ടുള്ള താണെന്നും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശനത്തിനുമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 2 | 2002-2003 | 7.7.6(ii) | | ഓഡിറ്റ് റിപ്പോർട്ടിൻ മേൽ തുടർ നടപടിയുടെ ഭാഗമായി ബന്ധപ്പെട്ട സെക്രട്ടറി ശ്രീമതി. ഐ.വി. ശാരദയ്ക്ക് 27-06-2005 ൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി അയച്ചുകൊടുത്തു. ആഡിറ്റ് പരാമർശ വിഷയം സംബന്ധിച്ച് മറുപടി ലഭിച്ചില്ല. ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 23-03-2007 ലെ L.F 2831/Spl cell/sc.3/06 നമ്പർ പ്രാകരം സർചാർജ്ജ് നോട്ടീസ് അയച്ചിട്ടുള്ളതും ഐ.വി. ശാരദ 27-05-2006 ൽ ലോക്കൽ ഫണ്ട് ഡയറക്ടർക്ക് അയച്ച മറുപടിയുടെ പകർപ്പ് ഈ ഓഫീസിൽ ലഭ്യമായിട്ടുള്ളതുമാണെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. ആയതിന് ലോക്കൽ ഫണ്ടിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലെന്നുള്ള വിവരം ബോധിപ്പിച്ചു കൊള്ളുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നും 2007 ജൂലൈ മാസം തെളിവെടുപ്പ് നടത്തിയിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൽമേൽ (2002-03) മുക്കന്നൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട്വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-03 | 7.7.7 (1) | | ജില്ല ലോക്കൽ ഫണ്ട് ഓഫീസറുടെ 7.5.2002 ലെ LFE(PA)1038/01 നമ്പർ 19998-99 ലെ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചത് ബന്ധപ്പെട്ട സെക്രട്ടറിയായിരുന്ന ശ്രീ.കെ.എൻ. നാരായണൻ നേരിട്ട് ശരിപകർപ്പ് കൈപ്പറ്റിയിട്ടുള്ളതാണ്. ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കുന്നതിന് ടിയാന്റെ ഭാഗത്തു നി ന്ന് യാതൊരുവിധ നടപടികളും നാളിതു വരെ ഉണ്ടായിട്ടില്ല.<br>എറണാകുളം ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽഫണ്ട് ഓഡിറ്റ് ഈ റിപ്പോർട്ടിനെ സംബന്ധിച്ച് പുനരഭിപ്രായം അയച്ചുതന്നിട്ടുള്ളതും തുടർന്ന് ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ടെ 1.1.2004 ലെ LE347/ SP.C.Sc2/03പ്രകാരം സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുള്ള താണ്. ഈ സർച്ചാർജ്ജ് സർട്ടിഫിക്കറ്റിനെതിരെ ടിയാൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത O.P.No.5706/2004ൽ 4 മാസത്തേയ്ക്ക് ഇടക്കാല സ്റ്റേ ഉത്തരവ് ലഭിച്ചിട്ടുള്ളതുമാണ്. (WPC 5706/2004-17.02.2004) തുടർന്ന് ഇത് സംബന്ധിച്ച് ബഹു. ലോക്കൽഫണ്ട് ഓഡി റ്റ് ഡയറക്ടറോട് 8/2/08ലെ A 195/ 07 നമ്പർ കത്ത് പ്രകാരം ടി കേസിന്റെ നിജസ്ഥിതി അിറ യിക്കണമെന്ന് അപേക്ഷിച്ചതിനെ തുടർന്ന് ലോ ക്കൽഫണ്ട് ഓഡിറ്റ് |

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട്വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 3 | 2002-03 | 7.7.7 (3) | | ” ” |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2003-04) മുക്കന്നൂർ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾകൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003 -2004 | 3.7.4 | | 12/08/2003ൽ സെക്രട്ടറിയായിരുന്ന ശ്രീ. കെ.എൻ. നാരയണന് ഓഡിറ്റ് റിപ്പോർട്ടിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി അയച്ചു കൊടുത്തിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയും ടിയാൻ അപാകതകൾ തീർക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. 10/08/2007 ൽ ടിയാന് 1,36,062 രൂപ അടയ്ക്കുവാൻ കത്ത് നൽകിയിട്ടുള്ളതാണ്. തുക അടയ്ക്കാത്തതിനെ തുടർന്ന് 10/09/2007 ൽ കോട്ടയം ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർക്ക് ടിയാന്റെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തി തരുവാൻ കത്ത് അയച്ചിട്ടുള്ളതാണ്. 8/2/2008 ൽ ടി കാര്യത്തിൽ വീണ്ടും കത്ത് അയച്ചിട്ടുണ്ട്. ശ്രീ. കെ.എൻ. നാരായണനെ ആലപ്പുഴ ജില്ലയിലെ |

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | പെരുംമ്പളം ഗ്രാമ പഞ്ചായത്തിൽ സ്ഥലം മാറ്റിയെന്ന് കോട്ടയം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 20/02/2008 ലെ പിഎ5 176/08 നംപർ കത്തു മുഖേന അറിയിച്ചതിനെ തുടർന്ന് 7/03/2008ൽ ആലപ്പുഴ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്ക് ടിയാന്റെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തി തരുവാൻ അപേക്ഷിച്ച് കത്ത് നൽകിയിട്ടുണ്ട്. |

# ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മറ്റി

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2002- 03) തുറവൂർ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-03 | 7.7.8(1) | | ആഡിറ്റ് റിപ്പോർട്ടിന് മറുപടി നൽകുന്നതിനായി ബന്ധപ്പെട്ട വെറ്റിനറി സർജൻ ശ്രീ വേലായുധൻ ചെങ്ങലിനോട് വിശദീകരണം തേടിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. ടി ഉദ്യോഗസ്ഥർ 17-11-2005 ൽ സർവ്വീസിലിരിക്കെ മരണപ്പെട്ടിട്ടുള്ളതായി ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ നിന്നും അറിയാൻ കഴിഞ്ഞു. ആയതിനാൽ ആഡിറ്റ് റിപ്പോർട്ടിൽ പരാമർ ശിച്ചിട്ടുള്ള തുക തിരികെ അടവാക്കുന്നതിനാവശ്യമായ നടപടികൾ എടുക്കണമെന്ന് 9-7-2007 ലെ A1 - 132/07 നമ്പർ കത്തിലൂടെ ജില്ല മൃഗ സംരക്ഷണ ഓഫീസറോട് ആവശ്യപ്പെട്ടിരുന്നു.ആയതു പ്രകാരം 25.9.07 ൽ E2- 22147/07 നമ്പർ കത്തു പ്രകാരം ടി തുക ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കു ന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് പുതിയ ലയബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി അയച്ചു കൊടുത്തിട്ടുള്ള വിവരം ഈ ആഫീസിൽ അറിയിച്ചിട്ടുണ്ട്. 4.8.08 ൽ A1 132/07 നമ്പർ പ്രകാരം ബഹു:മൃഗ സംരക്ഷണവകുപ്പ് ഡയറക്ടർക്ക് ബാദ്ധ്യത റിക്കവറി നടത്തിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. ടി കത്തിനു മറുപടിയായി ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ അക്കൗണ്ടന്റ് ജനറൽ ആഫീസിൽ നിന്നും അനുവദിച്ച് ഉത്തരവായിട്ടില്ല എന്നും ഉത്തരവായാൽ ഉടൻ ബാദ്ധ്യത റിക്കവറി നടത്തി പഞ്ചായത്തിൽ അടക്കുന്നതാണെന്ന് 29.8.08. L3- 7446/06/ പെൻഷൻ നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു. |

| | ാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | ആഡിറ്റ് റിപ്പോർട്ടിന് മറുപടി നൽകുന്നതിന് ബന്ധപ്പെട്ട കൃഷി ആഫീസറോട് വിശദീകരണം ആവശ്യപ്പെട്ടതിൽ, ധനവിനിയോഗം സംബന്ധിച്ച രേഖകൾ അടുത്ത പരിശോധനയ്ക്ക് സമർപ്പിക്കുന്നതാണെന്ന മറുപടി 5.6.2002 ൽ ലഭിച്ചിട്ടുണ്ട്. ആയതിനാൽ ആഡിറ്റിൽ പരാമർശിട്ടുള്ള ചെലവുകളുടെവിശദവിവരണങ്ങളും കണക്കുകളും അടിയന്തിരമായി ലോക്കൽ ഫണ്ട് ആഡിറ്റിന് നൽകി വിവരം അറിയിക്കണമെന്ന് 9-7-2007 ലെ A1-132/07 നമ്പർ കത്തിലൂടെ തുറവൂർ കൃഷി ആഫീസറോട് ആവശ്യപ്പെട്ടിരുന്നു. എങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള തുക 15 ദിവസത്തിനുള്ളിൽ തിരിച്ചടക്കേണ്ടതാണെന്നും കാണിച്ച് 12.9.07 ൽ കത്ത് നൽകിയിട്ടുണ്ട്. ടി കാലയള വിലെ കൃഷി ആഫീസർ ശ്രീ.കെ.പി. സതീഷ് കുമാറിന് 26.9.08 ൽ റിക്കവറി നോട്ടീസ് അയച്ചിട്ടുള്ളതും ആയതിനു മറുപടിയായി പദ്ധതി വിഹിതമായി ലഭിച്ച 289000/- രൂപയിൽ 179500/- നെൽകൃഷി വികസന പദ്ധതിക്കും 110000/- നേന്ത്രവാഴ കൃഷിവികസന ത്തിനുമായി ചെലവഴിച്ചിട്ടുണ്ടെന്നും ടി തുക പ്രോജക്ടിൽ പറഞ്ഞിട്ടുള്ള യഥാർത്ഥ ആവശ്യത്തിനു വേണ്ടി ചെലവഴിച്ചിട്ടുണ്ടെന്നും ആയതിന്റെ കണക്കുകളും വിവരങ്ങളും കൃഷി ആഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും 7.10.08 ൽ അറിയിച്ചിട്ടുണ്ട്. ആയതു പ്രകാരം 7.10.08 ലെ VIII (J) നമ്പർതീരുമാന പ്രകാരംടി കണക്കുകൾ പരിശോധന നടത്തുന്നതിന് ബഹു: ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് A1 132/08 dt 10.10.08 നമ്പർ പ്രകാരം കത്തു നൽകിയിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു. |

| | ...ഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | 2002 - 03 | 7.7.8(2) | | തയ്യൽ മെഷീൻ ''ലക്ഷ്മി ടെയിലർ മോഡലിന് '' പകരം ലക്ഷ്മി ഫാമിലി ഡീലക്സ് വാങ്ങിയതിൽ അധികം വന്ന തുക ഒരാൾക്ക് 310.64 രൂപ വീതം 83 പേർക്ക് (2300 - 1989.36) നൽകി യതിൽ 25200/- രൂപ 23090-ാം നമ്പർ രസീത് ബുക്കിലെ 3 മുതൽ 86 വരെയുള്ള രസീത് പ്രകാരവും, 894/- രൂപ 3586-ാം നമ്പർരസീത് ബുക്കിലെ 67-ാം രസീത് പ്രകാരവും പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുള്ളതാകുന്നു. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2004-05) തുറവൂർ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾകൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2004-05 | 3.7.1.4.1 | | ടി കാലയളവിലെ സെക്രട്ടറി ശ്രീ.കെ.എൻ നാരായണന് ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് 30/12/2004 ൽ അയച്ചു കൊടുത്തിരുന്നെങ്കിലും മറുപടി ലഭിച്ചിട്ടില്ലാത്തതിനാൽ 4/10/2005 ൽ വീണ്ടും കത്ത് നൽകിട്ടുള്ളതും 10/10/2005ൽ കൈപ്പറ്റിയിട്ടുള്ളതുമാണ്.ആഡിറ്റിൽ പരാമർശിച്ചിട്ടുള്ള തുക പിഴ പലിശ സഹിതം തിരിച്ചടയ്ക്കണമെന്ന് കാണിച്ച് 8/06/2007 ൽ വീണ്ടും കത്ത് അയച്ചിട്ടുള്ളതും ടിയാൻ കൈപ്പറ്റിയിട്ടുള്ളതുമാണ്.<br>നിലവിൽ കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായ ടിയാനിൽ നിന്നും |

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
| --- | --- | --- | --- | --- |
| 2 | 2004-05 | 3.7.1.4.2 | | തുക പിഴ പലിശ സഹിതം വസൂലാക്കി തരണമൊന്ന് കാണിച്ച് 26/07/2007 ലെ 3 (2) നംപർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം, കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അവർകൾക്ക് 30/07/2007 ൽ നൽകിയിട്ടുണ്ട്.<br>ഓാഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പ് ബന്ധപ്പെട്ട സെക്രട്ടറിയ്ക്ക് 30.12.2004, 4.10.2005 എന്നീ തീയതികളിൽ അയച്ചുകൊടുത്തിട്ടുണ്ടങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല.<br>ടി പ്രവർത്തിക്ക് അധികം കൈപ്പറ്റിയ 56280/-രൂപ പിഴ പലിശ സഹിതം തിരിച്ചടയ്ക്കുന്നതിന് കൺവീനർ ശ്രീ .കെ.വി. പീറ്റർ, കൂരൻ വീട്, തുറവൂർ എന്നയാൾക്ക് 28/05/2007ൽ നൽകിയ കത്തിൽ ഫൈനൽ ബിൽ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ളതാണെന്നും എസ്റ്റിമേറ്റിനേക്കാൾ അധികമായി ഒരു കൾവർട്ട് ഉൾപ്പെടെ പൂർത്തിയാക്കിയിട്ടുണ്ടന്നും പറഞ്ഞിരിക്കുന്നു.<br>അധികം ചെയ്ത പ്രവർത്തിക്ക് തുക |

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | നൽകുന്നതിന് അനുമതിക്കായി 23.7.2005 ൽ അങ്കമാലി ബ്ലോക്ക് ലെവൽ ടെക്ക്നിക്കൽ കമ്മിറ്റിക്ക് ബിൽ സമർപ്പിച്ചിട്ടുണ്ട്. ടി ബിൽ പരിശോധിച്ച് നൽകണമെന്ന് കാണിച്ച് 19.6.2007,1.8.2007 എന്നീ തീയതികളിൽ ബ്ലോക്ക് ലെവൽ ടെക്ക്നിക്കൽ കമ്മിറ്റി ചെയർമാൻ, കൺവീനർ എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ മറുപടി ലഭിച്ചിട്ടില്ല. 9/8/2007 ൽ പഞ്ചായത്ത് സെക്രട്ടറി, അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ സാന്നിദ്ധ്യത്തിൽ മേൽ സൂചിപ്പിച്ച കമ്മിറ്റി ഓഫിസിൽ നേരിട്ട് പരിശോധിച്ചിട്ടും പ്രസ്തുത ബിൽ കണ്ടെത്തുന്നതിന് കഴിഞ്ഞില്ല. ടി ബില്ലുകൾ തിരിച്ചു ലഭിച്ചതായും കാണുന്നില്ല.<br><br>പണി പൂർത്തികരിച്ചിട്ടുണ്ട്. |

127/2016.

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

**ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2002-03) വടക്കേക്കര ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക**

| ക്രമ നം. | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002 - 03 | 7.7.9(i) | | ഓഡിറ്റ് റിപ്പോർട്ട് 17.07.02-ൽ ലഭിക്കുകയും ബന്ധപ്പെട്ട [illegible] ടി.എച്ച്. ഖദീജക്ക് 24.07.02 -ൽ പകർപ്പ് സഹിതം കത്ത് [illegible] അതിന് ഗുണഭോക്തൃ സമിതി ഭാരവാഹികളിൽ നിന്നും [illegible] ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് [illegible] 05.09.02-ൽ മറുപടി ലഭിക്കുകയുണ്ടായി. ഓഡിറ്റ് റിപ്പോർട്ടിന് 24.10.02-ൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് ആദ്യ [illegible] നൽകി. അധികമായി നൽകിയ തുക തിരിച്ചടക്കണമെന്നാവശ്യപ്പെട്ട് 27.06.06-ൽ കൺവീനർമാർക്ക് നോട്ടീസ് നൽകി തുക തിരി ച്ചടക്കാത്തതിനാൽ പഞ്ചായത്ത് കമ്മറ്റിയുടെ 24.07.07-ലെ 6-ാം നമ്പർ തീരുമാനപ്രകാരം ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും തുക റവന്യൂ റിക്കവറി നടപടികളിലൂടെ വസൂലാക്കുന്നതിന് ഫാറം 24-ൽ [illegible] ഫാറങ്ങൾ തയ്യാറാക്കി 10.09.07 ന് എറണാകുളം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകി. തുടർന്ന് റവന്യൂ റിക്കവറി പ്രകാരം [illegible] ഹരിജൻ കോളനി റോഡ് പ്രവൃത്തി കൺവീനറിൽ നിന്നും 7,224/- രൂപ ഈടാക്കി DD No.023220, dt. 11.01.08 പ്രകാരവും [illegible] ലേഡീസ് ഹോസ്റ്റൽ റോഡ് പണി കൺവീനറിൽ നിന്നും 5,173/- രൂപ ഈടാക്കി DD No. 026439, dt. 29.02.08 പ്രകാരവും പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടുള്ളതാകുന്നു. ബാക്കി 17,365/- രൂപ ഇനി [illegible] അവശേഷിക്കുന്നുണ്ട്. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി

ലോ...ൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2002-2003) മഴുവന്നൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-03 | 7.7.10 (1) | | ആഡിറ്റ് പരാമർശം ഒഴിവാക്കി ചെലവ് അനുവാദം ലഭ്യമാക്കുന്നതിനായി ടി ചെലവ് ചെയ്ത സെക്രട്ടറിയുടെ അപേക്ഷയും കമ്മറ്റി തീരുമാനവും ലോക്കൽ ഫണ്ട് ഡപ്യൂട്ടി ഡയറക്ടർക്ക് ഓഡിറ്റിനുള്ള ആദ്യ മറുപടിയായി സമർപ്പിക്കുകയും ലോക്കൽ ഫണ്ട് ഡപ്യൂട്ടി ഡയറക്ടർ ഓഡിറ്റ് റിപ്പോർട്ട് പുനരഭിപ്രായ കുറിപ്പിൽ സർക്കാരിൽ നിന്നും ഈ കാര്യത്തിൽ സാധൂകരണം വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ആയതനുസരിച്ച് സാധൂകരണം വാങ്ങുന്നതിനായി 25-7-2006 ൽ സർക്കാരിൽ അപേക്ഷ നൽകിയിട്ടുള്ളതാണ്. |
| 2 | 2002-03 | 7.7.10 (2) | | ആഡിറ്റ് പരാമർശം ഒഴിവാക്കി ചെലവ് അനുവാദം ലഭ്യമാക്കുന്നതിനായി ടി ചെലവ് ചെയ്ത സെക്രട്ടറിയുടെ അപേക്ഷയും കമ്മറ്റി തീരുമാനവും ലോക്കൽ ഫണ്ട് ഡപ്യൂട്ടി ഡയറക്ടർക്ക് ഓഡിറ്റിനുള്ള ആദ്യ മറുപടിയായി സമർപ്പിക്കുകയും ലോക്കൽ ഫണ്ട് ഡപ്യൂട്ടി ഡയറക്ടർ ഓഡിറ്റ് റിപ്പോർട്ട് പുനരഭിപ്രായ കുറിപ്പിൽ സർക്കാരിൽ നിന്നും ഈ കാര്യത്തിൽ സാധൂകരണം വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ആയതനുസരിച്ച് സാധൂകരണം വാങ്ങുന്നതിനായി 25-7-2006 ൽ സർക്കാരിൽ അപേക്ഷ നൽകിയിട്ടുള്ളതാണ്. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2002 - 2003) നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക.

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ചനടപടി |
|---|---|---|---|---|
| 1 | 2002-03 | 7.7.11(1) | | 33-ാം ഖണ്ഡിക സംബന്ധിച്ചുള്ള തടസ്സം മാറ്റുന്നതിനായി ഇത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടി പഞ്ചായത്ത് കമ്മറ്റി തീരുമാനസഹിതം 18/07/06ൽ എറണാകുളം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന് നാളിതുവരെ മറുപടിയൊന്നും ലഭിക്കാത്തതിനാൽ വീണ്ടും 28/06/07 ൽ പഞ്ചായത്തു കമ്മിറ്റിയുടെ III (9))ം നമ്പർ തീരുമാനവും ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകളും തടസ്സം ഒഴിവാക്കിത്തരുന്നതിനായി 09/07/07 ൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

Ram

ANNAMMA DANIEL
Additional S[illegible] Govt.
Local Self G[illegible]ment
Govt. Secretariat

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി
## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2004-05) മുളവ്കാട് ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾകൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2004-2005 | 3.7.1.14.1 | ഗ്രാമ പഞ്ചായത്തിന് സ്വന്തമായി ബോട്ട് (1998 - 99, 2001 - 2002 , ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 14.)<br><br>ഗ്രാമ പഞ്ചായത്തിന് റോട്ടറി വില്ലേജ് കോറിൽനിന്നും ലഭിച്ച ബോട്ട് കേട്പാടുകൾ തീർക്കുന്നതിന് 1,35,225/- രൂപയ്ക്ക് കരാർ നൽകുകയും ചെക്ക് നംപർ 191963/06-01-2001 പ്രകാരം 27,500/-രൂപ കരാറുകാരൻ മുൻകൂർ കൈപ്പറ്റുകയും ചെയ്തു. എന്തെങ്കിലും പ്രവർത്തികൾ ചെയ്തതായി രേഖയില്ല. | റോട്ടറി വില്ലേജ് കോപ്സ്, മുളവ്കാട് എന്ന സംഘടന പഞ്ചായത്തിന് 28/11/1999 ൽ ഒരു ബോട്ട് സംഭാവനയായി നൽകി. എന്നാൽ തകരാറുകൾ പരിഹരിക്കാതെ ഈ ബോട്ട് സർവീസ് നടത്തുവാൻ പറ്റാത്ത വിധത്തിലായിരുന്നു. ഈ സാഹചര്യത്തിൽ പഞ്ചായത്ത് പ്രസിഡന്റ് മുൻകൈ എടുത്ത് ശ്രീ. ടി.എൻ. സ്റ്റെൻസിലാവോസ്സ്, തച്ചപ്പിള്ളി ഹൗസ്, മുളവ്കാട് എന്നയാളെ എൽപ്പിക്കുകയും ബോട്ടിന്റെ റിപ്പയറിംഗിനായി 1,16,000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും അതിന് ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് മൈനർ ഇറിഗേഷൻ വകുപ്പ്, എറണാകുളം, |

| | | | | |
|---|---|---|---|---|
| | **സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം** | **ആഡിറ്റ് ഖണ്ഡിക നംപർ** | | **ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി**<br>അംഗീകാരം നൽകിയിട്ടുള്ളതാണ്. എന്നാൽ അന്ന് ജനകീയസൂത്രണ പദ്ധതിയിൽ കീഴിൽ പ്രോജക്റ്റ് തയ്യാറാക്കി ഗുണഭോക്തൃ സമിതി വഴിയല്ലാതെ പ്രവർത്തി നടത്തുന്നതിനോ തുക നൽകുന്നതിനോ പഞ്ചായത്തിന് കഴിയുമായിരുന്നില്ല. ആയതിനാൽ പഞ്ചായത്ത് 1999- 2000 വർഷത്തിൽ ജനകീയസൂത്രണ പദ്ധതിയിൽ കീഴിൽ " പഞ്ചായത്തിന് സ്വന്തമായി ഒരു ബോട്ട് " എന്ന 1,20.000/- രൂപ അടങ്കലുള്ള ഒരു പദ്ധതി ഏറ്റെടുക്കുകയും ബോട്ട് അറ്റകുറ്റ പണി നടത്തുന്നതിനായി ശ്രീ. ടി.എൻ. സ്റ്റെൻസിലാവോസ്സിനെ ഗുണഭോക്തൃ സമിതി കൺവീനറാക്കി കൊണ്ട് ഒരു ഗുണഭോക്തൃ സമിതിയെ ബോട്ടിന്റെ അറ്റകുറ്റപ്പണി ഏൽപ്പിക്കുകയും ചെയ്തു. ബോട്ടിന്റെ അറ്റകുറ്റപ്പണി ഇതിനകം പൂർത്തിയായി കഴിഞ്ഞിരുന്നെങ്കിലും പഞ്ചായത്ത് നിയമ പ്രകാരം 27,500/-രൂപ മൊബിലൈസേഷൻ അഡ്വാൻസായി കൺവീനർക്ക് നൽകുകയായിരുന്നു. എന്നാൽ ബോട്ടിന്റെ അറ്റകുറ്റപ്പണി പൂർത്തി ആയിട്ടുള്ളതിനാൽ |

| | | | | |
|---|---|---|---|---|
| | <u>സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം</u> | <u>ആഡിറ്റ് ഖണ്ഡിക നംപർ</u> | | <u>ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി</u><br><br>ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സിനെ കൊണ്ട് ബോട്ട് ഇൻസ്പെക്ഷൻ നടത്തി ഫൈനൽ ബിൽ തയ്യാറാക്കി ഗുണഭോക്തൃ സമിതിയിൽ നിന്നും വാങ്ങി അതിന്റെ അടിസ്ഥാനത്തിൽ മുഴുവൻ തുകയും നൽകി ബോട്ട് ഏറ്റെടുത്ത് സർവീസ് നടത്തുകയും ചെയ്യാമായിരുന്നു. ആയതിനാൽ ചെയ്തുപോയ ഒരു പ്രവർത്തിയുടെ പ്രോജക്റ്റ് തയ്യറാക്കിയതിൽ വന്ന വീഴ്ച മാപ്പാക്കി തടസ്സം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2004-05) ഉദയംപേരൂർ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നംപർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നംപർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2004-05 | 3.7.1.15.1 | ചക്കുകുളം കുടിവെള്ള പദ്ധതി (1998-99, 1999-2000, 2000-2001, 2001 -02, ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 12) 7,50,000/- രൂപയുടെ അടങ്കൽ കണക്കാക്കിയ പദ്ധതിക്കായി 3,34,067 രൂപ കൺവീനർക്ക് നൽകിയിരിക്കുന്നു. അളവ് പുസ്തക പ്രകാരം 3,14,067/- രൂപ യുടെ മൂല്യമുള്ള പ്രവർത്തികൾ രേഖപ്പെടുത്തിയിരിക്കുന്നു. മൂന്നാമത്തെ പാർട്ട് ബില്ല് പ്രകാരം തുക അനുവദിക്കുന്നതിന് മുൻപ് പദ്ധതിയുടെ | ആഡിറ്റ് റിപ്പോർട്ടിന്റെ പരാമർശപ്രകാരം ബന്ധപ്പെട്ട സെക്രട്ടറി, എഞ്ചിനിയർ, പതിനാല് പഞ്ചായത്ത് മെമ്പർമാർ എന്നിവർക്ക് ആഡിറ്റ് റിപ്പോർട്ടിന്റെ 12-ാം ഖണ്ഡികയുടെ പകർപ്പ് സഹിതം കത്ത് അയച്ചിട്ടുണ്ട്. പ്രസ്തുത ആളുകളിൽ നിന്നും ലഭിച്ച മറുപടിയുടെയും പഞ്ചായത്ത് കമ്മിറ്റി തീരുമാനവും സഹിതം 08/08/2006 ൽ പ്രാഥമിക മറുപടി ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ആയത് കൂടാതെ ആഡിറ്റിൽ തടസ്സപ്പെടുത്തിയ |

| | | | | |
|---|---|---|---|---|
| | | | | തുക തുല്യവിഹിതമായി അടയ്ക്കണമെന്നുകാണിച്ച് 19-10-2007-ലെ എ 1-183/05 നോട്ടീസ് ബന്ധപ്പെട്ട കക്ഷികൾക്ക് നൽകി. തുടർന്ന് 3-1-2008-ന് മുൻ പ്രസിഡന്റ് തദ്ദേശസ്വയംഭരണ (എബി) വകുപ്പ് സെക്രട്ടറിക്ക് നിവേദനം നൽകിയതിനാൽ 19-10-2007-ൽ അയച്ച നോട്ടീസിന്റെ പേരിൽ റിക്കവറി നടപടി നിർത്തിവയ്ക്കാൻ 18-1-2008-ലെ 1730/എബി1/08 ത.സ്വ.ഭ. കത്ത് പ്രകാരം നിർദ്ദേശം ലഭിച്ചിട്ടുണ്ട്. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.